# പതിനഞ്ചാം കേരള നിയമസഭ

# പതിനാലാം സമ്മേളനം

2025 ഒക്ടോബർ 6, തിങ്കൾ

**നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ**

**[ആകെ ചോദ്യങ്ങൾ--386]**

| **മറുപടി നൽകുന്ന മന്ത്രിമാർ** | **ചോദ്യ നമ്പർ** |
| --- | --- |
| ധനകാര്യ വകുപ്പ് മന്ത്രി | : 2472 മുതൽ 2612 വരെ |
| നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി | : 2613 മുതൽ 2693 വരെ |
| വൈദ്യുതി വകുപ്പ് മന്ത്രി | : 2694 മുതൽ 2774 വരെ |
| തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി | : 2775 മുതൽ 2857 വരെ |

**ധനകാര്യ വകുപ്പ് നൽകിയ പരസ്യങ്ങളുടെ വിശദാംശങ്ങൾ**

2472 **ശ്രീ. സണ്ണി ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ ധനകാര്യ വകുപ്പിന്റെ കീഴിലുള്ള വിവിധ സ്ഥാപനങ്ങളും ഏജൻസികളും നാളിതുവരെ നൽകിയിട്ടുള്ള പരസ്യങ്ങളുടെ വിശദാംശം, പരസ്യം നൽകിയ സ്ഥാപനം, പരസ്യത്തിനായി ചെലവഴിച്ച തുക, ഏത് ഏജൻസി മുഖേനയാണ് പരസ്യം നൽകിയത്, പ്രസ്തുത ഏജൻസിയെ തിരഞ്ഞെടുത്ത നടപടിക്രമം, ഏത് പദ്ധതിയുടെ ഭാഗമായാണ് പരസ്യം നൽകിയത് എന്നിവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത കാലയളവിൽ പരസ്യ ഇനത്തിൽ ആകെ ചെലവഴിച്ച തുക എത്രയെന്ന് വ്യക്തമാക്കുമോ?

**അരൂർ മണ്ഡലത്തിൽ ധനകാര്യ വകുപ്പ് വഴി അനുവദിച്ച പ്രവൃത്തികൾ**

2473 **ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ അരൂർ മണ്ഡലത്തിൽ ധനകാര്യ വകുപ്പ് വഴി അനുവദിച്ച പ്രവൃത്തികൾ (ആസ്തി വികസന, പ്രാദേശിക വികസന ഫണ്ടുകൾ ഒഴികെ) ഏതെല്ലാം എന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾക്ക് അനുവദിച്ച തുക, അതിന്റെ നിർവ്വഹണ ചുമതല, നിലവിലെ അവസ്ഥ എന്നിവ വിശദമാക്കാമോ?

**ധനകാര്യവകുപ്പിന്റെ അംഗീകാരമുള്ള അക്രെഡിറ്റഡ് ഏജൻസികൾ**

2474 **ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ധനകാര്യവകുപ്പിന്റെ അംഗീകാരമുള്ള അക്രഡിറ്റഡ് ഏജൻസികൾ ഏതെല്ലാമാണ് ; പ്രസ്തുത സ്ഥാപനങ്ങൾക്ക് എത്ര വർഷത്തേക്കാണ് അംഗീകാരം നൽകുന്നത്; ആയത് സംബന്ധിച്ച ഉത്തരവ് ഏതാണ് ; വ്യക്തമാക്കാമോ;

(ബി) ഏറ്റെടുത്ത പ്രവൃത്തികൾ സമയബന്ധിതമായി തീർക്കാത്ത അക്രഡിറ്റഡ് ഏജൻസികൾക്കെതിരെ സ്വീകരിച്ചു വരുന്ന നടപടി എന്തെന്ന് വ്യക്തമാക്കാമോ;

(സി) വിവിധ മേഖലകളിലെ പ്രവൃത്തികൾ ചെയ്യുന്ന സ്ഥാപനങ്ങൾക്ക് അക്രഡിറ്റേഷൻ നൽകുന്നതിന് നിലവിലുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

## പാർട്ട് ബില്ലുകൾ മാറുന്നതിനുള്ള കാലതാമസം

2475 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബജറ്റിൽ 20% തുക വകയിരുത്തിയിട്ടുള്ള പ്രവൃത്തികളുടെ പാർട്ട് ബില്ലുകൾ മാറി നല്കാൻ വിവിധ കാരണങ്ങളാൽ വൈകുന്നതു കാരണം പ്രവൃത്തികൾ തടസ്സപ്പെടുന്നത് ഒഴിവാക്കാൻ വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വിശദമാക്കാമോ;

(ബി) പൊതുമരാമത്ത് വകുപ്പ് ഒഴികെയുള്ള മറ്റു വകുപ്പുകളുടെ പ്രസ്തുത ബില്ലുകൾ ധനവകുപ്പിൽ എത്തുമ്പോൾ കാലതാമസം ഒഴിവാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നത്; വ്യക്തമാക്കാമോ;

(സി) ഇത്തരത്തിൽ 20% തുക വകയിരുത്തിയിട്ടുള്ള എത്ര ബില്ലുകളാണ് ധനവകുപ്പിന്റെ കൈവശമുള്ളതെന്നും പ്രസ്തുത ബില്ലുകൾ മാറി നൽകുന്നതിന് വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്നും വ്യക്തമാക്കാമോ?

## സാമൂഹ്യസുരക്ഷാ പെൻഷൻ

2476 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ വിവിധ സാമൂഹ്യസുരക്ഷാ പെൻഷനായി സംസ്ഥാന സർക്കാർ അനുവദിച്ച തുക എത്രയാണെന്ന് സാമ്പത്തിക വർഷം തിരിച്ച് നൽകാമോ;

(ബി) കഴിഞ്ഞ സർക്കാർ അധികാരത്തിൽ വന്നപ്പോൾ കുടിശികയിനത്തിൽ എത്ര മാസത്തെ തുകയാണ് സാമൂഹ്യസുരക്ഷാ പെൻഷൻ ഇനത്തിൽ നൽകാനുണ്ടായിരുന്നത്; വിശദമാക്കാമോ;

(സി) കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ വിവിധ പെൻഷൻ വിതരണത്തിനായി കേന്ദ്രസർക്കാരിൽ നിന്നും ലഭിച്ച തുക എത്രയാണെന്ന് സാമ്പത്തിക വർഷം തിരിച്ച് നൽകാമോ?

## വിവിധ വകുപ്പുകൾക്കായി ഭരണാനുമതി ലഭിച്ച അടങ്കൽ തുക

2477 **ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ സാമ്പത്തിക സ്ഥിതി മെച്ചമല്ലാത്തതു കാരണം പദ്ധതി ചെലവുകൾ വെട്ടിക്കുറച്ച സാഹചര്യമുണ്ടായിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) കഴിഞ്ഞ സാമ്പത്തിക വർഷം വിവിധ വകുപ്പുകൾക്കായി ഭരണാനുമതി ലഭിച്ച ആകെ അടങ്കൽ തുക എത്രയെന്നും ഇതിൽ കുറവു വരുത്തിയ തുക എത്രയെന്നും വകുപ്പു തിരിച്ചുള്ള കണക്കുകൾ അറിയിക്കുമോ;

(സി) ഏതൊക്കെ ക്ഷേമ പദ്ധതികൾക്കുള്ള തുക വെട്ടിക്കുറക്കൽ നടത്തിയിട്ടുണ്ട്; വിശദമാക്കുമോ?

## <u>കൺസ്യൂമർ പ്രൈസ് ഇൻഡെക്സ്</u>

2478 **ശ്രീ. റോജി എം. ജോൺ**
**ശ്രീ. സജീവ് ജോസഫ്**
**ശ്രീ. സി. ആർ. മഹേഷ്**
**ശ്രീ. ആര്യാടൻ ഷൗക്കത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കൺസ്യൂമർ പ്രൈസ് ഇൻഡെക്സ് വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് തടയുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത സൂചികയുടെ വർദ്ധനവിന് ഇടയായിട്ടുള്ള കാരണം സർക്കാർ പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) തുടർച്ചയായി എട്ടുമാസം പ്രസ്തുത സൂചികയിൽ വർദ്ധനവ് രേഖപ്പെടുത്തിയിട്ടും സർക്കാർ കാര്യക്ഷമമായ ഇടപെടൽ നടത്താൻ തയ്യാറായിട്ടില്ലായെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണം വിശദമാക്കാമോ?

## <u>2016-17 ബജറ്റിൽ പ്രഖ്യാപിച്ച റവന്യൂ ടവർ, മിനി സിവിൽ സ്റ്റേഷനുകളുടെ നിർമ്മാണം</u>

2479 **ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17ലെ പുതുക്കിയ ബജറ്റ് പ്രസംഗത്തിലും മറുപടി പ്രസംഗത്തിലും പ്രഖ്യാപിച്ച റവന്യൂ ടവറുകൾ/മിനി സിവിൽ സ്റ്റേഷനുകൾ ഏതൊക്കെയാണ്; അതിനായി എത്ര തുകയാണ് വകയിരുത്തിയിരുന്നത്; വ്യക്തമാക്കാമോ;

(ബി) ഇതിൽ ഏതൊക്കെ പ്രവൃത്തികൾക്ക് കിഫ്ബിയുടെ അംഗീകാരം ലഭിച്ചുവെന്ന് വിശദമാക്കാമോ;

(സി) നിർമ്മാണം പൂർത്തീകരിച്ച/ആരംഭിച്ച/പുരോഗമിക്കുന്ന റവന്യൂ ടവർ/മിനി സിവിൽ സ്റ്റേഷനുകളുടെ വിശദാംശങ്ങൾ നൽകാമോ;

(ഡി) സംസ്ഥാന ഭവന നിർമ്മാണ ബോർഡ് വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കി അംഗീകാരത്തിനായി സമർപ്പിച്ചിട്ടുള്ള കിഫ്ബിയുടെ പരിഗണനയിലുള്ള റവന്യൂ ടവർ/മിനി സിവിൽ സ്റ്റേഷനുകൾ ഏതൊക്കെയെന്ന് വിശദമാക്കാമോ;

(ഇ) പ്രസ്തുത പ്രവൃത്തികൾക്ക് അംഗീകാരം നൽകുന്നതിന് സത്വര നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ;

(എഫ്) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏതൊക്കെ റവന്യൂ ടവറുകൾ/ മിനി സിവിൽ സ്റ്റേഷനുകൾക്ക് കിഫ്ബിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

## ജനങ്ങളുടെ വാങ്ങൽ ശേഷി വർദ്ധിപ്പിക്കാൻ നടപടി

2480 **ശ്രീ. എ. പി. അനിൽ കുമാർ**
**ശ്രീ. റോജി എം. ജോൺ**
**ശ്രീ. സജീവ് ജോസഫ്**
**ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷേമ പെൻഷൻ, ക്ഷേമ പദ്ധതികളുടെ കുടിശിക, സർക്കാർ ജീവനക്കാരുടെ ആനുകൂല്യങ്ങൾ എന്നിവ നൽകി ജനങ്ങളുടെ വാങ്ങൽ ശേഷി വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

## സാമ്പത്തിക പ്രതിസന്ധി പരിഹരിക്കാൻ നടപടി

2481 **ശ്രീ. പി. കെ. ബഷീർ**
**ഡോ. എം. കെ. മുനീർ**
**ശ്രീ. എൻ. ഷംസുദ്ദീൻ**
**ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിന്റെ ഭാഗമായി പദ്ധതി ചെലവ് വെട്ടിക്കുറയ്ക്കാൻ സർക്കാർ നിർദേശം നൽകിയിരുന്നോ; വിശദാംശം നൽകുമോ;

(ബി) എത്ര രൂപയുടെ പദ്ധതികളാണ് വെട്ടിക്കുറച്ചത്; പദ്ധതി ചെലവ് വെട്ടിക്കുറച്ചതിലൂടെ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കാൻ കഴിഞ്ഞിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) പ്രസ്തുത നടപടി ക്ഷേമപ്രവർത്തനങ്ങളെയും വികസന പ്രവർത്തനങ്ങളെയും പ്രതികൂലമായി ബാധിച്ചിട്ടുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

## തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ

2482 **ശ്രീ. അഹമ്മദ് ദേവർകോവിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ സംസ്ഥാനത്തെ സാമ്പത്തികമായി ഞെരുക്കുമ്പോഴും വികസന പദ്ധതികളും മറ്റും കൃത്യമായി നടപ്പിലാക്കുന്നതിനായി തനതു വരുമാനം വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) സംസ്ഥാനത്തിന് ലഭിക്കേണ്ട വിവിധ കേന്ദ്ര വിഹിതങ്ങൾ, ഗ്രാന്റുകൾ, ധന സഹായങ്ങൾ എന്നിവ സമയബന്ധിതമായി ലഭിക്കുന്നതിന് എന്തെല്ലാം ഇടപെടലുകളാണ് സംസ്ഥാന സർക്കാർ നടത്തിവരുന്നത്; വിശദമാക്കാമോ?

## വിവിധ വകുപ്പുകൾക്ക് അനുവദിച്ച പ്ലാൻ ഫണ്ട്

2483 **ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 മുതൽ വിവിധ വകുപ്പുകൾക്ക് വേണ്ടി പ്ലാൻ ഫണ്ടിൽ നിന്നും അനുവദിച്ച തുക എത്രയാണെന്നുള്ളതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത വർഷങ്ങളിൽ ഓരോ വകുപ്പും ചെലവഴിച്ച തുക എത്രയാണെന്ന കണക്ക് ലഭ്യമാക്കാമോ?

## 2025 - 26 ലെ പദ്ധതി അടങ്കലിന്റെ നിലവിലെ പുരോഗതി

2484 **ശ്രീ. സണ്ണി ജോസഫ്**
**ശ്രീ. അൻവർ സാദത്ത്**
**ഡോ. മാത്യു കുഴൽനാടൻ**
**ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2025 - 26 സാമ്പത്തിക വർഷത്തിലെ സംസ്ഥാനത്തെ പദ്ധതി അടങ്കലിന്റെ നിലവിലെ പുരോഗതി വിശദമാക്കുമോ;

(ബി) സാമ്പത്തിക വർഷം ആരംഭിച്ച് ആറുമാസമായിട്ടും പദ്ധതിയിൽ പ്രതീക്ഷിച്ച പുരോഗതിയില്ല എന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ; എങ്കിൽ അതിന്റെ കാരണമെന്താണെന്ന് വിശദമാക്കുമോ;

(സി) പദ്ധതി പ്രവർത്തനങ്ങൾ ഊർജിതപ്പെടുത്താൻ നടപടികൾ സ്വീകരിക്കുമോ?

## അച്ചടി ജോലികൾക്കായി ചെലവഴിച്ച തുക

2485 **ഡോ. എൻ. ജയരാജ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23 മുതൽ 2024-25 വരെയുള്ള സാമ്പത്തിക വർഷങ്ങളിലായി സംസ്ഥാന സർക്കാരിന്റെ ഭരണ വകുപ്പുകൾ, യൂണിവേഴ്സിറ്റികൾ, വിവിധ കമ്മീഷനുകൾ എന്നിവയുടെ വിവിധ അച്ചടി ജോലികൾക്കായി സർക്കാർ പ്രസ് വഴിയല്ലാതെ ചെലവഴിച്ച ആകെ തുക സാമ്പത്തികവർഷം തിരിച്ച് ലഭ്യമാക്കാമോ?

## കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി

2486 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി നടപ്പാക്കുന്നത് ഏത് ഏജൻസിയിലൂടെയാണെന്ന് വ്യക്തമാക്കാമോ;

(ബി) കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയ്ക്കായി അനുവദിച്ച തുക എത്രയാണെന്നും അത് ഏത് വകുപ്പിലൂടെയാണ് അനുവദിച്ചതെന്നും വ്യക്തമാക്കാമോ;

(സി) കഴിഞ്ഞ നാല് വർഷത്തിനിടെ ഈ പദ്ധതി വഴി എത്ര പേർക്ക് എത്ര രൂപയുടെ സൗജന്യ ചികിത്സ നൽകി എന്ന് വ്യക്തമാക്കാമോ;

(ഡി) പദ്ധതികളുമായി ബന്ധപ്പെട്ട പരാതികൾക്കും വിവരങ്ങൾക്കും പൊതുജനങ്ങൾ ബന്ധപ്പെടേണ്ട ഹെൽപ്‌ലൈൻ നമ്പർ ഏതാണെന്ന് അറിയിക്കാമോ?

## <u>ചേന്നമംഗല്ലൂർ ഹൈസ്കൂൾ ചലഞ്ച് ഫണ്ട്</u>

2487 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എയിഡഡ് സ്കൂളുകൾക്കുള്ള കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട ചലഞ്ച് ഫണ്ട് സർക്കുലറിന് വ്യക്തത വരുത്തുന്നതിന് പൊതുവിദ്യാഭ്യാസ വകുപ്പിൽ നിന്നും ധനകാര്യവകുപ്പിലേക്ക് കൈമാറിയ 458/പി.2/24/ജി.ഇ.ഡി.എൻ. ഫയലിൽ തീരുമാനം വൈകാനിടയായതിന്റെ കാരണം വിശദമാക്കാമോ;

(ബി) ചേന്നമംഗല്ലൂർ ഹൈസ്കൂളിന് ചലഞ്ച് ഫണ്ട് അനുവദിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ?

## <u>പെൻഷനായവരുടെ മാതാപിതാക്കളെ മെഡിസെപ്പ് പദ്ധതിയിൽ ഉൾപ്പെടുത്താൻ നടപടി</u>

2488 **ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർവ്വീസ് പെൻഷൻകാരുടെ മെഡിസെപ്പ് പദ്ധതിയിലെ ഗുണഭോക്താക്കൾ ആരെല്ലാമാണ്;

(ബി) പ്രസ്തുത പദ്ധതിയിൽ പെൻഷനായവരുടെ മാതാപിതാക്കളെ ഉൾപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) ഇല്ലെങ്കിൽ പെൻഷൻകാരെ ആശ്രയിച്ച് കഴിയുന്ന മാതാപിതാക്കളെയും, ഭാര്യ/ഭർത്താവ് എന്നിവരുടെ മാതാപിതാക്കളെയും കൂടി പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

## <u>സർക്കാർ എടുക്കുന്ന വായ്പകൾ</u>

2489 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിപണിയിൽ നിന്നും കടപത്രം വഴിയും മറ്റും സർക്കാർ എടുക്കുന്ന വായ്പകൾ പദ്ധതി ചെലവിന് ഉപയോഗിക്കാതെ മറ്റ് ആവശ്യങ്ങൾക്ക് വിനിയോഗിക്കാറുണ്ടോ; വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര തുകയാണ് വായ്പയായി എടുത്തത്; കടപത്രം വഴിയും നബാർഡിൽ നിന്നും വിദേശ വായ്പയിനത്തിലും ദേശീയ ലഘുസമ്പാദ്യ പദ്ധതിയിൽ നിന്നും കടമെടുത്ത തുക സംബന്ധിച്ച വിവരം പ്രത്യേകം പ്രത്യേകം നൽകാമോ;

(സി) ഇപ്രകാരം കടമെടുത്ത തുക മറ്റ് ആവശ്യങ്ങൾക്കായും കടം തിരിച്ചടയ്ക്കുവാൻ വേണ്ടിയും ഉപയോഗിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഡി) 2024-25 സാമ്പത്തിക വർഷത്തിലും 2025-26 സാമ്പത്തിക വർഷം സെപ്തംബർ 30-വരെയും കടമെടുത്ത തുകയുടെ എത്ര ശതമാനമാണ് പദ്ധതി

പ്രവർത്തനങ്ങൾക്കായി വിനിയോഗിച്ചതെന്ന് വ്യക്തമാക്കാമോ?

## സംസ്ഥാനത്തിന്റെ പൊതു കടം

2490 **ശ്രീ. എൻ. ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-ൽ പുതിയ സർക്കാർ അധികാരമേൽക്കുമ്പോൾ സംസ്ഥാനത്തിന്റെ പൊതു കടം എത്ര കോടി രൂപയാണ് എന്നതിന്റെ വിശദാംശം നൽകാമോ;

(ബി) അക്കൗണ്ട് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം 2024-25 സാമ്പത്തിക വർഷത്തെ സംസ്ഥാനത്തെ പൊതു കടം എത്ര കോടി രൂപയാണ് ; വ്യക്തമാക്കാമോ?

## ലോകബാങ്ക് വായ്പ

2491 **ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോകബാങ്കിൽ നിന്ന് വിവിധ വകുപ്പുകൾക്കായി സംസ്ഥാന സർക്കാർ നിലവിൽ എടുത്തിട്ടുള്ള വായ്പകളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) നിലവിലുള്ള ലോകബാങ്ക് വായ്പകളുടെ പലിശ നിരക്ക്, തിരിച്ചടവ് കാലാവധി, സംസ്ഥാന സർക്കാരിന്റെ മൊത്തം ബാധ്യത എന്നിവയുടെ വിശദാംശങ്ങൾ നൽകാമോ;

(സി) ലോകബാങ്ക് അല്ലാതെ മറ്റു അന്താരാഷ്ട്ര സ്ഥാപനങ്ങളിൽ നിന്ന് സംസ്ഥാന സർക്കാർ നിലവിൽ എടുത്തിട്ടുള്ള വായ്പകളുടെ വിശദാംശങ്ങൾ നൽകാമോ;

(ഡി) ഈ വായ്പകളുടെ പലിശ നിരക്ക്, തിരിച്ചടവ് കാലാവധി, സംസ്ഥാന സർക്കാരിന്റെ മൊത്തം ബാധ്യത എന്നിവയുടെ വിശദാംശങ്ങൾ നൽകാമോ?

## സംസ്ഥാനത്തിന്റെ കടബാധ്യതയിൽ ഉൾപ്പെടുന്ന ഘടകങ്ങൾ

2492 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ മൊത്ത കടബാധ്യതയിലെ ഓരോ ഘടകങ്ങളിലും മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ഓരോ സാമ്പത്തിക വർഷവും കടം എത്ര വീതം ആയിരുന്നുവെന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ?

## സാമ്പത്തിക പ്രതിസന്ധി നിയന്ത്രിക്കാൻ നടപടി

2493 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം കടുത്ത സാമ്പത്തിക പ്രതിസന്ധി അഭിമുഖീകരിക്കുന്ന സാഹചര്യമാണോ നിലവിലുള്ളത്; ആണെങ്കിൽ എന്തൊക്കെ നിയന്ത്രണങ്ങളാണ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്നുള്ള വിശദാംശം നൽകുമോ?

## കിഫ്ബി പദ്ധതിയിലെ റവന്യൂ ടവർ നിർമ്മാണം

2494 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പിറവം മണ്ഡലത്തിൽ കിഫ്ബി പദ്ധതിയിലെ റവന്യൂ ടവർ നിർമ്മാണം നിലവിൽ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത നിർമ്മാണത്തിനായി എത്ര തുകയുടെ ഭരണാനുമതിയാണ് നൽകിയിരിക്കുന്നത്; വിശദമാക്കാമോ;

(സി) നിലവിൽ ഏതെല്ലാം നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്; നിലവിൽ എന്തെങ്കിലും സാങ്കേതികമായ തടസ്സങ്ങൾ ഉണ്ടെങ്കിൽ അവ എന്തെല്ലാമെന്ന് അറിയിക്കാമോ?

**<u>അരൂർ മണ്ഡലത്തിലെ ജി. എച്ച്. എസ്. എസ്. ചന്തിരൂർ സ്കൂൾ നിർമ്മാണം</u>**

2495 **ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ഫണ്ട് ഉപയോഗിച്ച് അരൂർ മണ്ഡലത്തിൽ നിർമ്മാണം പൂർത്തീകരിച്ച ജി. എച്ച്. എസ്. എസ്. ചന്തിരൂർ സ്കൂൾ കെട്ടിടത്തിന്റെ ഫൈനൽ ബിൽ പാസാക്കിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത സ്കൂൾ നിർമ്മാണത്തിന് അധിക തുകയായി എം. എൽ. എ. ഫണ്ടിൽ നിന്നും അനുവദിച്ച 95 ലക്ഷം രൂപ വിനിയോഗിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ടി തുക വിനിയോഗിച്ചിട്ടില്ലെങ്കിൽ ടി തുകയ്ക്ക് മറ്റൊരു പ്രവൃത്തി അനുവദിക്കുന്നതിന് വേണ്ടി സമർപ്പിച്ച അപേക്ഷയിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കുമോ?

**<u>കല്ലിക്കൽ പാടം സ്കൂൾ കെട്ടിടം നിർമ്മാണം</u>**

2496 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയ ജി. എച്ച്. എസ്. എസ്. കല്ലിക്കൽ പാടം സ്കൂൾ കെട്ടിടം (1.30 കോടി) പ്രവൃത്തിയുടെ പുരോഗതി നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

**<u>കോട്ടയം മണ്ഡലത്തിൽ കിഫ്ബി വഴി നടപ്പിലാക്കിയ പദ്ധതികൾ</u>**

2497 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാരിന്റെയും മുൻ സർക്കാരിന്റെയും കാലങ്ങളിലായി കോട്ടയം മണ്ഡലത്തിൽ കിഫ്ബി വഴി അനുവദിച്ചതും നടപ്പിലാക്കിയതുമായ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) ഇക്കാലയളവിൽ കോട്ടയം മണ്ഡലത്തിൽ കിഫ്ബി വഴി അനുവദിച്ചതിൽ നടപ്പിലാക്കാൻ സാധിക്കാത്ത പദ്ധതികൾ ഉണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതികൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

**<u>കോഴിക്കോട് - നിലമ്പൂർ - ഗൂഡല്ലൂർ റോഡ് പുനരുദ്ധാരണം</u>**

2498 **ശ്രീ. ആര്യാടൻ ഷൗക്കത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്തർസംസ്ഥാന ഹൈവേയായ കോഴിക്കോട് - നിലമ്പൂർ - ഗൂഡല്ലൂർ റോഡ് (കെ.എൻ.ജി. റോഡ്) കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി പുനരുദ്ധരിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ?

**<u>തൊടുപുഴ മണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികൾ</u>**

2499 **ശ്രീ. പി. ജെ. ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 മുതൽ നാളിതുവരെ കിഫ്ബിയിൽ ഉൾപ്പെടുത്തി തൊടുപുഴ മണ്ഡലത്തിൽ ഏതെങ്കിലും പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

**<u>കോഴിക്കോട് ജില്ലയിലെ കൊല്ലം - നെല്ല്യാടി - മേപ്പയ്യൂർ റോഡിന്റെ പ്രവൃത്തികൾ</u>**

2500 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര - കൊയിലാണ്ടി മണ്ഡലങ്ങളെ ബന്ധിപ്പിക്കുന്ന കോഴിക്കോട് ജില്ലയിലെ പ്രധാന റോഡായ കൊല്ലം-നെല്ല്യാടി - മേപ്പയ്യൂർ റോഡിന്റെ പ്രവൃത്തിയ്ക്ക് എത്ര രൂപയുടെ ധനകാര്യ അനുമതിയാണ് കിഫ്ബിയിൽ നിന്നും ലഭിച്ചതെന്നും ഇതിന്റെ നിലവിലെ നടപടികൾ ഏത് ഘട്ടത്തിലാണെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തിയ്ക്ക് സ്ഥലം ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് സോഷ്യൽ ഇമ്പാക്ട് അസ്സസ്സ്മെന്റ് പൂർത്തിയാക്കി 11 (1) പ്രകാരം നോട്ടിഫിക്കേഷൻ ഇറങ്ങിയിട്ടും മറ്റു നടപടികൾ പൂർത്തിയാക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇതിന്റെ തുടർ നടപടികൾ എന്നത്തേയ്ക്ക് പൂർത്തിയാകുമെന്ന് വ്യക്തമാക്കുമോ?

**<u>കിഫ്ബിയുടെ വൻകിട അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ</u>**

2501 **ശ്രീ പി എസ് സുപാൽ**
**ശ്രീ. ഇ കെ വിജയൻ**
**ശ്രീ വി ശശി**
**ശ്രീ. പി. ബാലചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചയെ മുന്നോട്ട് നയിക്കുന്നതിനും സാമൂഹിക വികസനം വർദ്ധിപ്പിക്കുന്നതിനും വൻകിട അടിസ്ഥാനസൗകര്യ പദ്ധതികൾ ഒഴിച്ചുകൂടാനാവാത്തതാണ് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) സാമ്പത്തിക മേഖലയിലെ മാന്ദ്യത്തെ ഫലപ്രദമായി പ്രതിരോധിക്കുന്നതിനും സമ്പദ്‌വ്യവസ്ഥയെ ഉത്തേജിപ്പിക്കുന്നതിനും കിഫ്ബിക്ക് കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കാമോ;

(സി) കിഫ്ബി മുഖേന ആധുനിക ഗതാഗത സംവിധാനങ്ങൾ, ഊർജ്ജ ഗ്രിഡുകൾ, ആശയവിനിമയ ശൃംഖലകൾ എന്നിവയിൽ അധിഷ്ഠിതമായ വൻകിട അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) നൂതന ധനകാര്യസ്ഥാപനമെന്ന രീതിയിൽ ആഭ്യന്തര - അന്താരാഷ്ട്ര മാർക്കറ്റുകളിൽ കിഫ്ബി ശ്രദ്ധിക്കപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

## ചിറ്റൂർ ഗവൺമെന്റ് കോളേജ് ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്പ്മെന്റ്

2502 **ശ്രീ മാത്യു ടി. തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിറ്റൂർ ഗവൺമെന്റ് കോളേജിൽ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്പ്മെന്റിനായി കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിച്ച തുക എത്രയാണെന്ന് വ്യക്തമാക്കാമോ; ഭരണാനുമതി ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ നിലവിലെ അവസ്ഥ എന്താണെന്നും നിർമ്മാണം ആരംഭിക്കുവാനുള്ള കാലതാമസത്തിന്റെ കാരണമെന്താണെന്നും വിശദമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കുവാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## ദേവികുളം മണ്ഡലത്തിൽ കിഫ്ബി പദ്ധതി മുഖേന അനുവദിച്ച പ്രവൃത്തി

2503 **ശ്രീ. എ. രാജ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം മണ്ഡലത്തിൽ കിഫ്ബി മുഖേന അനുവദിച്ച പ്രവൃത്തികളുടെ വിവരം ലഭ്യമാക്കുമോ;

(ബി) ഇവയിൽ ഏതൊക്കെ പ്രവൃത്തികൾക്ക് ഭരണാനുമതിയും സാമ്പത്തികാനുമതിയും നൽകിയിട്ടുണ്ടെന്നും ഓരോ പ്രവൃത്തികളുടെയും നിലവിലെ സ്ഥിതി എന്തെന്നും വിശദമാക്കുമോ;

(സി) ദേവികുളം താലൂക്ക് ലെവൽ ഹോസ്പിറ്റൽ എന്ന പ്രവൃത്തിക്ക് സാമ്പത്തികാനുമതി നൽകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

## വടക്കാഞ്ചേരി മുനിസിപ്പാലിറ്റിയിലുള്ള കിഫ്ബി പദ്ധതികൾ

2504 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി നിയോജകമണ്ഡലത്തിലെ വടക്കാഞ്ചേരി മുനിസിപ്പാലിറ്റിയിലുള്ള കിഫ്ബി പദ്ധതികളായ ഒട്ടുപാറ-അത്താണി മാർക്കറ്റിന്റെയും വടക്കാഞ്ചേരി മുനിസിപ്പാലിറ്റിയിലെ ആധുനിക ഗ്യാസ് ശ്മശാനത്തിന്റെയും നിലവിലെ പുരോഗതി അറിയിക്കാമോ;

(ബി) മേൽ പരാമർശിച്ച വടക്കാഞ്ചേരി നിയോജകമണ്ഡലത്തിലെ കിഫ്ബി പദ്ധതികളുടെ ഡി. പി. ആർ., ഡ്രോയിങ്സ്, എസ്റ്റിമേറ്റ് എന്നിവ കിഫ്ബിക്ക് ലഭ്യമായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) ഒറ്റപ്പാറ-അത്താണി മാർക്കറ്റിന്റെയും വടക്കാഞ്ചേരി മുനിസിപ്പാലിറ്റിയിലെ ആധുനിക ഗ്യാസ് ശ്മശാനത്തിന്റെയും നിർമ്മാണം അടിയന്തരമായി ആരംഭിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കാമോ?

**ഉള്ളിയേരി മുതൽ കുറ്റ്യാടി വരെയുള്ള റോഡ് നവീകരണം**

2505 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാവങ്ങാട്-ഉള്ളിയേരി-കുറ്റ്യാടി-ചൊവ്വ (പി. യു. കെ. സി.) റോഡ് നവീകരണത്തിനായി ഉള്ളിയേരി മുതൽ കുറ്റ്യാടി വരെയുള്ള ഭാഗത്ത് എത്രകോടി രൂപയാണ് കിഫ്ബിയിൽ നിന്നും അനുവദിച്ചിട്ടുള്ളത്; വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് ബജറ്റിൽ എത്ര കോടി രൂപയാണ് ആദ്യഘട്ടത്തിൽ അനുവദിച്ചിരുന്നതെന്നും പ്രസ്തുത പ്രവൃത്തിയിൽ ഭൂമി ഏറ്റെടുക്കുന്നതിന് പ്രത്യേക തുക വകയിരുത്തിയിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ?

**കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയ ജി.എച്ച്.എസ്.എസ് തോലനൂർ സ്കൂൾ കെട്ടിടം**

2506 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയ ജി.എച്ച്.എസ്.എസ്. തോലനൂർ സ്കൂൾ കെട്ടിടത്തിന്റെ (3.90 കോടി) പ്രവൃത്തി പുരോഗതി നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

**പൂഞ്ഞാർ മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ**

2507 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന കിഫ്ബി പദ്ധതികളിൽ ഭരണാനുമതി നൽകിയിട്ടുള്ള ഏതെല്ലാം പ്രവൃത്തികളാണ് ഇനിയും പൂർത്തിയാക്കാനുള്ളതെന്ന് അറിയിക്കാമോ; പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

**അടിസ്ഥാന വികസന പദ്ധതികൾക്കായി കിഫ്ബി മുഖേന അനുവദിച്ച തുക**

2508 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലം മുതൽ 2025 മാർച്ച് 31 വരെ അടിസ്ഥാന വികസന പദ്ധതികൾക്കായി കിഫ്ബി മുഖേന എത്ര കോടി രൂപ അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) കിഫ്ബി സഹായത്തോടെ ഇക്കാലയളവിനുള്ളിൽ എത്ര പദ്ധതികൾ പൂർത്തിയാക്കിയെന്നും ഇപ്പോഴും തുടർന്നുകൊണ്ടിരിക്കുന്നതും ഭാഗികമായി പൂർത്തിയാക്കിയതുമായ പദ്ധതികൾ എത്രയെന്നും വ്യക്തമാക്കുമോ?

**അരൂർ മണ്ഡലത്തിലെ നെട്ടൂമ്പ്രക്കാട്-വിളക്കുമരം പാലം നിർമ്മാണം**

2509 **ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ച് നിർമ്മാണം പൂർത്തീകരിച്ച നെടുമ്പ്രക്കാട്-വിളക്കമരം പാലത്തിന് എത്ര രൂപയാണ് അനുവദിച്ചതെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പാലം നിർമ്മാണത്തിന്റെ എസ്റ്റിമേറ്റിൽ അപ്രോച്ച് റോഡിനുള്ള തുക ഉൾപ്പെടുത്തിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(സി) പാലം പൂർത്തീകരിച്ചെങ്കിലും പാലത്തിന്റെ അപ്രോച്ച് റോഡ് തകർന്നു കിടക്കുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുന്നതിനായി അപ്രോച്ച് റോഡിന്റെ നിർമ്മാണം അടിയന്തരമായി പൂർത്തീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

## വല്ലാർപാടം - പനമ്പുകാട് കായലോര റിംഗ് റോഡ് നിർമ്മാണം

2510 **ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതിയായ വല്ലാർപാടം - പനമ്പുകാട് കായലോര റിംഗ് റോഡ് നിർമ്മാണത്തിന് അംഗീകാരം നൽകുന്നത് സംബന്ധിച്ച ഫയലിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) വല്ലാർപാടം, പനമ്പുകാട് പ്രദേശങ്ങളിലെ ജനങ്ങളുടെ സുരക്ഷ കണക്കിലെടുത്ത് പ്രസ്തുത പദ്ധതിക്ക് അടിയന്തരമായി അംഗീകാരം നൽകാനും പ്രവൃത്തി ആരംഭിക്കാനും നടപടി സ്വീകരിക്കുമോ?

## കോട്ടക്കൽ മണ്ഡലത്തിലെ സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണം

2511 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി മൂന്ന് കോടി രൂപയുടെ ഭരണാനുമതി ലഭിച്ച കോട്ടക്കൽ നിയോജക മണ്ഡലത്തിലെ കുറ്റിപ്പുറം ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ, ഒരു കോടി രൂപയുടെ ഭരണാനുമതി ലഭിച്ച പൊന്മള ഗവൺമെന്റ് യു. പി. സ്കൂൾ എന്നിവയുടെ നവീകരണ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ പ്രോജക്ട് എക്സിക്യൂഷൻ ഡോക്യുമെന്റ്സ്-ന് കിഫ്ബിയുടെ അനുമതി ലഭ്യമായിട്ടുണ്ടോ; പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

## കിഫ്ബി ഫണ്ട് ഉപയോഗിച്ചുള്ള റെയിൽവെ മേൽപ്പാല നിർമ്മാണം

2512 **ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കിഫ്ബി ഫണ്ട് വകയിരുത്തി ഏതൊക്കെ റെയിൽവെ മേൽപ്പാലങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങളാണ് ഏറ്റെടുത്തിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) ഏതൊക്കെ റെയിൽവെ മേൽപ്പാലങ്ങളുടെ നിർമ്മാണ പ്രവൃത്തി ടെൻഡർ ചെയ്തുവെന്നതിന്റെ ജില്ലതിരിച്ചുള്ള കണക്ക് നൽകുമോ;

(സി) ഏതൊക്കെ റെയിൽവെ മേൽപ്പാലങ്ങളുടെ നിർമ്മാണം ആരംഭിച്ചുവെന്നതിന്റെ ജില്ലതിരിച്ചുള്ള കണക്കുകൾ നൽകുമോ;

(ഡി) പ്രസ്തുത നിർമ്മാണ പ്രവൃത്തികൾ നിലവിൽ ഏതൊക്കെ ഘട്ടങ്ങളിലാണെന്ന് വിശദീകരിക്കുമോ?

## <u>പൂവച്ചൽ ഗവൺമെന്റ് യു. പി. സ്കൂൾ കെട്ടിട നിർമ്മാണം</u>

2513 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അരുവിക്കര മണ്ഡലത്തിൽ കിഫ്ബി മുഖേന നിർമ്മിക്കുന്ന പൂവച്ചൽ ഗവൺമെന്റ് യു. പി. സ്കൂൾ കെട്ടിടനിർമ്മാണ പ്രവർത്തനങ്ങൾ തടസ്സപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ;

(ബി) പ്രസ്തുത നിർമ്മാണം പുനരാരംഭിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കുമോ?

## <u>കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയ വണ്ടാഴി-കിഴക്കഞ്ചേരി-വടക്കഞ്ചേരി-കണ്ണമ്പ്ര കുടിവെള്ള പദ്ധതി</u>

2514 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയ വണ്ടാഴി-കിഴക്കഞ്ചേരി-വടക്കഞ്ചേരി-കണ്ണമ്പ്ര കുടിവെള്ള പദ്ധതി നിലവിൽ ഏത് ഘട്ടത്തിലാണ്; പ്രസ്തുത പ്രവൃത്തി എന്ന് പൂർത്തീകരിക്കാൻ കഴിയും; വ്യക്തമാക്കാമോ?

## <u>കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയ കഴനി-പഴമ്പാലക്കോട് റോഡ് നിർമ്മാണം</u>

2515 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയ കഴനി-പഴമ്പാലക്കോട് റോഡ് നിർമ്മാണം നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

## <u>കോട്ടക്കൽ നഗരസഭ മാർക്കറ്റിന്റെ ആധുനികവൽക്കരണം</u>

2516 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ധനാനുമതി ലഭ്യമായിട്ടുള്ള കോട്ടക്കൽ നഗരസഭ മാർക്കറ്റ് ആധുനികവൽക്കരണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) പ്രവൃത്തി ആരംഭിക്കുന്നതിന് ഇനി എന്തെല്ലാം നടപടിക്രമങ്ങൾ പൂർത്തികരിക്കാനുണ്ടെന്ന് വിശദമാക്കുമോ; പ്രവൃത്തിയ്ക്ക് കിഫ്ബിയുടെ പുതുക്കിയ

ധനാനുമതിയും സാങ്കേതികാനുമതിയും ലഭ്യമായിട്ടുണ്ടോ; പ്രവൃത്തി എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കുമോ?

**<u>കാഞ്ഞങ്ങാട് മണ്ഡലത്തിലെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ചുള്ള പ്രവൃത്തികൾ</u>**

2517 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് മണ്ഡലത്തിൽ 2021 മുതൽ നാളിതുവരെ ആസ്തി വികസന ഫണ്ട് വിനിയോഗിച്ച് നടപ്പാക്കുന്നതിന് നൽകിയ പ്രൊപ്പോസലുകളുടെ നിലവിലെ സ്ഥിതി ഇനം തിരിച്ച് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രൊപ്പോസലുകളിൽ ഭരണാനുമതി ലഭിച്ച എത്ര പ്രവൃത്തികളുടെ ടെൻഡർ നടപടികൾ പൂർത്തിയാക്കാനുണ്ടെന്നും അവ ഏതെല്ലാമാണെന്നും വിശദമാക്കാമോ?

**<u>എം. എൽ. എ. മാരുടെ ആസ്തി / പ്രത്യേക വികസന നിധി പ്രവൃത്തികൾക്കുള്ള കുടിശിക</u>**

2518 **ശ്രീ. എൻ. എ. നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോട് ജില്ലയിൽ എം. എൽ. എ. യുടെ ആസ്തി / പ്രത്യേക വികസന നിധി പ്രവൃത്തികളുമായി ബന്ധപ്പെട്ട് കരാറുകാർക്ക് എത്ര രൂപയുടെ കുടിശികയുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ജില്ലയിൽ ഓരോ കരാറുകാരനും നൽകാനുള്ള കുടിശികയുടെ വിശദാംശം, ചെയ്ത പ്രവൃത്തിയുടെ പേര്, പണി പൂർത്തീകരിച്ച വർഷം എന്നിവ ഇനം തിരിച്ച് വ്യക്തമാക്കാമോ;

(സി) എത്ര കാലത്തെ കുടിശിക ബാക്കിയുണ്ടെന്നും കുടിശിക വരാൻ കാരണമെന്താണെന്നും ഇത് എപ്പോഴത്തേക്ക് തീർക്കാനാകുമെന്നും അറിയിക്കാമോ?

**<u>2016 -17 സാമ്പത്തിക വർഷത്തിൽ ആസ്തി വികസന ഫണ്ടിൽ നിന്നും നിർദേശിച്ചിട്ടുള്ള പദ്ധതികൾ</u>**

2519 **ശ്രീ . മുഹമ്മദ് മുഹസിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 -17 സാമ്പത്തിക വർഷത്തിൽ പട്ടാമ്പി മണ്ഡലത്തിൽ ആസ്തി വികസന ഫണ്ടിൽ നിന്നും നിർദേശിച്ചിട്ടുള്ള പദ്ധതികൾ ഏതെല്ലാമാണ്; അതിൽ നടപ്പിലാക്കിയ പദ്ധതികളുടെയും പൂർത്തിയാക്കാൻ സാധിക്കാത്ത പദ്ധതികളുടെയും തുക, ഫണ്ടിന്റെ സ്വഭാവം, നിലവിലെ സ്ഥിതി എന്നിവ ഉൾപ്പെടെയുള്ള വിവരം ലഭ്യമാക്കാമോ;

(ബി) 2016-17 വർഷത്തിൽ ആസ്തി വികസന ഫണ്ടിൽ നിന്നും തുക ചെലവഴിച്ച് പട്ടാമ്പി താലൂക്ക് ആശുപത്രിയിൽ ഡിജിറ്റൽ എക്സ്-റേ മെഷീൻ സ്ഥാപിക്കുന്ന പദ്ധതിക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; നടപ്പിലാക്കാൻ സാധിച്ചിട്ടില്ല എങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതി നടപ്പിലാക്കുവാൻ എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോ; തടസ്സങ്ങൾ ഇല്ല എങ്കിൽ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## കാഞ്ഞങ്ങാട് മണ്ഡലത്തിലെ ടെൻഡർ സേവിംഗ്സ് തുക

2520 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് മണ്ഡലത്തിലെ ആസ്തി വികസന ഫണ്ട് വിനിയോഗത്തിൽ 2020-21 മുതലുള്ള ടെൻഡർ സേവിംഗ്സ് തുക എത്രയെന്ന് വർഷം തിരിച്ച് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത തുക ഉപയോഗിച്ച് പുതിയ പ്രവൃത്തികൾ നടപ്പിലാക്കുന്നതിനുള്ള സർക്കാർ ഉത്തരവുകൾ ഏതെല്ലാമാണെന്ന് അറിയിക്കുമോ; ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ?

## വാമനപുരം മണ്ഡലത്തിലെ ടെണ്ടർ സേവിംഗ്സ്

2521 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം മണ്ഡലത്തിലെ ആസ്തിവികസന പദ്ധതി 2023-24 പ്രകാരം പൂർത്തിയായ പ്രവൃത്തികളുടെ ടെണ്ടർ സേവിംഗ്സ് എത്രയാണെന്ന് വിശദമാക്കാമോ?

## കോഴിക്കോട് സൗത്ത് മണ്ഡലത്തിലെ ടെണ്ടർ സേവിംഗ്സ്

2522 **ശ്രീ. അഹമ്മദ് ദേവർകോവിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് സൗത്ത് മണ്ഡലത്തിൽ എം. എൽ. എ ആസ്തി വികസന നിധി, പ്രത്യേകവികസന നിധി പദ്ധതികളിൽ 2020-21 സാമ്പത്തിക വർഷം മുതൽ 2024-25 സാമ്പത്തിക വർഷം വരെയുള്ള ടെണ്ടർ സേവിംഗ്സ് തുക സംബന്ധിച്ച വിശദാംശം സാമ്പത്തിക വർഷം തിരിച്ച് ലഭ്യമാക്കാമോ?

## കോങ്ങാട് മണ്ഡലത്തിലെ എം.എൽ.എ. ആസ്തി വികസന പദ്ധതികൾ

2523 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22 മുതൽ 2025-26 വരെ എം.എൽ.എ. ആസ്തി വികസന പദ്ധതി പ്രകാരം കോങ്ങാട് മണ്ഡലത്തിൽ ഏതെല്ലാം പദ്ധതികൾക്കാണ് ശിപാർശ നൽകിയിട്ടുള്ളത്; വർഷം തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികളിൽ ഏതെല്ലാം പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടെന്നും അവയുടെ നിലവിലെ സ്ഥിതി എന്താണെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത കാലയളവിൽ ശിപാർശ ചെയ്ത പദ്ധതികളിൽ ഇനിയും ഭരണാനുമതി ലഭിക്കാനുള്ളവ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ?

## ടെണ്ടർ സേവിംഗ്സ് തുക

2524 **ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആസ്തി വികസന പദ്ധതിയിലെയും പ്രത്യേക വികസന നിധിയിലെയും ടെണ്ടർ സേവിംഗ്സ് തുക എത്രയെന്ന് യഥാസമയം എം.എൽ.എ.മാരെ അറിയിക്കുന്നുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ;

(ബി) ഇതു സംബന്ധിച്ച വിശദാംശം യഥാസമയം എം.എൽ.എ.മാരെ അറിയിക്കാത്തതുമൂലം പ്രസ്തുത തുക വേണ്ടരീതിയിൽ വിനിയോഗിക്കപ്പെടാത്ത സാഹചര്യം ഒഴിവാക്കുന്നതിനായി നടപടി സ്വീകരിക്കുമോ; എങ്കിൽ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടി വ്യക്തമാക്കാമോ;

(സി) വൈപ്പിൻ നിയോജക മണ്ഡലത്തിലെ ടെണ്ടർ സേവിംഗ്സ് തുക എത്രയെന്ന് സാമ്പത്തിക വർഷത്തിന്റെ അടിസ്ഥാനത്തിൽ വിശദമാക്കാമോ?

## തൊടുപുഴ നിയോജകമണ്ഡലത്തിലെ എം.എൽ.എ. ആസ്തി വികസന പദ്ധതി

2525 **ശ്രീ. പി. ജെ. ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ. ആസ്തി വികസന പദ്ധതി പ്രകാരം തൊടുപുഴ നിയോജകമണ്ഡലത്തിൽ 2021-22, 2022-23, 2023-24, 2024-25 സാമ്പത്തിക വർഷങ്ങളിൽ നിർദ്ദേശിച്ച പ്രവൃത്തികളിൽ ഏതെല്ലാം പ്രവൃത്തികൾക്ക് ഇതുവരെ ഭരണാനുമതി നൽകിയെന്ന് സാമ്പത്തിക വർഷം തിരിച്ച് വിശദമാക്കാമോ;

(ബി) ഭരണാനുമതി നൽകിയ ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ;

(സി) നിർമ്മാണം തുടങ്ങാത്ത പ്രവൃത്തികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ?

## ക്യാമറകൾ സ്ഥാപിക്കുന്നതിന് എസ്. ഡി. എഫിൽ നിന്നും തുക അനുവദിക്കാൻ നടപടി.

2526 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് നിയോജകമണ്ഡലത്തിലെ പാലപ്പിള്ളി ഫോറസ്റ്റ് റെയ്ഞ്ചിന് കീഴിൽ വിവിധ സ്ഥലങ്ങളിൽ എ. ഐ. ക്യാമറകൾ സ്ഥാപിക്കുന്നതിനായി എം. എൽ. എ. - എസ്. ഡി. എഫിൽ നിന്നും തുക അനുവദിക്കുന്നതിന് പ്രത്യേക അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ബി) വന്യജീവികളുടെ സാന്നിധ്യവും ആക്രമണ സാധ്യതയുമുള്ള വ്യത്യസ്ത മേഖലകളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്നതിനായി ധനകാര്യ വകുപ്പിന്റെ അനുമതി ലഭ്യമാക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

## കോങ്ങാട് മണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ

2527 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കോങ്ങാട് മണ്ഡലത്തിൽ എം.എൽ.എ. യുടെ ആസ്തിവികസന ഫണ്ട് (എ.ഡി.എഫ്.) പ്രകാരവും സ്പെഷ്യൽ

ഡെവലപ്മെന്റ് ഫണ്ട് (എസ്.ഡി.എഫ്.) പ്രകാരവും ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ ഏതെല്ലാമെന്നും ടി പ്രവൃത്തികൾക്ക് അനുവദിച്ച തുകയും ഓരോ പ്രവൃത്തികളുടെ പുരോഗതിയും വിശദമാക്കുമോ;

(ബി) എം.എൽ.എ. ശിപാർശ ചെയ്ത പ്രവൃത്തികളിൽ ഭരണാനുമതി നൽകിയിട്ടില്ലാത്ത പ്രവൃത്തികൾ ഉണ്ടെങ്കിൽ അതിന്റെ വിശദാംശം നൽകുമോ?

**മോഡൽ സാന്ത്വന കേന്ദ്രത്തിനുള്ള ഭരണാനുമതി**

2528 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ. യുടെ ആസ്തി വികസന പദ്ധതിയിൽ നിന്നുള്ള ഫണ്ട് ഉപയോഗിച്ച് ബാലുശ്ശേരി നിയോജകമണ്ഡലത്തിലെ നടുവണ്ണൂർ ഗ്രാമ പഞ്ചായത്തിൽ നിർമ്മിക്കാനുദ്ദേശിക്കുന്ന മോഡൽ സാന്ത്വന കേന്ദ്രത്തിനുള്ള ഭരണാനുമതി നൽകാൻ കാലതാമസം വന്നിട്ടുണ്ടോ; ഇല്ലെങ്കിൽ ഭരണാനുമതി നൽകാൻ അടിയന്തര നടപടി സ്വീകരിക്കാമോ; വിശദമാക്കാമോ?

**ചേലക്കര മണ്ഡലത്തിലെ മാട്ടിൻമുകൾ - അടക്കോട് റോഡിന് പ്രത്യേക അനുമതി**

2529 **ശ്രീ. യു. ആർ. പ്രദീപ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര എം. എൽ. എ.-യുടെ 2021-22-ലെ ആസ്തി വികസന ഫണ്ടിൽ നിന്നും 40 ലക്ഷം രൂപ അനുവദിച്ച് ഭരണാനുമതി നൽകിയതും നിശ്ചിത സമയപരിധിക്കുള്ളിൽ പൂർത്തീകരിക്കുവാൻ കഴിയാതെ പോയതുമായ മാട്ടിൻമുകൾ - അടക്കോട് റോഡ് നിർമ്മാണത്തിന് പുതുക്കിയ ഭരണാനുമതി ലഭിക്കുന്നതിനു വേണ്ടി ധനകാര്യ വകുപ്പിന്റെ പ്രത്യേക അനുമതിക്കായി നൽകിയ കത്തിന്മേലുള്ള നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണ്; നടപടിക്രമങ്ങൾ പൂർത്തീകരിച്ച് പുതുക്കിയ ഭരണാനുമതി ലഭിക്കുന്നതിനായി പ്രത്യേക അനുമതി നൽകുന്നത് പരിഗണിക്കുമോ?

**എളനാട് ഫോറസ്റ്റ് സ്റ്റേഷന് ബൊലേറോ കാർ വാങ്ങുന്നതിനുള്ള അനുമതി**

2530 **ശ്രീ. യു. ആർ. പ്രദീപ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര നിയോജകമണ്ഡലത്തിലെ എളനാട് ഫോറസ്റ്റ് സ്റ്റേഷനിലേക്ക് എം. എൽ. എ. എസ്. ഡി. എഫ് 2025-2026 -ൽ നിന്നും തുക അനുവദിച്ച് ബൊലേറോ വാഹനം വാങ്ങി നൽകുന്നതിന് ധനകാര്യ വകുപ്പിന്റെ പ്രത്യേക അനുമതിയ്ക്കായി നൽകിയ കത്തിന്മേലുള്ള നടപടിക്രമങ്ങൾ ഏതു ഘട്ടത്തിലാണ്; വിശദമാക്കാമോ;

(ബി) ചേലക്കര മണ്ഡലത്തിലെ വനാതിർത്തിയോട് ചേർന്നു കിടക്കുന്ന പ്രദേശങ്ങളിൽ കാട്ടാന ഇറങ്ങി കൃഷി നശിപ്പിക്കുന്ന സാഹചര്യത്തിൽ വനപാലകർക്ക് വാഹന സൗകര്യം ലഭ്യമാക്കുവാൻ പ്രത്യേക അനുമതി നൽകുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തീകരിക്കുന്നതിന് മുന്തിയ പരിഗണന നൽകുമോ; വിശദമാക്കാമോ?

**ചേലക്കര മണ്ഡലം എസ്.ഡി.എഫ്. പ്രവൃത്തിക്ക് പ്രത്യേക അനുമതി**

2531 **ശ്രീ. യു. ആർ. പ്രദീപ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര മണ്ഡലം എം.എൽ.എ.- എസ്.ഡി.എഫ്.( 2025-2026)-ലെ പ്രവൃത്തിയിൽ ഉൾപ്പെടുത്തി ചെറുതുരുത്തി കൊച്ചിൻചേലക്കര മണ്ഡലം പാലത്തിന് സമീപം കേരള സ്റ്റേറ്റ് എക്സ് സർവ്വീസ് ലീഗ് സംഘടനക്കായി അനുവദിച്ച സ്ഥലത്ത് ധീര ജവാൻ സ്മാരകം നിർമ്മിക്കുന്നതിനായി പ്രത്യേക അനുമതി ലഭിയ്ക്കുന്നതിന് നൽകിയ കത്തിന്മേൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കത്തിന്മേൽ നടപടി സ്വീകരിച്ചിട്ടില്ലായെങ്കിൽ പ്രത്യേക അനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ?

**<u>പ്രാദേശിക വികസന പദ്ധതി പ്രകാരം ഏറനാട് മണ്ഡലത്തിൽ നടപ്പാക്കിയ പ്രവൃത്തികൾ</u>**

2532 **ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏറനാട് മണ്ഡലത്തിൽ 2021 മുതൽ നാളിതുവരെ പ്രാദേശിക വികസന പദ്ധതി വിനിയോഗിച്ച് പ്രവൃത്തി ചെയ്യുന്നതിന് നല്കിയ പ്രൊപ്പോസലുകളിൽ ഓരോന്നിന്റെയും നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കുമോ;

(ബി) പ്രാദേശിക വികസന പദ്ധതി പ്രകാരം 2021 മുതൽ നടപ്പാക്കിയ പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതി പ്രകാരം ഓരോ വർഷവും ചെലവഴിച്ച തുക എത്രയാണെന്ന് അറിയിക്കുമോ?

**<u>കേന്ദ്രാവിഷ്കൃത പദ്ധതികളിൽ സംസ്ഥാനം നൽകേണ്ട വിഹിതം</u>**

2533 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രാവിഷ്കൃത പദ്ധതികളിൽ സംസ്ഥാനം നൽകേണ്ട വിഹിതം സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുമോ;

(ബി) കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായിട്ടുള്ള തുകകൾ ട്രഷറിയിലല്ലാതെ മറ്റ് ബാങ്കുകളിൽ നിക്ഷേപിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിൽ നിന്നും ലഭിക്കുന്ന പലിശ എന്തിനായാണ് വിനിയോഗിക്കുന്നത്; വിശദാംശം വെളിപ്പെടുത്താമോ; ഇതു സംബന്ധിച്ച് ഉത്തരവ് ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കുമോ;

(സി) സംസ്ഥാന വിഹിതം നൽകാത്തതിനാൽ ഈ സർക്കാരിന്റെ കാലയളവിൽ കേന്ദ്രം ഏതെങ്കിലും പദ്ധതി ഒഴിവാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

**<u>തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ഫണ്ട്</u>**

2534 **ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2025 - 26 വർഷത്തെ ബജറ്റിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടി

ഉൾപ്പെടുത്തിയിരിക്കുന്ന ഫണ്ടിന്റെ വിശദാംശം ലഭ്യമാക്കാമോ;

(ബി) നിലവിലെ സാമ്പത്തികവർഷം നാളിതുവരെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ച തുക ഇനം തിരിച്ച് വ്യക്തമാക്കാമോ;

(സി) കേന്ദ്ര ധനകാര്യ കമ്മീഷൻ നൽകുന്ന ഗ്രാന്റിന് അപ്രായോഗികമായ നിബന്ധനകൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതുമൂലം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഫണ്ട് വിനിയോഗത്തിൽ ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ടോ; വ്യക്തമാക്കാമോ ;

(ഡി) കേന്ദ്ര ധനകാര്യ കമ്മീഷൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ഗ്രാന്റ് അനുവദിക്കുന്നതിനുള്ള വ്യവസ്ഥകളിൽ കാലോചിതമായ മാറ്റം വരുത്തുവാൻ ആവശ്യമായ ശിപാർശ കേന്ദ്രത്തിന് നൽകിയിട്ടുണ്ടോ; വിശദമാക്കാമോ;

(ഇ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിലവിലെ സാമ്പത്തിക വർഷം ബജറ്റിൽ വക കൊള്ളിച്ചിട്ടുള്ള തുക സമയബന്ധിതമായി അനുവദിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(എഫ്) ഈ സർക്കാരിന്റെ കാലത്ത് മുൻ വർഷങ്ങളിൽ ബജറ്റ് വിഹിതമായി അനുവദിച്ച തുക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുന്നതിൽ കുടിശ്ശികയുണ്ടോയെന്ന് വ്യക്തമാക്കാമോ; വിശദാംശം ലഭ്യമാക്കാമോ?

## <u>വരവ് ചെലവ് കണക്കുകൾ</u>

2535 **ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024-25 സാമ്പത്തിക വർഷത്തെ വരവു ചെലവു കണക്കുകൾ അക്കൗണ്ടന്റ് ജനറലിന് സമർപ്പിക്കാത്തതിനാൽ സർക്കാരിന്റെ കടമെടുപ്പിനെ ബാധിക്കുന്ന സ്ഥിതിവിശേഷം ഉണ്ടായിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എതൊക്കെ വകുപ്പുകളാണ് പ്രസ്തുത വരവു ചെലവു കണക്കുകൾ സമർപ്പിക്കാത്തതെന്നും പ്രസ്തുത വകുപ്പുകളിൽ നിന്നും കണക്കുകൾ ശേഖരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നും വിശദമാക്കുമോ;

(സി) പ്രസ്തുത വരവു ചെലവു കണക്കുകൾ സമർപ്പിക്കുന്നതിന് അക്കൗണ്ടന്റ് ജനറൽ നൽകിയിട്ടുള്ള പുതിയ സമയപരിധി എന്നുവരെയാണെന്നും പ്രസ്തുത പരിധിക്കുള്ളിൽ വരവു ചെലവു കണക്കുകൾ നൽകിയില്ലെങ്കിൽ വിവിധ വകുപ്പുകൾക്കുള്ള ഫണ്ട് വിതരണത്തെ അത് ബാധിക്കുമോയെന്നും വിശദമാക്കാമോ?

## <u>നബാർഡ് ഫണ്ട്</u>

2536 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നബാർഡ് ഫണ്ട് ഉപയോഗിച്ച് ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശം നൽകുമോ; ആയതിന്റെ ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ?

## സർക്കാർ ജീവനക്കാരുടെ ഭവന നിർമ്മാണ വായ്പ

2537 **ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർക്ക് അനുവദിച്ചു വന്നിരുന്ന ഭവന നിർമ്മാണ വായ്പാപദ്ധതി പുതുക്കിക്കൊണ്ട് 2018 ൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നോ; വ്യക്തമാക്കാമോ;

(ബി) ജീവനക്കാർ ബാങ്കിൽ നിന്നും നേരിട്ട് എടുക്കുന്ന ഭവനവായ്പയ്ക്ക് എത്ര ശതമാനം പലിശ സബ്സിഡി സർക്കാർ അനുവദിക്കുമെന്നാണ് പ്രസ്തുത ഉത്തരവിൽ വ്യക്തമാക്കിയതെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ എത്ര ജീവനക്കാർക്ക് പലിശ സബ്സിഡി അനുവദിച്ചുവെന്നും 2018 മുതൽ നാളിതു വരെ ഈ ഇനത്തിൽ സർക്കാരിന് എത്ര രൂപ ചെലവായിയെന്നും വിശദമാക്കുമോ;

(ഡി) ജീവനക്കാരുടെ ഭവന നിർമ്മാണ വായ്പ പഴയ രീതിയിൽ തന്നെ അനുവദിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## മെഡിസെപ്പ് ഇൻഷുറൻസ് പദ്ധതി

2538 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കുമുള്ള മെഡിസെപ്പ് ഇൻഷുറൻസ് പദ്ധതി കാര്യക്ഷമമായി നടപ്പാക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പദ്ധതിയിൽ അംഗമായി ചികിത്സതേടുന്ന മുഴുവൻ ജീവനക്കാർക്കും അവരുടെ കുടുംബാംഗങ്ങൾക്കും പെൻഷൻകാർക്കും സൗജന്യ ചികിത്സ ഉറപ്പാക്കുന്ന തരത്തിൽ മെഡിസെപ്പ് പദ്ധതി പരിഷ്കരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ;

(സി) പദ്ധതിയുടെ ഭാഗമാകാത്ത സ്വകാര്യ ആശുപത്രികളിൽ അടിയന്തര സാഹചര്യത്തിൽ ചികിത്സതേടുന്ന അംഗങ്ങൾക്ക് പൂർണ്ണമായും ചികിത്സാ ചെലവ് റീ-ഇംബേഴ്സ്മെന്റ് ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(ഡി) സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റലുകളെ പ്രസ്തുത പദ്ധതിയുടെ ഭാഗമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ടവർക്കുള്ള ധനസഹായം

2539 **ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ട് സർവീസിൽ ഇരിക്കെ മരിക്കുന്ന ജീവനക്കാരുടെ കുടുംബത്തിന് കുടുംബ പെൻഷന് അർഹതയുണ്ടോയെന്ന് അറിയിക്കാമോ;

(ബി) കുടുംബ പെൻഷന് അർഹതയില്ല എങ്കിൽ പകരം ധനസഹായം ഏർപ്പെടുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) പദ്ധതിയിൽ നിന്നും ലഭിക്കുന്ന തുകയ്ക്ക് പുറമെയാണോ ഈ സഹായമെന്നും സർക്കാരിന്റെ സാമ്പത്തിക സഹായം ഒറ്റത്തവണയാണോ പ്രതിമാസമാണോ എന്നും അറിയിക്കാമോ;

(ഡി) 31.08.2016 ലെ ധനകാര്യവകുപ്പിന്റെ 126/2016/ഫിൻ നമ്പർ ഉത്തരവിൽ എന്തെല്ലാം ആനുകൂല്യങ്ങളാണ് സർവീസിൽ ഇരുന്ന് മരണപ്പെടുന്ന പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ അംഗമായ സർക്കാർ ജീവനക്കാരന്റെ കുടുംബത്തിന് നല്കിയിരുന്നത്/ നൽകുന്നതിന് തീരുമാനിച്ചിരുന്നതെന്ന് വിശദമാക്കുമോ;

(ഇ) പ്രസ്തുത ഉത്തരവ് പിന്നീട് പരിഷ്കരിച്ച് ഇറക്കിയിട്ടുണ്ടോ; ആയതിൽ 126/2016/ഫിൻ ഉത്തരവിൽ പ്രഖ്യാപിച്ച ആനുകൂല്യങ്ങൾ ഒഴിവാക്കിയിരുന്നോ; എങ്കിൽ ഓരോന്നിന്റെയും വിശദാംശം ഉത്തരവുകളുടെ പകർപ്പ് ഉൾപ്പെടെ നൽകാമോ?

## മെഡിസെപ്പ് പദ്ധതി

2540 **ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കുമായുള്ള മെഡിസെപ്പ് പദ്ധതിയിൽ കൂടുതൽ ആശുപത്രികളെ ഉൾപ്പെടുത്തി മെഡിക്കൽ സേവനങ്ങൾ നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## പങ്കാളിത്ത പെൻഷൻ പരിഷ്കരിക്കുന്നത് സംബന്ധിച്ച പഠന റിപ്പോർട്ട്

2541 **ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പങ്കാളിത്ത പെൻഷൻ പരിഷ്കരിക്കുന്നത് സംബന്ധിച്ച് പഠന റിപ്പോർട്ട് തയ്യാറാക്കുന്നതിനായി സർക്കാർ ഏതെങ്കിലും കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ; ഈ കമ്മിറ്റിയുടെ ഘടനയും പരിഗണനാ വിഷയങ്ങളും എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കമ്മിറ്റിക്ക് റിപ്പോർട്ട് സമർപ്പിക്കാൻ കാലാവധി നിശ്ചയിച്ച് നൽകിയിരുന്നോ; എങ്കിൽ വിശദമാക്കാമോ;

(സി) പ്രസ്തുത കമ്മിറ്റി സർക്കാരിലേക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ മീറ്റിംഗിന്റെ മിനിറ്റ്സ് അടക്കമുള്ള വിശദാംശം ഉൾപ്പെടെയുള്ള റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ഡി) റിപ്പോർട്ടിലെ പ്രധാന നിർദേശങ്ങളും ശിപാർശകളും വിശദമാക്കാമോ?

## സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്കരണം

2542 **ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ ജീവനക്കാരുടെ അടുത്ത ശമ്പള പരിഷ്കരണത്തിന്റെ

പ്രാബല്യ തീയതി ഏതാണെന്ന് വ്യക്തമാക്കാമോ;

(ബി) അഞ്ച് വർഷ തത്വം പാലിച്ചുകൊണ്ട് ജീവനക്കാരുടെ ശമ്പളം പരിഷ്കരിക്കുമെന്ന പ്രഖ്യാപനം നടപ്പിലാക്കിയിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(സി) പതിനൊന്നാം ശമ്പള പരിഷ്കരണവുമായി ബന്ധപ്പെട്ട മുഴുവൻ കുടിശികയും എന്നത്തേക്ക് കൊടുത്തുതീർക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ;

(ഡി) 2024 ജൂലൈ മാസം നിലവിൽ വരേണ്ട പന്ത്രണ്ടാം ശമ്പള പരിഷ്കരണ കമ്മീഷനെ നിയമിക്കാൻ ഉള്ള നടപടികൾ ഏത് ഘട്ടത്തിൽ ആണെന്ന് വ്യക്തമാക്കാമോ; ജീവനക്കാരുടെ ശമ്പള പരിഷ്കരണം നിലവിലെ സർക്കാരിന്റെ കാലത്ത് തന്നെ പ്രാബല്യത്തിൽ വരുമോയെന്ന് വ്യക്തമാക്കാമോ?

## തസ്തികകളുടെ അപ്ഗ്രഡേഷൻ

2543 **ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഏതൊക്കെ വകുപ്പിലെ തസ്തികകൾ അപ്ഗ്രേഡ് ചെയ്യുവാൻ ധനവകുപ്പ് അനുമതി നൽകിയിട്ടുണ്ട്; വിശദാംശം നൽകാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സെക്രട്ടേറിയറ്റിലെ (പൊതുഭരണ വകുപ്പ്/ധനകാര്യം/നിയമം) വകുപ്പുകളിൽ നിന്നും മറ്റു സർക്കാർ വകുപ്പുകളിലെ ഡയറക്ടറേറ്റുകൾ/വിവിധ മിഷനുകൾ/ബോർഡ്/കോർപ്പറേഷൻ തുടങ്ങിയ വിവിധ സ്ഥാപനങ്ങളിലേക്ക് എത്ര ജീവനക്കാർക്ക് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമനം നൽകിയിട്ടുണ്ട്; അവയുടെ കാറ്റഗറി തിരിച്ചുള്ള വിശദാംശം നൽകാമോ;

(സി) ഇത്തരത്തിൽ ഡെപ്യൂട്ടേഷൻ വരുന്ന ഒഴിവുകളിലേക്ക് എത്ര ജീവനക്കാർക്ക് സ്ഥാനകയറ്റം നൽകിയിട്ടുണ്ട്; അവയുടെ കാറ്റഗറി തിരിച്ചുള്ള വിശദാംശം നൽകാമോ; ഈ ഇനത്തിൽ വന്നിട്ടുള്ള സാമ്പത്തിക ബാധ്യത എത്രയാണെന്ന് വ്യക്തമാക്കാമോ;

(ഡി) തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും സമീപകാലത്ത് ധനകാര്യ വകുപ്പിന് സമർപ്പിച്ച ഹെഡ് ക്ലാർക്ക് ടു ജൂനിയർ സൂപ്രണ്ട് തസ്തിക പരിവർത്തനം അനുവദിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ഇ) സെക്രട്ടേറിയേറ്റ് സർവ്വീസിന് നൽകുന്ന പരിഗണന മറ്റു വകുപ്പുകളിൽ നിന്നും വരുന്ന അർഹമായ പ്രപ്പോസലുകൾക്ക് നൽകുന്നുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

## ജീവനക്കാർക്ക് നൽകുവാനുള്ള ആനുകൂല്യം

2544 **ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പതിനൊന്നാം ശമ്പളപരിഷ്കരണത്തിന്റെ ഭാഗമായി ജീവനക്കാർക്ക് അനുവദിക്കാനുള്ള കുടിശികയുടെ ബാക്കിയുള്ള രണ്ട് ഗഡു വിതരണം ചെയ്യുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ; എപ്പോഴാണ് പ്രസ്തുത കുടിശിക തുക പി. എഫ്. അക്കൗണ്ടിൽ ലയിപ്പിക്കാൻ കഴിയുകയെന്ന് വ്യക്തമാക്കാമോ;

(ബി) ജീവനക്കാർക്കും പെൻഷൻക്കാർക്കും നൽകുവാനുള്ള ഡി. എ/ഡി. ആർ സംബന്ധിച്ച വിശദാംശം നൽകാമോ; കുടിശികയുള്ള ഡി. എ/ഡി. ആർ അനുവദിക്കുവാനുള്ള നടപടികൾ സ്വീകരിക്കാമോ; വ്യക്തമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എത്ര ഗഡു ഡി. എ/ഡി. ആർ സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും അനുവദിച്ചു; അവയുടെ കുടിശിക നൽകാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ഡി) ജീവനക്കാർക്കും പെൻഷൻകാർക്കും നൽകുവാനുള്ള ഡി. എ/ഡി. ആർ സംബന്ധിച്ചും അവയുടെ അരിയർ സംബന്ധിച്ചും പതിനൊന്നാം ശമ്പളപരിഷ്കരണത്തിന്റെ ഭാഗമായി ജീവനക്കാർക്ക് അനുവദിക്കാനുള്ള കുടിശിക സംബന്ധിച്ചും ചട്ടം 300 പ്രകാരം ബഹു. മുഖ്യമന്ത്രി നിയമസഭയിൽ നൽകിയ ഉറപ്പിന്മേൽ ധനവകുപ്പ് സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിശദാംശങ്ങൾ നൽകാമോ;

(ഇ) സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും പന്ത്രണ്ടാം ശമ്പളപരിഷ്കരണം നടപ്പിലാക്കുവാൻ ആവശ്യമായ പ്രാഥമിക നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## <u>മെഡിസെപ് പദ്ധതി</u>

2545 **ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻക്കാർക്കുമായി നടപ്പിലാക്കിയ മെഡിസെപ് പദ്ധതിയുടെ കരാർ കാലാവധി കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ എന്നാണ് അവസാനിച്ചതെന്ന് വ്യക്തമാക്കാമോ;

(ബി) മെഡിസെപ് പദ്ധതിയുമായി ബന്ധപ്പെട്ട് ഇൻഷുറൻസ് കമ്പനിയുമായി ഉണ്ടാക്കിയതും ഈ വർഷം പൂർത്തിയായതുമായ കരാറിന്റെ വിശദാംശം വ്യക്തമാക്കാമോ; പ്രസ്തുത കരാറിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) പ്രസ്തുത കരാർ എന്നാണ് രജിസ്റ്റർ ചെയ്തതെന്ന് വ്യക്തമാക്കാമോ?

## <u>മെഡിസെപ്പ് പദ്ധതിയിലൂടെ ഇതുവരെ നൽകിയ ചികിത്സാ ആനുകൂല്യം</u>

2546 **ശ്രീ. യു. ആർ. പ്രദീപ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിസെപ്പ് പദ്ധതിയിലൂടെ ഇതുവരെ എത്രപേർക്ക് ചികിത്സാ ആനുകൂല്യം നൽകിയിട്ടുണ്ട്;

(ബി) മെഡിസെപ്പ് ചികിത്സാ പദ്ധതി മുഖേന എത്രകോടി രൂപയുടെ ആനുകൂല്യം ജീവനക്കാർക്കും പെൻഷൻകാർക്കും ലഭ്യമായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

## <u>സൂപ്പർ ആനുവേഷനിൽ പെൻഷനാകുന്നവരുടെ അവസാന വർഷ ഇൻക്രിമെന്റ്</u>

2547 **ഡോ. എൻ. ജയരാജ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർവീസിൽ നിന്ന് സൂപ്പറാനുവേഷൻ പ്രകാരം മെയ് 31 ന് വിരമിക്കുന്നയാളിന് തൊട്ടടുത്ത മാസമായ ജൂൺ 1 ന് ലഭിക്കേണ്ടിയിരുന്ന വാർഷിക ഇൻക്രിമെന്റ് ലഭിക്കാതെ വരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) വാർഷിക ഇൻക്രിമെന്റിന് അർഹതപ്പെട്ട 12 മാസവും സർവീസിൽ തുടരുകയും പിറ്റേദിവസം പ്രാബല്യ തീയതി എന്ന തികച്ചും സാങ്കേതികത്വത്തിന്റെ പേരിൽ മാത്രം ആനുകൂല്യം നഷ്ടപ്പെടുന്ന സാഹചര്യത്തിന് പരിഹാരമുണ്ടാക്കാമോ; അങ്ങനെ സംഭവിക്കുന്ന കേസുകളിൽ ഈ നഷ്ടം പരിഹരിക്കുന്നതിന് മാത്രമായി വിരമിക്കൽ തീയതിൽ ഒരു നോഷണൽ ഇൻക്രിമെൻറ് അനുവദിക്കാൻ നടപടി സ്വീകരിക്കാമോ;

(സി) 21-02-2025 ലെ സ.ഉ.(സാധാ) നം.1673/2025/ധന. ഉത്തരവ് പ്രകാരം ഇങ്ങനെ ആനുകൂല്യം നല്കുന്നത് അനുവദിച്ച ഉത്തരവിൽ ആ ഉത്തരവിന് കാരണമായ കോടതിയിൽ കേസ് ഫയൽ ചെയ്തവർക്ക് മാത്രമായി നിജപ്പെടുത്തിയത് എന്തുകൊണ്ടെന്ന് അറിയിക്കാമോ; സമാന സ്വാഭാവത്തിൽ ആനുകൂല്യം നിഷേധിക്കപ്പെട്ടവർക്ക് കൂടി ബാധകമാക്കി പൊതു ഉത്തരവ് ഇറക്കാൻ നടപടി സ്വീകരിക്കാമോ;

(ഡി) മേൽപ്പറഞ്ഞ കോടതി ഉത്തരവ് പ്രകാരം ഇൻക്രിമെന്റ് അനുവദിക്കുന്നത് എല്ലാ കേന്ദ്രസർക്കാർ ജീവനക്കാർക്കും ബാധകമാക്കി കേന്ദ്ര പേഴ്സണൽ മന്ത്രാലയം പുറപ്പെടുവിച്ച 19/116/2024 നമ്പർ ഓഫീസ് മെമ്മോറാണ്ടം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് ഇവിടെയും നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കാമോ?

## <u>ക്ഷാമബത്ത കുടിശിക</u>

2548 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കും എന്ന് മുതലുള്ള ക്ഷാമബത്ത നൽകാനുണ്ടെന്നും എത്ര ശതമാനം ക്ഷാമബത്ത കുടിശികയുണ്ടെന്നും അറിയിക്കാമോ;

(ബി) വിരമിച്ച സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കും എന്ന് മുതലുള്ള ക്ഷാമബത്ത നൽകാനുണ്ടെന്നും എത്ര ശതമാനം ക്ഷാമബത്ത കുടിശികയുണ്ടെന്നും അറിയിക്കാമോ;

(സി) സംസ്ഥാനത്തെ ഹൈക്കോടതി ജഡ്ജിമാർ, മറ്റ് കോടതികളിലെ ജഡ്ജിമാർ, മജിസ്ട്രേറ്റുമാർ, ഐ. എ. എസ്. ഉദ്യോഗസ്ഥർ, ഐ. പി. എസ്. ഉദ്യോഗസ്ഥർ, ഗവർണ്ണർ, മുഖ്യമന്ത്രി, മറ്റു മന്ത്രിമാർ, ക്യാബിനറ്റ് പദവിയുള്ള മറ്റ് വ്യക്തികൾ എന്നിവരുടെ പേഴ്സണൽ സ്റ്റാഫ് അംഗങ്ങൾ തുടങ്ങിയവർക്ക് എന്ന് മുതലുള്ള ക്ഷാമബത്ത നൽകാനുണ്ടെന്നും എത്ര ശതമാനം ക്ഷാമബത്ത കുടിശികയുണ്ടെന്നും പ്രത്യേകം അറിയിക്കാമോ;

(ഡി) 2024-25 സാമ്പത്തിക വർഷം മുതൽ പ്രതിവർഷം രണ്ടു ഗഡു ഡി.എ. / ഡി. ആർ. ജീവനക്കാർക്കും പെൻഷൻകാർക്കും അനുവദിക്കുമെന്ന് ചട്ടം 300 പ്രകാരം ബഹു. മുഖ്യമന്ത്രി നിയമസഭയിൽ അവതരിപ്പിച്ച പ്രമേയത്തിനധിഷ്ഠിതമായി

ക്ഷാമബത്ത നൽകുന്നുണ്ടോയെന്നും പ്രസ്തുത പ്രഖ്യാപനത്തിലൂടെ പ്രതിവർഷം നൽകേണ്ട രണ്ട് ഗഡുക്കളോടൊപ്പം കുടിശികയായിട്ടുള്ള രണ്ട് ഗഡുക്കൾ കൂടി നൽകുമെന്നാണോ ഉദ്ദേശിച്ചതെന്നും വ്യക്തമാക്കാമോ;

(ഇ) പശ്ചിമബംഗാളിലെ സർക്കാർ ജീവനക്കാർ ക്ഷാമബത്ത കുടിശിക ലഭ്യമാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് സമർപ്പിച്ച ഹർജിയുടെ വിധിയിൽ ക്ഷാമബത്ത ജീവനക്കാരുടെ അവകാശമാണെന്ന സുപ്രീംകോടതിയുടെ പരാമർശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ കേരളത്തിലെ സർക്കാർ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും ക്ഷാമബത്ത അവകാശമല്ലേയെന്ന് വ്യക്തമാക്കാമോ;

(എഫ്) ക്ഷാമബത്ത കുടിശിക ലഭ്യമാക്കാത്തതിനാൽ പ്രതിമാസം മൊത്ത ശമ്പളത്തിന്റെ എത്ര ശതമാനം കുറവാണ് സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കും ഉണ്ടാകുന്നതെന്ന് അറിയിക്കാമോ;

(ജി) 2021 മുതൽ കേരളത്തിലെ സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കും ക്ഷാമബത്ത അനുവദിച്ച തീയതി, പ്രസ്തുത ക്ഷാമബത്ത അനുവദിക്കേണ്ടിയിരുന്നത് ഏത് തീയതി മുതലായിരുന്നു എന്നിവ വ്യക്തമാക്കാമോ ; അനുവദിച്ച ക്ഷാമബത്തക്ക് അനുവദിക്കേണ്ടിയിരുന്ന തീയതി മുതലുള്ള മുൻകാല കുടിശിക നൽകുമോ; എങ്കിൽ എന്നത്തേക്ക് നല്കാൻ കഴിയും; വ്യക്തമാക്കുമോ ?

## വിദ്യാഭ്യാസ വായ്പ തിരിച്ചടവ് സഹായ പദ്ധതി

2549 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ വിദ്യാഭ്യാസ വായ്പ തിരിച്ചടവ് സഹായ പദ്ധതിയനുസരിച്ച് ഇളവിനായി എത്ര കുട്ടികൾ അപേക്ഷ നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത കാലയളവിൽ വിദ്യാഭ്യാസ വായ്പയെടുത്ത് കടക്കെണിയിൽപ്പെട്ട എത്ര കുട്ടികൾക്ക് ഈ പദ്ധതിയനുസരിച്ച് ആനുകൂല്യം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതി പ്രകാരം നാളിതുവരെ ആനുകൂല്യം നൽകിയിട്ടില്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ;

(ഡി) പദ്ധതിയ്ക്ക് വേണ്ടിയുള്ള തുക ബജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ തുക എങ്ങനെ കണ്ടെത്തുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

## ബജറ്റിൽ പ്രഖ്യാപിച്ച ദേവികുളം മണ്ഡലത്തിലെ പ്രവൃത്തികൾ

2550 **ശ്രീ. എ. രാജ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം മണ്ഡലത്തിൽ 2016-17 മുതൽ 2025-26 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ 20% ബജറ്റ് പ്രൊവിഷൻ ലഭിച്ച പ്രവൃത്തികൾ ഏതൊക്കെയാണ്;

പ്രവൃത്തിയുടെ പേര്, വർഷം, തുക, നിലവിലെ സ്ഥിതി എന്നിവ ഉൾപ്പെടെയുള്ള വിശദാംശം നൽകുമോ?

## ആലത്തൂർ മണ്ഡലത്തിൽ സംസ്ഥാന ബജറ്റിൽ 20% ടോക്കൺ പ്രൊവിഷൻ ലഭിച്ച പ്രവൃത്തികളുടെ വിശദാംശം

2551 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിൽ 2016-17 മുതൽ 2025-26 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ സംസ്ഥാന ബജറ്റിൽ 20% ടോക്കൺ പ്രൊവിഷൻ ലഭിച്ച പ്രവൃത്തികളുടെ വിശദാംശം, പ്രവൃത്തിയുടെ പേര്, സാമ്പത്തികവർഷം, തുക എന്നിവ സഹിതമുള്ള വിവരം ലഭ്യമാക്കുമോ?

## സംസ്ഥാന ബജറ്റിൽ 20 ശതമാനം തുക വകയിരുത്തി അനുവദിക്കപ്പെട്ട പ്രവൃത്തികളുടെ ഭരണാനുമതി

2552 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈപ്പമംഗലം മണ്ഡലത്തിൽ 2016 മുതൽ 2020 വരെ സംസ്ഥാന ബജറ്റിൽ 20 ശതമാനം തുക വകയിരുത്തി അനുവദിക്കപ്പെട്ട പ്രവൃത്തികൾ ഏതെല്ലാമാണ്; ഇവയിൽ ഭരണാനുമതി ലഭിച്ചവ ഏതെല്ലാമാണ്; വിശദമാക്കാമോ;

(ബി) ഈ പ്രവൃത്തികളിൽ ഇനിയും ഭരണാനുമതി ലഭിക്കാത്ത പ്രവൃത്തികൾ ഏതെല്ലാമാണ്; പ്രസ്തുത പ്രവൃത്തികൾക്ക് ഭരണാനുമതി ലഭ്യമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കാമോ?

## ഉദുമ മണ്ഡലത്തിലെ ബജറ്റ് വിഹിതം അനുവദിച്ച പ്രവൃത്തികൾ

2553 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് ഉദുമ മണ്ഡലത്തിൽ ഇരുപത് ശതമാനം ബജറ്റ് വിഹിതം അനുവദിച്ച പ്രവൃത്തികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ പേരും അനുവദിച്ച തുകയും നിലവിലെ പുരോഗതി വിവരങ്ങളും ലഭ്യമാക്കാമോ?

## മാവേലിക്കര മണ്ഡലത്തിലെ പദ്ധതികളുടെ വിശദവിവരം

2554 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 മുതൽ 2025-26 വരെ ബജറ്റിൽ ഇരുപതു ശതമാനം തുക വകയിരുത്തിയ മാവേലിക്കര മണ്ഡലത്തിലെ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികളിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കുമോ?

## കോട്ടക്കൽ മണ്ഡലത്തിലെ ബജറ്റ് പ്രവൃത്തികൾ

2555 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 മുതലുള്ള ബജറ്റുകളിൽ 20 ശതമാനം തുക നീക്കിവച്ചിട്ടുള്ള കോട്ടക്കൽ മണ്ഡലത്തിലെ പദ്ധതികൾ ഏതെല്ലാമാണ് ; ഓരോ പദ്ധതികളുടെയും നിലവിലെ സ്ഥിതി എന്താണെന്ന് സാമ്പത്തിക വർഷാടിസ്ഥാനത്തിൽ വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ ഭരണാനുമതി ലഭിക്കാത്ത പ്രവൃത്തികൾ ഏതെല്ലാമാണ്; ഭരണാനുമതി ലഭിക്കുന്നതിലെ കാലതാമസത്തിനുള്ള കാരണം അറിയിക്കുമോ;

(സി) നാളിതുവരെ ഭരണാനുമതി ലഭ്യമായിട്ടില്ലാത്ത പ്രവൃത്തികൾക്ക് അടിയന്തരമായി ഭരണാനുമതി നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

## ചങ്ങനാശ്ശേരി മണ്ഡലത്തിലെ പ്രവൃത്തികൾ

2556 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി മണ്ഡലത്തിൽ 2018-19 സാമ്പത്തിക വർഷം മുതൽ 2025-26 വരെയുള്ള കാലഘട്ടത്തിൽ ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II വാല്യം II -ൽ ഉൾപ്പെടുത്തി ഇരുപത് ശതമാനം തുക അനുവദിച്ച പ്രവൃത്തികളിൽ ഇനിയും ഭരണാനുമതി ലഭ്യമാക്കാനുള്ള പ്രവൃത്തികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ?

## സാമൂഹ്യക്ഷേമ പെൻഷൻ നൽകുന്നതിൽ സംസ്ഥാന വിഹിതം

2557 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യക്ഷേമ പെൻഷന് വേണ്ടി സംസ്ഥാന സർക്കാർ ഒരു വർഷം നൽകേണ്ട തുക എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) 2011-16 കാലഘട്ടത്തിലെ ഓരോ സാമ്പത്തിക വർഷത്തിലും എത്ര പേർക്ക് എത്ര രൂപ വീതം സാമൂഹ്യക്ഷേമ പെൻഷനായി വിതരണം ചെയ്തിരുന്നതെന്ന് വ്യക്തമാക്കാമോ;

(സി) 2016 മുതൽ എത്ര ആളുകൾക്ക് എത്ര തുക വീതം പെൻഷൻ നൽകി വരുന്നു എന്ന വർഷംതിരിച്ചുള്ള വിവരം നൽകാമോ ?

## പെട്രോളിനും ഡീസലിനും ഏർപ്പെടുത്തിയ സെസ്സിൽ നിന്നുള്ള വരുമാനം

2558 **ശ്രീ. അൻവർ സാദത്ത്**
**ശ്രീമതി കെ. കെ. രമ**
**ശ്രീ. സനീഷ്കുമാർ ജോസഫ്**
**ശ്രീ. ആര്യാടൻ ഷൗക്കത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പെട്രോളിനും ഡീസലിനും സെസ്സ് ഏർപ്പെടുത്തിയ നടപടിയിലൂടെ സർക്കാറിന് പ്രതീക്ഷിച്ച വരുമാനം നേടാൻ സാധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

## **ജി. എസ്. ടി. പരിഷ്കാരങ്ങൾ**

2559 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**
**ശ്രീ. ഐ. സി. ബാലകൃഷ്ണൻ**
**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ**
**ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ നടപ്പിലാക്കിയ ജി. എസ്. ടി. പരിഷ്കാരങ്ങൾ കാരണം അവശ്യസാധനങ്ങളുടെ വില കുറയുമ്പോൾ വിപണി കൂടുതൽ ചലനാത്മകമാകുമെന്നും അതുവഴി നഷ്ടപ്പെടാൻ ഇടയുള്ള നികുതി വരുമാനം നേടാൻ സാധിക്കും എന്നുമുള്ള കേന്ദ്ര സർക്കാരിന്റെ വാദം പരിശോധനക്ക് വിധേയമാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

## **തനത് റവന്യൂ വരുമാനത്തിലെ നേട്ടങ്ങൾ**

2560 **ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ തനത് റവന്യൂ വരുമാനത്തിൽ ഈ സർക്കാരിന്റെ കാലത്ത് ആർജിക്കുവാൻ കഴിഞ്ഞിട്ടുള്ള നേട്ടങ്ങൾ വിശദമാക്കാമോ;

(ബി) 2011-16 സർക്കാറിന്റെ കാലഘട്ടത്തെ അപേക്ഷിച്ച് തനത് റവന്യൂ വരുമാനത്തിൽ നേട്ടങ്ങൾ ആർജിക്കുവാൻ നിലവിലെ സർക്കാറിന് കഴിഞ്ഞിട്ടുണ്ടോ; വിശദാംശം നൽകാമോ?

## **നഗരസഭകൾക്കുള്ള പദ്ധതി വിഹിതം**

2561 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നഗരസഭകൾക്ക് പദ്ധതി വിഹിതമായി തുക അനുവദിക്കുന്നതിന് സ്വീകരിച്ചു വരുന്ന മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) ജനസംഖ്യ കൂടുതലുള്ള നഗരസഭകൾക്ക് കൂടുതൽ തുക അനുവദിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(സി) പദ്ധതി തുക പൂർണ്ണമായും ചെലവഴിക്കാത്ത നഗരസഭകളുടെ അടുത്ത സാമ്പത്തിക വർഷത്തെ പദ്ധതിയിൽ വെട്ടിക്കുറവ് വരുത്താറുണ്ടോ; എത്ര ശതമാനം വീതമാണ് വെട്ടിക്കുറയ്ക്കുന്നതെന്ന് വ്യക്തമാക്കുമോ?

## **തദ്ദേശ സ്വയംഭരണ പൊതു സർവ്വീസിൽ ഉൾപ്പെട്ട ജീവനക്കാർക്ക് സ്പാർക്ക് അനുവദിക്കാൻ നടപടി**

2562 **ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ പൊതു സർവീസിൽ ഉൾപ്പെട്ട വിവിധ വകുപ്പുകളിലെ ജീവനക്കാർക്ക് സ്പാർക്ക് അനുവദിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ; പ്രസ്തുത വകുപ്പിലെ പി. എസ്. സി. മുഖേന നിയമനം ലഭിച്ച സ്ഥിര ജീവനക്കാരോട്

ധനവകുപ്പ് അവഗണന കാണിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അങ്ങനെയെങ്കിൽ ആയത് പുന:പരിശോധിക്കുമോ;

(ബി) തദ്ദേശ സ്വയംഭരണ പൊതുസർവീസിൽ ഉൾപ്പെട്ട പഞ്ചായത്ത് വകുപ്പിൽ ഹെഡ് ക്ലാർക്കിൽ നിന്നും ജൂനിയർ സൂപ്രണ്ടിലേയ്ക്കുള്ള സ്ഥാനക്കയറ്റത്തിനുള്ള തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ശിപാർശ എതിർക്കുവാൻ ഇടയായ സാഹചര്യം വ്യക്തമാക്കുമോ; പ്രസ്തുത ഫയൽ ധനവകുപ്പ് മടക്കി അയച്ചതിന്റെ കാരണം എന്തൊക്കെയാണ്; വിശദമാക്കുമോ?

## അണ്ടർ സെക്രട്ടറി റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥരെ ഡി. എഫ്. ഐ. ഒ. മാരായി നിയമിക്കാൻ നടപടി

2563 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ധനകാര്യ വകുപ്പിന്റെ പരിശോധന കാര്യക്ഷമമാക്കുന്നതിനായി വകുപ്പിന്റെ ജില്ലാ പരിശോധനാ ഓഫീസുകളിൽ അണ്ടർ സെക്രട്ടറി റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥരെ ഡി. എഫ്. ഐ. ഒ. മാരായി നിയമിക്കേണ്ടതാണ് എന്നുള്ള വസ്തുത പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) സെക്ഷൻ ഓഫീസർ റാങ്കിലുള്ള ഡി. എഫ്. ഐ. ഒ. മാർ അവരെക്കാൾ ഉയർന്ന റാങ്കിലുള്ള ഉദ്യോഗസ്ഥരുടെ ഓഫീസുകളിൽ പരിശോധന നടത്തുന്നതിലുള്ള അപാകത പരിഹരിക്കുന്നതിനായി ജില്ലാ പരിശോധനാ ഓഫീസുകളിൽ അണ്ടർ സെക്രട്ടറി റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥരെ ഡി. എഫ്. ഐ. ഒ. മാരായി നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

## പെരിങ്ങോട്ടുകുറിശ്ശി ജി. എച്ച്. എസ്. എസ്.

2564 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയ പെരിങ്ങോട്ടുകുറിശ്ശി ഗേൾസ് ഹയർ സെക്കൻഡറി സ്കൂൾ കെട്ടിടത്തിന്റെ പ്രവൃത്തിയുടെ പുരോഗതി നിലവിൽ ഏത് ഘട്ടത്തിലാണ് ; പ്രസ്തുത പ്രവൃത്തി എന്ന് പൂർത്തീകരിക്കാൻ കഴിയും ; വിശദമാക്കാമോ?

## പേരാമ്പ്ര മണ്ഡലത്തിലെ 2023-24, 2024-25 വർഷങ്ങളിലെ പ്രവൃത്തികൾ

2565 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-24, 2024-25 സാമ്പത്തിക വർഷങ്ങളിലെ ബജറ്റിൽ പേരാമ്പ്ര മണ്ഡലത്തിൽ എത്ര പ്രവൃത്തികൾ അനുവദിച്ചുവെന്നും പ്രസ്തുത പ്രവൃത്തികളുടെ നടപടികൾ ഏത് ഘട്ടത്തിലാണെന്നും വിശദമാക്കാമോ?

## അങ്കണവാടി ജീവനക്കാരുടെ യാത്രാബത്ത

2566 **ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കണവാടി വർക്കർമാരുടെയും ഹെൽപർമാരുടെയും യാത്രാബത്ത ഇനത്തിൽ കുടിശികയുണ്ടോ; ഉണ്ടെങ്കിൽ അത് അനുവദിക്കുന്ന കാര്യം പരിഗണിക്കുമോയെന്ന് വ്യക്തമാക്കാമോ?

## എച്ച് - വൺ. ബി. വിസയും കേരള സമ്പദ്ഘടനയും

2567 **ശ്രീ. സണ്ണി ജോസഫ്**
**ശ്രീ. പി. സി. വിഷ്ണുനാഥ്**
**ഡോ. മാത്യു കുഴൽനാടൻ**
**ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എച്ച്- വൺ. ബി. വിസയുടെ ഫീസ് കുത്തനെ കൂട്ടിയ അമേരിക്കൻ നടപടി കേരള സമ്പദ്ഘടനയെ എപ്രകാരം ബാധിക്കുമെന്ന് വിശദമാക്കുമോ;

(ബി) ഈ പ്രതിസന്ധി പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഈ നടപടി കേരളത്തിലെ ഐ. ടി. രംഗത്തെ എപ്രകാരം ബാധിക്കുമെന്ന് വ്യക്തമാക്കുമോ?

## ആറ്റിങ്ങൽ മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ

2568 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ മണ്ഡലത്തിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി അടിസ്ഥാന സൗകര്യ വികസനത്തിനായി ഏതെല്ലാം റോഡുകളുടെയും പാലങ്ങളുടെയും നവീകരണത്തിനാണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളത്;

(ബി) ഇതിൽ ഏതെല്ലാം പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്; മറ്റ് പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ?

## തിരൂരങ്ങാടി മണ്ഡലത്തിലെ കുണ്ടൂർ തോട് നവീകരണം

2569 **ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് തിരൂരങ്ങാടി മണ്ഡലത്തിലെ കുണ്ടൂർ തോട് നവീകരണം പദ്ധതിക്ക് സംസ്ഥാന ബജറ്റിൽ ഉൾപ്പെടുത്തി കിഫ്ബി മുഖേന പൂർത്തീകരിക്കുന്നതിന് 15 കോടി രൂപ അനുവദിച്ചുകൊണ്ട് പ്രഖ്യാപനം നടത്തിയിരുന്നോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിക്ക് കിഫ്ബി ബോർഡിന്റെ അനുമതി ലഭ്യമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത പ്രവൃത്തിക്ക് എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോ വിശദമാക്കമോ;

(സി) പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിൽ വന്ന കാലതാമസത്തിന്റെ കാരണങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ഡി) ഈ പ്രവൃത്തിക്ക് കിഫ്ബി ബോർഡിന്റെ അനുമതി ലഭ്യമാക്കി എന്നേക്ക് ടെൻഡർ

ചെയ്യാൻ കഴിയുമെന്ന് വിശദമാക്കുമോ?

## <u>മട്ടന്നൂർ മണ്ഡലത്തിലെ കിഫ്ബി പ്രോജക്ടുകൾ</u>

2570 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ മണ്ഡലത്തിൽ കിഫ്ബി മുഖേന ധനകാര്യ അനുമതി നൽകിയിട്ടുള്ള പ്രോജക്ടുകൾ ഏതൊക്കെയാണ്; വിശദാംശം ലഭ്യമാക്കുമോ?

## <u>കല്ല്യാശ്ശേരി മണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികൾ</u>

2571 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കല്ല്യാശ്ശേരി നിയോജക മണ്ഡലത്തിൽ കിഫ്ബിയിൽ നിന്നും ധനകാര്യ അനുമതി ലഭിച്ച പ്രവൃത്തികൾ ഏതൊക്കെയാണ്; വിശദാംശം ലഭ്യമാക്കുമോ;

(ബി) കിഫ്ബിയിൽ ധനകാര്യ അനുമതിക്കായി സമർപ്പിച്ച കല്ല്യാശ്ശേരി - പയ്യന്നൂർ മണ്ഡലങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന മൂലക്കീൽകടവ് പാലത്തിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

## <u>നാദാപുരം മണ്ഡലത്തിലെ വിവിധ പദ്ധതികൾ</u>

2572 **ശ്രീ. ഇ കെ വിജയൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17, 2017-18, 2018-2019, 2019-2020 വർഷങ്ങളിൽ കിഫ്ബി മുഖാന്തിരം നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ചിട്ടുള്ളതും എന്നാൽ ഇതുവരെ ധനാനുമതി നൽകാത്തതുമായ നാദാപുരം മണ്ഡലത്തിലെ പദ്ധതികൾ ഏതെല്ലാമാണെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾക്ക് കിഫ്ബി ഇതുവരെ ധനാനുമതി നൽകാതിരിക്കാനുള്ള കാരണം വ്യക്തമാക്കുമോ;

(സി) 2016-17മുതൽ 2023-2024 വരെയുള്ള വർഷങ്ങളിലെ ബജറ്റുകളിൽ തുക വകയിരുത്തിയിട്ടുള്ള നാദാപുരം മണ്ഡലത്തിലെ വിവിധ പ്രവൃത്തികൾ ഏതൊക്കെയെന്ന് വിശദമാക്കുമോ;

(ഡി) പ്രസ്തുത പ്രവൃത്തികളിൽ ഇനിയും ഭരണാനുമതി ലഭിക്കാത്ത പ്രവൃത്തികളുണ്ടെങ്കിൽ അവ ഏതൊക്കെയെന്ന് അറിയിക്കുമോ?

## <u>ആലത്തൂർ മണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികൾ</u>

2573 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ധനസഹായത്തോടെ ആലത്തൂർ മണ്ഡലത്തിൽ അനുവദിക്കപ്പെട്ട പ്രവൃത്തികൾ, പൂർത്തീകരിച്ച പ്രവൃത്തികൾ, സാങ്കേതിക കാരണങ്ങളാൽ ആരംഭിച്ചിട്ടില്ലാത്ത പ്രവൃത്തികൾ എന്നിവയുടെ വിശദാംശങ്ങൾ ഇനം തിരിച്ച് അറിയിക്കുമോ?

## ആറ്റിങ്ങൽ മണ്ഡലത്തിലെ സ്കൂൾ നവീകരണം

2574 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ആറ്റിങ്ങൽ മണ്ഡലത്തിൽ എത്ര സ്കൂളുകളാണ് നവീകരിച്ചത്; ഇതിനായി എത്ര തുകയാണ് വകയിരുത്തിയത്; അതിൽ എത്ര രൂപയുടെ പദ്ധതികൾ നടപ്പിലായിട്ടുണ്ട്; വ്യക്തമാക്കാമോ;

(ബി) ഇനിയും നടപ്പിലാക്കേണ്ട പദ്ധതികളുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

## പാറശാല മണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികൾ

2575 **ശ്രീ സി കെ ഹരീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശാല നിയോജകമണ്ഡലത്തിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ച് നടത്തി വരുന്ന പ്രവൃത്തികൾ ഏതൊക്കെയെന്ന് വകുപ്പ് തിരിച്ച് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികൾക്ക് അനുവദിച്ചിട്ടുള്ള തുക എത്രയാണെന്നും പ്രവൃത്തികളുടെ നിർവ്വഹണ ഏജൻസികൾ ഏതൊക്കെയാണെന്നും ടി പദ്ധതികളുടെ നിലവിലെ പ്രവർത്തന പുരോഗതി എന്താണെന്നും വ്യക്തമാക്കുമോ;

(സി) പാറശാല നിയോജകമണ്ഡലത്തിൽ കില നിർവഹണ ഏജൻസിയായിട്ടുള്ള സ്കൂളുകളുടെ നിർമ്മാണം, തീരദേശ വികസന കോർപ്പറേഷൻ നിർവഹണ ഏജൻസിയായിട്ടുള്ള പനച്ചമൂട് മത്സ്യ മാർക്കറ്റ് നവീകരണം എന്നീ കിഫ്ബി പ്രവൃത്തികൾ നാളിതുവരെ പൂർത്തീകരിച്ചിട്ടില്ലായെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പ്രവൃത്തികൾ എത്രയും വേഗം ആരംഭിക്കാനുള്ള നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

## കോതമംഗലം മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ

2576 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ ഏതെല്ലാമെന്ന് വിശദീകരിക്കാമോ; ഇവയിൽ പൂർത്തീകരിച്ചതും നിർമ്മാണത്തിലിരിക്കുന്നതുമായ പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളിൽ ഇതുവരെ നിർമ്മാണം ആരംഭിക്കാത്തവ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(സി) പദ്ധതികളുടെ നിർമ്മാണം വേഗത്തിൽ ആരംഭിക്കുന്നതിനും പൂർത്തീകരിക്കുന്നതിനും നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## നികുതി പിരിവ് കാര്യക്ഷമമാക്കാൻ നടപടി

2577 **ശ്രീ കടകംപള്ളി സുരേന്ദ്രൻ**
**ശ്രീ എം രാജഗോപാലൻ**
**ശ്രീ. പി.പി. സുമോദ്**

**ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്താദ്യമായി പരോക്ഷ നികുതി സംവിധാനത്തിൽ ഫേസ്‌ലെസ് അഡ്ജ്യൂഡിക്കേഷൻ നടപ്പാക്കുന്ന സംസ്ഥാനമായി മാറുവാൻ കേരളത്തിന് കഴിഞ്ഞിട്ടുണ്ടോ; വിശദീകരിക്കുമോ;

(ബി) സംസ്ഥാനത്തെ നികുതി ഭരണരംഗം പരിഷ്കരിക്കുന്നതിനും നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിനും സർക്കാർ നടത്തിയിട്ടുള്ള ഇടപെടലുകൾ ഫലപ്രദമാണോ; വിശദാംശം നൽകുമോ;

(സി) ഈ രംഗത്ത് സർക്കാർ നടപ്പാക്കുന്ന നൂതന പരിഷ്കാരങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കുമോ?

## <u>ജി. എസ്. ടി നികുതി വരുമാനം വർദ്ധിപ്പിക്കാൻ പദ്ധതി</u>

2578 **ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2025-ൽ ആകെ ജി. എസ്. ടി. വരുമാനം വർദ്ധിപ്പിക്കാൻ എന്തെല്ലാം പുതിയ പദ്ധതികൾ അവതരിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വിശദമാക്കാമോ;

(ബി) ജി. എസ്. ടി. ചോർച്ച തടയുന്നതിനുള്ള ടെക്നോളജി അധിഷ്ഠിത മാർഗ്ഗങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

## <u>ഓപ്പറേഷൻ പാം ട്രീ</u>

2579 **ഡോ. എം. കെ. മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജി.എസ്.ടി വകുപ്പ് നടത്തിയ ഓപ്പറേഷൻ പാം ട്രീ-യുമായി ബന്ധപ്പെട്ട് എത്ര കോടിയുടെ അനധികൃത ജി. എസ്. ടി ഇടപാടുകൾ കണ്ടെത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഓപ്പറേഷനുമായി ബന്ധപ്പെട്ട് നികുതിയായി എത്ര കോടി രൂപ ഈടാക്കിയിട്ടുണ്ട് എന്നതിന്റെ കണക്ക് ലഭ്യമാക്കുമോ;

(സി) വ്യാജ മേൽവിലാസങ്ങൾ ഉപയോഗിച്ച് ഇൻപുട്ട് ടാക്സ് വെട്ടിച്ച എത്ര സ്ഥാപനങ്ങൾ ഈ കേസിൽ ഉൾപ്പെട്ടിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ;

(ഡി) ഇവർക്കെതിരെ സ്വീകരിച്ച അറസ്റ്റ് അടക്കമുള്ള തുടർനടപടികൾ വിശദമാക്കുമോ?

## <u>ജി. എസ്. ടി. പരിഷ്കരണത്തിന്റെ നികുതി ഇളവുകൾ</u>

2580 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി. എസ്. ടി. പരിഷ്കരണത്തിന്റെ ഫലമായുള്ള നികുതി ഇളവുകൾ ഉപഭോക്താക്കൾക്ക് ലഭ്യമാകുന്നു എന്ന് ഉറപ്പാക്കുവാൻ ജി. എസ്. ടി. നിയമത്തിൽ എന്തൊക്കെ വ്യവസ്ഥകൾ ഉണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഉപഭോക്താക്കൾക്ക് നികുതിയിളവുകൾ ലഭ്യമാകുന്നു എന്ന് ഉറപ്പാക്കുവാൻ എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ?

## ആക്രി കച്ചവടത്തിന്റെ മറവിലെ ജി. എസ്. ടി. വെട്ടിപ്പ് തടയാൻ നടപടി

2581 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആക്രി കച്ചവടത്തിന്റെ മറവിൽ ജി. എസ്. ടി. വെട്ടിപ്പ് നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് ഏതെല്ലാം ജില്ലകളിൽ ജി. എസ്. ടി. എൻഫോഴ്സ്മെന്റ് - ഇന്റലിജൻസ് വിഭാഗങ്ങൾ പരിശോധന നടത്തിയിട്ടുണ്ട്; ഓരോ ജില്ലയിലും എത്ര തുകയുടെ തട്ടിപ്പ് കണ്ടെത്തിയിട്ടുണ്ട്; ഇതിനെതിരെ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ;

(സി) ഇതുമായി ബന്ധപ്പെട്ട് എല്ലാ ജില്ലകളിലും പരിശോധന ശക്തമാക്കി വെട്ടിപ്പ് തടയാൻ സ്വീകരിച്ചുവരുന്ന തുടർ പ്രവർത്തനങ്ങൾ വിശദമാക്കാമോ?

## ജി. എസ്. ടി. പരിഷ്കരണം

2582 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാർ ജി. എസ്. ടി. യിൽ വരുത്തിയിട്ടുള്ള കുറവ് സംസ്ഥാനത്തെ വിപണിയിൽ വിലക്കുറവ് സൃഷ്ടിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) കേന്ദ്രസർക്കാർ ജി. എസ്. ടി. യിൽ വരുത്തിയിട്ടുള്ള കുറവ് സംസ്ഥാനത്തെ വിപണിയിൽ പ്രതിഫലിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) ജി. എസ്. ടി. നടപ്പിലാക്കിയത് മുതൽ നാളിതുവരെ സംസ്ഥാനത്തു നിന്ന് ലഭ്യമായിട്ടുള്ള ആകെ ജി. എസ്. ടി. വരുമാനം എത്രയാണെന്നും അതിൽ സംസ്ഥാന വിഹിതമായി എത്ര ലഭിച്ചിട്ടുണ്ടെന്നും സാമ്പത്തിക വർഷം തിരിച്ച് ലഭ്യമാക്കുമോ;

(ഡി) സംസ്ഥാനത്തിന് നാളിതുവരെ ലഭിച്ചിട്ടുള്ള ജി. എസ്. ടി. നഷ്ടപരിഹാരം എത്രയാണെന്ന് വർഷം തിരിച്ചു ലഭ്യമാക്കുമോ?

## സ്വർണ്ണ വ്യാപാരസ്ഥാപനങ്ങളിലെ റെയ്ഡുകൾ

2583 **ഡോ. എം. കെ. മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ നാല് വർഷത്തിനിടെ സ്വർണ്ണവ്യാപാര സ്ഥാപനങ്ങളിൽ ജി. എസ്. ടി. ഇന്റലിജൻസ് വിഭാഗം എത്ര റെയ്ഡുകൾ നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിലൂടെ എത്രത്തോളം ടേൺഓവർ ഒളിപ്പിച്ചതായി കണ്ടെത്തിയിട്ടുണ്ടെന്ന് വിശദമാക്കുമോ;

(സി) ഇതുമായി ബന്ധപ്പെട്ട് എത്രത്തോളം നികുതി മൂല്യം കണ്ടെത്തിയിട്ടുണ്ട് എന്നതിന്റെ വിശദവിവരം ലഭ്യമാക്കുമോ;

(ഡി) ഇതുവരെ സർക്കാരിന് എത്ര വരുമാനം വീണ്ടെടുക്കാനായി എന്ന് വിശദമാക്കുമോ?

## ജി .എസ് .ടി .ഓഫീസുകൾക്കുള്ള വാടക

2584 **ശ്രീ. ടി. ജെ. വിനോദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി. എസ്. ടി. അപ്പീൽ ട്രൈബ്യൂണൽ, ജി. എസ്. ടി. ഇന്റലിജൻസ് ആൻഡ് എൻഫോഴ്സ്മെന്റ് വിഭാഗം, ജി. എസ്. ടി. ഓഡിറ്റ് ഹെഡ് ക്വാർട്ടേഴ്സ്, എറണാകുളത്തെ ഓഡിറ്റ് ടീമുകൾ എന്നിവയുടെ ഉപയോഗത്തിനായി വാടകയ്ക്ക് എടുത്ത വടക്കേക്കോട്ട തൃപ്പൂണിത്തുറയിൽ സ്ഥിതി ചെയ്യുന്ന കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിന്റെ കെട്ടിടത്തിന്റെ മൊത്തം വിസ്തീർണ്ണം എത്രയാണ് ; പ്രതിമാസം നൽകേണ്ട വാടക എത്രയാണ് ; വാടക കരാർ ഒപ്പുവെച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതുവരെ അടച്ച വാടകയുടെ മൊത്തം തുക എത്ര; വിശദമാക്കാമോ;

(ബി) വാടകയ്ക്കെടുത്ത കെട്ടിടത്തിൽ എന്തെങ്കിലും പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ; വാടക കെട്ടിടത്തിന്റെ ഇന്റീരിയർ ഫർണിഷിങ്ങ് പൂർത്തീകരിച്ചിട്ടുണ്ടോ; ഇന്റീരിയർ ഫർണിഷിങ്ങിന് കണക്കാക്കിയ ചെലവ് എത്ര; ഈ ചെലവിന് അനുമതി നൽകിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ഇന്റീരിയർ ജോലികൾ ആരാണ് നിർവ്വഹിക്കുക; എപ്പോഴാണ് പൂർത്തീകരിക്കുക; കരാറുകാരന്റെ പേര് എന്താണ്; മേൽപ്പറഞ്ഞ യൂണിറ്റുകൾ നിർദ്ദിഷ്ട സ്ഥലത്തേക്ക് മാറ്റുന്നതിനുള്ള സമയപരിധി എന്നാണെന്ന് വ്യക്തമാക്കുമോ?

## ജി.എസ്.ടി. പരിഷ്കരണത്തെ തുടർന്നുള്ള വരുമാന നഷ്ടം

2585 **ശ്രീ. റോജി എം. ജോൺ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി. പരിഷ്കരണത്തിനെ തുടർന്ന് വരുമാന നഷ്ടം ഉണ്ടാകുന്നതിനാൽ സംസ്ഥാന സർക്കാർ കേന്ദ്രത്തിനോട് നഷ്ടപരിഹാരം ആവശ്യപ്പെട്ടിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ; നഷ്ടപരിഹാരം ആവശ്യപ്പെട്ട് കേന്ദ്രസർക്കാരുമായി നടത്തിയ കത്തിടപാടുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

## ജി. എസ്. ടി. നിരക്കുകളിൽ മാറ്റം വരുത്തിയ നടപടി

2586 **ശ്രീ തോമസ് കെ തോമസ്**
**ശ്രീ മാത്യു ടി. തോമസ്**
**ശ്രീ കോവൂർ കുഞ്ഞുമോൻ**
**ശ്രീ. കെ.പി.മോഹനൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ ജി. എസ്. ടി. യിൽ കൊണ്ടുവന്നിരിക്കുന്ന രണ്ട് സ്ലാബ് സമ്പ്രദായത്തിലൂടെ ജനങ്ങൾക്കും സംസ്ഥാനത്തിനും ഉണ്ടാകുന്ന ഗുണദോഷങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

## ജി.എസ്.ടി. ഈടാക്കുന്നതിലെ അശാസ്ത്രീയത

2587 **ശ്രീ. കെ.കെ. രാമചന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർമ്മാണ പ്രവൃത്തികളിൽ സർക്കാർ 18% ജി.എസ്.ടി. ഈടാക്കുന്നതിലെ അശാസ്ത്രീയത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് ഒഴിവാക്കുന്നതിനോ കുറയ്ക്കുന്നതിനോ ആവശ്യമായ ഇടപെടലുകൾ നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; ഇതിനാവശ്യമായ നടപടി സ്വീകരിക്കാൻ നിർദേശം നൽകുമോയെന്ന് വ്യക്തമാക്കുമോ;

(ബി) നിർമ്മാണത്തിനുപയോഗിക്കുന്ന ഓരാ വസ്തുവിനും ജി.എസ്.ടി. ചുമത്തുന്ന സാഹചര്യത്തിൽ പ്രസ്തുത പ്രവൃത്തികൾക്കായി 18% ജി.എസ്.ടി ഏർപ്പെടുത്തിയിട്ടുള്ളത് അന്യായവും, അശാസ്ത്രീയവുമായതിനാൽ ആയത് ഒഴിവാക്കുന്നതിനോ കുറയ്ക്കുന്നതിനോ ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ?

## സർക്കാർ നിർമ്മാണ പ്രവർത്തനങ്ങളുടെ ജി. എസ്. ടി.

2588 **ശ്രീമതി കെ. കെ. രമ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഖജനാവിൽ നിന്നും വിവിധ ഫണ്ടുകൾ മുഖേന അനുവദിക്കുന്ന നിർമ്മാണ പ്രവർത്തനങ്ങളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ 18 ശതമാനം തുക ജി. എസ്. ടി. –ക്കായി നീക്കി വയ്ക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വിവിധ കരാറുകാർ ജി. എസ്. ടി. തുക നൽകി വാങ്ങുന്ന സാധനസാമഗ്രികൾ ഉപയോഗിച്ച് നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങൾക്ക് മേൽ വീണ്ടും ജി. എസ്. ടി. ചുമത്തപ്പെടുന്നു എന്നത് പരിശോധിക്കുകയുണ്ടായോ; വിശദമാക്കുമോ;

(സി) ഇപ്രകാരം അധികമായി ചുമത്തപ്പെടുന്ന ജി. എസ്. ടി. തുക നിലവിലെ ചട്ടങ്ങൾ പ്രകാരം റിട്ടേൺ ആയി ലഭിക്കുമോ; എങ്കിൽ ഇതിനായുള്ള നടപടിക്രമങ്ങൾ വിശദമാക്കുമോ; ഇത് ആർക്കാണ് ക്ലെയിം ചെയ്യാൻ കഴിയുന്നത്; വിശദമാക്കുമോ;

(ഡി) ഒരേ സാമഗ്രികൾക്ക് രണ്ടു തവണ ജി. എസ്. ടി. ചുമത്തപ്പെടുന്ന സാഹചര്യം ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഇ) കേന്ദ്രസർക്കാർ ജി. എസ്. ടി. സ്ലാബുകളിൽ ഇളവുകൾ പ്രഖ്യാപിച്ചിട്ടുള്ള സാഹചര്യത്തിൽ സംസ്ഥാനത്ത് നടപ്പാക്കുന്ന നിർമ്മാണ പ്രവർത്തനങ്ങളിൽ ഈ ഇളവ് ബാധകമാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; പ്രൈഡ് സോഫ്റ്റ്‌വെയറിൽ ഇതിൻ പ്രകാരമുള്ള മാറ്റങ്ങൾ വരുത്തുന്നതിന് നിർദേശം നൽകുകയുണ്ടായോ; വിശദമാക്കാമോ?

## ജി. എസ്. ടി നിരക്കുകളുടെ പരിഷ്കരണം

2589 **ശ്രീ. മോൻസ് ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി. എസ്. ടി നിരക്കുകൾ പരിഷ്കരിച്ചത് വേണ്ടത്ര പഠനം നടത്താതെയാണെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തിന് ജി. എസ്. ടിയിൽ നിന്ന് ലഭിച്ചുവരുന്ന നികുതി വരുമാനത്തിന്റെ 78 ശതമാനവും ഏതൊക്കെ സ്ലാബുകളിൽ നിന്നാണെന്ന് വിശദമാക്കുമോ;

(സി) ജി. എസ്. ടി പരിഷ്കരണത്തിന് അധികാരമുള്ള ജി. എസ്. ടി കൗൺസിൽ യോഗത്തിൽ നടത്തേണ്ട പ്രസ്തുത പ്രഖ്യാപനം അപ്രകാരം നടത്തിയിട്ടില്ലായെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

## നികുതി വെട്ടിപ്പ് തടയുന്നതിനുള്ള പ്രവർത്തനങ്ങൾ

2590 **ശ്രീ ഇ ചന്ദ്രശേഖരൻ**
**ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ**
**ശ്രീമതി സി. കെ. ആശ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിനും നികുതി വെട്ടിപ്പ് ഫലപ്രദമായി തടയുന്നതിനുമുള്ള പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഭാഗമായി സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിൽ പുന:സംഘടന നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ആർട്ടിഫിഷ്യൽ ഇന്റലിജൻസ് അടക്കമുള്ള നൂതന സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തി നികുതി പിരിവ് കാര്യക്ഷമമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) വ്യാജ ജി. എസ്. ടി. രജിസ്ട്രേഷനിലൂടെ വ്യാപാരം നടത്തി വൻതോതിൽ നികുതിവെട്ടിപ്പ് നടത്തുന്ന സ്ഥാപനങ്ങൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ജി. എസ്. ടി. വകുപ്പിന്റെ നേതൃത്വത്തിൽ സംസ്ഥാന വ്യാപകമായി നടത്തിയ പരിശോധനയിൽ 200 കോടിയിലധികം നികുതിവെട്ടിപ്പ് കണ്ടെത്തിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ?

## ജി.എസ്.ടി. പരിഷ്കരണം

2591 **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ**
**ശ്രീ വി ജോയി**
**ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ**
**ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ കൃത്യമായ പഠനമോ മുന്നൊരുക്കമോ കൂടാതെയാണ് പുതിയ ജി. എസ്. ടി. പരിഷ്കരണം നടത്തിയിട്ടുള്ളതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) സാധന-സേവനങ്ങൾക്ക് അമിതവില ഈടാക്കുന്നത് പരിശോധിക്കുന്നതിനായി നിലവിലുണ്ടായിരുന്ന സമിതിയെ കേന്ദ്ര സർക്കാർ പിരിച്ചുവിട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) ജി. എസ്. ടി. പരിഷ്കരണത്തിന്റെ ഫലമായി സംസ്ഥാനങ്ങൾക്കുണ്ടാകുന്ന വരുമാന നഷ്ടത്തിനു പുറമെ ഉപഭോക്താക്കൾക്ക് ഇതുകൊണ്ടുള്ള ഗുണം പൂർണ്ണതോതിൽ

ലഭിക്കുന്നില്ലെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) ജി. എസ്. ടി. പരിഷ്കരണത്തിന്റെ ഗുണഫലങ്ങൾ പൊതുജനങ്ങൾക്ക് നൽകാതെ വൻകിട നിർമ്മാണക്കമ്പനികൾ ഇതു കൈക്കലാക്കുന്നില്ലെന്ന് ഉറപ്പു വരുത്തുന്നതിന് എന്തെങ്കിലും പുതിയ സംവിധാനം കേന്ദ്ര സർക്കാർ ഏർപ്പെടുത്തിയിട്ടുണ്ടോ ; വിശദാംശം നൽകുമോ?

**ജി. എസ്. ടി. എൻഫോഴ്സ്മെന്റ് സ്ക്വാഡുകളിൽ വനിതാ ജീവനക്കാരെ ഉൾപ്പെടുത്തുന്നതിന് നടപടി**

2592 **ശ്രീ. ടി. ജെ. വിനോദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി. എസ്. ടി. വകുപ്പിൽ പുതിയതായി രൂപീകരിച്ച എൻഫോഴ്സ്മെന്റ് സ്ക്വാഡുകളിൽ വനിതാ ജീവനക്കാരെ ഉൾപ്പെടുത്താതിരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഏത് സാഹചര്യത്തിലാണ് വനിതാ ജീവനക്കാരെ ഒഴിവാക്കിയതെന്ന് വ്യക്തമാക്കുമോ;

(ബി) വനിതാ ജീവനക്കാരെ എൻഫോഴ്സ്മെന്റ് പ്രവൃത്തികൾക്ക് നിയോഗിക്കേണ്ടതില്ല എന്ന് വകുപ്പ് തീരുമാനിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത നടപടി അടിയന്തരമായി റദ്ദാക്കുമോ; വിശദാംശം വ്യക്തമാക്കുമോ;

(സി) എൻഫോഴ്സ്മെന്റ് ജോലികൾക്ക് താല്പര്യമറിയിച്ചിട്ടുള്ള വനിതാ ഉദ്യോഗസ്ഥരെ കൂടി ഉൾപ്പെടുത്തി സ്ക്വാഡുകൾ പുനസംഘടിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

**ജി. എസ്. ടി. വകുപ്പിന്റെ പുനഃസംഘടന**

2593 **ശ്രീ. റോജി എം. ജോൺ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി. എസ്. ടി. വകുപ്പിന്റെ രണ്ടാംഘട്ട പുനഃസംഘടന ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എത്ര മാസത്തിനുള്ളിൽ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ;

(ബി) ഓഡിറ്റ് വിംഗ് ശക്തമാക്കി റവന്യൂ വരുമാനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി 356 സീനിയർ ക്ലർക്കുമാരെ എ. എസ്. റ്റി. ഒ. മാരായി അപ്ഗ്രേഡ് ചെയ്തതിന്റെ ഭാഗമായി വരുമാനം വർദ്ധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; ഇല്ലെങ്കിൽ ഓഡിറ്റ് വിങ്ങ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ അറിയിക്കുമോ;

(സി) സീനിയർ ക്ലർക്കുമാരെ അപ്ഗ്രേഡ് ചെയ്തതിന്റെ ഭാഗമായി വകുപ്പിലെ ക്ലർക്കുമാരുടെ ജോലിഭാരം എങ്ങനെ പരിഹരിക്കാനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ;

(ഡി) 2017-ൽ ചെക്ക് പോസ്റ്റുകൾ നിർത്തലാക്കിയതിന്റെ ഭാഗമായി അധികമായി വന്ന ക്വാളിഫൈഡ് ആയിട്ടുള്ള ക്ലറിക്കൽ അസിസ്റ്റന്റുമാരെ എങ്ങനെ ഉപയോഗിക്കാനാണ് വകുപ്പ് ആലോചിക്കുന്നത്; വിശദാംശം നൽകുമോ?

**ജി.എസ്.ടി. ഇന്റലിജൻസ് വിഭാഗത്തിന് നൽകിയ പരിശീലനം.**

2594 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം കടുത്ത സാമ്പത്തിക പ്രതിസന്ധിയിലൂടെ കടന്നുപോകുന്ന സമയത്ത്, ജി. എസ്. ടി. ഇന്റലിജൻസ് വിഭാഗത്തിന് നൽകിയ പഞ്ചനക്ഷത്ര നിലവാരമുള്ള പരിശീലന സൗകര്യങ്ങൾക്കായി ഏകദേശം 200 പ്രതിനിധികൾക്ക് 6 ദിവസത്തേക്ക് 48 ലക്ഷം രൂപ ചെലവഴിച്ചത് മിതവ്യയ നയത്തിന് അനുസൃതമാണോ; വ്യക്തമാക്കാമോ;

(ബി) ഇക്കാര്യത്തിൽ കൂടുതൽ ഫണ്ട് അനുവദിക്കുന്നതിനായി സംസ്ഥാന ജി. എസ്. ടി. കമ്മീഷണർ നൽകിയ എന്തെങ്കിലും നിർദേശം സർക്കാരിന്റെ പരിഗണനയിൽ തീർപ്പാകാതെ കിടക്കുന്നുണ്ടോ; ഇക്കാര്യത്തിൽ അധിക ഫണ്ട് അനുവദിക്കുന്നതിന് ധനവകുപ്പ് സ്വീകരിച്ച നിലപാട് അറിയിക്കാമോ;

(സി) പ്രസ്തുത പരിശീലനത്തിനായി ചെലവഴിച്ച തുകയുടെ ഇനം തിരിച്ചുള്ള വിശദവിവരം നൽകാമോ?

## <u>ജി. എസ്. ടി. ഉദ്യോഗസ്ഥർ കോഴ വാങ്ങിയതായ പരാതിയിൽ അന്വേഷണം</u>

2595 **ഡോ. എം. കെ. മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ വേസ്റ്റ് ഓയിൽ കമ്പനിയിൽ നിന്ന് ജി. എസ്. ടി. വകുപ്പ് ഉദ്യോഗസ്ഥർ കോഴ വാങ്ങിയതുമായി ബന്ധപ്പെട്ട എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം നൽകാമോ;

(ബി) പ്രസ്തുത പരാതിക്കെതിരെ ഇതുവരെ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ;

(സി) ഇതു സംബന്ധിച്ച് എറണാകുളത്തെ ജോയിന്റ് കമ്മീഷണർ ഓഫ് ഇന്റലിജൻസ് ആൻഡ് എൻഫോഴ്സ്മെന്റിൽ നിന്ന് എന്തെങ്കിലും റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ പകർപ്പ് നൽകാമോ;

(ഡി) പരാതി നൽകിയ കമ്പനിക്കെതിരെയും ചില മാധ്യമങ്ങൾക്കെതിരെയും തെറ്റായതും അസത്യവുമായ വാർത്തകൾ പ്രചരിപ്പിച്ചതിന് നിയമ നടപടി സ്വീകരിക്കാൻ ജി. എസ്. ടി. എൻഫോഴ്സ്മെന്റ് ഓഫീസറിൽ നിന്ന് എന്തെങ്കിലും നിർദേശം ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കാമോ?

## <u>ജി. എസ്. ടി. ഓഡിറ്റ് വിഭാഗം</u>

2596 **ഡോ. എം. കെ. മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതുതായി സ്ഥാപിതമായ ജി. എസ്. ടി. ഓഡിറ്റ് വിഭാഗങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി എന്തെല്ലാം കാര്യങ്ങൾ ചെയ്തിട്ടുണ്ടെന്ന് അറിയിക്കുമോ;

(ബി) ജി. എസ്. ടി. ഓഡിറ്റ് വിഭാഗത്തിൽ അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) ഓഡിറ്റ് ഓഫീസുകളിൽ പഴയതും തകർന്നതുമായ ഫർണിച്ചറുകളുൾപ്പെടെ ഉപയോഗിക്കാൻ കഴിയാത്ത അവസ്ഥയിലുള്ള കസേരകളും മേശകളുമാണ് ഉപയോഗിക്കുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ഡി) സംസ്ഥാന ജി. എസ്. ടി. വകുപ്പിൽ പുതുതായി രൂപീകരിച്ച ഓഡിറ്റ് വിഭാഗങ്ങൾക്കായി അത്യാവശ്യ ഫർണിച്ചർ വാങ്ങുന്നതിനായി സംസ്ഥാന ജി. എസ്. ടി. കമ്മീഷണർ ഏതെങ്കിലും നിർദ്ദേശം സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ, ഈ നിർദ്ദേശത്തിന്റെ നിലവിലെ അവസ്ഥ എന്താണെന്ന് അറിയിക്കുമോ;

(ഇ) സംസ്ഥാനത്തിന്റെ സാമ്പത്തികസ്ഥിതി കാരണം ഫർണിച്ചർ സംഭരണത്തിന് ധനകാര്യവകുപ്പ് എതിർപ്പ് ഉന്നയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ നിർദ്ദിഷ്ട ആശങ്കകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(എഫ്) ഓഡിറ്റ് വിഭാഗങ്ങൾക്കായി അത്യാവശ്യ ഫർണിച്ചർ വാങ്ങുന്നതിന് പ്രത്യേക അനുമതി നൽകാൻ സർക്കാരിന് എന്തെങ്കിലും പദ്ധതിയുണ്ടോയെന്ന് അറിയിക്കുമോ?

## ചാത്തന്നൂർ മണ്ഡലത്തിലെ പൂയപ്പള്ളി, പരവൂർ സബ് ട്രഷറികൾക്ക് കെട്ടിട നിർമ്മാണം

2597 **ശ്രീ ജി എസ് ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജക മണ്ഡലത്തിലുൾപ്പെട്ട പൂയപ്പള്ളി സബ് ട്രഷറിക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്താണ് ; കെട്ടിട നിർമ്മാണത്തിന്റെ ചുമതല ഏത് ഏജൻസിയാണ് നിർവഹിക്കുന്നത് ; പ്രസ്തുത പ്രവൃത്തിയുടെ അടങ്കൽ തുക എത്രയാണ്; വ്യക്തമാക്കാമോ;

(ബി) ചാത്തന്നൂർ നിയോജക മണ്ഡലത്തിലുൾപ്പെട്ട പരവൂർ നഗര സഭയിലെ പരവൂർ സബ് ട്രഷറിക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട നടപടികളുടെ നിലവിലെ പുരോഗതിയും വിശദാംശവും അറിയിക്കാമോ?

## ചാലക്കുടി സബ് ട്രഷറി കെട്ടിട നിർമ്മാണം

2598 **ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി സബ് ട്രഷറി കെട്ടിട നിർമ്മാണം നിലവിൽ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കുമോ;

(ബി) നിലവിൽ ഈ പ്രവൃത്തി എത്ര ശതമാനം പൂർത്തീകരിച്ചുവെന്ന് അറിയിക്കാമോ;

(സി) ഈ പ്രവൃത്തി എന്ന് പൂർത്തീകരിക്കാനാകുമെന്ന് വെളിപ്പെടുത്തുമോ?

## കോഴിക്കോട് മാനാഞ്ചിറ സബ്ട്രഷറി കെട്ടിടം പുതുക്കി പണിയൽ

2599 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് മാനാഞ്ചിറ സബ്ട്രഷറി കെട്ടിടം പുതുക്കി പണിയുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ;

(ബി) പ്രസ്തുത കെട്ടിടം പുതുക്കി പണിയുന്നതിന് എന്തെങ്കിലും തടസ്സം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ;

(സി) നിലവിലുള്ള കെട്ടിടം സ്ഥിതി ചെയ്യുന്ന സ്ഥലം റെക്കാർഡുകൾ പ്രകാരം കൈമാറുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) നിലവിലുള്ള കെട്ടിടത്തിൽ സബ് ട്രഷറി പ്രവർത്തനമാരംഭിച്ചിട്ട് എത്ര വർഷമായെന്നത് വ്യക്തമാക്കാമോ?

**ലോട്ടറി വിൽപ്പനയുടെ ജി. എസ്. ടി.**

2600 **ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ലക്ഷക്കണക്കിന് ആൾക്കാരുടെ ഉപജീവനമാർഗമായ ലോട്ടറി വിൽപ്പനയുടെ ജി. എസ്. ടി. നിരക്ക് നാൽപതു ശതമാനമായി വർദ്ധിപ്പിച്ചതുകാരണം ഈ മേഖലയിൽ ഉണ്ടാകുന്ന പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനെ എങ്ങനെ നേരിടാനാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളതെന്നും സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്നും വിശദമാക്കുമോ;

(ബി) 2015-16 മുതൽ 2025-26 വരെ കേരളത്തിൽ ലോട്ടറി വില്പന വഴി ലഭിച്ച വരുന്ന വരുമാനത്തിന്റെ കണക്കുകൾ വാർഷികാടിസ്ഥാനത്തിൽ വെളിപ്പെടുത്തുമോ;

(സി) ഈ സർക്കാരിന്റെ കാലത്ത് ലോട്ടറി പ്രൈസ് ഘടനയിൽ എന്തെല്ലാം മാറ്റങ്ങൾ കൊണ്ടുവന്നെന്നും ഇത് വില്പനയെ എപ്രകാരം ബാധിച്ചെന്നും അറിയിക്കുമോ?

**ജി. എസ്. ടി. പരിഷ്കരണത്തെ തുടർന്ന് ലോട്ടറി വിലയിലുണ്ടായ മാറ്റം**

2601 **ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ലോട്ടറി വിലയിലും സമ്മാനഘടനയിലും ലോട്ടറി ഏജന്റുമാരുടേയും വില്പനക്കാരുടേയും കമ്മീഷനിലും നടപ്പ് സാമ്പത്തിക വർഷത്തിൽ എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) ജി. എസ്. ടി. പരിഷ്കരണത്തെ തുടർന്ന് ലോട്ടറി വിലയിലോ സമ്മാനഘടനയിലോ വ്യത്യാസം വരുത്തിയിട്ടുണ്ടോയെന്നും ലോട്ടറി ഏജന്റുമാരുടെയും വില്പനക്കാരുടെയും കമ്മീഷനിൽ എന്തെങ്കിലും വ്യത്യാസം വരുത്തിയിട്ടുണ്ടോയെന്നുമുള്ള വിശദാംശം വ്യക്തമാക്കുമോ?

**ലോട്ടറി വകുപ്പ് ഡയറക്ടറുടെ ഡിജിറ്റൽ ഒപ്പ് അനധികൃതമായി ഉപയോഗിച്ചതിന്മേലുള്ള അന്വേഷണം**

2602 **ശ്രീമതി ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോട്ടറി വകുപ്പ് ഡയറക്ടറേറ്റിലെ ഒരു ജീവനക്കാരൻ നിയമവിരുദ്ധമായി ഡയറക്ടറുടെ ഡിജിറ്റൽ ഒപ്പ് ഉപയോഗിച്ച് അനധികൃതമായി ജീവനക്കാരുടെ ഇൻക്രിമെന്റ് പാസാക്കുക, ലീവ് അനുവദിക്കുക തുടങ്ങിയ പ്രവൃത്തികൾ ചെയ്തത് സംബന്ധിച്ച് എന്തെങ്കിലും അന്വേഷണം നടക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(ബി) സമ്മാനാർഹമായ ലോട്ടറിയുടെ കൈപ്പറ്റാത്ത സമ്മാനത്തുകകൾ ഇത്തരത്തിൽ ഡിജിറ്റൽ ഒപ്പ് ഉപയോഗിച്ച് തട്ടിപ്പ് നടത്തിയത് സംബന്ധിച്ച് എന്തെങ്കിലും അന്വേഷണം നടക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ആർക്കെല്ലാമെതിരെയാണ് അന്വേഷണം നടക്കുന്നതെന്നും അന്വേഷണത്തിന്റെ നിലവിലെ സ്ഥിതി എന്തെന്നും വിശദമാക്കാമോ;

(സി) ഇത്തരത്തിൽ ആരോപണവിധേയരായ ഉദ്യോഗസ്ഥർക്കെതിരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

**<u>ഓഡിറ്റ് വകുപ്പിലെ പൊതു സ്ഥലമാറ്റവും ഫയൽ തീർപ്പാക്കലും</u>**

2603 **ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഓഡിറ്റ് വകുപ്പിൽ പൊതു സ്ഥലംമാറ്റ മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ഓഡിറ്റ് ഡയറക്ടറുടെ കാര്യാലയത്തിലെ ഓരോ ജീവനക്കാരും എത്ര നാളായി അവിടെ ജോലി ചെയ്യുന്നുണ്ടെന്നുള്ള വിവരം തസ്തിക, പേരുവിവരം, കാലാവധി എന്നിവ സഹിതം വ്യക്തമാക്കുമോ;

(സി) സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറേറ്റിൽ എത്ര ഫയലുകൾ ഇനിയും തീർപ്പാക്കാനുണ്ട്; വർഷം തിരിച്ചുള്ള കണക്കും വിശദാംശവും നല്കാമോ;

(ഡി) സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ ഓരോ ജില്ലാഓഫീസുകളിലും ഇനിയും എത്ര ഫയലുകൾ തീർപ്പാക്കാനുണ്ട്; വർഷം തിരിച്ചുള്ള കണക്കും വിശദാംശവും നല്കാമോ;

(ഇ) സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നുള്ള ക്ലിയറൻസ് നൽകുന്നതിനുള്ള നടപടികൾ കൃത്യമായി വകുപ്പ് സ്വീകരിക്കാതിരിക്കുന്നത് കാരണം വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും വിരമിക്കുന്ന ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കുന്നതിന് കാലവിളംബം നേരിടുന്നു എന്ന കാര്യം പരിശോധിക്കുമോ; വിശദമാക്കുമോ;

(എഫ്) പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിന് മുന്നോടിയായുള്ള ക്ലിയറൻസ് സർട്ടിഫിക്കറ്റ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് തദ്ദേശ സ്ഥാപനങ്ങൾ വഴി ലഭിച്ച എത്ര തപാലുകൾ/ഫയലുകൾ വകുപ്പിൽ പെൻഡിങ്ങിലുണ്ടെന്നുള്ള ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(ജി) സംസ്ഥാന ഓഡിറ്റ് വകുപ്പിൽ ഇനിയും തീർപ്പാക്കാനുള്ള ഫയലുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

## <u>കെ. എസ്. എഫ്. ഇ. യുടെ പ്രവർത്തനം</u>

2604 **ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. എഫ്. ഇ. രൂപീകൃതമായശേഷം സർക്കാരിൽ നിന്ന് എന്തെങ്കിലും തരത്തിലുള്ള സാമ്പത്തിക ധനസഹായം കെ. എസ്. എഫ്. ഇ. ക്ക് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകാമോ;

(ബി) കെ. എസ്. എഫ്. ഇ. യുടെ 2024-2025 സാമ്പത്തിക വർഷത്തെ മൊത്തം ലാഭം എത്ര കോടി രൂപയാണ്; വിശദാംശം നൽകാമോ;

(സി) ഈ സർക്കാർ വിവിധ ആവശ്യങ്ങൾക്കായി കെ. എസ്. എഫ്. ഇ. യിൽ നിന്ന് എത്ര കോടി രൂപ കടം വാങ്ങിയിട്ടുണ്ട്; എത്ര കോടി രൂപ തിരികെ നൽകി; ഇനി ആകെ എത്ര കോടി രൂപ കെ. എസ്. എഫ്. ഇ. ക്ക് തിരികെ നൽകാനുണ്ട്; കടം വാങ്ങിയ തുകയ്ക്ക് പലിശ ഇനത്തിൽ കെ. എസ്. എഫ്. ഇ. ക്ക് എത്ര കോടി രൂപ നൽകി; വിശദാംശം ലഭ്യമാക്കാമോ;

(ഡി) ട്രഷറിയിൽ ഡെപ്പോസിറ്റ് ആയി നാളിതുവരെ കെ. എസ്. എഫ്. ഇ. എത്ര കോടി രൂപ നിക്ഷേപിച്ചിട്ടുണ്ട്; വിശദാംശം നൽകാമോ?

## <u>കെ. എസ്. എഫ്. ഇ. വായ്പകളിന്മേലുള്ള റവന്യൂ റിക്കവറി ഇളവുകൾ</u>

2605 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. എഫ്. ഇ. യിൽ നിന്നുമെടുത്ത വായ്പകൾ കുടിശികയായി റവന്യൂ റിക്കവറി നടപടികൾ നേരിടുന്നവർക്ക് എന്തെല്ലാം ആശ്വാസ നടപടികളാണ് കെ. എസ്. എഫ്. ഇ. നിലവിൽ നൽകി വരുന്നതെന്ന് വിശദമാക്കുമോ?

## <u>കെ. എസ്. എഫ്. ഇ. യിലെ ശമ്പള പരിഷ്കരണം</u>

2606 **ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട സേവന വേതന വ്യവസ്ഥകൾ സംബന്ധിച്ച സർക്കാർ ഉത്തരവ് ജി. ഒ. (പി) നം. 131/2022 കെ. എസ്. എഫ്. ഇ. യിൽ നടപ്പിൽ വരുത്തിയിട്ടുണ്ടോ; കെ. എസ്. എഫ്. ഇ. യെ ഈ ഉത്തരവിൽ നിന്നും ഒഴിവാക്കുന്നത് പരിഗണിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

(ബി) കെ. എസ്. എഫ്. ഇ. യിൽ 2022 ജൂലൈ 31-ന് അവസാനിച്ച ശമ്പള പരിഷ്കരണ കരാറിന്റെ കാലാവധി മൂന്ന് വർഷം കഴിഞ്ഞിട്ടും ജീവനക്കാരുടെ ശമ്പള പരിഷ്കരണം നടപ്പിലാക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ; ഇതിനെതിരെ ജീവനക്കാരും സംഘടനകളും സമരപരിപാടികളുമായി മുന്നോട്ട് പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) കെ. എസ്. എഫ്. ഇ. പോലുള്ള പൊതുമേഖല സ്ഥാപനങ്ങളിൽ ശമ്പള പരിഷ്കരണം നടത്തുന്നത് എന്ത് മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ആണെന്ന് അറിയിക്കുമോ; ഇതിനായുള്ള ചർച്ചകൾ നടത്തുന്നത് ആരൊക്കെയാണെന്ന് അറിയിക്കുമോ; ഇതിനായി ശമ്പള പരിഷ്കരണ കമ്മീഷനെ നിയോഗിച്ചിട്ടുണ്ടോ;

ഇല്ലെങ്കിൽ കെ. എസ്. എഫ്. ഇ. യിലെ ജീവനക്കാരുടെ ശമ്പള പരിഷ്കരണം നടത്തുന്നത് എങ്ങനെയെന്ന് വിശദീകരിക്കാമോ;

(ഡി) കെ. എസ്. എഫ്. ഇ. യിൽ മാനേജ്മെന്റും യൂണിയനുകളുമായി ഉഭയകക്ഷി ചർച്ച നടത്തി ശമ്പള പരിഷ്കരണ കരാറിൽ എത്തി ചേരുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമുണ്ടോ; ഉണ്ടെങ്കിൽ അത്തരത്തിലുള്ള ഏതെങ്കിലും ഉത്തരവ് കെ. എസ്. എഫ്. ഇ. ക്ക് മാത്രമായി നൽകിയിട്ടുണ്ടോ; മുൻകാലങ്ങളിൽ ഇത്തരത്തിൽ കെ. എസ്. എഫ്. ഇ. യിൽ ശമ്പള പരിഷ്കരണ ചർച്ചകൾ നടത്തി ഉഭയകക്ഷി കരാറിൽ എത്തിച്ചേരാൻ സർക്കാർ ഉത്തരവ് നൽകിയിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ഇ) കമ്പനി / തൊഴിൽ നിയമപ്രകാരം മാനേജ്മെന്റും തൊഴിലാളി പ്രതിനിധികളും ചേർന്ന് ചർച്ച നടത്തി ധാരണയിൽ എത്തിച്ചേരേണ്ട സേവന വേതന ഉഭയകക്ഷി വ്യവസ്ഥകളിൻമേൽ സർക്കാർ മുൻകൂറായി നിയന്ത്രണം രേഖപ്പെടുത്തി എക്സിക്യൂട്ടീവ് ഉത്തരവ് പുറപ്പെടുവിക്കാൻ സാധിക്കുമോ; ആയതിന് നിയമ പ്രാബല്യം ലഭിക്കുമോ; വ്യക്തമാക്കാമോ;

(എഫ്) കെ. എസ്. എഫ്. ഇ. യിലെ ജീവനക്കാരുടെ ശമ്പള പരിഷ്കരണം നടപ്പിലാക്കിയാൽ സർക്കാരിന് ഏതെങ്കിലും തരത്തിലുള്ള സാമ്പത്തിക ബാധ്യത ഉണ്ടാകുന്നുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദമാക്കാമോ;

(ജി) കെ. എസ്. എഫ്. ഇ. രൂപീകൃതമായ ശേഷം ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ നടപ്പിലാക്കിയതിലൂടെ നാളിതുവരെ സർക്കാരിന് എന്തെങ്കിലും തരത്തിലുള്ള സാമ്പത്തിക ബാധ്യത ഉണ്ടായിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

## <u>കെ. എസ്. എഫ്. ഇ. നിയമനങ്ങൾ</u>

2607 **ശ്രീ. ഐ. സി. ബാലകൃഷ്ണൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2025 ജനുവരി മുതൽ നാളിതു വരെ കെ. എസ്. എഫ്. ഇ. യിൽ നിന്നും എത്ര ജീവനക്കാർ റിട്ടയർ ചെയ്തിട്ടുണ്ട്; ഏതൊക്കെ തസ്തികകളിൽ നിന്നാണെന്ന് വ്യക്തമാക്കുമോ; ഇതിൽ എത്ര തസ്തികകൾ നാളിതുവരെ പി. എസ്. സി. ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്; റിപ്പോർട്ട് ചെയ്യുന്നതിൽ കാലതാമസം വരുന്നതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) 2025 ജനുവരി മുതൽ നാളിതു വരെ തസ്തിക രൂപീകരണത്തിലൂടെ കെ. എസ്. എഫ്. ഇ. യിൽ വിവിധ തസ്തികകളുടെ എൻട്രി കേഡറിൽ എത്ര ഒഴിവുകൾ ഉണ്ടായിട്ടുണ്ട്; ഇതിൽ എത്ര ഒഴിവുകൾ നാളിതുവരെ പി. എസ്. സി. ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്; റിപ്പോർട്ട് ചെയ്യുന്നതിൽ കാലതാമസം വരുന്നതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) പി. എസ്. സി. മുഖേന റിക്രൂട്ട്മെന്റ് നടത്തേണ്ട മുഴുവൻ തസ്തികകളിലെ ഒഴിവുകളും അടിയന്തരമായി റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

## <u>കെ. എസ്. എഫ്. ഇ. ഏജന്റുമാരുടെ ആനുകൂല്യങ്ങൾ</u>

2608 **ശ്രീ. കെ.പി.മോഹനൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. എഫ്. ഇ. ഏജന്റുമാർക്ക് നിലവിൽ ലഭ്യമായിക്കൊണ്ടിരിക്കുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) കെ. എസ്. എഫ്. ഇ. ചിട്ടികൾ രജിസ്റ്റർ ചെയ്തു കഴിഞ്ഞാൽ തൊട്ടടുത്ത ദിവസം തന്നെ ഏജന്റുമാർക്ക് കമ്മീഷൻ ലഭിച്ചിരുന്ന രീതിയിൽ നിന്നും മാറി 3 മാസം തുടർച്ചയായി വരിക്കാരൻ തുക അടച്ചെങ്കിൽ മാത്രമേ കമ്മീഷന് അർഹതയുള്ളൂ എന്ന് സർക്കാർ ഉത്തരവ് ഇറക്കിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഉത്തരവ് പുനപരിശോധിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ, വിശദമാക്കുമോ.;

(സി) കെ. എസ്. എഫ്. ഇ. ഏജന്റ്സ് അസോസിയേഷൻ തലശ്ശേരി മേഖല കമ്മിറ്റി വിവിധ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് സർക്കാരിന് നൽകിയ നിവേദനത്തിൽ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ?

## മെഡിസെപ് പദ്ധതിയുടെ രണ്ടാംഘട്ട നടപടികൾ

2609 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ജീവനക്കാർക്കും അധ്യാപകർക്കും നടപ്പിലാക്കിയ ആദ്യഘട്ട മെഡിസെപ് പദ്ധതിയുമായി ബന്ധപ്പെട്ട് ഇൻഷ്വറൻസ് കമ്പനിയുമായി ഒപ്പിട്ടിട്ടുള്ള ധാരണാപത്രത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ രണ്ടാം ഘട്ടം നടപ്പിലാക്കുന്നതിന് തിരഞ്ഞെടുക്കപ്പെട്ട ഇൻഷ്വറൻസ് കമ്പനി ഏതാണെന്നും പ്രസ്തുത കമ്പനിയുമായി ഒപ്പിട്ട ധാരണാപത്രത്തിലെ വ്യവസ്ഥകൾ എന്തൊക്കെയാണ് എന്നും അറിയിക്കാമോ;

(സി) മെഡിസെപ് പദ്ധതിയുടെ ആദ്യഘട്ടത്തിൽ നിന്ന് രണ്ടാം ഘട്ടത്തിലേക്കെത്തുമ്പോൾ വ്യവസ്ഥകളിലും ഗുണഭോക്താക്കൾക്ക് ലഭ്യമാകുന്ന ആനുകൂല്യങ്ങളിലും ഉണ്ടാകുന്ന മാറ്റങ്ങൾ എന്തൊക്കെയാണ് എന്ന് അറിയിക്കാമോ;

(ഡി) മെഡിസെപ്പിന്റെ രണ്ടാംഘട്ടത്തിൽ സേവനം ലഭ്യമാക്കുന്ന ആശുപത്രികളുടെ ലിസ്റ്റ് ജില്ലതിരിച്ച് ലഭ്യമാക്കാമോ;

(ഇ) മെഡിസെപ്പിലൂടെ ജീവനക്കാർക്കും അധ്യാപകർക്കും എല്ലാവിധ അസുഖങ്ങൾക്കും പണം അടയ്ക്കാതെ ചികിത്സ ലഭ്യമാകുമോ എന്നറിയിക്കാമോ;

(എഫ്) ഒരു കുടുംബത്തിൽ ഒന്നിലധികം പേർ സർക്കാർ ജീവനക്കാരായിട്ടുണ്ടെങ്കിൽ അവരെല്ലാവരും മെഡിസെപ്പിന്റെ തുക അടയ്ക്കേണ്ടതുണ്ടോ എന്നും ഒരു കുടുംബത്തിൽ നിന്നും ഒന്നിലധികം പേർ മെഡിസെപ് പ്രീമിയം അടയ്ക്കുന്നുണ്ട് എങ്കിൽ അവർക്ക് എന്തെങ്കിലും പ്രത്യേക അധിക ആനുകൂല്യം ലഭിക്കുമോ എന്നും വ്യക്തമാക്കാമോ;

(ജി) മറ്റേതെങ്കിലും ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ ചേരാൻ താല്പര്യപ്പെടുന്ന സർക്കാർ ജീവനക്കാരെയും അധ്യാപകരെയും മെഡിസെപ്പ് പദ്ധതിയിൽ നിന്ന് ഒഴിവാക്കുന്നതിന് ഉള്ള തടസ്സം എന്താണ് എന്ന് വിശദമാക്കാമോ?

## മെഡിസെപ് പദ്ധതിയുടെ

2610 **ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ ജീവനക്കാർക്കും അധ്യാപകർക്കും സർവ്വീസ് പെൻഷൻകാർക്കും ഏർപ്പെടുത്തിയ മെഡിസെപ് പദ്ധതിയുടെ ഒന്നാം ഘട്ടം പൂർത്തിയായോ എന്ന് വ്യക്തമാക്കുമോ;

(ബി) മെഡിസെപ് പദ്ധതിയുടെ ഒന്നാം ഘട്ട നടത്തിപ്പിൽ പോരായ്മകൾ കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ രണ്ടാം ഘട്ടം മുതൽ ആയത് പരിഹരിച്ച് പദ്ധതിയെ കൂടുതൽ കാര്യക്ഷമവും പരാതിരഹിതവും ആകർഷകവുമാക്കുന്നതിനായി നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;

(സി) പദ്ധതിയുടെ ഇനിയുള്ള നടത്തിപ്പിൽ എല്ലാ ആശുപത്രികളിൽ നിന്നും ഗുണഭോക്താവിന് കാഷ്ലെസ് ചികിത്സ ലഭ്യമാകുന്ന തരത്തിലുള്ള പരിഷ്കരണം കൊണ്ടുവരുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

## <u>മെഡിസെപ്പ് പദ്ധതിയുടെ പ്രീമിയം</u>

2611 **ശ്രീ. സണ്ണി ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി. എസ്. ടി. പരിഷ്കരണത്തെ തുടർന്ന് ആരോഗ്യ ഇൻഷുറൻസ് സ്കീമുകളിൽ നികുതിയിളവ് അനുവദിച്ച സാഹചര്യത്തിൽ മെഡിസെപ്പ് പദ്ധതിയുടെ പ്രീമിയം തുകയിൽ ആനുപാതികമായ കുറവ് വരുത്തുന്നതിന് സർക്കാർ തയ്യാറാകുമോ; വ്യക്തമാക്കാമോ;

(ബി) മെഡിസെപ്പ് പദ്ധതിയുടെ പുതിയ കരാറിൽ ജി. എസ്. ടി. ഇളവിന് അനുപാതികമായ രീതിയിൽ പ്രീമിയം കുറയ്ക്കുന്നതിനു ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കാമോ;

(സി) മെഡിസെപ്പ് പദ്ധതിയിൽ ക്ലെയിമുകൾ നിരസിക്കപ്പെടുന്ന ജീവനക്കാർക്ക് പരാതി നൽകുന്നതിനുള്ള എന്തൊക്കെ സംവിധാനങ്ങളാണ് നിലവിലുള്ളത്; ഇവയുടെ പ്രവർത്തനം ഏത് രീതിയിലാണെന്നും നാളിതുവരെ ഇപ്രകാരം പരാതി നൽകിയതിന്റെ അടിസ്ഥാനത്തിൽ എത്ര ക്ലെയിമുകൾ അനുവദിച്ചു നൽകിയിട്ടുണ്ടെന്നും വിശദമാക്കാമോ?

## <u>മെഡിസെപ്പ് പദ്ധതി</u>

2612 **ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ സർക്കാർ ജീവനക്കാരുടെയും അധ്യാപകരുടെയും ആരോഗ്യസുരക്ഷ ഉറപ്പാക്കുന്നതിന് ആരംഭിച്ച മെഡിസെപ്പ് പദ്ധതി നിലവിൽ വന്ന വർഷവും മാസവും ഏതെന്ന് വ്യക്തമാക്കാമോ; ഇതിനായി ഒരു ജീവനക്കാരിൽ നിന്നും എത്ര തുകയാണ് പ്രതിമാസം ഈടാക്കി വരുന്നതെന്ന് വിശദമാക്കാമോ; പ്രസ്തുത തുകയിൽ ജി. എസ്. ടി. യായി സർക്കാരിനും പ്രീമിയമായി ഇൻഷുറൻസ് കമ്പനിക്കും ലഭിക്കുന്ന തുക എത്രയെന്ന് വിശദമാക്കാമോ;

(ബി) മെഡിസെപ്പ് പദ്ധതി ആരംഭിക്കുന്നതിന് ആദ്യഘട്ടത്തിൽ നിയോഗിച്ച ഇൻഷുറൻസ് കമ്പനിയുടെ വിശദാംശം ലഭ്യമാക്കാമോ; എത്ര വർഷത്തേക്കാണ് ഈ കമ്പനിയെ നിയോഗിച്ചതെന്നും ആയതിന്റെ കാലാവധി അവസാനിക്കുന്ന തീയതിയും വർഷവും ഉൾപ്പെടെ വ്യക്തമാക്കാമോ;

(സി) ആദ്യഘട്ടത്തിൽ നിയോഗിക്കപ്പെട്ട ഇൻഷുറൻസ് കമ്പനിയുടെ കാലാവധി അവസാനിച്ചശേഷം പദ്ധതിയുടെ തുടർനടത്തിപ്പിനായി മറ്റേതെങ്കിലും കമ്പനികളെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ അതേത് തീയതി മുതലാണെന്ന് വിശദമാക്കാമോ;

(ഡി) ആദ്യ ഘട്ടത്തിൽ നിയോഗിക്കപ്പെട്ട ഇൻഷുറൻസ് കമ്പനിയുടെ കാലാവധി കഴിഞ്ഞതിന് ശേഷം മറ്റൊരു കമ്പനിയെ ചുമതലപ്പെടുത്തുന്നതിന് കാലവിളംബം ഉണ്ടായിട്ടുണ്ടോ എന്ന് വിശദമാക്കാമോ; ഉണ്ടെങ്കിൽ എത്ര മാസം കാലവിളംബം ഉണ്ടായെന്നും പ്രസ്തുത കാലയളവിൽ ജീവനക്കാരിൽ നിന്നും പ്രീമിയം ഇടാക്കിയിരുന്നോയെന്നും വിശദമാക്കാമോ;

(ഇ) മേൽ കാലയളവിലും ജീവനക്കാർക്ക് ക്ലെയിം അനുവദിച്ചിരുന്നോ എന്നും കാലാവധി കഴിഞ്ഞ ഇൻഷുറൻസ് കമ്പനിക്ക് അതിന് ഉത്തരവാദിത്തമുണ്ടായിരുന്നോ എന്നും വിശദമാക്കാമോ;

(എഫ്) മെഡിസെപ്പ് പദ്ധതിയെ ജി. എസ്. ടി. യിൽ നിന്ന് ഒഴിവാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ പ്രീമിയം തുകയിൽ കുറവ് വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ?

## 2015-ലെ മലയാള ഭാഷ (വ്യാപനവും പരിപോഷണവും) ബിൽ

2613 **ശ്രീ തോമസ് കെ തോമസ്**
**ശ്രീ മാത്യൂ ടി. തോമസ്**
**ശ്രീ കോവൂർ കുഞ്ഞുമോൻ**
**ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള നിയമസഭ പാസാക്കിയ 2015 -ലെ മലയാള ഭാഷ (വ്യാപനവും പരിപോഷണവും) ബിൽ അനുമതി നിഷേധിച്ച് രാഷ്ട്രപതി മടക്കിയതിൽ രേഖപ്പെടുത്തിയിട്ടുള്ള നിയമപ്രശ്നങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത നിയമപ്രശ്നങ്ങൾ ഒഴിവാക്കി പുതിയ ബിൽ അവതരിപ്പിക്കുന്നതിനു നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

## വ്യാജ സ്വർണ്ണം പണയപ്പെടുത്തി പണം തട്ടുന്ന സംഘങ്ങൾക്കെതിരെയുള്ള നിയമ ഭേദഗതി

2614 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള മണി ലെൻഡേഴ്സ് ആക്ടിന് കീഴിൽ രജിസ്റ്റർ ചെയ്ത് സംസ്ഥാനത്ത് സ്വർണ്ണ പണ്ട പണയ വ്യാപാരം നടത്തിവരുന്ന സ്ഥാപനങ്ങൾ വ്യാജ സ്വർണ്ണം പണയപ്പെടുത്തി പണം തട്ടുന്ന സംഘങ്ങളുടെ ഇരകളാകുന്ന സംഭവങ്ങൾ വർദ്ധിച്ചു വരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദവിവരങ്ങൾ നൽകാമോ;

(ബി) ഇത്തരത്തിലുള്ള കുറ്റകൃത്യങ്ങൾ പോലീസിൽ പരാതിപ്പെടുമ്പോൾ കേരള മണി ലെൻഡേഴ്സ് ആക്ടിൽ വ്യാജ സ്വർണം പണയപ്പെടുത്തി പണം തട്ടുന്ന സംഘങ്ങൾക്കെതിരെ ഫലപ്രദമായ നടപടികൾ സ്വീകരിക്കാൻ വ്യവസ്ഥകൾ ഇല്ലാത്തതിനാൽ ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്യുവാൻ പോലീസ് അധികാരികൾ വിമുഖത കാണിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദവിവരങ്ങൾ ലഭ്യമാക്കാമോ;

(സി) കേരള മണി ലെൻഡേഴ്സ് ആക്ടിൽ വ്യാജ സ്വർണം പണയപ്പെടുത്തി പണം തട്ടുന്ന സംഘങ്ങൾക്കെതിരെ ഫലപ്രദമായ നടപടികൾ സ്വീകരിക്കുന്നതിനായി ശക്തമായ വ്യവസ്ഥകൾ ഉൾപ്പെടുത്തി ടി നിയമം ഭേദഗതി ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കാമോ?

## ഒ. ബി. സി. വിഭാഗത്തിൽ ഉൾപ്പെടുന്ന അഭിഭാഷകർക്ക് സാമ്പത്തിക സഹായം

2615 **ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബാർ കൗൺസിലിൽ എൻറോൾ ചെയ്യുന്ന അഭിഭാഷകരിൽ ഒ. ബി. സി. വിഭാഗത്തിൽ ഉൾപ്പെടുന്നവർക്ക് എൻറോൾമെന്റിന് ചെലവാകുന്ന തുകയ്ക്ക് സാമ്പത്തിക സഹായം നൽകുന്ന ഏതെങ്കിലും പദ്ധതി നിലവിലുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

## അരുവിക്കര മണ്ഡലത്തിലെ വനിതാ മൾട്ടി പർപ്പസ് വ്യവസായ സഹകരണ സംഘത്തിന്റെ പ്രവർത്തനം

2616 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അരുവിക്കര മണ്ഡലത്തിൽ രൂപീകരിച്ചിട്ടുള്ള വനിതാ മൾട്ടി പർപ്പസ് വ്യവസായ സഹകരണ സംഘത്തിന്റെ പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) പ്രസ്തുത സംഘത്തിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനും തുടർനടത്തിപ്പിനുമായി വ്യവസായ വകുപ്പിൽ നിന്നും സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം വ്യക്തമാക്കാമോ?

## ബാലുശ്ശേരിമണ്ഡലത്തിലെ വ്യവസായ സംരംഭങ്ങൾ

2617 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ബാലുശ്ശേരി നിയോജകമണ്ഡലത്തിൽ പുതുതായി എത്ര വ്യവസായ സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്; ഗ്രാമ പഞ്ചായത്തുകൾ തിരിച്ച് വിശദമാക്കാമോ;

(ബി) കിനാലൂർ കെ. എസ്. ഐ. ഡി. സി.(കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷൻ)യിൽ നിലവിൽ എത്ര വ്യവസായങ്ങളാണ് ഉള്ളതെന്ന് വിശദമാക്കാമോ; പ്രസ്തുത വ്യവസായ സ്ഥാപനങ്ങളിൽ ആകെ എത്ര ജീവനക്കാർ ഉണ്ട് എന്ന് വിശദമാക്കാമോ?

## മലപ്പുറം സ്പിന്നിംഗ് മില്ലിലെ തൊഴിലാളികൾക്ക് വേതനവർദ്ധനവ്

2618 **ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം സ്പിന്നിംഗ് മില്ലിൽ സ്റ്റാഫ്, ഓഫീസർ തസ്തികകളിൽ ഒന്നര വർഷമായി വേതനവർദ്ധനവ് നടത്തിയിട്ടും നാളിതുവരെ തൊഴിലാളികൾക്ക് വേതനം വർദ്ധിപ്പിച്ചു നൽകിയിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തൊഴിലാളികളുടെ വേതനം വർദ്ധിപ്പിക്കാൻ ഉദേശിക്കുന്നുണ്ടോ; എങ്കിൽ എന്നത്തേക്ക് നടപ്പാക്കാനാകും; വ്യക്തമാക്കാമോ;

(സി) വേതനവർദ്ധനവ് വൈകുന്ന പക്ഷം ഇടക്കാലാശ്വാസം നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) മിൽ രജിസ്ട്രാറായ കൈത്തറി ഡയറക്ടറുടെ 16.03.2024 - ലെ ഉത്തരവ് പ്രകാരം മലപ്പുറം സ്പിന്നിംഗ് മില്ലിലെ സ്റ്റാഫ്, ഓഫീസർ തസ്തികകളിൽ വേതനം വർദ്ധിപ്പിച്ചിരുന്നു. അതുപോലെ മിൽ തൊഴിലാളികളുടെ വേതനവും വർദ്ധിപ്പിക്കുന്നത് പരിശോധിക്കുമോ ; വിശദമാക്കുമോ ;

(ഇ) നിലവിൽ ദീർഘകാല കരാർ നിലനിൽക്കുന്നുണ്ടോ; ഉണ്ടെങ്കിൽ കരാറിൽ നിന്നും മാനേജ്മെന്റ് പിന്നാക്കം പോകുന്ന സാഹചര്യം ഉണ്ടായിട്ടുണ്ടോ; വിശദാംശം നൽകുമോ?

## വടക്കാഞ്ചേരി മണ്ഡലത്തിലെ തൃശ്ശൂർ സഹകരണ സ്പിന്നിംഗ് മിൽസ്

2619 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി മണ്ഡലത്തിൽ വിരുപ്പാക്കയിൽ സ്ഥിതി ചെയ്യുന്ന തൃശ്ശൂർ സഹകരണ സ്പിന്നിംഗ് മിൽസ് ലേ ഓഫിലായതിനെ തുടർന്ന് മില്ലിനെയും മില്ലിൽ ജോലി ചെയ്തിരുന്ന തൊഴിലാളികളെയും സംരക്ഷിക്കുന്നതിന് വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) സ്പിന്നിംഗ് മില്ലിന്റെ ഉടമസ്ഥതയിൽ വാഴാനി ഡാമിനോട് ചേർന്നുള്ള പത്ത് ഏക്കർ ഭൂമിയിൽ ടൂറിസം അനുബന്ധ വ്യവസായങ്ങൾ ആരംഭിക്കുന്ന വിഷയം പരിഗണിക്കാമോ;

(സി) മുപ്പത് കോടി രൂപയുടെ നവീകരണ പ്രവർത്തനങ്ങൾ നടക്കുകയും കോട്ടൺ ബോർഡ് വഴി കോട്ടൺ വാങ്ങാൻ സാധിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ പ്രസ്തുത മിൽ തുറന്ന് പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

## പൊതുമേഖല സ്ഥാപനങ്ങളുടെ ഓഡിറ്റ്

2620 **ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ 2024-25 വർഷം വരെയുള്ള ഓഡിറ്റ് പൂർത്തിയായിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പൊതുമേഖലാ സ്ഥാപനങ്ങളുടെ 2021 മുതൽ 2025 വരെയുള്ള ലാഭനഷ്ട കണക്ക് ലഭ്യമാക്കുമോ?

## പൊതുമേഖലാ സ്ഥാപനങ്ങളുടെ മികച്ച എം. ഡി.ക്കുള്ള അവാർഡ്

2621 **ശ്രീ. എൻ. ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ മികച്ച മാനേജിങ് ഡയറക്ടർക്ക് അവാർഡ് നൽകുന്നുണ്ടോ; എങ്കിൽ ഇത് നൽകാനുള്ള മാനദണ്ഡങ്ങളും ഘടകങ്ങളും എന്താണെന്ന് വിശദമാക്കാമോ; ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആരെയെല്ലാമാണ് ഓരോ വർഷവും മികച്ച എം. ഡി. യായി തിരഞ്ഞെടുത്തതെന്ന് വിശദമാക്കാമോ;

(ബി) സംസ്ഥാന കയർ കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ മികച്ച എം. ഡി.യായി തിരഞ്ഞെടുക്കപ്പെട്ടിട്ടുണ്ടോ; പ്രസ്തുത വ്യക്തി ഏത് വർഷം മുതലാണ് ടി സ്ഥാപനത്തിന്റെ എം. ഡി.യായി ചുമതലയേറ്റത്; മുൻപ് ഇദ്ദേഹം ഏതെല്ലാം സ്ഥാപനങ്ങളുടെ എം. ഡി.യായി ജോലി ചെയ്തിട്ടുണ്ട്; ഇദ്ദേഹത്തിന് കയർ മേഖലയിൽ എത്ര വർഷത്തെ പ്രവൃത്തി പരിചയമുണ്ട്; വിശദമാക്കാമോ;

(സി) പ്രസ്തുത സ്ഥാപനത്തിൽ സ്ഥിരം എം. ഡി. ഇല്ലാതായിട്ട് എത്ര വർഷമായി; നിലവിലുള്ള എം. ഡി.യെ സ്ഥിരപ്പെടുത്തുവാൻ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## നിലമ്പൂരിലെ കേരള വുഡ് ഇൻഡസ്ട്രീസ് പുനരുദ്ധാരണം

2622 **ശ്രീ. ആര്യാടൻ ഷൗക്കത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂരിൽ വനം വകുപ്പുമായി സഹകരിച്ച് തുടങ്ങിയ കേരള വുഡ് ഇൻഡസ്ട്രീസ് അടച്ചുപൂട്ടിയതിനാൽ കെട്ടിടവും യന്ത്രോപകരണങ്ങളും ജീവനക്കാരുടെ ക്വാർട്ടേഴ്സുകളും മൂന്ന് പതിറ്റാണ്ടുകളായി ഉപയോഗശൂന്യമായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നൂറുകണക്കിന് ആളുകൾക്ക് ജോലി നൽകുവാൻ കഴിയുന്ന പ്രസ്തുത സ്ഥാപനം പുനരുദ്ധരിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ?

## ബാംബൂ കോർപ്പറേഷനിൽ ഈറ്റയുടെ ദൗർലഭ്യം

2623 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷന്റെ വിവിധ ഡിപ്പോകളിൽ ഈറ്റയുടെ ദൗർലഭ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ബാംബൂ കോർപ്പറേഷൻ തൊഴിലാളികൾക്ക് ലഭിക്കേണ്ട ഡി.എ. കുടിശ്ശിക അനുവദിക്കുന്ന കാര്യം പരിഗണിക്കുമോയെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാന ബാംബൂ കോർപ്പറേഷന്റെ വിവിധ ഡിപ്പോകളിലെ തൊഴിലാളികളുടെ ആനുകൂല്യങ്ങൾ തട്ടിയെടുക്കുകയും ഫണ്ട് തിരിമറി നടത്തുകയും ചെയ്ത

ഉദ്യോഗസ്ഥർക്കെതിരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

**<u>ഇൻവെസ്റ്റ് കേരള ആഗോള നിക്ഷേപക സംഗമം</u>**

2624 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2003 -ൽ സംഘടിപ്പിച്ച ഗ്ലോബൽ ഇൻവെസ്റ്റേഴ്സ് മീറ്റ് (ജിം), 2012 -ൽ സംഘടിപ്പിച്ച എമർജിങ് കേരള എന്നീ നിക്ഷേപ പരിപാടികൾ തുടർപ്രവർത്തനങ്ങളും പരിശോധനകളുമില്ലാതെ പരാജയപ്പെട്ടപ്പോൾ കൃത്യമായ ആസൂത്രണവും കഠിനാധ്വാനവും ഏകോപനവും ഇൻവെസ്റ്റ് കേരള ആഗോള നിക്ഷേപക സംഗമത്തെ വ്യത്യസ്തമാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) ഇൻവെസ്റ്റ് കേരള ഉച്ചകോടി മൂന്ന് വർഷത്തിലൊരിക്കൽ നടത്താൻ തീരുമാനിച്ചിട്ടുണ്ടോ; ആഗോള നിക്ഷേപകരുടെ അഭ്യർത്ഥന മാനിച്ച് ഉച്ചകോടി പ്രതിവർഷം നടത്താൻ കഴിയുമോയെന്ന് പരിശോധിക്കുമോ;

(സി) വ്യാവസായിക രംഗത്ത് ഈ സർക്കാർ നടപ്പാക്കിയിട്ടുള്ള പരിഷ്കരണങ്ങളുടെ ഫലമായി നിക്ഷേപക സൗഹൃദ സംസ്ഥാനങ്ങളുടെ പട്ടികയിൽ സംസ്ഥാനത്തിന് ഒന്നാം സ്ഥാനത്ത് എത്താൻ കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കാമോ?

**<u>ലോജിസ്റ്റിക്സ് പാർക്ക്</u>**

2625 **ശ്രീ ഇ ചന്ദ്രശേഖരൻ**
**ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ**
**ശ്രീമതി സി. കെ. ആശ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉല്പന്നങ്ങളുടെ സംഭരണം, മാനേജ്മെന്റ്, വിതരണം, ഗതാഗതം എന്നിവയ്ക്കായി രൂപകല്പന ചെയ്തിട്ടുള്ള വ്യവസായ മേഖല എന്ന നിലയിൽ ലോജിസ്റ്റിക്സ് പാർക്കുകളുടെ പ്രാധാന്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) സംസ്ഥാനത്തെ ആദ്യ ലോജിസ്റ്റിക്സ് ടൗൺഷിപ്പ് വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്ത് സ്ഥാപിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പൊതു-സ്വകാര്യ പങ്കാളിത്തത്തിൽ നടപ്പാക്കപ്പെടുന്ന ലോജിസ്റ്റിക്സ്, മിനി ലോജിസ്റ്റിക്സ് പാർക്കുകളുടെ ശൃംഖലയിലൂടെ വിഴിഞ്ഞം പ്രദേശവാസികളടക്കമുള്ളവർക്ക് തൊഴിൽ ലഭിക്കുമോയെന്ന് വിശദമാക്കാമോ;

(ഡി) ലോജിസ്റ്റിക്സ് ടൗൺഷിപ്പ് സ്ഥാപിക്കുന്നതിനായി ഉടമകളുടെ സമ്മതത്തോടെ വികസനാവശ്യത്തിനായി ഭൂമി വിജ്ഞാപനം ചെയ്യുന്ന ലാൻഡ് പൂളിങ് രീതി തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സഹകരണത്തോടെ അവലംബിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ വിശദമാക്കാമോ?

**<u>ബഹുരാഷ്ട്ര കമ്പനികളെ ആകർഷിക്കുന്നതിനുള്ള കർമ്മപദ്ധതി</u>**

2626 **ഡോ. എൻ. ജയരാജ്**
**ശ്രീ. പ്രമോദ് നാരായൺ**
**ശ്രീ. ജോബ് മൈക്കിൾ**

**ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബഹുരാഷ്ട്ര കമ്പനികളെ സംസ്ഥാനത്തേയ്ക്ക് ആകർഷിക്കുന്നതിനായി എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) വളർച്ചാ നിരക്ക് കൂടുതലുള്ള വ്യവസായ സംരംഭങ്ങൾ സ്ഥാപിക്കുന്നതിനെ പ്രോത്സാഹിപ്പിക്കുവാൻ എന്തെല്ലാം സഹായങ്ങളാണ് നൽകുന്നതെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തിന്റെ വ്യാവസായിക നയത്തിൽ വ്യവസായ സംരംഭങ്ങൾ പുതുതായി ആരംഭിക്കുന്നതിൽ പ്രധാനമായും എന്തെല്ലാം മാറ്റങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) നിലവിൽ സമർപ്പിക്കപ്പെട്ട നിക്ഷേപ ഓഫറുകളെ പ്രാവർത്തികമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

## സംരംഭക സഹായ പദ്ധതി

2627 **ശ്രീ. അഹമ്മദ് ദേവർകോവിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യവസായം പ്രോത്സാഹിപ്പിക്കുന്നതിനും തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിനും സംരംഭക സഹായ പദ്ധതി എപ്രകാരം ഉപകാരപ്രദമായെന്ന് വിശദമാക്കാമോ;

(ബി) സാധാരണ ജനങ്ങൾക്ക് വളരെ അവസരങ്ങൾ ലഭിക്കുന്ന സൂക്ഷ്മ, ചെറുകിട സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കാൻ നടപ്പാക്കിയ പ്രത്യേക പദ്ധതികൾ വിശദമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രസ്തുത മേഖലയിൽ കൈവരിച്ച നേട്ടങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

## കാസർഗോഡ് ജില്ലയിലെ വ്യവസായ സ്ഥാപനങ്ങൾ

2628 **ശ്രീ. എൻ. എ. നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലയിലും സ്വകാര്യമേഖലയിലുമായി കഴിഞ്ഞ ഒമ്പത് വർഷത്തിനിടയിൽ കാസർഗോഡ് ജില്ലയിൽ ആരംഭിച്ച വ്യവസായ സ്ഥാപനങ്ങൾ / വ്യവസായ സംരംഭങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) നിലവിലുണ്ടായിരുന്ന വ്യവസായ സ്ഥാപനങ്ങൾ / വ്യവസായ സംരംഭങ്ങൾ പ്രസ്തുത കാലയളവിൽ പൂട്ടേണ്ടി വന്നിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) പുതുതായി തുടങ്ങിയ വ്യവസായ സ്ഥാപനങ്ങൾ / സംരംഭങ്ങൾ പ്രസ്തുത കാലയളവിൽ പൂട്ടേണ്ടി വന്നിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ വിശദാംശം നൽകാമോ;

(ഡി) പ്രസ്തുത കാലയളവിൽ പുതുതായി വ്യവസായ സംരംഭങ്ങൾ തുടങ്ങാൻ കാസർഗോഡ് ജില്ലയിൽ എത്രപേർ മുന്നോട്ടുവന്നുവെന്നും അവർ മുടക്കിയ നിക്ഷേപ തുക എത്രയാണെന്നും സർക്കാർ നൽകിയ സഹായം എന്തൊക്കെയാണെന്നും സംരംഭം തിരിച്ച് വ്യക്തമാക്കാമോ;

(ഇ) പുതുതായി സംരംഭങ്ങൾ തുടങ്ങി ഇടക്കാലത്ത് പൂട്ടേണ്ടി വന്നവർ ജില്ലയിൽ എത്രയുണ്ടെന്നും ഇത് മൂലം വ്യക്തികൾക്കും സർക്കാരിനും ഉണ്ടായ നഷ്ടം എത്രയാണെന്നും സംരംഭം തിരിച്ച് വ്യക്തമാക്കാമോ;

(എഫ്) പുതുതായി വ്യവസായ സംരംഭങ്ങൾ തുടങ്ങാൻ സഹായത്തിനായി അപേക്ഷ നൽകി കാത്തിരിക്കുന്ന എത്രപേർ ജില്ലയിലുണ്ടെന്നും അവർ എത്രകാലമായി അപേക്ഷ സമർപ്പിച്ചിട്ടെന്നും അതിന്മേൽ ഇതുവരെ തീരുമാനമാകാത്തത് എന്തുകൊണ്ടാണെന്നും വ്യക്തമാക്കാമോ?

## ഷാർജ മോഡൽ ഇന്റർനാഷണൽ ഡ്രൈവിംഗ് ആന്റ് കോച്ചിംഗ് സെന്ററിനു വ്യവസായ വകുപ്പിന്റെ ഭൂമി

2629 **ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്തർദേശീയ ഡ്രൈവിംഗ് പരിശീലനം സാധ്യമാക്കുന്നതിന് വേണ്ടി ഗതാഗത വകുപ്പ് മലപ്പുറത്ത് അനുവദിച്ചതും 20.01.2020-ാം തീയതിയിലെ ജി.ഒ.(സാധാ) നം.24/2020/ട്രാൻസ്. നമ്പർ ഉത്തരവ് പ്രകാരം ഭരണാനുമതി ലഭിച്ചതുമായ ഷാർജ മോഡൽ ഇന്റർനാഷണൽ ഡ്രൈവിംഗ് ആന്റ് കോച്ചിംഗ് സെന്റർ ആരംഭിക്കുന്നതിനുള്ള വ്യവസായ വകുപ്പിന്റെ 30 ഏക്കർ സ്ഥലം ഏറ്റെടുക്കുന്ന നടപടികളുടെ പുരോഗതി വ്യക്തമാക്കാമോ;

(ബി) നോർക്ക വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 24/01/2022 ൽ ചേർന്ന യോഗത്തിലെ തീരുമാനമനുസരിച്ച് മലപ്പുറത്ത് ഇൻകെൽ എന്ന സ്ഥാപനത്തിന്റെ ഉടമസ്ഥതയിലുള്ള 30 ഏക്കർ സ്ഥലം പദ്ധതിയ്ക്ക് അനുവദിയ്ക്കുന്നതിനുള്ള പ്രൊപ്പോസലിൽ നാളിതുവരെ വ്യവസായ വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദീകരിക്കാമോ;

(സി) അന്തർദേശീയ ഡ്രൈവിംഗ് പരിശീലനം സാധ്യമാക്കുന്നതിന് വേണ്ടി ഷാർജ മോഡൽ ഇന്റർ നാഷണൽ ഡ്രൈവിംഗ് ആന്റ് കോച്ചിംഗ് സെന്റർ ആരംഭിക്കുന്നതിനുള്ള സ്ഥലം പദ്ധതിയ്ക്ക് അനുവദിക്കുവാൻ സത്വര നടപടികൾ സ്വീകരിക്കുമോ?

## തിരുവമ്പാടി മണ്ഡലത്തിലെ പ്രൈവറ്റ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്

2630 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവമ്പാടി മണ്ഡലത്തിൽ അനുവദിക്കപ്പെട്ട പ്രൈവറ്റ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റിന്റെ പ്രവർത്തനം ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) എപ്പോൾ പൂർണതോതിൽ പ്രവർത്തിക്കുമെന്ന് വിശദമാക്കുമോ?

## കൊയിലാണ്ടി മണ്ഡലത്തിലെ വ്യവസായ എസ്റ്റേറ്റ്

2631 **ശ്രീമതി കാനത്തിൽ ജമീല :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി മണ്ഡലത്തിലെ മൂടാടി ഗ്രാമപഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന, വ്യവസായ വകുപ്പിന് കീഴിലുള്ള സിഡ്കോ നിയന്ത്രണത്തിലുള്ള വ്യവസായ എസ്റ്റേറ്റിൽ, വിവിധ സ്ഥാപനങ്ങൾക്കായി നൽകിയ സ്ഥലത്ത് ഇതുവരെ യാതൊരു വ്യവസായവും ആരംഭിച്ചിട്ടില്ലാത്തവരിൽ നിന്നും പ്രസ്തുത സ്ഥലം തിരിച്ചെടുത്ത് മറ്റ് സ്ഥാപനങ്ങൾക്ക് നൽകുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കുമോ?

## മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ കാര്യക്ഷമമാക്കാൻ നടപടി

2632 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ വിവിധ കേന്ദ്രങ്ങളിൽ പ്രവർത്തിക്കുന്ന മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ കാര്യക്ഷമമാക്കാനും ഇതിനായി അനുവദിച്ച ഭൂമി അന്യാധീനപ്പെടാതെ സംരക്ഷിക്കാനും നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

## പാറത്തോട് ഗ്രാമപഞ്ചായത്തിലെ മിനി വ്യവസായ എസ്റ്റേറ്റ്

2633 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിലെ പാറത്തോട് ഗ്രാമപഞ്ചായത്തിൽ കോട്ടയം ജില്ലാ കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് അനുവദിച്ച രണ്ട് ഏക്കർ സ്ഥലത്ത് മിനി വ്യവസായ എസ്റ്റേറ്റ് ആരംഭിക്കുന്നതിനുള്ള ഭൂമി ഏറ്റെടുക്കുന്നതിനായി എൽ. എ. ആർ. ആർ. (ലാൻഡ് അക്വിസിഷൻ, റീഹാബിലിറ്റേഷൻ ആൻഡ് റീസെറ്റിൽമെന്റ്) ആക്റ്റ് 2013 പ്രകാരമുള്ള നഷ്ടപരിഹാര തുക അടയ്ക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

## മങ്കട മണ്ഡലത്തിലെ വ്യവസായ സംരംഭങ്ങൾ

2634 **ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട മണ്ഡലത്തിൽ ആകെ എത്ര വ്യവസായ സംരംഭങ്ങൾ ഉണ്ട്; കഴിഞ്ഞ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്ത് പുതിയതായി ആരംഭിച്ച സംരംഭങ്ങൾ എത്ര; കണക്കുകൾ ലഭ്യമാക്കാമോ;

(ബി) കഴിഞ്ഞ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്ത് മങ്കട മണ്ഡലത്തിൽ പൂട്ടിപ്പോയ വ്യവസായ സംരംഭങ്ങൾ എത്ര; കണക്ക് ലഭ്യമാക്കാമോ;

(സി) മങ്കട മണ്ഡലത്തിൽ കഴിഞ്ഞ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്ത് പുതിയതായി ആരംഭിച്ച സംരംഭങ്ങളിലൂടെ എത്ര പേർക്ക് തൊഴിൽ ലഭിച്ചിട്ടുണ്ട്; ഈ കാലയളവിൽ പൂട്ടിപ്പോയ വ്യവസായ സംരംഭങ്ങൾ വഴി എത്ര പേർക്ക് ഇവിടെ തൊഴിൽ നഷ്ടപ്പെടാൻ ഇടയായിട്ടുണ്ട്; കണക്കുകൾ ലഭ്യമാക്കാമോ;

(ഡി) കഴിഞ്ഞ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്ത് പുതിയതായി ആരംഭിച്ച സംരംഭങ്ങളിലൂടെ എത്ര കോടിയുടെ നിക്ഷേപം ഈ മണ്ഡലത്തിൽ ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

## യുവ സംരംഭകരെ സഹായിക്കുന്നതിനുള്ള വ്യവസായ വകുപ്പിന്റെ പദ്ധതികൾ

2635 **ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) യുവ സംരംഭകരെ സഹായിക്കുന്നതിനായി വ്യവസായ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ?

## വിഴിഞ്ഞം ഇന്റർനാഷണൽ ട്രാൻസ്ഷിപ്പ്മെന്റ് പോർട്ട്

2636 **ശ്രീ കടകംപള്ളി സുരേന്ദ്രൻ**
**ശ്രീ എം മുകേഷ്**
**ശ്രീമതി യു പ്രതിഭ**
**ശ്രീ വി കെ പ്രശാന്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം ഇന്റർനാഷണൽ ട്രാൻസ്ഷിപ്പ്മെന്റ് പോർട്ടിന്റെ പ്രവർത്തനം ആരംഭിച്ചതോടെ സംസ്ഥാനത്തെ വ്യവസായ മേഖലയ്ക്കുണ്ടായ ഉണർവ് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) വ്യവസായ മേഖലയ്ക്കുണ്ടായ ഉണർവിന്റെ അടിസ്ഥാനത്തിൽ ഈ രംഗത്ത് കൂടുതൽ ഗുണകരമാകുന്ന പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(സി) സംസ്ഥാനത്ത് ലോജിസ്റ്റിക് മേഖലയിലെ സാധ്യത പരിഗണിച്ച് കൂടുതൽ സംരംഭകരെ ആകർഷിക്കാൻ സ്വീകരിച്ച നടപടികളും പുരോഗതിയും വിശദമാക്കാമോ?

## വ്യവസായ വകുപ്പ് മുഖേന ഉടുമ്പൻചോല മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ

2637 **ശ്രീ. എം. എം. മണി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ വകുപ്പ് മുഖേന ഉടുമ്പൻചോല മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം നൽകാമോ?

## നിയോജക മണ്ഡലാടിസ്ഥാനത്തിൽ വ്യവസായ കേന്ദ്രങ്ങൾ

2638 **ശ്രീ തോമസ് കെ തോമസ്**
**ശ്രീ കോവൂർ കുഞ്ഞുമോൻ**
**ശ്രീ മാത്യു ടി. തോമസ്**

**ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തൊഴിൽ ലഭ്യത ഉറപ്പുവരുത്തുന്നതിനും സാമ്പത്തിക അഭിവൃദ്ധിക്കും നിയോജക മണ്ഡലാടിസ്ഥാനത്തിൽ വ്യവസായ കേന്ദ്രങ്ങൾ സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇപ്രകാരം ആരംഭിക്കുന്ന വ്യവസായ സംരംഭങ്ങളിൽ ഐ. ടി. മേഖലയ്ക്ക് പ്രത്യേക പ്രാധാന്യം നൽകുമോ; വിശദാംശം ലഭ്യമാക്കുമോ?

## എന്റർപ്രണർ സപ്പോർട്ട് സ്കീം

2639 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പ് മുഖേന നടപ്പിലാക്കുന്ന എന്റർപ്രണർ സപ്പോർട്ട് സ്കീമിന്റെ വിശദാംശം ലഭ്യമാക്കാമോ;

(ബി) ഈ ഇനത്തിൽ എത്ര ശതമാനമാണ് സബ്സിഡിയായി നൽകുന്നത്; വ്യക്തമാക്കാമോ;

(സി) നിലവിൽ സബ്സിഡിയായി ഏത് തീയതി വരെയുള്ള അപേക്ഷകർക്കാണ് തുക നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

## കൊച്ചി-ബംഗളൂരു വ്യവസായ ഇടനാഴിയുടെ നിലവിലെ പുരോഗതി

2640 **ശ്രീ. പി. മമ്മിക്കുട്ടി**
**ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ**
**ശ്രീ. കെ. ബാബു (നെന്മാറ)**
**ശ്രീ. യു. ആർ. പ്രദീപ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി-ബംഗളൂരു വ്യവസായ ഇടനാഴിയുടെ നിലവിലെ പുരോഗതി വിശദമാക്കാമോ;

(ബി) ഏതൊക്കെ തരം വ്യവസായങ്ങളാണ് കൊച്ചി-ബംഗളൂരു വ്യവസായ ഇടനാഴിയുടെ ഭാഗമായി കൊണ്ടുവരാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ;

(സി) പരമ്പരാഗത മേഖലയിലെ ഉല്പന്നങ്ങൾ പ്രദർശിപ്പിക്കുന്നതിനും വിപണനം നടത്തുന്നതിനും സംസ്ഥാനത്ത് നിർമ്മിക്കുന്ന യൂണിറ്റി മാളിന്റെ നിർമ്മാണ പുരോഗതി വിശദമാക്കാമോ?

## എടരിക്കോട് പഞ്ചായത്തിൽ പുതിയ വ്യവസായ യൂണിറ്റ്

2641 **ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി മണ്ഡലത്തിലെ എടരിക്കോട് പഞ്ചായത്തിൽപ്പെട്ട കെ.ഇ.എൽ. യൂണിറ്റ്, എടരിക്കോട് ടെക്സ്റ്റൈൽസ് എന്നിവയുടെ ഭൂമിയിൽ ഒഴിവുള്ള സ്ഥലത്ത് പുതിയ വ്യവസായ യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ;

(ബി) ഇതിന് ആവശ്യമായ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

## ഗ്രാഫീൻ പ്ലാന്റ് നിർമ്മാണം

2642 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഴിഞ്ഞ ബജറ്റിൽ പ്രഖ്യാപിച്ച ഗ്രാഫീൻ പ്ലാന്റ് നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതി മുന്നോട്ടു കൊണ്ടുപോകുന്നതിൽ എന്തെല്ലാം പ്രതിബന്ധങ്ങളാണ് നേരിടുന്നതെന്ന് വിശദമാക്കാമോ;

(സി) പ്ലാന്റ് നിർമ്മിക്കുന്നതിനായി സ്ഥലം കണ്ടെത്തിയിട്ടുണ്ടോ; പദ്ധതിക്ക് ആവശ്യമായ ഫണ്ട് എപ്രകാരം കണ്ടെത്തുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ;

(ഡി) ഡിഫൻസ് പാർക്കിലെ കോമൺ ഫെസിലിറ്റി സെന്ററിൽ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള ധാരണാപത്രം തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(ഇ) ഗ്രാഫീൻ പ്ലാന്റ് നിർമ്മാണത്തിനായി സംസ്ഥാന ബജറ്റിൽ വകയിരുത്തിയ തുകയും ചെലവാക്കിയ തുകയും സംബന്ധിച്ച വിശദാംശം ഹെഡ് ഓഫ് അക്കൗണ്ട് ഉൾപ്പെടെ ലഭ്യമാക്കാമോ?

## കല്ല്യാശ്ശേരി മണ്ഡലത്തിൽ വ്യവസായ വകുപ്പ് നടപ്പാക്കിയ പദ്ധതികൾ

2643 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം വ്യവസായ വകുപ്പ് കല്ല്യാശ്ശേരി മണ്ഡലത്തിൽ ഏതൊക്കെ പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് അറിയിക്കാമോ?

## കുന്നത്തുനാട് മണ്ഡലത്തിലെ വ്യവസായ വകുപ്പ് പദ്ധതികൾ

2644 **ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കുന്നത്തുനാട് മണ്ഡലത്തിൽ വ്യവസായ വകുപ്പ് മുഖേന ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കുന്നത്തുനാട് മണ്ഡലത്തിൽ പുതുതായി ഏതെല്ലാം വ്യവസായ സ്ഥാപനങ്ങൾ ആരംഭിച്ചുവെന്നും സർക്കാരിന്റെ ഏതെല്ലാം പദ്ധതികൾ പ്രകാരമാണ് ഈ വ്യവസായ സ്ഥാപനങ്ങൾ ആരംഭിച്ചതെന്നും വ്യക്തമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കുന്നത്തുനാട് മണ്ഡലത്തിൽ വ്യവസായ വകുപ്പ് വിവിധ പദ്ധതികൾക്കായി എത്ര തുക ചെലവഴിച്ചു എന്ന് പദ്ധതികൾ തരംതിരിച്ച് വ്യക്തമാക്കാമോ;

(ഡി) കുന്നത്തുനാട് മണ്ഡലത്തിൽ വ്യവസായ വകുപ്പ് പുതിയ പദ്ധതികൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

## റാമ്പ് പദ്ധതി

2645 **ശ്രീ ആന്റണി രാജു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) റൈസിംഗ് ആൻഡ് ആക്സിലറേറ്റിംഗ് എം. എസ്. എം. ഇ. പെർഫോമൻസ് (റാമ്പ്) പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ വിശദമാക്കാമോ;

(ബി) ഈ പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കുന്നത് എപ്രകാരമാണെന്ന് വ്യക്തമാക്കാമോ;

(സി) ഇതിനായി ബിസിനസ് ഡെവലപ്പ്മെന്റ് സർവീസ് പ്രൊവൈഡർമാരെ നിയമിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ഡി) അവരുടെ സേവനം ഏതു രീതിയിലായിരിക്കുമെന്നത് വിശദമാക്കാമോ?

## മട്ടന്നൂർ കിൻഫ്ര വ്യവസായ പാർക്ക്

2646 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ കിൻഫ്ര വ്യവസായ പാർക്കിനോട് അനുബന്ധിച്ച് കൂടാളി, പട്ടാനൂർ, കീഴല്ലൂർ, കോളാരി വില്ലേജുകളിലെ സ്ഥലം ഏറ്റെടുക്കൽ നടപടിയുടെ വിശദാംശം നൽകാമോ;

(ബി) പ്രസ്തുത സ്ഥലം ഏറ്റെടുക്കൽ നടപടി വേഗത്തിലാക്കുവാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

## കിൻഫ്ര എക്സ്പോർട്ട് പ്രമോഷൻ ഇൻഡസ്ട്രിയൽ പാർക്കിന്റെ ഭാഗം അടച്ചു കെട്ടിയത് സംബന്ധിച്ച്

2647 **ശ്രീമതി ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃക്കാക്കര നഗരസഭ ഡിവിഷൻ 9 (ഇടച്ചിറ) ഡിവിഷൻ 11 (നിലം പതിഞ്ഞിമുകൾ) എന്നീ വാർഡുകളിലൂടെയുള്ള പാറക്കമുകൾ - ബ്രഹ്മപുരം കടത്തു റോഡിന്റെ, കണയന്നൂർ താലൂക്കിൽ കാക്കനാട് വില്ലേജിൽ ബ്ലോക്ക് 9-ൽ സർവ്വേ നമ്പർ 3-ൽ പെട്ട ഭാഗത്ത് ഗതാഗത സ്വാതന്ത്ര്യം നിഷേധിച്ചുകൊണ്ട് കിൻഫ്ര എക്സ്പോർട്ട് പ്രമോഷൻ ഇൻഡസ്ട്രിയൽ പാർക്ക് അധികൃതർ അടച്ചു കെട്ടിയിരിക്കുന്നതു സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ? എങ്കിൽ ഈ നടപടി എന്തടിസ്ഥാനത്തിലാണെന്ന് വിശദമാക്കുമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് കിൻഫ്രയുടെ കൈവശമുണ്ടായിരുന്ന ഭൂമിയുടെ സർവേ നടത്തി പ്രസ്തുത റോഡ് പോകുന്ന പ്രദേശം സർക്കാർ പുറമ്പോക്ക് ആണെന്ന് കണയന്നൂർ താലൂക്ക് സർവേയർ റിപ്പോർട്ട് നൽകിയിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കാമോ;

(സി) കടത്തു വഞ്ചി ഉള്ള കാലം മുതൽ പാറക്കാമുകൾ, നിലം പതിഞ്ഞിമുകൾ, രാജഗിരി, മാപ്രാണം തുടങ്ങിയ പ്രദേശത്തെ രണ്ടായിരത്തിൽപരം കുടുംബങ്ങൾ ബ്രഹ്മപുരം, കരിമുകൾ, പുത്തൻകുരിശ് ഭാഗത്തേക്കും തിരിച്ച് ബ്രഹ്മപുരം പ്രദേശത്തുകാർ കാക്കനാട് കളക്ടറേറ്റ് ഭാഗത്തേക്കുമുള്ള യാത്രകൾക്കായി ഉപയോഗിച്ച വന്നിരുന്ന പ്രസ്തുത റോഡിലെ ഗതാഗതം പുനഃസ്ഥാപിക്കണമെന്ന ഈ പ്രദേശത്തെ ആൾക്കാരുടെ വളരെക്കാലമായുള്ള ആവശ്യം പരിഗണിച്ച് ഇതുവഴിയുള്ള ഗതാഗതം പുനഃസ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

**വ്യവസായന്തരീക്ഷം മെച്ചപ്പെടുത്തുന്നതിന് കിൻഫ്ര നടപ്പാക്കുന്ന പ്രവർത്തനങ്ങൾ**

2648 **ശ്രീ. കെ. എം. സച്ചിൻദേവ്**
**ശ്രീമതി ദെലീമ**
**ശ്രീ. കെ.കെ. രാമചന്ദ്രൻ**
**ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വ്യവസായ അന്തരീക്ഷം മെച്ചപ്പെടുത്തുന്നതിന് കേരള വ്യവസായ അടിസ്ഥാന സൗകര്യ വികസന കോർപ്പറേഷൻ നടപ്പാക്കുന്ന പ്രവർത്തനങ്ങൾ വിശകലനം ചെയ്തിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ബി) ഐ. പി. ആർ. (ഇൻഡസ്ട്രിയൽ പാർക്ക് റേറ്റിംഗ് സിസ്റ്റം) സംവിധാനം അനുസരിച്ച് വ്യവസായ പാർക്കുകൾ സ്ഥാപിക്കുന്നതിന് കിൻഫ്രയ്ക്ക് കഴിഞ്ഞിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനാവശ്യമായ ഭൂമി അലോട്ട്മെന്റിൽ കൈവരിക്കാൻ കഴിഞ്ഞ നേട്ടങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

**ഷൊർണ്ണൂർ മണ്ഡലത്തിലെ മെറ്റൽ ഇൻഡസ്ട്രീസ്**

2649 **ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഷൊർണ്ണൂർ മണ്ഡലത്തിലെ മെറ്റൽ ഇൻഡസ്ട്രീസിൽ നിലവിൽ നിർമ്മിക്കുന്ന ഉൽപ്പന്നങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) ഭാവിയിൽ പുതിയ ഉല്പന്നങ്ങൾ ഉല്പാദിപ്പിക്കാൻ എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ച് വരുന്നുണ്ടെന്ന് വിശദമാക്കാമോ?

**വീട്ടമ്മമാർക്ക് അനുയോജ്യമായ സംരംഭങ്ങൾ**

2650 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രൊഫഷണൽ വിദ്യാഭ്യാസ യോഗ്യതയുള്ള വീട്ടമ്മമാർക്ക് ഒറ്റയ്ക്കോ അല്ലെങ്കിൽ ഗ്രൂപ്പ് തലത്തിലോ തുടങ്ങുന്നതിന് അനുയോജ്യമായ സംരംഭങ്ങൾ എന്തൊക്കെയാണെന്നും ഇതിനായി വ്യവസായ വകുപ്പിന്റെ എന്തൊക്കെ സഹായങ്ങൾ ലഭ്യമാകുന്നുണ്ടെന്നും വിശദമാക്കാമോ;

(ബി) ഏതൊക്കെ മേഖലയിലാണ് ഇത്തരത്തിൽ സംരംഭം തുടങ്ങാൻ സാധിക്കുന്നതെന്നും വിശദമാക്കാമോ?

**<u>പാലക്കാട് ജില്ലയിലെ സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സംരംഭങ്ങൾ</u>**

2651 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായങ്ങളിലായി പാലക്കാട് ജില്ലയിൽ എത്ര പുതിയ സംരംഭങ്ങൾ വന്നിട്ടുണ്ടെന്നും ഇതുവഴി എത്രപേർക്ക് ജോലി ലഭ്യമായിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

**<u>കൊച്ചി-ബാംഗ്ലൂർ വ്യവസായ ഇടനാഴി</u>**

2652 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി-ബാംഗ്ലൂർ വ്യവസായ ഇടനാഴിയുടെ പ്രവർത്തന പുരോഗതി വിശദമാക്കാമോ?

**<u>കൊച്ചി – ബംഗളൂരു വ്യാവസായിക ഇടനാഴിയുടെ പ്രവർത്തനം സംബന്ധിച്ച പുരോഗതി</u>**

2653 **ശ്രീ. എ. സി. മൊയ്തീൻ**
**ശ്രീ. കെ. ജെ. മാക്സി**
**ശ്രീ. പി. മമ്മിക്കുട്ടി**
**ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി - ബംഗളൂരു വ്യാവസായിക ഇടനാഴിയുടെ പ്രവർത്തനം സംബന്ധിച്ച നടപടികളിലെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; പ്രസ്തുത പദ്ധതി എപ്പോൾ ആരംഭിക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദമാക്കാമോ;

(ബി) പദ്ധതിയുമായി ബന്ധപ്പെട്ട് അടിസ്ഥാനസൗകര്യ വികസനത്തിനുള്ള എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നത്; വിശദമാക്കാമോ;

(സി) പദ്ധതിയുടെ ഭാഗമായി വിഭാവനം ചെയ്തിട്ടുള്ള ഗിഫ്റ്റ് സിറ്റിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

**<u>കുറ്റ്യാടി നാളികേര പാർക്ക്</u>**

2654 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി മണ്ഡലത്തിലെ മണിമല നാളികേര പാർക്കിന്റെ രണ്ടാംഘട്ട വികസന പ്രവർത്തനങ്ങൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കാമോ; നിലവിൽ നടന്നുവരുന്ന ചുറ്റുമതിൽ, ഇന്റേണൽ റോഡ്, മരം മുറിക്കൽ എന്നീ പ്രവൃത്തികൾക്ക് ശേഷം രണ്ടാംഘട്ട പ്രവൃത്തി എന്ന് ആരംഭിക്കാൻ സാധിക്കുമെന്ന് വിശദമാക്കാമോ;

(ബി) രണ്ടാംഘട്ട പ്രവൃത്തിയിൽ എന്തൊക്കെ ഘടകങ്ങളാണ് ഉൾപ്പെടുത്തുന്നതെന്ന് വിശദമാക്കാമോ?

## തൊടുപുഴ മുട്ടം തുടങ്ങനാട് സ്പൈസസ് പാർക്ക്

2655 **ശ്രീ. പി. ജെ. ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊടുപുഴ മുട്ടം തുടങ്ങനാട് സ്പൈസസ് പാർക്കിൽ വ്യവസായ യൂണിറ്റുകൾ ആരംഭിക്കുന്നതിന് ഏതൊക്കെ കമ്പനികളാണ് താല്പര്യം അറിയിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കാമോ;

(ബി) സ്പൈസസ് പാർക്കിൽ സ്ഥലം അനുവദിച്ച വ്യവസായ യൂണിറ്റുകളുടെ പ്രവർത്തനം തുടങ്ങിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

## പൂഞ്ഞാർ ഐ. എച്ച്. ആർ. ഡി. എഞ്ചിനീയറിങ് കോളേജിൽ ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്ക് പദ്ധതി

2656 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിലെ ഐ. എച്ച്. ആർ. ഡി. എഞ്ചിനീയറിങ് കോളേജിനെ ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്ക് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി സ്വീകരിച്ചുവരുന്ന നടപടിയുടെ വിശദാംശം വ്യക്തമാക്കുമോ?

## അരൂർ മണ്ഡലത്തിലെ പള്ളിപ്പുറം മെഗാ ഫുഡ് പാർക്ക്

2657 **ശ്രീമതി ദെലീമ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിലെ പള്ളിപ്പുറം മെഗാ ഫുഡ് പാർക്കിൽ എത്ര സ്ഥാപനങ്ങളാണ് പ്രവർത്തിക്കുന്നതെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത സ്ഥാപനങ്ങൾ ഏത് തരത്തിലുള്ള വ്യവസായമാണ് നടത്തുന്നതെന്ന് വിശദമാക്കാമോ;

(സി) പള്ളിപ്പുറം ഫുഡ് പാർക്കിൽ ട്രീറ്റ്മെന്റ് പ്ലാന്റ് പ്രവർത്തിക്കുന്നുണ്ടോയെന്ന് വിശദമാക്കാമോ;

(ഡി) ട്രീറ്റ്മെന്റ് പ്ലാന്റിൽ ഒരുദിവസം എത്ര ലിറ്റർ വെള്ളം ട്രീറ്റ് ചെയ്യുന്നുണ്ടെന്ന് വിശദമാക്കാമോ?

## ചീമേനി വ്യവസായ പാർക്കിന്റെ പ്രവർത്തനം

2658 **ശ്രീ എം രാജഗോപാലൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ചീമേനി വ്യവസായ പാർക്കിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് ഈ സാമ്പത്തിക വർഷം തന്നെ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ;

(ബി) രണ്ട് ബജറ്റുകളിലായി 30 കോടി രൂപ വകയിരുത്തിയ ഈ പദ്ധതി യാഥാർത്ഥ്യമാക്കാൻ സമയബന്ധിത ഇടപെടൽ ഉണ്ടാകുമോയെന്ന് വ്യക്തമാക്കുമോ?

## സ്വകാര്യ വ്യവസായ പാർക്കുകൾ

2659 **ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നാളിതുവരെ സ്ഥാപിക്കപ്പെട്ട സ്വകാര്യ വ്യവസായ പാർക്കുകളുടെ എണ്ണം ജില്ല തിരിച്ച് ലഭ്യമാക്കാമോ;

(ബി) വിവിധ സ്വകാര്യ വ്യവസായ പാർക്കുകൾ വഴി എത്ര പേർക്ക് തൊഴിൽ ലഭിച്ചിട്ടുണ്ട്; ഓരോ പാർക്ക് വഴിയും എത്ര രൂപയുടെ നിക്ഷേപം ലഭിച്ചിട്ടുണ്ട്; കണക്കുകൾ ലഭ്യമാക്കാമോ;

(സി) കഴിഞ്ഞ സർക്കാറിന്റെയും ഈ സർക്കാറിന്റെയും കാലത്ത് എത്ര ഏക്കർ ഭൂമി വ്യവസായ ഭൂമിയാക്കി മാറ്റിയിട്ടുണ്ട്; എത്ര ഏക്കർ ഭൂമി വ്യവസായ ഭൂമിയാക്കി മാറ്റുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ?

## കുന്നംകുളം മണ്ഡലത്തിലെ വ്യവസായ പാർക്ക്

2660 **ശ്രീ. എ. സി. മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നംകുളം മണ്ഡലത്തിലെ എരുമപ്പെട്ടി പഞ്ചായത്തിൽ വ്യവസായ പാർക്ക് ആരംഭിക്കുന്നതിന് നിവേദനം നൽകിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പഞ്ചായത്ത് ഭൂമി ഏറ്റെടുത്ത് വ്യവസായ പാർക്ക് ആരംഭിക്കുന്നതിന് എന്തെല്ലാം നടപടികളാണ് നാളിതുവരെ സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കാമോ;

(സി) ഭൂമി ഏറ്റെടുത്ത് വ്യവസായ പാർക്ക് എന്നത്തേക്ക് ആരംഭിക്കുവാൻ കഴിയുമെന്ന് വിശദമാക്കാമോ;

(ഡി) വ്യവസായ പാർക്ക് ആരംഭിക്കുന്നതിനായി സ്വീകരിച്ച നടപടിയും ഇപ്പോഴത്തെ പുരോഗതിയും വിശദമാക്കാമോ?

## കൊച്ചിയിൽ നടന്ന ആഗോള വ്യവസായ നിക്ഷേപക ഉച്ചകോടി

2661 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചിയിൽ നടന്ന ആഗോള വ്യവസായ നിക്ഷേപക ഉച്ചകോടി കേരളത്തിന്റെ വ്യവസായ മുന്നേറ്റത്തിൽ നാഴികക്കല്ലായി മാറിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഇൻവെസ്റ്റ് കേരള ആഗോളനിക്ഷേപക സംഗമത്തിലെ തീരുമാനങ്ങളും ധാരണകളും സമയബന്ധിതമായി നടപ്പിലാക്കുവാൻ വ്യക്തമായ ഘടനയുള്ള സംവിധാനത്തിന് രൂപം നൽകിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

## സംസ്ഥാനത്ത് റിവേഴ്സ് മൈഗ്രേഷൻ

2662 **ഡോ. കെ. ടി. ജലീൽ**
**ഡോ. സുജിത് വിജയൻപിള്ള**
**ശ്രീ. കെ. ആൻസലൻ**
**ശ്രീമതി യു പ്രതിഭ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റിവേഴ്സ് മൈഗ്രേഷൻ നടന്നുകൊണ്ടിരിക്കുന്നതായി ഇതുമായി ബന്ധപ്പെട്ട അന്താരാഷ്ട്ര പ്രൊഫഷണൽ സ്ഥാപനങ്ങൾ പുറത്തുവിട്ട റിപ്പോർട്ട് വകുപ്പിന്റെ ശ്രദ്ധിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) ടാലന്റ് പൂളിലുണ്ടായ ദ്രുതഗതിയിലുള്ള വളർച്ചയ്ക്കാധാരമായി വ്യാവസായികരംഗത്ത് ഉണ്ടായിട്ടുള്ള മാറ്റങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ;

(സി) സംസ്ഥാനത്തേക്ക് തിരികെയെത്തുന്ന പ്രൊഫഷണലുകൾക്ക് അനുകൂലമായ ഒരു വ്യവസായ സൗഹൃദാന്തരീക്ഷം കെട്ടിപ്പടുക്കുന്നതിന് ഈ സർക്കാർ നടത്തിയിട്ടുള്ള മുന്നൊരുക്കങ്ങൾ വിശദീകരിക്കാമോ?

## സ്റ്റാർട്ടപ്പുകളെ പ്രോത്സാഹിപ്പിക്കാൻ പദ്ധതികൾ

2663 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 വർഷം മുതൽ നാളിതുവരെ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത സ്റ്റാർട്ടപ്പുകൾ എത്രയാണെന്നും ഇതുവഴി എത്ര തൊഴിലവസരങ്ങൾ പുതുതായി ലഭ്യമാക്കിയിട്ടുണ്ടെന്നും വിശദമാക്കാമോ;

(ബി) സ്റ്റാർട്ടപ്പുകളെ പ്രോത്സാഹിപ്പിക്കാൻ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

## ജനറേറ്റീവ് ആർട്ടിഫിഷ്യൽ ഇന്റലിജൻസ്

2664 **ശ്രീ ഇ ചന്ദ്രശേഖരൻ**
**ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ**
**ശ്രീമതി സി. കെ. ആശ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വന്തമായി ഉള്ളടക്കം നിർമ്മിക്കുന്ന ജനറേറ്റീവ് എ. ഐ. സാങ്കേതികവിദ്യ പുതിയകാലത്ത് സമസ്തമേഖലകളിലും സ്വാധീനം ചെലുത്തുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ജനറേറ്റീവ് എ. ഐ. മേഖലയിലുണ്ടാകുന്ന കുതിച്ചുചാട്ടത്തിൽ കേരളം സ്വന്തം ഇടമുറപ്പിക്കണമെന്നുള്ള ദീർഘവീക്ഷണത്തോടുകൂടിയ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## വൈപ്പിൻ മണ്ഡലത്തിൽ വ്യവസായ വകുപ്പ് മുഖേന നടപ്പാക്കിയ വികസന പ്രവർത്തനങ്ങൾ

2665 **ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 മുതൽ നാളിതുവരെ വൈപ്പിൻ മണ്ഡലത്തിൽ വ്യവസായ വകുപ്പിന് കീഴിലുള്ള വിവിധ പദ്ധതികൾ പ്രകാരം നടപ്പാക്കിയിട്ടുള്ള വികസന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

## കാഞ്ഞങ്ങാട് മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ

2666 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാഞ്ഞങ്ങാട് മണ്ഡലത്തിൽ വ്യവസായ വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ?

## ആസ്തി വികസന ഫണ്ടിലോ പ്രാദേശിക ഫണ്ടിലോ ഉൾപ്പെടാത്ത പദ്ധതികൾ

2667 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ മണ്ഡലത്തിൽ കഴിഞ്ഞ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലയളവിൽ ആസ്തി വികസന ഫണ്ടിലോ പ്രാദേശിക ഫണ്ടിലോ ഉൾപ്പെടാത്ത ഏതെല്ലാം പദ്ധതികളാണ് വ്യവസായ വകുപ്പിന് കീഴിൽ അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പദ്ധതിയുടെ വിശദവിവരങ്ങൾ, ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക, നിർവ്വഹണ ചുമതല നൽകിയിട്ടുള്ള വകുപ്പ്, ഏജൻസി, പദ്ധതിയുടെ നിലവിലെ സ്ഥിതി എന്നിവ വ്യക്തമാക്കാമോ; ഫണ്ട് അനുവദിച്ചുകൊണ്ടുള്ള ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ?

## കുന്നത്തുനാട് മണ്ഡലത്തിലെ പുതിയ സ്റ്റാർട്ടപ്പുകൾ

2668 **ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരള സ്റ്റാർട്ട് അപ്പ് മിഷൻ വഴി കുന്നത്തുനാട് മണ്ഡലത്തിൽ എത്ര സ്റ്റാർട്ടപ്പുകൾ പുതിയതായി തുടങ്ങിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സ്റ്റാർട്ട് അപ്പ് സംരംഭങ്ങൾ മുഖേന കുന്നത്തുനാട് മണ്ഡലത്തിൽ എത്ര പേർക്ക് തൊഴിൽ ലഭ്യമാക്കുവാൻ കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

## ആഗോള നിക്ഷേപക സംഗമം

2669 **ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്ത് ആഗോള നിക്ഷേപക സംഗമം സംഘടിപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) ഓരോ ആഗോള നിക്ഷേപക സംഗമത്തിലും എത്ര കോടി രൂപയുടെ നിക്ഷേപം ഉണ്ടാകുമെന്നാണ് പ്രതീക്ഷിച്ചിരുന്നത്; യഥാർത്ഥത്തിൽ എത്ര കോടി രൂപയുടെ

നിക്ഷേപം ലഭിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ;

(സി) ആഗോള നിക്ഷേപക സംഗമത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് ആരംഭിച്ച വൻകിട വ്യവസായ സംരംഭങ്ങൾ ഏതെല്ലാം; പട്ടിക ലഭ്യമാക്കുമോ?

## നിക്ഷേപക സംഗമങ്ങൾ

2670 **ശ്രീ. ടി. സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-2021 കാലഘട്ടം മുതൽ നാളിതുവരെ എത്ര നിക്ഷേപക സംഗമങ്ങൾ നടത്തിയിട്ടുണ്ട്; ഓരോ സംഗമത്തിനും സ്പോൺസർഷിപ്പ് ഇനത്തിൽ ലഭിച്ച തുകയും സർക്കാർ ചെലവഴിച്ച തുകയുടെയും വിശദാംശം ഇനം തിരിച്ച് ലഭ്യമാക്കാമോ; പ്രസ്തുത നിക്ഷേപക സംഗമങ്ങൾക്കായി പരസ്യ ഇനത്തിൽ ചെലവഴിച്ച തുകയുടെ വിശദാംശം വ്യക്തമാക്കാമോ;

(ബി) ഓരോ നിക്ഷേപക സംഗമത്തിന്റെയും ഭാഗമായി എത്ര രൂപയുടെ വീതം നിക്ഷേപം ഏതൊക്കെ പദ്ധതികളുടെ ഭാഗമായി വാഗ്ദാനം ലഭിച്ചു; ഇതിൽ ഏതൊക്കെ പദ്ധതികൾ നാളിതുവരെ യാഥാർത്ഥ്യമാക്കുവാൻ സാധിച്ചിട്ടുണ്ട്; ഇതിലൂടെ എത്ര രൂപയുടെ നിക്ഷേപം സംസ്ഥാനത്ത് എത്തിക്കുവാൻ സാധിച്ചു; വിശദാംശം ഇനം തിരിച്ച് ഓരോ നിക്ഷേപക സംഗമത്തിന്റെയും അടിസ്ഥാനത്തിൽ വ്യക്തമാക്കുമോ?

## വ്യവസായ വകുപ്പുമായി ബന്ധപ്പെട്ട പരസ്യങ്ങളുടെ വിശദാംശങ്ങൾ

2671 **ശ്രീമതി ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാരിന്റെ കാലയളവിൽ വ്യവസായ വകുപ്പിന്റെ കീഴിലുള്ള വിവിധ സ്ഥാപനങ്ങളും ഏജൻസികളും നാളിതുവരെ നൽകിയിട്ടുള്ള പരസ്യങ്ങളുടെ വിശദാംശങ്ങൾ, പരസ്യം നൽകിയ സ്ഥാപനം, പരസ്യത്തിനായി ചെലവഴിച്ച തുക, ഏത് ഏജൻസി മുഖേനയാണ് പരസ്യം നൽകിയത്, പ്രസ്തുത ഏജൻസിയെ തെരഞ്ഞെടുത്ത നടപടിക്രമം, ഏത് പദ്ധതിയുടെ ഭാഗമായാണ് പരസ്യം നൽകിയത് എന്നിവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത കാലയളവിൽ പരസ്യ ഇനത്തിൽ ആകെ ചെലവഴിച്ച തുക എത്രയെന്ന് വ്യക്തമാക്കാമോ?

## വിദേശനിക്ഷേപത്തിന് വേണ്ടിയുള്ള യാത്രകൾ

2672 **ശ്രീ. എൻ. ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരളത്തിൽ വ്യവസായ നിക്ഷേപം ആകർഷിക്കുന്നതിനുവേണ്ടി മുഖ്യമന്ത്രി ഉൾപ്പെടെയുള്ള മന്ത്രിമാരും ഉദ്യോഗസ്ഥരും വിദേശയാത്ര നടത്തിയിട്ടുണ്ടോ; എങ്കിൽ ഇതിനായി ഏതെല്ലാം രാജ്യങ്ങളിൽ സന്ദർശനം നടത്തിയിട്ടുണ്ട്; ഇതിന്റെ വിശദാംശം നൽകാമോ;

(ബി) ഇതുവഴി സംസ്ഥാനത്ത് എത്ര കോടി രൂപയുടെ നിക്ഷേപം വന്നിട്ടുണ്ട്; ആരംഭിച്ച പദ്ധതികൾ ഏതെല്ലാമാണ്; വിശദവിവരം ലഭ്യമാക്കുമോ?

## കയ്പമംഗലം മണ്ഡലത്തിലെ പ്രവർത്തനങ്ങൾ

2673 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു കുടുംബം ഒരു സംരംഭം പദ്ധതി പ്രകാരം കയ്പമംഗലം മണ്ഡലത്തിൽ നടത്തിയ പ്രവർത്തനങ്ങളും അതിനായി ചെലവാക്കിയ തുകയും തദ്ദേശ സ്ഥാപനാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ ഈ സർക്കാരിന്റെ കാലത്ത് ആരംഭിച്ച സ്വയം സംരംഭങ്ങളുടെ കണക്കുകൾ വ്യക്തമാക്കാമോ; പ്രസ്തുത സംരംഭങ്ങൾക്കായി എത്ര രൂപ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത മണ്ഡലത്തിലെ മുനക്കൽ ബീച്ചിലെ ടൂറിസം സാധ്യതകൾ പരിഗണിച്ച് കൂടുതൽ സംരംഭകരെ ആകർഷിക്കുന്നതിനുള്ള എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

## കോട്ടയം ടെക്സ്റ്റൈൽസ് എംപ്ലോയീസ് കോ - ഓ പ്പറേറ്റീവ് സൊസൈറ്റി

2674 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ടെക്സ്റ്റൈൽസ് എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി നം.707 (വേദഗിരി) ഉടൻ പ്രവർത്തനം ആരംഭിക്കുന്നതിന് സർക്കാർ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ;

(ബി) ഏകദേശം ഒന്നര കോടി രൂപ കുടിശികയായ നിക്ഷേപം ഉടൻ തിരിച്ച് നൽകാൻ നിയമപരമായി എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ;

(സി) അഭ്യൂഹമോ സാമ്പത്തിക ബാധ്യതയോ കൊണ്ട് ഉണ്ടാകുന്ന നിക്ഷേപകരുടെ ആത്മഹത്യ അടക്കമുള്ള ഗുരുതര സാഹചര്യങ്ങൾ തടയുന്നതിനായി സർക്കാർ എടുക്കുന്ന മുൻകരുതൽ എന്തെല്ലാമാണ്;

(ഡി) ഇതു സംബന്ധിച്ച് ബഹു. വ്യവസായ വകുപ്പുമന്ത്രിക്ക് 08.08.2025 - ൽ നൽകിയ നിവേദനത്തിൽ സ്വീകരിച്ച നടപടി വിശദീകരിക്കാമോ?

## കയർ, കശുവണ്ടി, കൈത്തറി, ഖാദി ഉൾപ്പെടെയുള്ള പരമ്പരാഗത തൊഴിൽ മേഖലകളെ സംരക്ഷിക്കാൻ നടപടി

2675 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ, കശുവണ്ടി, കൈത്തറി, ഖാദി ഉൾപ്പെടെയുള്ള പരമ്പരാഗത തൊഴിൽ മേഖലകളെ സംരക്ഷിക്കുന്നതിനും വൈവിധ്യവൽക്കരണത്തിനും 2016-17 മുതൽ നടപ്പിലാക്കി വരുന്ന പദ്ധതികൾ വിശദമാക്കാമോ?

## കടൽ മണൽ ഖനനനീക്കത്തെ പ്രതിരോധിക്കുന്നതിന് നടപടി

2676 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള തീരത്തെ ആഴക്കടലിലും തീരക്കടലിലും മണൽ ഖനനം നടത്തുന്നതിനുള്ള കേന്ദ്ര സർക്കാരിന്റെ തീരുമാനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) പന്ത്രണ്ട് നോട്ടിക്കൽ മൈൽ വരെയുള്ള തീരക്കടൽ പരിപാലനാവകാശം സംസ്ഥാന സർക്കാരിന് അവകാശപ്പെട്ടതാണെന്നിരിക്കെ കേന്ദ്ര സർക്കാരിന്റെ ഖനന നീക്കത്തെ പ്രതിരോധിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) ഓഫ്ഷോർ മേഖലയിലെ ധാതുഖനനം ഏതൊക്കെ രീതിയിൽ സംസ്ഥാനത്തെ തീരദേശത്തെ ബാധിക്കുമെന്നതിനെക്കുറിച്ച് വകുപ്പ് പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ഡി) പ്രാദേശിക ജലാശയങ്ങളിൽ ഖനനം അനുവദിക്കാൻ കേന്ദ്ര ഖനി മന്ത്രാലയം നടത്തുന്ന ശ്രമങ്ങളെ മറ്റ് സംസ്ഥാനങ്ങളുമായി സഹകരിച്ച് പ്രതിരോധിക്കുന്നതിന് വകുപ്പ് എന്തു നടപടിയാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

## <u>കൂടരഞ്ഞി ബഡ്സ് സ്കൂൾ നിർമ്മാണം</u>

2677 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഡിസ്ട്രിക്ട് മിനറൽ ഫൗണ്ടേഷൻ ചട്ടങ്ങളിൽ വ്യക്തത വരുത്താത്തതിനാൽ കോഴിക്കോട് ജില്ലയിൽ കൂടരഞ്ഞി ഗ്രാമപഞ്ചായത്തിൽ ബഡ്സ് സ്കൂൾ നിർമ്മാണത്തിന് അനുവദിച്ച ഫണ്ട് ലഭിക്കാത്ത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച് ജിയോളജി വകുപ്പിൽ നിന്നും വിശദീകരണം ലഭിക്കാത്തതിനാൽ എ3/220/2022/വ്യവസായം നമ്പർ ഫയലിൽ തീരുമാനം അനിശ്ചിതമായി നീളുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ബഡ്സ് സ്കൂൾ നിർമ്മാണത്തിനുള്ള ഫണ്ട് ലഭിക്കുന്നതിന് പ്രസ്തുത ഫയലിൽ അടിയന്തര തീരുമാനമെടുക്കാൻ നടപടി സ്വീകരിക്കുമോ?

## <u>ചവറ ഇന്ത്യൻ റെയർ എർത്ത്സ് ലിമിറ്റഡിന് ഖനനം നടത്തുന്നതിന് അനുമതി</u>

2678 **ഡോ. സുജിത് വിജയൻപിള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ജലപാതയ്ക്ക് ആഴം കൂട്ടുന്ന പ്രവർത്തനത്തിന്റെ ഭാഗമായി ചവറ ഇന്ത്യൻ റെയർ എർത്ത്സ് ലിമിറ്റഡിന് ഖനനം നടത്തുന്നതിന് അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ ചവറയിലെ ഏതൊക്കെ പ്രദേശങ്ങളിലാണ് ഖനനം നടത്തുന്നതിന് അനുമതി നൽകിയിരുന്നതെന്നും ഖനനം നടത്തുന്നതിന് സമയക്രമമുണ്ടോയെന്നും വിശദമാക്കാമോ?

## <u>പെരുങ്കടവിള ഓയിൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ ലിക്വിഡേഷൻ നടപടികൾ</u>

2679 **ശ്രീ സി കെ ഹരീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശാല മണ്ഡലത്തിലെ പെരുങ്കടവിള ഗ്രാമപഞ്ചായത്തിൽ കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിന്റെ നിയന്ത്രണത്തിലുള്ളതും കാലങ്ങളായി

പ്രവർത്തനരഹിതവുമായ പെരുങ്കടവിള ഓയിൽ കോപ്പറേറ്റീവ് സൊസൈറ്റിയുടെ ലിക്വിഡേഷൻ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് ബന്ധപ്പെട്ട ഫയൽ നമ്പറുകൾ ഉൾപ്പടെ വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സംഘത്തിന്റെ അധീനതയിൽ നിലവിൽ ആകെ എത്ര സെന്റ് ഭൂമിയാണ് ഉള്ളതെന്നും നിലവിൽ അതിന്റെ ഉടമസ്ഥത ആർക്കാണെന്നും വ്യക്തമാക്കാമോ; ഖാദി ബോർഡിന് പ്രസ്തുത സ്ഥലത്തിന്റെ പേരിൽ ബാധ്യതകളുണ്ടോ; എങ്കിൽ എത്ര തുകയാണ് ബാധ്യതയെന്നത് വ്യക്തമാക്കാമോ;

(സി) മാരായമുട്ടം പോലീസ് സ്റ്റേഷന് പുതിയ മന്ദിരം നിർമ്മിക്കുന്നതിന് ഈ സംഘത്തിന്റെ ഉടമസ്ഥതയിലുള്ള ഭൂമി കൈമാറി നൽകുന്നതിന് സമർപ്പിച്ചിരുന്ന പ്രൊപ്പോസലിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; ആയതിന് നിയമതടസ്സമുണ്ടോ;

(ഡി) എങ്കിൽ ആയതൊഴിവാക്കി നിലവിൽ ബാധ്യതയുള്ളതും അവകാശികളില്ലാത്തതും പ്രവർത്തനരഹിതവുമായ സംഘത്തിന്റെ ഭൂമി മാരായമുട്ടം പോലീസ് സ്റ്റേഷൻ നിർമ്മാണത്തിനായി കൈമാറുന്നതിന് സ്വീകരിക്കുന്ന നടപടികൾ എന്താണെന്നും വിശദമാക്കാമോ?

## കേരള സംസ്ഥാന കൈത്തറി വികസന കോർപ്പറേഷൻ (ഹാൻവീവ്) വിരമിച്ച ജീവനക്കാരുടെ ആനുകൂല്യങ്ങൾ

2680 **ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന കൈത്തറി വികസന കോർപ്പറേഷനിൽ (ഹാൻവീവ്) നിന്ന് വിരമിച്ച ജീവനക്കാർക്ക് ഗ്രാറ്റുവിറ്റി, ലീവ് സറണ്ടർ എന്നീ ആനുകൂല്യങ്ങൾ യഥാസമയം നൽകാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) വിരമിച്ച എത്ര പേർക്ക് ആനുകൂല്യങ്ങൾ നൽകാനുണ്ട്; വിശദാംശം ലഭ്യമാക്കുമോ;

(സി) ഇവർക്ക് അടിയന്തരമായി ആനുകൂല്യങ്ങൾ നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

## കൈത്തറി മേഖലയിലെ ഉല്പാദന വിതരണരീതികളുടെ നവീകരണം

2681 **ശ്രീ. അഹമ്മദ് ദേവർകോവിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൈത്തറി മേഖലയിലെ ഉല്പാദന വിതരണരീതികൾ നവീകരിക്കുന്നതിനും വിപുലപ്പെടുത്തുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ;

(ബി) കൈത്തറി ഉല്പന്നങ്ങൾ സംസ്ഥാനത്തിന്റെ സകല മേഖലകളിലെയും ജനങ്ങളിലേക്ക് എത്തിക്കുന്നതിന് എന്തെല്ലാം പുതിയ പദ്ധതികളാണ് നടപ്പാക്കി വരുന്നതെന്ന് വിശദമാക്കാമോ?

## ഖാദി സ്ഥാപനങ്ങൾക്ക് സർക്കാർ കുടിശ്ശിക വിതരണം

2682 **ശ്രീ. എം. വിൻസെന്റ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചില്ലറ വില്പനയിൽ ഉപഭോക്താക്കൾക്ക് നൽകിയ റിബേറ്റ് ഇനത്തിൽ കേരളത്തിലെ ഖാദി സ്ഥാപനങ്ങൾക്ക് സംസ്ഥാന സർക്കാർ എത്ര രൂപ കുടിശ്ശിക വിതരണം ചെയ്യാൻ ഉണ്ടെന്നും പ്രസ്തുത കുടിശ്ശിക വിതരണം ചെയ്യുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ എന്നും വിശദമാക്കാമോ;

(ബി) സംസ്ഥാനത്തെ ഖാദി മേഖലയിൽ പ്രവർത്തിക്കുന്ന സൊസൈറ്റികൾക്കും തൊഴിലാളികൾക്കും ഇതര സ്ഥാപനങ്ങൾക്കുമായി സംസ്ഥാന സർക്കാർ എത്ര രൂപ കുടിശ്ശിക ഇനത്തിൽ വിതരണം ചെയ്യാനുണ്ട്; ഏതൊക്കെ ഇനത്തിലുള്ള കുടിശ്ശികയാണ് നല്കാനുള്ളത്; പ്രസ്തുത കുടിശ്ശിക തുക അടിയന്തരമായി വിതരണം ചെയ്ത് ഖാദി മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

## <u>ഖാദി വ്യവസായ നവീകരണം</u>

2683 **ശ്രീ. ടി. പി .രാമകൃഷ്ണൻ**
**ശ്രീ. ടി.ഐ.മധുസൂദനൻ**
**ശ്രീമതി ദെലീമ**
**ശ്രീ സി കെ ഹരീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പരമ്പരാഗത വ്യവസായമായ ഖാദി വ്യവസായത്തെ നവീകരിക്കുന്നതിന് സ്വീകരിച്ച നടപടി ലക്ഷ്യത്തിലേക്കെത്തുന്നുണ്ടോ; വിശദമാക്കാമോ;

(ബി) ഖാദിയുടെ ആഭ്യന്തര വിപണി മെച്ചപ്പെടുത്തുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ;

(സി) പുതിയ ഡിസൈനുകളിൽ ട്രെയിനിംഗ് ലഭിച്ചിട്ടുള്ള തൊഴിലാളികൾ പുതിയ സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

## <u>വടകര താലൂക്കിൽ ഖാദി ബോർഡിന്റെ ഉടമസ്ഥതയിലുള്ള ആസ്തികൾ</u>

2684 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വടകര താലൂക്കിൽ കേരള ഖാദി ബോർഡിന്റെ ഉടമസ്ഥതയിലുള്ള ആസ്തികൾ എവിടെയൊക്കെ സ്ഥിതി ചെയ്യുന്നുണ്ടെന്നും ആസ്തിയുടെ പേരും തരവും വിശദവിവരങ്ങളും അറിയിക്കാമോ;

(ബി) ഇതിൽ ഉപയോഗിക്കാതെ കിടക്കുന്ന ആസ്തികൾ ഉണ്ടോ; ഉണ്ടെങ്കിൽ അവ പുനരുദ്ധരിച്ച് പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

## <u>ഖാദി കെട്ടിടങ്ങൾ പുതുക്കി പണിയുന്നതിനുള്ള പദ്ധതി</u>

2685 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഖാദി കെട്ടിടങ്ങൾ പുതുക്കി പണിയുന്നതിന് പ്രത്യേക പദ്ധതി തയ്യാറാക്കാൻ ഉദ്ദേശിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) ബാലുശ്ശേരി മണ്ഡലത്തിൽ ഖാദിയുടെ ഉടമസ്ഥതയിൽ എത്ര കെട്ടിടങ്ങളാണ് നിലവിലുള്ളത്; ഇവയിൽ ഏതൊക്കെ കെട്ടിടങ്ങളാണ് നവീകരിച്ചിട്ടുള്ളതെന്നും ഏതൊക്കെയാണ് നവീകരിക്കാനുള്ളതെന്നും വിശദമാക്കാമോ?

## ദേശീയപാതയുടെ നിർമ്മാണത്തിൽ കയർ ഭൂവസ്ത്രത്തിന്റെ ഉപയോഗം

2686 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാതയുടെ നിർമ്മാണത്തിൽ കയർ ഭൂവസ്ത്രം ഉപയോഗിക്കണമെന്ന കേരളത്തിന്റെ ആവശ്യം കേന്ദ്രസർക്കാർ അംഗീകരിച്ചുവോ; എങ്കിൽ പ്രസ്തുത ആവശ്യം അംഗീകരിക്കപ്പെട്ടതിനാൽ സംസ്ഥാനത്തെ കയർ വ്യവസായത്തിനുണ്ടാകുന്ന നേട്ടങ്ങൾ വിശദമാക്കാമോ?

## ദേശീയപാത നിർമ്മാണത്തിന് കയർ ഭൂവസ്ത്രം ഉപയോഗിക്കാൻ നടപടി

2687 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ദേശീയപാത നിർമ്മാണത്തിന് കയർ ഭൂവസ്ത്രം ഉപയോഗിക്കുന്നതിന്റെ പ്രാധാന്യവും സാധ്യതയും ദേശീയപാത അതോറിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ അനുഭാവപൂർവ്വമായ നടപടികൾ ദേശീയപാത അതോറിറ്റിയുടെ ഭാഗത്തു നിന്നും ഉണ്ടായിട്ടുണ്ടോ; വ്യക്തമാക്കാമോ?

## കയർപിരി മെഷീനുകൾ

2688 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലാവസ്ഥാ വ്യതിയാനത്തിന്റെ പശ്ചാത്തലത്തിൽ, പുതിയ ഉല്പന്നങ്ങൾ ഉല്പാദിപ്പിക്കാനായി സംഘങ്ങൾക്ക് യന്ത്രവൽകൃത കയർപിരി മെഷീനുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവയുടെ വിശദവിവരം ലഭ്യമാക്കാമോ;

(ബി) കയർ നിർമ്മാണത്തിന് ആവശ്യമായ ചകിരി വേർതിരിക്കൽ യൂണിറ്റുകൾ പ്രവർത്തിപ്പിക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കാമോ;

(സി) കയർസംഘങ്ങൾക്ക് നൽകിയിട്ടുള്ള പഴയ യന്ത്രങ്ങൾക്ക് പകരം ഗുണമേന്മയുള്ള ഓട്ടോ ഫീഡർ മെഷീനുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവയുടെ വിശദവിവരം ലഭ്യമാക്കാമോ?

## കയർ മേഖലയുടെ ഉന്നമനം

2689 **ശ്രീ. എച്ച്. സലാം**
**ശ്രീ കെ യു ജനീഷ് കുമാർ**
**ശ്രീ. കെ. ജെ. മാക്സി**
**ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കയർ മേഖലയുടെ ഉന്നമനത്തിനായി രൂപീകരിച്ച വിദഗ്ധ സമിതിയുടെ റിപ്പോർട്ടിന്മേൽ തുടർ നടപടി ആരംഭിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

## കയർ വ്യവസായത്തെ സംരക്ഷിക്കുന്നതിനുള്ള നടപടികൾ

2690 **ശ്രീ. എ. സി. മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കയർ വ്യവസായത്തെ സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; വിശദമാക്കാമോ;

(ബി) കയർ ഉല്പാദിപ്പിക്കുന്നതിന് ആവശ്യമായ ചകിരി ലഭിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നത് വിശദമാക്കാമോ?

## കയർ മേഖലയിലെ പ്രതിസന്ധി

2691 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കയർ മേഖലയിൽ പ്രവർത്തിക്കുന്ന സൊസൈറ്റികൾക്കും തൊഴിലാളികൾക്കും ഇതര സ്ഥാപനങ്ങൾക്കുമായി എത്ര രൂപ കുടിശിക ഇനത്തിൽ വിതരണം ചെയ്യാനുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഏതൊക്കെ ഇനത്തിലുള്ള കുടിശികയാണ് നൽകാൻ ഉള്ളതെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത കുടിശിക തുക അടിയന്തരമായി വിതരണം ചെയ്ത് കയർ മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

## കുണ്ടറ മണ്ഡലത്തിലെ കശുവണ്ടി ഫാക്ടറികളുടെ പ്രവർത്തനം

2692 **ശ്രീ. പി. സി. വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുണ്ടറ മണ്ഡലത്തിൽ പൊതുമേഖലയിലും സ്വകാര്യ മേഖലയിലുമായി എത്ര കശുവണ്ടി ഫാക്ടറികളാണ് നിലവിൽ പ്രവർത്തിക്കുന്നതെന്നും അവ ഏതൊക്കെയാണെന്നും ഈ സാമ്പത്തിക വർഷം നാളിതുവരെ എത്ര തൊഴിൽ ദിനങ്ങൾ തൊഴിലാളികൾക്ക് ലഭിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ;

(ബി) 2021-22, 2022-23, 2023-24, 2024-25 സാമ്പത്തിക വർഷങ്ങളിൽ കുണ്ടറ മണ്ഡലത്തിൽ പൊതുമേഖലയിലും സ്വകാര്യ മേഖലയിലുമായി എത്ര കശുവണ്ടി ഫാക്ടറികൾ പ്രവർത്തിച്ചിരുന്നുവെന്നും ആ കാലയളവിൽ തൊഴിലാളികൾക്ക് എത്ര തൊഴിൽ ദിനങ്ങളാണ് ലഭിച്ചിരുന്നതെന്നും വിശദമാക്കാമോ?

## കശുവണ്ടി മേഖലയിലെ കുടിശ്ശിക വിതരണത്തിനു നടപടി

2693 **ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കശുവണ്ടി മേഖലയിൽ പ്രവർത്തിക്കുന്ന വിവിധ സ്ഥാപനങ്ങൾക്കും തൊഴിലാളികൾക്കുമായി സംസ്ഥാന സർക്കാർ എത്ര രൂപ കുടിശിക ഇനത്തിൽ വിതരണം ചെയ്യാനുണ്ട്; ഏതൊക്കെ ഇനത്തിലുള്ള കുടിശികയാണ് നൽകാനുള്ളത്; വിശദാംശം ലഭ്യമാക്കുമോ; പ്രസ്തുത കുടിശിക തുക അടിയന്തരമായി വിതരണം ചെയ്ത് കശുവണ്ടി മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## വൈദ്യുതി വകുപ്പ് സംരംഭകർക്ക് നൽകുന്ന സഹായങ്ങൾ

2694 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറുകിട വ്യവസായ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി വൈദ്യുതി വകുപ്പ് സംരംഭകർക്കായി എന്തൊക്കെ സഹായങ്ങൾ നൽകുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പുതിയ സംരംഭങ്ങൾ ആരംഭിക്കുമ്പോൾ വോൾട്ടേജ് വ്യതിയാനം വരാത്ത വിധത്തിൽ വൈദ്യുതി ലഭിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

## വൈദ്യുതി വകുപ്പ് കുന്നത്തുനാട് മണ്ഡലത്തിൽ ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതികൾ

2695 **ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കുന്നത്തുനാട് മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് വിവിധ പദ്ധതികൾ വഴി ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ പദ്ധതിയ്ക്കും വേണ്ടി അനുവദിച്ചിട്ടുള്ള തുക എത്ര വീതമെന്നും ഓരോ പദ്ധതിയുടെയും നിലവിലെ സ്ഥിതി എന്തെന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതികളിൽ പൂർത്തീകരിക്കുവാൻ ഇനിയും ശേഷിക്കുന്ന പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തീകരിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

## വൈദ്യുതി ലഭിക്കുന്നതിന് വേണ്ടിയുള്ള നടപടിക്രമങ്ങൾ

2696 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വീട്, കടമുറികൾ, കോട്ടേജ്, പമ്പ് ഹൗസ്, ഷെഡുകൾ (കൃഷി ആവശ്യത്തിന്), തുടങ്ങി വിവിധ ആവശ്യങ്ങൾക്കായുള്ള വൈദ്യുതി ലഭിക്കുന്നതിന് വേണ്ടി അപേക്ഷ നൽകുമ്പോൾ ഒരേതരത്തിലുള്ള നടപടിക്രമങ്ങളാണോ സ്വീകരിക്കേണ്ടത്; വിശദമാക്കാമോ;

(ബി) ഒക്യുപ്പൻസി അനുസരിച്ച് അപേക്ഷ നടപടിക്രമങ്ങളിൽ മാറ്റമുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(സി) പ്രസ്തുത സ്ഥാപനങ്ങളിലേക്കെല്ലാം അപേക്ഷ സമർപ്പിച്ച് വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനുള്ള സമയപരിധി എത്രയാണെന്ന് വ്യക്തമാക്കാമോ?

## കണ്ണൂർ ജില്ലയിലുള്ള ചാർജ്ജിംഗ് സ്റ്റേഷനുകൾ

2697 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇലക്ട്രിക് വാഹനങ്ങൾ ചാർജ്ജ് ചെയ്യുന്നതിനായി കേരളത്തിൽ എത്ര ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) കണ്ണൂർ ജില്ലയിലുള്ള ചാർജ്ജിംഗ് സ്റ്റേഷനുകൾ എവിടെയെല്ലാമാണെന്ന് അറിയിക്കാമോ?

## മലപ്പുറം മണ്ഡലത്തിലെ വൈദ്യുതി വകുപ്പിന്റെ പ്രവർത്തനങ്ങൾ

2698 **ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം മണ്ഡലത്തിൽ വൈദ്യുതി വകുപ്പിന്റെ കീഴിൽ നടന്നു വരുന്ന വിവിധ പ്രവർത്തനങ്ങളും അവയുടെ പുരോഗതിയും വെളിപ്പെടുത്തുമോ;

(ബി) വോൾട്ടേജ് മെച്ചപ്പെടുത്തൽ പ്രവൃത്തികളുടെ ഭാഗമായി വിവിധ പ്രദേശങ്ങളിൽ ട്രാൻസ്ഫോമറുകളും ത്രീഫേസ് ലൈനുകളും സ്ഥാപിക്കുന്ന പ്രവൃത്തികളുടെ വിശദാംശം നൽകുമോ;

(സി) പ്രവൃത്തികൾ എത്രയും വേഗം പൂർത്തീകരിക്കുവാൻ നിർദേശം നൽകുമോ; വിശദമാക്കാമോ?

## മാവേലിക്കര മണ്ഡലത്തിലെ വിവിധ ഇലക്ട്രിക് സെക്ഷൻ ഓഫീസുകളിലെ പ്രവൃത്തികൾ

2699 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 മുതൽ വൈദ്യുതി വകുപ്പിൽ നിന്നും മാവേലിക്കര മണ്ഡലത്തിലെ വിവിധ ഇലക്ട്രിക് സെക്ഷൻ ഓഫീസുകൾ മുഖേന അനുവദിച്ച പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കുമോ; അവയുടെ തൽസ്ഥിതി അറിയിക്കുമോ?

## ഇലക്ട്രിക് വാഹനങ്ങൾക്കുള്ള റീചാർജ്ജിംഗ് കേന്ദ്രങ്ങൾ

2700 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിൽ ഇലക്ട്രിക് വാഹനങ്ങൾ റീചാർജ്ജ് ചെയ്യുന്നതിന് കെ. എസ്. ഇ. ബി. യുടെ കീഴിലുള്ള എത്ര ചാർജ്ജിംഗ് സ്റ്റേഷനുകൾ നിലവിലുണ്ടെന്നും അവ എവിടെയെല്ലാമാണെന്നും വ്യക്തമാക്കാമോ;

(ബി) പുതുതായി എവിടെയെല്ലാം ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുവാൻ നിശ്ചയിച്ചിട്ടുണ്ടെന്നുള്ള വിവരം നൽകാമോ?

**ആട്ടോമൊബൈൽ ചാർജ്ജിംഗ് ഇൻഫ്രാസ്ട്രക്ചർ നവീകരണത്തിനായുള്ള നടപടികൾ**

2701 **ശ്രീ. എ. സി. മൊയ്തീൻ**
**ശ്രീ. കെ. എം. സച്ചിൻദേവ്**
**ശ്രീ വി കെ പ്രശാന്ത്**
**ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആട്ടോമൊബൈൽ ചാർജ്ജിംഗ് ഇൻഫ്രാസ്ട്രക്ചർ നവീകരണവുമായി ബന്ധപ്പെട്ട് സർക്കാർ നടത്തിയിട്ടുള്ള ഇടപെടലുകൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ആട്ടോമൊബൈൽ ചാർജ്ജിംഗ് ഇൻഫ്രാസ്ട്രക്ചർ നവീകരണ രംഗത്ത് ആധുനിക സാങ്കേതിക വിദ്യ നടപ്പാക്കുന്നത് പരിഗണനയിലുണ്ടോ; ചെറിയ വാഹനങ്ങളുടെ ബാറ്ററി സ്വാപ്പിംഗ് സാധ്യമാക്കുന്നത് പരിഗണിക്കുമോ ; വിശദവിവരം ലഭ്യമാക്കുമോ;

(സി) വൈദ്യുതി വാഹനരംഗത്ത് കൂടുതൽ നിക്ഷേപം ആകർഷിക്കുന്നതും വൈദ്യുത വാഹനങ്ങൾ സാർവത്രികമാക്കുന്നതും ലക്ഷ്യമിട്ട് കേന്ദ്ര സർക്കാർ പുറത്തിറക്കിയ പുതിയ ഇ. വി. നയം 2025 പ്രാബല്യത്തിൽ വരുന്നതോടുകൂടി സംസ്ഥാനത്തുണ്ടായേക്കാവുന്ന അധിക വൈദ്യുതിയുടെ ആവശ്യകത പഠനവിധേയമാക്കിയിട്ടുണ്ടോ; വിശദമാക്കുമോ?

**നാദാപുരം മണ്ഡലത്തിലെ വൈദ്യുതിക്ഷാമം**

2702 **ശ്രീ. ഇ കെ വിജയൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിൽ വൈദ്യുതിക്ഷാമം പരിഹരിക്കുന്നതിന് വകുപ്പ് മുഖേന പൂർത്തിയായ പ്രോജക്ടുകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) 2016 ജൂൺ മുതൽ നാളിതുവരെ ഈ മണ്ഡലത്തിലെ പത്ത് പഞ്ചായത്തുകളിൽ വൈദ്യുതിക്ഷാമം പരിഹരിക്കുന്നതിന് നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയാണെന്ന് അടങ്കൽ തുക സഹിതം വിശദമാക്കാമോ;

(സി) ഈ പദ്ധതികൾ നടപ്പിലാക്കിയത് വഴി ഏതൊക്കെ ഗ്രാമ പഞ്ചായത്തിൽ വൈദ്യുതി ക്ഷാമത്തിന് പരിഹാരം ആയിട്ടുണ്ടെന്ന് വിശദമാക്കാമോ?

**വൈദ്യുതി കണക്ഷൻ നൽകുന്നതിന് നടപടി**

2703 **ശ്രീ. സണ്ണി ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിട്ടി കെ. എസ്. ഇ. ബി. സെക്ഷന് കീഴിൽ വരുന്ന ഉളിയിൽ ആവിലാട് താമസിക്കുന്ന ഷെർമിന എന്ന വ്യക്തി വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനുവേണ്ടി

അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത അപേക്ഷയുടെ നിലവിലെ സ്ഥിതി എന്താണ് ;

(ബി) വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് എന്തെങ്കിലും തടസ്സമുള്ളതായി അപേക്ഷക സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ; പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട ഏതെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നാണ് നിവേദനം ലഭിച്ചതെന്നും ആയതിന്മേൽ സ്വീകരിച്ച നടപടിയുടെ നിലവിലെ സ്ഥിതിയെന്താണെന്നും അറിയിക്കുമോ ;നിവേദനം നൽകി പത്തുമാസം കഴിഞ്ഞിട്ടും കണക്ഷന്റെ കാര്യത്തിൽ യാതൊരു തീരുമാനവും എടുത്തിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ഭവന നിർമ്മാണ സഹായ പദ്ധതിയിൽ ഉൾപ്പെടുത്തി വീട് ലഭിച്ച അപേക്ഷക ഉൾപ്പെടെയുള്ള 5 പേർ വീട് നിർമ്മിക്കുന്ന പ്രദേശത്ത് വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനായി രണ്ടര ലക്ഷത്തോളം രൂപ അടക്കണമെന്ന വ്യവസ്ഥയിൽ ഇളവ് നൽകി വൈദ്യുതി കണക്ഷൻ നൽകാൻ ആവശ്യമായ നടപടി സ്വീകരിക്കാമോ?

## ചെങ്കുളം ചെറുകിട ജലവൈദ്യുത പദ്ധതി

2704 **ശ്രീ. എ. രാജ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിലെ അപ്പർ ചെങ്കുളം ചെറുകിട ജലവൈദ്യുത പദ്ധതിയുടെ വിശദാംശവും നിർമ്മാണ പുരോഗതിയും വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് വീടും സ്ഥലവും നഷ്ടപ്പെടുന്നവരുടെ പരാതിയിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

## പേരാമ്പ്ര മണ്ഡലത്തിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് നടപടി

2705 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വോൾട്ടേജ് ക്ഷാമം പരിഹരിക്കണമെന്നാവശ്യപ്പെട്ട് പേരാമ്പ്ര മണ്ഡലത്തിലെ ഏതൊക്കെ പ്രദേശങ്ങളിൽ നിന്നും അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത അപേക്ഷകളിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കാമോ?

## കെ. എസ്. ഇ. ബി. യുടെ പ്രവർത്തന ലാഭം

2706 **ശ്രീ . കെ .ഡി .പ്രസേനൻ**
**ശ്രീ. മുരളി പെരുനെല്ലി**
**ശ്രീ. എ. രാജ**
**ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024-2025 സാമ്പത്തിക വർഷം കെ. എസ്. ഇ. ബി. യുടെ പ്രവർത്തന ലാഭം എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാരിന്റെ കാലയളവിൽ പ്രവർത്തനലാഭം നേടുന്നതിനായി നടത്തിയിട്ടുള്ള ഇടപെടലുകൾ പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) വൈദ്യുതി വാങ്ങൽ സംബന്ധിച്ച് എടുത്ത നടപടികൾ കാരണം ശരാശരി വൈദ്യുതി വാങ്ങൽ വിലയിൽ കുറവുണ്ടായിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) വൈദ്യുതി ചാർജ്ജിനത്തിൽ ബോർഡിന് കിട്ടേണ്ട കുടിശിക ഈടാക്കാനുള്ള നടപടികളിലെ പുരോഗതി അറിയിക്കാമോ?

**കുറ്റ്യാടി മണ്ഡലത്തിൽ വൈദ്യുതി ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കാൻ നടപടി**

2707 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി മണ്ഡലത്തിൽ പുതുതായി വൈദ്യുതി ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;

(ബി) കുറ്റ്യാടി, കക്കട്ടിൽ, ആയഞ്ചേരി, വില്യാപ്പള്ളി, തിരുവള്ളൂർ, തണ്ണീർപ്പന്തൽ, പള്ളിയത്ത്, മണിയൂർ, പുറമേരി എന്നീ പ്രധാന സ്ഥലങ്ങളിൽ വൈദ്യുതി ചാർജിംഗ് സ്റ്റേഷനുകൾ ഇല്ലാത്തത് കാരണം നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

**വൈദ്യുത ലൈനുകൾ ഭൂമിക്കടിയിലൂടെ കേബിളുകളിലേയ്ക്ക് മാറ്റുന്ന നടപടി**

2708 **ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞൂർ ഗ്രാമപഞ്ചായത്തിലെ ഹാപ്പിനസ് പാർക്കിന്റെ മദ്ധ്യത്തിലൂടെ കടന്നുപോകുന്ന ഹൈടെൻഷൻ/ ലോ ടെൻഷൻ ലൈനുകൾ ഭൂമിക്കടിയിലൂടെ കേബിളുകളിലേയ്ക്ക് മാറ്റി സ്ഥാപിക്കണമെന്നാവശ്യപ്പെട്ട് കാഞ്ഞൂർ പഞ്ചായത്ത് പ്രസിഡന്റ് 25.02.2025-ന് സമർപ്പിച്ച 223/എം (ഇഎൽഇ)/വിഐപി/ ആർഎൽ/2025 നമ്പർ നിവേദനത്തിന്മേൽ കെ. എസ്. ഇ. ബി. എൽ സി. എം. ഡി. നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഈ വിഷയത്തിൽ സി.എം.ഡി. നാളിതുവരെ എന്തെങ്കിലും റിപ്പോർട്ടുകൾ ശേഖരിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) ഈ വിഷയത്തിൽ അടിയന്തര തുടർ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

**ഇലക്ട്രിക് വാഹനങ്ങളുടെ ചാർജിംഗ് സ്റ്റേഷനുകൾ**

2709 **ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇലക്ട്രിക് വാഹനങ്ങൾ സംസ്ഥാനത്ത് വർധിച്ച് വരുന്ന സാഹചര്യത്തിൽ കൂടുതൽ ചാർജിംഗ് സ്റ്റേഷനുകൾ ആരംഭിക്കേണ്ടതിന്റെ അനിവാര്യത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ബി) കെ. എസ്. ഇ. ബി. ക്ക് കീഴിൽ നിലവിൽ സംസ്ഥാനത്ത് എത്ര ചാർജിംഗ് സ്റ്റേഷനുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

## വൈദ്യുതി ലൈനുകൾ മാറ്റി സ്ഥാപിക്കാൻ നടപടി

2710 **ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി മണ്ഡലത്തിലെ കക്കാട് മുതൽ കോഴിച്ചെന വരെയുള്ള പ്രദേശത്ത് ഹൈവേയുടെ വശത്തുള്ള സ്വകാര്യ ഭൂമിയിലൂടെ കടന്നുപോകുന്ന വൈദ്യുതി മെയിൻ ലൈനുകൾ അപകടസാധ്യത കണക്കിലെടുത്ത് മാറ്റി സ്ഥാപിക്കണമെന്ന ആവശ്യത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത വൈദ്യുതി ലൈനുകൾ മാറ്റി സ്ഥാപിക്കുന്നതിനാവശ്യമായ ചെലവുകൾ വൈദ്യുതി ബോർഡ് വഹിക്കുമോയെന്ന് വ്യക്തമാക്കാമോ?

## കോഴിക്കോട് സൗത്ത് മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് അനുവദിച്ച പദ്ധതികൾ

2711 **ശ്രീ. അഹമ്മദ് ദേവർകോവിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നാളിതുവരെ കോഴിക്കോട് സൗത്ത് മണ്ഡലത്തിൽ ഏതെല്ലാം പദ്ധതികളാണ് വൈദ്യുതി വകുപ്പ് അനുവദിച്ചതെന്ന് വിശദമാക്കാമോ;

(ബി) ഈ പദ്ധതികളുടെ വിശദവിവരങ്ങൾ, ഓരോ പദ്ധതിക്കും അനുവദിച്ച തുക, നിർവഹണ ഏജൻസി എന്നിവ സംബന്ധിച്ച വിവരം ലഭ്യമാക്കാമോ;

(സി) പദ്ധതികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

## മണിയാർ ജലവൈദ്യുത പദ്ധതി

2712 **ശ്രീ രമേശ് ചെന്നിത്തല :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയിലെ മണിയാർ ജലവൈദ്യുത പദ്ധതിയുടെ കരാർ കാലാവധി അവസാനിച്ച ശേഷവും കാർബൊറാണ്ടം യൂണിവേഴ്സൽ കമ്പനി, പ്രസ്തുത പദ്ധതി കെ. എസ്. ഇ. ബി. -ക്ക് കൈമാറാത്തതിന്റെ കാരണം അറിയിക്കാമോ;

(ബി) കരാർകാലാവധിക്ക് ശേഷം മണിയാർ ജലവൈദ്യുതി പദ്ധതിയിൽ നിന്നും പ്രസ്തുത കമ്പനി നടത്തിയ വൈദ്യുതി ഉല്പാദനത്തിന്റേയും വിതരണത്തിന്റേയും വിശദാംശം ലഭ്യമാക്കാമോ;

(സി) കരാർ കാലാവധിക്ക് ശേഷവും പ്രസ്തുത കമ്പനി പ്രസ്തുത പ്രോജക്ടിന്റെ നടത്തിപ്പുമായി മുന്നോട്ട് പോകുന്നുവെന്നത് തികച്ചും നിയമവിരുദ്ധമാണെന്നിരിക്കേ ഇക്കാര്യത്തിൽ എന്ത് നിയമനടപടിയാണ് കെ. എസ്. ഇ. ബി. സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(ഡി) മണിയാർ ജലവൈദ്യുത പദ്ധതി അടിയന്തരമായി കെ. എസ്. ഇ. ബി. -ക്ക് കൈമാറുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

## ഇലക്ട്രിക് വെഹിക്കിൾ ചാർജിംഗ് സ്റ്റേഷൻ

2713 **ശ്രീ സി കെ ഹരീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല മണ്ഡലത്തിൽ സ്ഥാപിച്ച ഇലക്ട്രിക് വെഹിക്കിൾ ചാർജിംഗ് സ്റ്റേഷനുകളുടെ വിശദാംശം ലഭ്യമാക്കാമോ; ഇതിൽ ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനുകൾ ഉണ്ടോ; വിശദമാക്കാമോ;

(ബി) ഇവിടെ സ്ഥാപിച്ച എല്ലാ സ്റ്റേഷനുകളും സുഗമമായി പ്രവർത്തിച്ച് വരുന്നുണ്ടോ; വിശദമാക്കാമോ;

(സി) ഇക്കാലയളവിൽ പ്രസ്തുത ചാർജിംഗ് സ്റ്റേഷ്യകളിലൂടെ കെ. എസ്. ഇ. ബി. ക്ക് എത്ര രൂപയുടെ വരുമാനം ഉണ്ടായി എന്നുള്ള വിവരം അറിയിക്കാമോ;

(ഡി) കൂടുതൽ സ്ഥലങ്ങളിലേക്ക് ചാർജിംഗ് സ്റ്റേഷനുകൾ വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ ആലോചനയിലുണ്ടോ; വിവരം അറിയിക്കാമോ?

## വ്യവസായ സൗഹൃദ വൈദ്യുതി നയം

2714 **ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആകെയുള്ള വ്യാവസായിക കണക്ഷനുകളുടെ എണ്ണം എത്രയാണ്; ഇതിൽ ലോ ടെൻഷൻ (LT), ഹൈ ടെൻഷൻ (H T), എക്സ്ട്രാ ഹൈ ടെൻഷൻ (EHT) ഉപഭോക്താക്കളുടെ എണ്ണം എത്ര വീതമാണ്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) കഴിഞ്ഞ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്ത് ഓരോ വർഷവും പുതിയതായി നൽകിയ വ്യാവസായിക കണക്ഷനുകളുടെ എണ്ണം എത്ര വീതം ആണ്; ഇതിൽ ലോ ടെൻഷൻ (LT), ഹൈ ടെൻഷൻ (HT), എക്സ്ട്രാ ഹൈ ടെൻഷൻ (EHT) ഉപഭോക്താക്കളുടെ എണ്ണം എത്ര വീതമാണ്; വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(സി) സംസ്ഥാനത്ത് നിലവിലുള്ള വൈദ്യുതി നിരക്ക് ഗാർഹിക കണക്ഷനും വ്യവസായ സംരംഭങ്ങൾക്കുള്ള കണക്ഷനും ഉൾപ്പെടെ ഓരോന്നിനും ഏത് നിരക്കിലാണ്; വിശദാംശം ലഭ്യമാക്കുമോ;

(ഡി) രാത്രി 10 മുതൽ രാവിലെ 6 വരെ സാധാരണ വ്യാവസായിക നിരക്കിനേക്കാൾ അധിക നിരക്ക് ഏർപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ അധിക വർദ്ധന ആവശ്യപ്പെട്ട് കെ. എസ്. ഇ. ബി. റഗുലേറ്ററി കമ്മീഷനെ സമീപിച്ചിട്ടുണ്ടോ; എങ്കിൽ അത് രാത്രി പ്രവർത്തിക്കുന്ന ഐ. ടി. അനുബന്ധ വ്യവസായങ്ങൾക്ക് ഉൾപ്പടെ തിരിച്ചടിയാവും എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) സംസ്ഥാനത്ത് വ്യവസായ സൗഹൃദമായ വൈദ്യുതി നയം നടപ്പിലാക്കുമോ?

## വൈദ്യുതിയിൽ നിന്നുള്ള അപകടങ്ങൾ കുറയ്ക്കുന്നതിന് വൈദ്യുതി വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ

2715 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതിയിൽ നിന്നുള്ള അപകടങ്ങൾ, മരണങ്ങൾ എന്നിവ കുറയ്ക്കുന്നതിന് വൈദ്യുതി വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

## <u>വൈദ്യുത കണക്ഷൻ പുനഃസ്ഥാപിക്കൽ</u>

2716 **ശ്രീ. ഇ കെ വിജയൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 1166 276 00 9151 നമ്പർ വൈദ്യുത കണക്ഷൻ നിലവിൽ ആരുടെ പേരിൽ ആണെന്നും ഈ കണക്ഷൻ എത്ര വർഷമായിട്ടുള്ളതാണെന്നും വ്യക്തമാക്കാമോ;

(ബി) കെട്ടിട ഉടമയുടെ സമ്മത പ്രകാരം വർഷങ്ങളായി ഗ്രൗണ്ട് ഫ്ലോറിൽ സ്ഥാപിച്ച് ഉപയോഗിച്ച് കൊണ്ടിരിക്കുന്ന ഒന്നാം നിലയിലെ പ്രസ്തുത വൈദ്യുത കണക്ഷൻ മീറ്റർ താഴത്തെ നിലയിൽ നിന്നും മാറ്റണം എന്ന് ആവശ്യപ്പെട്ട് കെട്ടിട ഉടമയുടെ മകൻ മീറ്ററിലെ ഫ്യൂസ് ഊരിമാറ്റി ഡിബി ബോർഡിലേക്കുള്ള വയർ പൊട്ടിച്ചത് സംബന്ധിച്ച് വാച്ചാൽ ശ്രീ. ശ്രീധരൻ നൽകിയ പരാതിയിൽ വൈദ്യുത വകുപ്പ് നാളിതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(സി) ഇത്തരം പരാതിയിൽ വൈദ്യുത കണക്ഷൻ മീറ്റർ മാറ്റി നൽകേണ്ട സാമ്പത്തിക ഉത്തരവാദിത്തം വൈദ്യുത വകുപ്പിന്റേതാണോ പരാതി ഉന്നയിച്ച ആളിന്റേതാണോ അതോ കണക്ഷൻ ഉടമയുടേതാണോ എന്ന് വ്യക്തമാക്കുമോ;

(ഡി) മേൽ പറഞ്ഞ വൈദ്യുതി കണക്ഷനിൽ കഴിഞ്ഞ മൂന്ന് വർഷമായി എത്ര യൂണിറ്റ് വൈദ്യുതി ഉപയോഗിച്ചിട്ടുണ്ടെന്ന് മാസം (വൈദ്യുത ബിൽ മാസം ) തിരിച്ച് പറയാമോ; മേൽ ബില്ലിൽ ഓരോ മാസവും അടച്ച തുകയുടെ ബില്ല് ലഭ്യമാക്കാമോ;

(ഇ) വൈദ്യുതവകുപ്പിന്റെ നിരുത്തരവാദിത്തം കാരണം പരാതിക്കാരന് ജനറേറ്റർ ഉപയോഗിച്ച് ഓഫീസ് പ്രവൃത്തിച്ചത് മൂലം വന്നിട്ടുള്ള സാമ്പത്തിക നഷ്ടം ബന്ധപ്പെട്ട ഉദ്യോഗസ്ഥയിൽ നിന്നും ഈടാക്കുവാൻ നടപടി സ്വീകരിക്കുമോ?

## <u>മട്ടന്നൂർ മണ്ഡലത്തിലെ വൈദ്യുത വാഹന ചാർജിംഗ് സ്റ്റേഷനുകൾ</u>

2717 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ മണ്ഡലത്തിൽ സ്ഥാപിച്ച വൈദ്യുത വാഹന ചാർജിംഗ് സ്റ്റേഷനുകളുടെ വിശദാംശം ലഭ്യമാക്കാമോ; ഇവയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) മട്ടന്നൂർ മണ്ഡലത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സമീപത്തുകൂടി കടന്നുപോകുന്ന വൈദ്യുതി ലൈനുകളുടെ പരിശോധന പൂർത്തിയായിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ വിദ്യാലയങ്ങളുടെ സമീപത്തുകൂടെ പോകുന്ന വൈദ്യുതി ലൈനുകളാണ് മാറ്റേണ്ടത് എന്ന് കണ്ടെത്തിയിട്ടുള്ളത്; വിശദാംശം ലഭ്യമാക്കാമോ?

## <u>അരുവിക്കര മണ്ഡലത്തിൽ മാറ്റി സ്ഥാപിച്ച പഴക്കം ചെന്ന ട്രാൻസ്ഫോമറുകൾ</u>

2718 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വൈദ്യുതി വിതരണ രംഗം ശാക്തീകരിക്കുന്നതിന്റെ ഭാഗമായി അരുവിക്കര കമണ്ഡലത്തിൽ മാറ്റി സ്ഥാപിച്ച പഴക്കം ചെന്ന ട്രാൻസ്ഫോമറുകളുടെ എണ്ണം സംബന്ധിച്ച വിശദാംശം അറിയിക്കുമോ?

## നെയ്യാറ്റിൻകര മണ്ഡലത്തിലെ വൈദ്യുത ചാർജിംഗ് സ്റ്റേഷനുകൾ

2719 **ശ്രീ. കെ. ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര മണ്ഡലത്തിൽ നെയ്യാറ്റിൻകര നഗരസഭയിലും അതിയന്നൂർ, തിരുപുറം, ചെങ്കൽ, കാരോട്, കുളത്തൂർ എന്നീ പഞ്ചായത്തുകളിലുമായി എത്ര സ്ഥലങ്ങളിലാണ് വൈദ്യുത ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിച്ചതെന്ന് വിശദമാക്കാമോ; പ്രസ്തുത സ്ഥലങ്ങളുടെ പേരുവിവരം നഗരസഭ, പഞ്ചായത്ത് അടിസ്ഥാനത്തിൽ വ്യക്തമാക്കാമോ;

(ബി) ഓരോ ചാർജിംഗ് സ്റ്റേഷനും എത്ര തുകയാണ് വിനിയോഗിച്ചതെന്ന് വിശദമാക്കാമോ?

## സൗജന്യ ഗാർഹിക വൈദ്യുതി കണക്ഷനുകൾ

2720 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന്റെ ഭാഗമായി ഇലക്ട്രിക് പോസ്റ്റുകൾ സ്ഥാപിക്കുന്നതിന് അപേക്ഷകർ അടക്കേണ്ട തുകയിൽ ബി. പി. എൽ. വിഭാഗത്തിൽപ്പെട്ടവർക്ക് ഇളവ് നൽകുന്നതിന് വ്യവസ്ഥയുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) സൗജന്യ ഗാർഹിക വൈദ്യുതി കണക്ഷനുകൾ നിലവിൽ നൽകി വരുന്നുണ്ടോ; വിശദമാക്കാമോ;

(സി) സർക്കാരിന്റെ ധനസഹായത്തോടെ പൂർത്തീകരിക്കുന്ന വീടുകൾക്ക് വൈദ്യുതി കണക്ഷനുകൾ നൽകുന്നതിന് നിലവിൽ ഫീസ് ഈടാക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ആയത് സൗജന്യമായി നൽകുന്നത് പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ?

## കുറ്റ്യാടി മണ്ഡലത്തിലെ കെ. എസ്. ഇ. ബി.യുടെ യൂട്ടിലിറ്റി ഷിഫ്റ്റിംഗ് പ്രവൃത്തികൾ

2721 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി മണ്ഡലത്തിൽ കുറ്റ്യാടി ബൈപാസ്, വടകര വില്യാപ്പള്ളി ചേലക്കാട് റോഡ്, കുറ്റ്യാടി വലകെട്ട് കൈപ്രം കടവ് റോഡ് എന്നീ പ്രവൃത്തികളുടെ ഭാഗമായുള്ള കെ. എസ്. ഇ. ബി.യുടെ യൂട്ടിലിറ്റി ഷിഫ്റ്റിംഗ് പ്രവൃത്തികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത റോഡ് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് കെ. എസ്. ഇ. ബി.യുടെ യൂട്ടിലിറ്റി ഷിഫ്റ്റിംഗ് പ്രവൃത്തികൾ അടിയന്തരമായി നടപ്പിലാക്കാനുള്ള നടപടി സ്വീകരിക്കാമോ; വിശദമാക്കാമോ?

## സംസ്ഥാനത്തെ ഊർജ്ജ നയങ്ങൾ

2722 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അഡ്വാൻസ്ഡ് മീറ്ററിംഗ് ഇൻഫ്രാസ്ട്രക്ച്ചർ (എ. എം. ഐ. ) നടപ്പിലാക്കുന്നത് കെ. എസ്. ഇ. ബി. എൽ. വൈകിപ്പിക്കുന്നതിനാൽ കേന്ദ്ര സർക്കാർ നല്കിയിട്ടുള്ള നിശ്ചിത തീയതിക്കുള്ളിൽ ഈ പദ്ധതി പൂർണ്ണമായും നടപ്പിലാക്കാൻ പറ്റാത്ത സാഹചര്യത്തിൽ എനർജി ഓഡിറ്റിംഗ് പോലെയുള്ള ഭാവി പ്രശ്നങ്ങളെ അതിജീവിക്കുവാൻ കെ. എസ്. ഇ. ബി. എൽ. സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) ഇതര സംസ്ഥാനങ്ങൾ വൈദ്യുതി ഉൽപ്പാദന വിതരണ സംവിധാനത്തിനായി കേന്ദ്ര ഊർജ വകുപ്പ് നിർദേശിച്ച പൊതു മാനദണ്ഡങ്ങളെ അവലംബിച്ച് പ്രവർത്തനം വിജയകരമായി നടപ്പിലാക്കുമ്പോൾ സംസ്ഥാനം അതിന് വിരുദ്ധമായി ഒരു ബദൽ നയം മുന്നോട്ട് വയ്ക്കുന്നതിന്റെ കാരണം വിശദമാക്കാമോ;

(സി) 2040-ഓടെ 100% പുനരുപയോഗ ഊർജ്ജ ഉപയോഗവും 2050-ഓടെ നെറ്റ് സീറോ എമിഷനും കൈവരിക്കുന്നതിനുള്ള സംസ്ഥാനത്തിന്റെ എനർജി ട്രാൻസിഷൻ റോഡ് മാപ്പ് എന്താണെന്ന് വ്യക്തമാക്കാമോ;

(ഡി) 2025 മാർച്ച് 31-ന് അവസാനിക്കുന്ന വർഷത്തേക്ക് പുരപ്പുറ സോളാർ ഉല്പാദകർ കയറ്റുമതി ചെയ്ത മിച്ച സൗരോർജ്ജത്തിനുള്ള സെറ്റിൽമെന്റ് നിരക്ക് (എ. പി. പി. സി. ) പ്രഖ്യാപിക്കുന്നതിന് കെ. എസ്. ഇ. ആർ. സി. സ്വന്തം റെഗുലേഷൻ ( കെ. എസ്. ഇ. ആർ. സി. പുനരുപയോഗ ഊർജ്ജ, നെറ്റ്മീറ്ററിംഗ് റെഗുലേഷൻ 2020) ലംഘിച്ചതായി സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; എങ്കിൽ സർക്കാർ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(ഇ) 2020-ലെ പുനരുപയോഗ ഊർജ്ജ, നെറ്റ്മീറ്ററിംഗ് ചട്ടങ്ങളെ മറികടന്ന് കെ. എസ്. ഇ. ആർ. സി. ഉപഭോക്താക്കൾക്ക് കുറഞ്ഞ സെറ്റിൽമെന്റ് നിരക്ക് പ്രഖ്യാപിച്ചത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സർക്കാർ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ?

## കെ. എസ്. ഇ. ബി. യുടെ പുതിയ വൈദ്യുതി കണക്ഷൻ

2723 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്കും പട്ടികജാതി വിഭാഗക്കാർക്കും പുതിയ വൈദ്യുതി കണക്ഷൻ നൽകുമ്പോൾ എന്തെല്ലാം ഇളവുകളാണ് കെ. എസ്. ഇ. ബി. നൽകിവരുന്നതെന്ന് വിശദീകരിക്കാമോ;

(ബി) പ്രസ്തുത വിഭാഗക്കാർ നിർമ്മിക്കുന്ന നിശ്ചിത വിസ്തീർണ്ണത്തിൽല് കുറവുള്ള വീടുകൾക്ക് വൈദ്യുത ളുണകൾ സൗജന്യമായി സ്ഥാപിച്ചു നൽകുന്ന നിലവിലെ ആനുകൂല്യം പുതിയ വീട് നിർമ്മിക്കുമ്പോൾ കൺസ്ട്രക്ഷൻ പർപ്പസിനായി എടുക്കുന്ന താത്കാലിക കണക്ഷന് അപേക്ഷിക്കുമ്പോൾ ലഭിക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(സി) സൗജന്യമായി വൈദ്യുത ളുണകൾ സ്ഥാപിച്ചു കിട്ടാൻ അർഹതയുള്ള വീടുകൾ നിർമ്മിക്കുന്നവർക്ക്, പ്രസ്തുത വീടിന്റെ നിർമ്മാണ ആവശ്യത്തിനായി താൽക്കാലിക വൈദ്യുത കണക്ഷന് അപേക്ഷിക്കുമ്പോൾ തന്നെ സൗജന്യമായി വൈദ്യുത ളുണകൾ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## പഴയ പവർഹൗസ് മ്യൂസിയമാക്കി മാറ്റുന്നതിന് നടപടി

2724 **ശ്രീ. എ. രാജ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ആദ്യത്തെ ജലവൈദ്യുതി പദ്ധതിയായ പള്ളിവാസൽ ജലവൈദ്യുതി പദ്ധതിയുടെ പഴയ പവർഹൗസ് കെട്ടിടവും അനുബന്ധ യന്ത്രസാമഗ്രികളുടെ കൺട്രോൾ റൂമും നാശത്തിന്റെ വക്കിലെത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവ സംരക്ഷിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ബി) പൊതുജനങ്ങൾക്കും വിനോദസഞ്ചാരികൾക്കും ഉപയോഗപ്പെടുത്താവുന്ന രീതിയിൽ പ്രസ്തുത പവർഹൗസ് മ്യൂസിയമാക്കി മാറ്റുന്നതിന് നടപടികൾ സ്വീകരിക്കുമോ?

## വോൾട്ടേജ് ഇംപ്രൂവ്മെന്റ് പദ്ധതി

2725 **ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് മണ്ഡലത്തിൽ ചേലേമ്പ്ര, പള്ളിക്കൽ, പെരുവള്ളൂർ, മൂന്നിയൂർ, വള്ളിക്കുന്ന്, തേഞ്ഞിപ്പലം എന്നീ പഞ്ചായത്തുകളിൽ 2021 ജനവരി മുതൽ 2025 സെപ്റ്റംബർ വരെ കെ. എസ്. ഇ. ബി. നടത്തിയ വോൾട്ടേജ് ഇംപ്രൂവ്മെന്റ് പദ്ധതികളുടെയും മറ്റ് പദ്ധതികളുടെയും വിശദാംശം ലഭ്യമാക്കാമോ;

(ബി) ചേലേമ്പ്ര ഗ്രാമ പഞ്ചായത്തിൽ കടലുണ്ടി, ചേളാരി, രാമനാട്ടുകര എന്നീ സെക്ഷനുകൾ മുഖേനയും പള്ളിക്കൽ ഗ്രാമ പഞ്ചായത്തിൽ ചേളാരി, പുളിക്കൽ, കൊണ്ടോട്ടി, കുന്നംപുറം എന്നീ സെക്ഷനുകൾ മുഖേനയും മൂന്നിയൂർ ഗ്രാമ പഞ്ചായത്തിൽ ചേളാരി, തലപ്പാറ, പരപ്പനങ്ങാടി എന്നീ സെക്ഷനുകൾ മുഖേനയും വള്ളിക്കുന്ന് ഗ്രാമ പഞ്ചായത്തിൽ വള്ളിക്കുന്ന്, കടലുണ്ടി എന്നീ സെക്ഷനുകൾ മുഖേനയും പെരുവള്ളൂർ ഗ്രാമ പഞ്ചായത്തിൽ ചേളാരി, കുന്നംപുറം, തലപ്പാറ എന്നീ സെക്ഷനുകൾ മുഖേനയും തേഞ്ഞിപ്പലം ഗ്രാമ പഞ്ചായത്തിൽ ചേളാരി, വള്ളിക്കുന്ന് എന്നീ സെക്ഷനുകൾ മുഖേനയും നടത്തിയ വികസന പ്രവർത്തനങ്ങൾ വിശദമാക്കാമോ?

## കോങ്ങാട് മണ്ഡലത്തിലെ ആറ്റില 1, ആറ്റില 2 എന്നീ ജലവൈദ്യുത പദ്ധതികൾ

2726 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോങ്ങാട് മണ്ഡലത്തിലെ ആറ്റില 1, ആറ്റില 2 എന്നീ ജലവൈദ്യുത പദ്ധതികൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) പദ്ധതികൾ നടപ്പിലാക്കുന്നതിന് കാലതാമസം നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത പദ്ധതികൾ എന്നത്തേക്ക് ആരംഭിക്കാൻ കഴിയും എന്ന് വ്യക്തമാക്കാമോ?

**പാലക്കാട് ജില്ലയിൽ വൈദ്യുതി വകുപ്പ് നടപ്പിലാക്കിയ വിവിധ പ്രവൃത്തികൾ**

2727 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മേയ് മാസം മുതൽ നാളിതുവരെ പാലക്കാട് ജില്ലയിൽ വൈദ്യുതി വകുപ്പ് നടപ്പിലാക്കിയ വിവിധ പ്രവൃത്തികളുടെ വിശദവിവരം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ പ്രവർത്തന പുരോഗതിയുടെ വിശദാംശം ലഭ്യമാക്കാമോ?

**ബാലുശ്ശേരി മണ്ഡലത്തിൽ വൈദ്യുതി മേഖലയിലെ പദ്ധതികൾ**

2728 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ ബാലുശ്ശേരി നിയോജക മണ്ഡലത്തിൽ വൈദ്യുതി വിതരണ-പ്രസരണ മേഖലയിൽ സർക്കാർ നടപ്പിലാക്കിവരുന്ന വിവിധ പദ്ധതികളുടെയും വൈദ്യുതിയുമായി ബന്ധപ്പെട്ട മറ്റ് മേഖലകളിൽ സർക്കാർ നടപ്പിലാക്കിവരുന്ന വിവിധ പദ്ധതികളുടെയും വിശദാംശം, ചെലവഴിച്ച തുക, പ്രവൃത്തി പുരോഗതി എന്നിവ സെക്ഷൻ തിരിച്ച് ലഭ്യമാക്കാമോ?

**കോട്ടക്കൽ മണ്ഡലത്തിലെ വോൾട്ടേജ് ക്ഷാമം**

2729 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ മണ്ഡലത്തിലെ വിവിധ ഭാഗങ്ങളിൽ നിരന്തരമായി ഉണ്ടാകുന്ന വൈദ്യുതി പ്രശ്നങ്ങളും വോൾട്ടേജ് ക്ഷാമവും പരിഹരിക്കുന്നതിന് മലപ്പുറം പാക്കേജ് പദ്ധതിയിൽ ഉൾപ്പെടുത്തി മണ്ഡലത്തിൽ നടപ്പാക്കുന്ന പ്രവൃത്തികളുടെ പുരോഗതിയും നിലവിലെ സ്ഥിതിയും വിശദമാക്കാമോ;

(ബി) കോട്ടക്കൽ മണ്ഡലത്തിലെ വൈദ്യുതി ആവശ്യം പൂർണ്ണമായും നിറവേറ്റുന്നതിനായി പ്രസരണ വിഭാഗം നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ള വിവിധ പദ്ധതികളുടെ പുരോഗതിയും ഓരോന്നിന്റെയും നിലവിലെ സ്ഥിതിയും വിശദമാക്കാമോ; പദ്ധതികൾ എന്നത്തേക്ക് യാഥാർത്ഥ്യമാക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

**കുണ്ടറ മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് നടപ്പാക്കിയ പദ്ധതികൾ**

2730 **ശ്രീ. പി. സി. വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22 സാമ്പത്തിക വർഷം മുതൽ നാളിതുവരെ കുണ്ടറ മണ്ഡലത്തിൽ വൈദ്യുതി വകുപ്പിന് കീഴിൽ അനുവദിച്ചിട്ടുള്ള പദ്ധതികൾ ഏതൊക്കെയാണെന്നും ആയതിനായി ചെലവഴിച്ച തുക എത്രയാണെന്നും പ്രസ്തുത പദ്ധതികളുടെ പ്രവർത്തന പുരോഗതി എന്താണെന്നും വിശദമാക്കാമോ?

**മലപ്പുറം പാക്കേജിലെ നിലമ്പൂർ സർക്കിളിന്റെ പ്രവൃത്തി പൂർത്തീകരിക്കാൻ നടപടി**

2731 **ശ്രീ. ആര്യാടൻ ഷൗക്കത്ത്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം പാക്കേജിന്റെ ഭാഗമായി നിലമ്പൂർ സർക്കിളിന് വേണ്ടി നിലവിൽ അനുവദിച്ചിരിക്കുന്ന 45 കോടി രൂപയുടെ പാക്കേജ് നടപ്പിലാക്കുന്നതിന് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി കാലതാമസം കൂടാതെ പൂർത്തീകരിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

**2016 മുതൽ നാളിതുവരെയുള്ള അധിക വൈദ്യുതി ഉല്പാദനം**

2732 **ശ്രീ എം രാജഗോപാലൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2016 മുതൽ നാളിതുവരെ വൈദ്യുതി ഉല്പാദന മേഖലയിൽ എത്ര മെഗാവാട്ട് അധിക വൈദ്യുതി ഉല്പാദിപ്പിച്ചിട്ടുണ്ടെന്നുള്ള വിവരം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത കാലഘട്ടത്തിൽ എത്ര മെഗാവാട്ട് വൈദ്യുതി ഉപഭോഗം വർദ്ധിച്ചിട്ടുണ്ടെന്നുമുള്ള വിവരം ലഭ്യമാക്കാമോ?

**മലപ്പുറം പാക്കേജിൽ ഉൾപ്പെടുത്തിയ കൊണ്ടോട്ടി മണ്ഡലത്തിലെ പ്രവൃത്തികൾ**

2733 **ശ്രീ. ടി. വി. ഇബ്രാഹിം** : താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024 - 25, 2025 - 26 വർഷങ്ങളിൽ മഞ്ചേരി ഇലക്ട്രിക്കൽ സർക്കിളിന് കീഴിൽ കൊണ്ടോട്ടി നിയോജകമണ്ഡലത്തിൽ ഏതെല്ലാം പദ്ധതികളാണ് കെ. എസ്. ഇ. ബി. എൽ. - ന്റെ മലപ്പുറം പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി പുളിക്കൽ ഇലക്ട്രിക്കൽ സെക്ഷനിലെ പുളിക്കൽ പഞ്ചായത്തിലെ കൊട്ടപ്പുറം പാണ്ടിയാട്ടുപുറത്ത് അപകടകരമായ നിലയിലുള്ള 11 കെ. വി. ലൈൻ മാറ്റുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

**ഉടുമ്പൻചോല മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ**

2734 **ശ്രീ. എം. എം. മണി** : താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഉടുമ്പൻചോല മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം നൽകാമോ?

**ഊർജ്ജ സംഭരണ സംവിധാനം**

2735 **ഡോ. എൻ. ജയരാജ്**
**ശ്രീ. പ്രമോദ് നാരായൺ**
**ശ്രീ. ജോബ് മൈക്കിൾ**

**ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നാഷണൽ ഹൈഡ്രോ പവർ കോർപ്പറേഷനുമായി ചേർന്ന് നടപ്പാക്കുന്ന ബാറ്ററി എനർജി സ്റ്റോറേജ് സംവിധാനം സ്ഥാപിക്കുന്ന നടപടി ഏത് ഘട്ടത്തിലാണ്; ഇവ എന്നത്തേയ്ക്കാണ് പൂർണ്ണമായി പ്രവർത്തന സജ്ജമാക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് പഴങ്ങൾ, പച്ചക്കറികൾ തുടങ്ങിയവ കേടുകൂടാതെ സൂക്ഷിക്കുന്ന സൗകര്യങ്ങളുള്ള സോളാർ കോൾഡ് സ്റ്റോറേജ് സംവിധാനം ഏർപ്പെടുത്തുന്ന പദ്ധതി എവിടെയെല്ലാം നടപ്പാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതി ഏത് ഏജൻസി മുഖേനയാണ് നടപ്പാക്കുന്നതെന്നും പദ്ധതിപ്രദേശം തിരഞ്ഞെടുക്കുന്നതിലെ മാനദണ്ഡം എന്താണെന്നും അറിയിക്കുമോ?

## തോറിയം അധിഷ്ഠിത ന്യൂക്ലിയർ പവർ പ്ലാന്റുകൾ

2736 **ശ്രീ. എ. കെ. എം. അഷ്റഫ്**
**പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ**
**ശ്രീ. പി. കെ. ബഷീർ**
**ഡോ. എം. കെ. മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതോല്പാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കേരള തീരത്ത് ലഭ്യമാകുന്ന തോറിയം ഇന്ധനമായി ഉപയോഗിച്ച് ന്യൂക്ലിയർ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്നത് പഠിക്കുവാൻ ഏതെങ്കിലും ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) പഠന റിപ്പോർട്ട് എന്നത്തേക്ക് ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദമാക്കാമോ?

## വൈദ്യുതി വിതരണം കാര്യക്ഷമമാക്കുന്നതിനുള്ള നടപടി

2737 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ കുട്ടമ്പുഴ, കീരംപാറ പഞ്ചായത്തുകളിലെ വൈദ്യുതി വിതരണം കാര്യക്ഷമമാക്കുന്നതിന് വേണ്ടി വൈദ്യുതി വകുപ്പ് നടപ്പാക്കി വരുന്ന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ നിർമ്മാണ പുരോഗതി വ്യക്തമാക്കാമോ;

(സി) പദ്ധതികളുടെ നിർമ്മാണം വേഗത്തിൽ പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## മണലൂർ മണ്ഡലത്തിലെ വോൾട്ടേജ് ക്ഷാമം

2738 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി മണലൂർ മണ്ഡലത്തിൽ പുതിയതായി എത്ര ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചുവെന്നും എവിടെയൊക്കെയാണ് സ്ഥാപിച്ചിട്ടുള്ളതെന്നും അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾക്ക് എത്ര തുക ചെലവഴിച്ചു എന്ന് വ്യക്തമാക്കാമോ?

## കോതമംഗലം നഗരത്തിൽ വൈദ്യുതി വിതരണം കാര്യക്ഷമമാക്കുന്നതിനുള്ള നടപടി

2739 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം നഗരത്തിൽ വൈദ്യുതി വിതരണം കാര്യക്ഷമമാക്കുന്നതിനുവേണ്ടി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ;

(ബി) പ്രവൃത്തികൾ വേഗത്തിൽ പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## വൈദ്യുത അപകടങ്ങൾ ഒഴിവാക്കാൻ നടപടി

2740 **ശ്രീ. നജീബ് കാന്തപുരം**
**ശ്രീ. പി. അബ്ദുൽ ഹമീദ്**
**ശ്രീ. മഞ്ഞളാംകുഴി അലി**
**ഡോ. എം. കെ. മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുത അപകടങ്ങൾ വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാര്യം പരിശോധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) അനധികൃതമായി സ്ഥാപിക്കുന്ന വൈദ്യുത വേലികളിൽ നിന്ന് ഷോക്കേറ്റ് ഉണ്ടാകുന്ന മരണം തടയാൻ വൈദ്യുത ബോർഡ് ഉദ്യോഗസ്ഥർ നിരീക്ഷണം നടത്താറുണ്ടോ;

(സി) വൈദ്യുത വേലികൾ സ്ഥാപിക്കുമ്പോൾ സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

## കാസർകോട് ജില്ലയിലെ വൈദ്യുതി സെക്ഷൻ ഓഫീസുകൾ

2741 **ശ്രീ. എൻ. എ. നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോട് ജില്ലയിൽ എത്ര വൈദ്യുതി സെക്ഷൻ ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സെക്ഷൻ ഓഫീസുകളിൽ അനുവദിച്ച തസ്തികകൾ ഏതൊക്കെയാണെന്നും ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ ഏതൊക്കെയാണെന്നും സെക്ഷൻ തിരിച്ചു വ്യക്തമാക്കാമോ; എത്രകാലമായി തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുണ്ടെന്നും എപ്പോൾ നികത്തുമെന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത സെക്ഷൻ ഓഫീസുകളിൽ അനുവദിച്ച വാഹനങ്ങൾ എത്രയാണെന്നും ഇപ്പോൾ വാഹനങ്ങളുടെ കുറവുണ്ടോ എന്നും സെക്ഷൻ തിരിച്ച് വ്യക്തമാക്കാമോ;

(ഡി) സാമഗ്രികളുടെ അപര്യാപ്തതമൂലം തക്കസമയത്ത് ഉപഭോക്താക്കൾക്ക് സേവനം ലഭ്യമാക്കാൻ സാധിക്കാത്ത അവസ്ഥയുണ്ടോ എന്ന് സെക്ഷൻ തിരിച്ച് വ്യക്തമാക്കാമോ?

**നെല്ലിക്കാപറമ്പ് സബ്സ്റ്റേഷൻ നിർമ്മാണം**

2742 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ഇ. ബി.യുടെ നിർദിഷ്ട നെല്ലിക്കാപറമ്പ് സബ്സ്റ്റേഷൻ നിർമ്മാണ നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തി എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

**പൂഞ്ഞാർ മണ്ഡലത്തിലെ കണമല പ്രദേശത്ത് പുതിയ സബ്സ്റ്റേഷൻ**

2743 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിലെ കണമല പ്രദേശത്ത് നിരന്തരമുണ്ടാകുന്ന വൈദ്യുതി തടസ്സത്തിന് ശാശ്വത പരിഹാരം കാണുന്നതിനായി പ്രസ്തുത പ്രദേശത്ത് ഒരു സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

**പുളിക്കൽ, കൊണ്ടോട്ടി സബ് സ്റ്റേഷനുകൾ**

2744 **ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊണ്ടോട്ടി മണ്ഡലത്തിനും പരിസര പ്രദേശങ്ങൾക്കും ഉപകാരപ്പെടുന്ന പുളിക്കൽ 110 കെ. വി. സബ് സ്റ്റേഷൻ, കൊണ്ടോട്ടി 33 കെ. വി. സബ്സ്റ്റേഷൻ എന്നിവ സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികളുടെ നിലവിലെ പുരോഗതി സംബന്ധിച്ച വിശദാംശം പ്രത്യേകമായി ലഭ്യമാക്കുമോ?

**ചങ്ങനാശ്ശേരിയിൽ പുതിയ സബ് സ്റ്റേഷൻ സ്ഥാപിക്കുന്നതിന് നടപടി**

2745 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി മണ്ഡലത്തിലെ വൈദ്യുതി ക്ഷാമം പരിഹരിക്കുന്നതിന് പുതിയ സബ് സ്റ്റേഷൻ സ്ഥാപിക്കുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) സബ് സ്റ്റേഷൻ സ്ഥാപിക്കുന്നതിന് കുറിച്ചി പഞ്ചായത്തിലെ ഹോമിയോ കോളേജിന് സമീപമുള്ള സർക്കാർ പുറമ്പോക്ക് അനുയോജ്യമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത സ്ഥലത്ത് കെ.എസ്.ഇ.ബി.യുടെ സബ് സ്റ്റേഷൻ സ്ഥാപിക്കുന്നതിന് ആവശ്യമായ അനുമതികൾ ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

## കെ. എസ്. ഇ. ബി. അസിസ്റ്റന്റ് എഞ്ചിനീയർ തസ്തിക

2746 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ഇ. ബി. ഇലക്ട്രിക്കൽ വിഭാഗത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിൽ അംഗീകൃത തസ്തികകൾ എത്രയെണ്ണം ഉണ്ടെന്ന് ക്വാട്ട തിരിച്ച് വ്യക്തമാക്കാമോ; ഇവയിൽ നിലവിലുള്ള വേക്കൻസികളുടെ വിശദാംശവും ക്വാട്ട തിരിച്ച് ലഭ്യമാക്കാമോ;

(ബി) അവയിൽ നേരിട്ടുള്ള നിയമനങ്ങൾക്കായുള്ള 40% ഡിഗ്രി ക്വാട്ട ഒഴിവുകളിൽ എത്ര എണ്ണം പി. എസ്. സി. യ്ക്ക് റിപ്പോർട്ട് ചെയ്യാത്തതായി നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഇലക്ട്രിക്കൽ വിഭാഗത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിൽ നേരിട്ടുള്ള നിയമനങ്ങൾക്കായുള്ള 40% ക്വാട്ടയിലെ ഫ്രെഷ് വേക്കൻസി പി. എസ്. സി. യിലേയ്ക്ക് എന്നാണ് അവസാനമായി റിപ്പോർട്ട് ചെയ്തത്; ഏത് തീയതി മുതൽ നിലവിൽ വന്ന ഒഴിവുകളാണ് പി. എസ്. സി. യിലേയ്ക്ക് റിപ്പോർട്ട് ചെയ്യാനായി ഉള്ളത്; പ്രസ്തുത വേക്കൻസികൾ പി. എസ്. സി. യിലേക്ക് റിപ്പോർട്ട് ചെയ്യാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

## കെ. എസ്. ഇ. ബി അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) നിയമനം

2747 **ശ്രീ. പി. സി. വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ഇ. ബി അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിലേക്കുള്ള ഡയറക്റ്റ് ക്വാട്ടയിൽ നിലവിൽ എത്ര ഒഴിവുകൾ ഉണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത തസ്തികയിലേക്കുള്ള ഡയറക്റ്റ് ക്വാട്ടയിൽ നിലവിൽ ഉള്ള ഒഴിവുകളിൽ എത്രയെണ്ണം പി. എസ്. സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്; റിപ്പോർട്ട് ചെയ്തിട്ടില്ല എങ്കിൽ ആയതിനുള്ള നടപടി സ്വീകരിക്കുമോയെന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത തസ്തികയിലേക്കുള്ള പ്രൊമോഷൻ ക്വാട്ടയിൽ നിലവിൽ എത്ര ഒഴിവുകൾ ഉണ്ടെന്നും ഉണ്ടെങ്കിൽ പ്രസ്തുത ഒഴിവുകൾ നികത്താതിരിക്കുന്നതിനുള്ള കാരണം എന്തെന്നും വ്യക്തമാക്കാമോ?

## ലൈൻമാൻ നിയമനം

2748 **ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇലക്ട്രിസിറ്റി ബോർഡിന്റെ ഓഫീസുകളിൽ ആവശ്യത്തിന് ലൈൻമാൻമാർ ഇല്ല എന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ലൈൻമാൻമാരെ പുതുതായി നിയമിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(സി) ലൈൻമാൻമാരുടെ അഭാവംമൂലം വൈദ്യുതി തകരാറുകൾ സമയബന്ധിതമായി പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കാൻ കഴിയാത്തതു കാരണം ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് പരിഹരിക്കാൻ എന്ത് മാർഗമാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) കെ. എസ്. ഇ. ബി. യിൽ ലൈൻമാൻ തസ്തികയിൽ എന്നാണ് അവസാനമായി നിയമനം നടന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഇ) സംസ്ഥാനത്ത് കെ. എസ്. ഇ. ബി. യുടെ കീഴിൽ എത്ര ലൈൻമാൻമാർ ജോലി നോക്കി വരുന്നു; ജില്ലതിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ?

## കെ. എസ്. ഇ. ബി. അസിസ്റ്റന്റ് എൻജിനീയർ നിയമനം

2749 **ശ്രീ. ഇ കെ വിജയൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ഇ. ബി. യിൽ ഇലക്ട്രിക്കൽ വിഭാഗത്തിലുള്ള അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലെ അംഗീകൃത തസ്തികകളുടെ എണ്ണം എത്രയാണെന്ന വിവരം ക്വാട്ട തിരിച്ച് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത തസ്തികയിൽ നിലവിലുള്ള ഒഴിവുകളുടെ വിശദാംശം സംബന്ധിച്ച വിവരം ക്വാട്ട തിരിച്ച് ലഭ്യമാക്കാമോ;

(സി) അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലെ 40% ഡിഗ്രി ക്വാട്ട ഒഴിവുകൾ പി. എസ്. സി. യ്ക്ക് റിപ്പോർട്ട് ചെയ്തത് എന്നാണെന്ന് അറിയിക്കാമോ;

(ഡി) നിലവിലെ ഒഴിവുകൾ പി. എസ്. സി. യ്ക്ക് റിപ്പോർട്ട് ചെയ്യാൻ നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

## കെ. എസ്. ഇ. ബി. സബ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്‌തികയിലെ നിയമനം

2750 **ശ്രീ. പി. സി. വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ഇ. ബി. സബ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്‌തികയിലേക്ക് സ്ഥാനക്കയറ്റം നൽകാൻ മതിയായ യോഗ്യതയുള്ളവരുടെ കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അവ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) കെ. എസ്. ഇ. ബി. സബ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്‌തികയിൽ പ്രൊമോഷൻ ക്വാട്ടയിലേയ്ക്ക് നിലവിൽ നികത്താൻ സാധിക്കാത്ത എത്ര ഒഴിവുകളുണ്ടെന്ന് വിശദമാക്കാമോ;

(സി) കെ. എസ്. ഇ. ബി. സബ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്‌തികയിലേക്ക് സ്ഥാനക്കയറ്റം നൽകാൻ മതിയായ യോഗ്യത ഉള്ളവരുടെ കുറവ് മൂലം സബ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിൽ പ്രൊമോഷൻ ക്വാട്ടയിൽ ഉള്ള ഒഴിവുകൾ കേരള സർക്കാർ ഉത്തരവ് സ.ഉ.(കൈ)നം. 13/2021/ഉ.ഭ.പ.വ. തീയതി 08/06/2021 പ്രകാരം ഡയറക്ട് ക്വാട്ടയിലേക്ക് ഡീകേഡർ ചെയ്തു പി.എസ്.സി. വഴി ഒഴിവുകൾ നികത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## കെ. എസ്. ഇ. ബി. - ജീവനക്കാരുടെ കുറവ് പരിഹരിക്കാൻ നടപടി

2751 **ശ്രീ. എ. കെ. എം. അഷ്റഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇലക്ട്രിസിറ്റി ബോർഡിന്റെ പ്രവർത്തനത്തെ ജീവനക്കാരുടെ കുറവ് പ്രതികൂലമായി ബാധിച്ചതായി കണ്ടെത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; ഇത് പരിഹരിക്കുന്നതിനായി താല്കാലിക ജീവനക്കാരെയും കരാർ ജീവനക്കാരെയും നിയോഗിക്കാറുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) വൈദ്യുത അപകടങ്ങൾ വർദ്ധിച്ച് വരുന്ന സാഹചര്യത്തിൽ കെ. എസ്. ഇ. ബി. യി. ലെ പതിനായിരത്തിലധികം ഒഴിവുകൾ സമയബന്ധിതമായി നികത്തുന്നതിന് നടപടി സ്വീകരിക്കുമോ?

## കേരള ഹൈഡൽ ടൂറിസം പദ്ധതി

2752 **ശ്രീ രമേശ് ചെന്നിത്തല** : താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഹൈഡൽ ടൂറിസം സെന്റർ കഴിഞ്ഞ നാല് വർഷത്തിനുള്ളിൽ നടത്തിയ ഇ-ടെൻഡറുകളുടെ ലിസ്റ്റ്, ടെൻഡറിൽ പങ്കെടുക്കുന്നതിന് സ്ഥാപനങ്ങൾക്ക് നിശ്ചയിച്ചിരുന്ന യോഗ്യതാമാനദണ്ഡങ്ങൾ, ഓരോ ടെൻഡറിലും പങ്കെടുത്ത സ്ഥാപനങ്ങൾ, ടെക്നിക്കൽ ബിഡിൽ യോഗ്യത നേടിയ സ്ഥാപനങ്ങൾ, ഫിനാൻസ് ബിഡിൽ അവർ ക്വോട്ട് ചെയ്ത നിരക്കുകൾ എന്നിവയുടെ വിവരം ലഭ്യമാക്കാമോ; ടെൻഡർ ഫയലുകളുടെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) ഓരോ ടെൻഡറിലെയും ടെക്നിക്കൽ ബിഡ്, ഫിനാൻസ് ബിഡ്, ഇന്റർവ്യൂ എന്നിവയ്ക്ക് മാർക്ക് നല്കുന്നതിന് നിശ്ചയിച്ചിരുന്ന മാനദണ്ഡങ്ങളും, ഓരോ ഇനത്തിലുമുള്ള പരമാവധി മാർക്കിന്റെയും വിവരം ലഭ്യമാക്കാമോ; ടെൻഡറിൽ പങ്കെടുത്ത സ്ഥാപനങ്ങൾക്ക് ഓരോ ഇനത്തിലും ലഭിച്ച മാർക്ക് സംബന്ധിച്ച സ്റ്റേറ്റ്മെന്റിന്റെ പകർപ്പുകൾ ലഭ്യമാക്കാമോ;

(സി) വർക്ക് ഓർഡർ ലഭിച്ച കമ്പനികൾ ടെൻഡറിനോടൊപ്പം സമർപ്പിച്ച അവരുടെ യോഗ്യത സംബന്ധിച്ച രേഖകളുടെയും, വർക്ക് ഓർഡറുകളുടെയും പകർപ്പുകൾ ലഭ്യമാക്കാമോ; ഏതെങ്കിലും ടെൻഡറിൽ ഫിനാസ് ബിഡ് തുറന്നതിന് ശേഷം സ്ഥാപനങ്ങളെ ഇന്റർവ്യൂ നടത്തി അതിൽ ലഭിച്ച മാർക്കുകൂടി പരിഗണിച്ച് വർക്ക് ഓർഡർ നല്കിയിരുന്നോ; എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കാമോ;

(ഡി) ടെൻഡർ ഫയലുകൾ കൈകാര്യം ചെയ്ത ഉദ്യോഗസ്ഥരുടെ പേര്, തസ്തിക, ഇ-ടെൻഡർ പോർട്ടലിൽ നിന്നുള്ള സമ്മറി റിപ്പോർട്ടിന്റെ പകർപ്പ് എന്നിവ ലഭ്യമാക്കാമോ;

(ഇ) ടെൻഡറുകൾ സംബന്ധിച്ച് കെ.എസ്.ഇ.ബി.എൽ വിജിലൻസ് വിഭാഗം പരിശോധന നടത്തിയിരുന്നോ? എങ്കിൽ പരിശോധനാ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ; പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച തുടർനടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

## വടക്കാഞ്ചേരി - എങ്കക്കാട് സ്ഥാപിച്ച ചാർജിംഗ് സ്റ്റേഷൻ

2753 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരിയിൽ എങ്കക്കാട് 110 കെ. വി. സബ് സ്റ്റേഷന് സമീപം സ്ഥാപിച്ച ചാർജിംഗ് സ്റ്റേഷൻ സ്ലോ ചാർജിംങ് സംവിധാനത്തിലുള്ളതായതിനാലും ഇവിടെ ചാർജിംഗ് ചെയ്യാൻ കഴിയുന്ന വാഹനങ്ങൾ വളരെ കുറവായതിനാലും ഉപയോഗശൂന്യമായി കിടക്കുന്ന പ്രശ്നം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇലക്ട്രിക്ക് വാഹനങ്ങളുടെ ചാർജിങ് സാങ്കേതികവിദ്യ സംബന്ധിച്ച് മുൻകാലങ്ങളിൽ ഉണ്ടായിരുന്ന ആശയക്കുഴപ്പം നീങ്ങി, നിലവിൽ ബഹുഭൂരിപക്ഷം ഇലക്ട്രിക്ക് വാഹനങ്ങളും സി. സി. എസ്.- 2 ചാർജിങ് സംവിധാനമാണ് ഉപയോഗിക്കുന്നത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇ.വി. ചാർജിംഗ് സ്റ്റേഷനുകളുടെ ഫലപ്രദമായ ഉപയോഗത്തിന് ഭാരത് ഡി. സി.001, സി. എച്ച്. എ. ഡി. ഇ. എം. ഒ. (CHAdeMO) ചാർജറുകൾ മാറ്റി സി. സി. എസ്.-2 ചാർജറുകൾ സ്ഥാപിക്കുന്ന പ്രവൃത്തിയുടെ നിലവിലെ പുരോഗതി വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത സാങ്കേതികവിദ്യ എങ്കക്കാട് ചാർജിംഗ് സ്റ്റേഷനിലും സ്ഥാപിച്ച് ആയത് പ്രവർത്തന സജ്ജമാക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ;

(ഇ) സി. സി. എസ്. - 2 ചാർജിങ് സ്റ്റാൻഡേർഡിന്റെ പ്രചാരം വർദ്ധിക്കുന്ന സാഹചര്യത്തിൽ ഇത്തരത്തിലുള്ള കൂടുതൽ ചാർജിങ് സ്റ്റേഷനുകൾ സ്ഥാപിക്കുന്ന കാര്യം കെ. എസ്. ഇ. ബി. യുടെ പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കാമോ?

## <u>പട്ടയം നൽകുന്നതിന് അനുമതി</u>

2754 **ശ്രീമതി ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിൽ കല്ലാർകുട്ടി ഡാമിന്റെ 10 ചെയിൻ മേഖലയിലും, കാഞ്ചിയാർ, അയ്യപ്പൻകോവിൽ, ഉപ്പുതറ വില്ലേജുകളിലെ 3 ചെയിൻ മേഖലയിലും പട്ടയം നൽകുന്നതിന് വൈദ്യുതി വകുപ്പ് എൻ.ഒ.സി. നൽകിയിട്ടുണ്ടോ; വിശദമാക്കാമോ?

## <u>ഇലക്ട്രിക് ചാർജിംഗ് സ്റ്റേഷനുകൾ</u>

2755 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കല്ല്യാശ്ശേരി മണ്ഡലത്തിൽ കെ. എസ്. ഇ. ബി. മുഖേന എത്ര ഇലക്ട്രിക് വെഹിക്കിൾ ചാർജിംഗ് സ്റ്റേഷനുകളാണ് സ്ഥാപിച്ചിട്ടുള്ളത്; ഇവയുടെ കാര്യക്ഷമമായ പ്രവർത്തനത്തിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ?

## <u>കാഞ്ഞങ്ങാട് മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികൾ</u>

2756 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് മണ്ഡലത്തിൽ 2016 മുതൽ നാളിതുവരെ വൈദ്യുതി വകുപ്പ് നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശം നൽകാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി, അനുവദിച്ച തുക എന്നിവ ഇനം തിരിച്ച് വ്യക്തമാക്കാമോ?

## ബാറ്ററി ചാർജിംഗ് യൂണിറ്റുകൾ

2757 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതുതായി ബാറ്ററി ചാർജിംഗ് യൂണിറ്റുകൾ അനുവദിക്കുന്നതിന് ആലോചിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(ബി) പുതുക്കാട് മണ്ഡലത്തിൽ പാലിയേക്കര, പുതുക്കാട് ഉൾപ്പെടെയുള്ള വിവിധ സെന്ററുകളിൽ വിവിധ ബാറ്ററി വാഹനങ്ങൾ ചാർജ് ചെയ്യാവുന്ന തരത്തിൽ ചാർജിംഗ് സ്റ്റേഷനുകൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## വൈദ്യുതി വകുപ്പുമായി ബന്ധപ്പെട്ട പരസ്യങ്ങൾ

2758 **ശ്രീ. ടി. സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാരിന്റെ കാലയളവിൽ വൈദ്യുതി വകുപ്പിന്റെ കീഴിലുള്ള വിവിധ സ്ഥാപനങ്ങളും ഏജൻസികളും നാളിതുവരെ നൽകിയിട്ടുള്ള പരസ്യങ്ങളുടെ വിശദാംശങ്ങൾ, പരസ്യം നൽകിയ സ്ഥാപനം, പരസ്യത്തിനായി ചെലവഴിച്ച തുക, ഏത് ഏജൻസി മുഖേനയാണ് പരസ്യം നൽകിയത്, പ്രസ്തുത ഏജൻസിയെ തെരഞ്ഞെടുത്ത നടപടിക്രമം, ഏത് പദ്ധതിയുടെ ഭാഗമായാണ് പരസ്യം നൽകിയത് എന്നിവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത കാലയളവിൽ പരസ്യ ഇനത്തിൽ ആകെ ചെലവഴിച്ച തുക വ്യക്തമാക്കാമോ?

## സോളാർ പാനൽ സ്ഥാപിക്കുന്നതിന് സബ്സിഡി

2759 **ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കെട്ടിടങ്ങളിൽ സോളാർ പാനൽ സ്ഥാപിക്കുന്നതിന് നൽകുന്ന സബ്സിഡിയുടെ നിലവിലെ സ്ഥിതി എന്താണെന്ന് വിശദമാക്കാമോ;

(ബി) സോളാർ, വിൻഡ് മിൽ ഊർജ്ജ പദ്ധതികൾ സംസ്ഥാനത്തെ വൈദ്യുതി ഉത്പാദനത്തിന്റെ എത്ര ശതമാനം സംഭാവന ചെയ്യുന്നുണ്ടെന്ന് വിശദമാക്കാമോ?

## പുരപ്പുറ സോളാർ പദ്ധതി

2760 **ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുരപ്പുറ സോളാർ പദ്ധതി പ്രകാരം ഗാർഹിക ഉപഭോക്താക്കൾ സ്ഥാപിക്കുന്ന സോളാർ യൂണിറ്റുകളിൽ നിന്നുള്ള വൈദ്യുതിയുടെ വില, ഉപഭോക്താക്കൾക്ക് കെ.

എസ്. ഇ. ബി നൽകുന്ന വൈദ്യുതിയുടെ വിലയേക്കാൾ കുറവാണോ; എങ്കിൽ ഒരു യൂണിറ്റിന് എത്ര രൂപയുടെ വ്യത്യാസമാണുള്ളത്;

(ബി) പുരപ്പുര സോളാർ പദ്ധതി നടപ്പാക്കുന്ന ഉപഭോക്താക്കൾക്ക് സംസ്ഥാന സർക്കാരും കേന്ദ്ര സർക്കാരും ബോർഡും മറ്റു സ്ഥാപനങ്ങളും മുഖേന നൽകുന്ന സഹായങ്ങൾ എന്തൊക്കെയാണ്; ഓരോ വിഭാഗവും നൽകുന്ന സാമ്പത്തിക സഹായങ്ങളുടെ നിരക്ക് എത്രവീതമാണെന്ന് അറിയിക്കുമോ;

(സി) പുരപ്പുര സോളാർ പദ്ധതി നടപ്പാക്കുന്ന ഉപഭോക്താക്കൾ നൽകുന്ന വൈദ്യുതിക്ക് കുറഞ്ഞ നിരക്ക് നൽകുകയും രാത്രികാലങ്ങളിൽ കൂടിയ നിരക്കിൽ അവർക്ക് വൈദ്യുതി വിൽക്കുകയും ചെയ്യുന്നത് ഉപഭോക്താക്കൾക്ക് നഷ്ടമുണ്ടാക്കുമെന്ന് സർക്കാർ കരുതുന്നുണ്ടോ;

(ഡി) എങ്കിൽ പുരപ്പുര സോളാർ പദ്ധതിയിൽ നിന്ന് ഉപഭോക്താക്കൾ പിന്നാക്കം പോകുന്നതിന് ഇടയാകും എന്നും പുനരുപയോഗ ഊർജ്ജം പരമാവധി ഉൽപാദിപ്പിക്കുക എന്ന ആശയത്തെ ഇത് ദോഷകരമായി ബാധിക്കും എന്നും കരുതുന്നുണ്ടോ ;

(ഇ) എങ്കിൽ കൂടുതൽ ജനങ്ങളെ ഇതിലേക്ക് ആകർഷിക്കുന്നതിന് എന്തൊക്കെ നടപടികളാണ് കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നത്; വിശദാംശം ലഭ്യമാകുമോ ?

## <u>വൈദ്യുതി ശേഖരിക്കാനുള്ള പദ്ധതി</u>

2761 **ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പകൽ സമയത്ത് സോളാർ ഉൾപ്പെടെയുള്ള സ്രോതസ്സുകൾ വഴി ഉല്പാദിപ്പിക്കുന്ന വൈദ്യുതി പിന്നീടുള്ള ഉപയോഗത്തിനായി ശേഖരിക്കുന്ന ബാറ്ററി എനർജി സ്റ്റോറേജ് സിസ്റ്റം സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോയെന്ന് അറിയിക്കാമോ;

(ബി) ഇപ്രകാരം എത്ര മെഗാവാട്ട് വൈദ്യുതി ശേഖരിക്കാമെന്നാണ് കണക്കാക്കുന്നതെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത ബാറ്ററി എനർജി സ്റ്റോറേജ് സിസ്റ്റം സ്ഥാപിക്കുന്നതിനാവശ്യമായി വരുന്ന ചെലവ് എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോയെന്ന് അറിയിക്കാമോ; ഈ പദ്ധതിക്ക് കേന്ദ്ര സഹായം ലഭ്യമാണോ; വിശദമാക്കുമോ?

## <u>അനെർട്ടിലെ നിയമനങ്ങളും പദ്ധതികളും</u>

2762 **ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ കാലയളവിൽ അനെർട്ട് മുഖേന നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയാണെന്നും പദ്ധതി ചെലവ് എത്രയാണെന്നും ഭാവി പദ്ധതികൾ എന്തൊക്കെയാണെന്നും വിശദമാക്കാമോ;

(ബി) അനെർട്ടിൽ പദ്ധതി നടത്തിപ്പിന് ആവശ്യമായ സ്ഥിരം ജീവനക്കാർ നിലവിലുണ്ടോയെന്നും ഡെപ്യൂട്ടേഷൻ ഒഴികെയുള്ള സ്ഥിരം ജീവനക്കാരുടെ

എണ്ണം എത്രയെന്നും ഇവരുടെ പെൻഷൻ കാലാവധി എന്ന് വരെയാണെന്നും വ്യക്തമാക്കാമോ;

(സി) അനെർട്ടിലെ നിയമനങ്ങൾ പി. എസ്. സി. മുഖേന നടത്തുന്നതിന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; ഉത്തരവായതിന് ശേഷം സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; സ്പെഷ്യൽ റൂൾ സംബന്ധമായി ഊർജ വകുപ്പ് ഓഫീസിലെ നോട്ട് ഫയലിന്റെയും കറണ്ട് ഫയലിന്റെയും പകർപ്പുകൾ ലഭ്യമാക്കുമോ;

(ഡി) കരാർ ജീവനക്കാർ ഉൾപ്പെടെ അനെർട്ടിലെ നിലവിലെ ജീവനക്കാരുടെ വിവരം ലഭ്യമാക്കാമോ; സർക്കാർ അംഗീകരിച്ച തസ്തികയിലാണോ കരാർ ജീവനക്കാർ ജോലി ചെയ്യുന്നത് എന്ന് വിശദമാക്കുമോ;

(ഇ) അനെർട്ടിൽ അവസാനമായി ആശ്രിത നിയമനം ഒഴികെയുള്ള സ്ഥിരം നിയമനം നടന്നത് എന്നാണ് എന്ന് വ്യക്തമാക്കുമോ; പ്രസ്തുത നിയമന ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(എഫ്) അനെർട്ടിൽ സർക്കാർ അംഗീകരിച്ച തസ്തികകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ; ഓരോ തസ്തികയിലും അനുവദിച്ച ജീവനക്കാരുടെ എണ്ണം എത്രയെന്ന് അറിയിക്കുമോ; പ്രസ്തുത തസ്തികകളിൽ ഏറ്റവുമൊടുവിൽ ഒഴിവ് റിപ്പോർട്ട് ചെയ്ത വർഷം ഏതാണെന്നും നിലവിലെ ഓരോ തസ്തികയിലെയും ഒഴിവുകൾ എത്രയാണെന്നും വ്യക്തമാക്കുമോ;

(ജി) അനെർട്ടിലെ കണ്ണൂർ ജില്ലാ കാര്യാലയത്തിന്റെ പ്രവർത്തനം വിശദമാക്കുമോ; പ്രസ്തുത കാര്യാലയത്തിൽ സർക്കാർ അംഗീകരിച്ച തസ്തികകൾ എതെല്ലാമാണെന്ന് വ്യക്തമാക്കുമോ; പ്രസ്തുത തസ്തികയിൽ നിലവിൽ ജോലി ചെയ്ത് വരുന്നത് ആരെല്ലാമാണെന്ന് വിശദമാക്കുമോ; പ്രസ്തുത ജില്ലാ കാര്യാലയത്തിന്റെ ബാങ്ക് അക്കൗണ്ട് കൈകാര്യം ചെയ്യുന്നത് ഏത് തസ്തികയിലുള്ള ഉദ്യോഗസ്ഥനാണ്; നിലവിൽ അക്കൗണ്ട് കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥന്റെ പേരും തസ്തികയും ഉൾപ്പെടെയുള്ള വിവരങ്ങൾ ലഭ്യമാക്കുമോ?

## <u>സോളാർ എനർജി ഉല്പാദനത്തിൽ മുന്നേറ്റം നടത്താൻ നടപടി</u>

2763 **ശ്രീ തോമസ് കെ തോമസ്**

**ശ്രീ കോവൂർ കുഞ്ഞുമോൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സോളാർ എനർജി ഉല്പാദനത്തിൽ മുന്നേറ്റം നടത്താൻ സ്വീകരിച്ചു വരുന്ന നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ ;

(ബി) ഗാർഹിക ഉല്പാദകരിൽ നിന്നും കെ. എസ്. ഇ. ബി. എടുക്കുന്ന സോളാർ വൈദ്യുതിയുടെ വില യഥാസമയം നൽകുന്നതിന് എന്തൊക്കെ നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) സോളാർ വൈദ്യുതി ഉല്പാദനത്തിന് കൂടുതൽ സബ്സിഡി നൽകുന്ന കാര്യം പരിഗണിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

## അനെർട്ടിലെ കാർ വാങ്ങൽ .

2764 **ശ്രീ. സി. ആർ. മഹേഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അനെർട്ട് സി. ഇ. ഒ. സ്ഥാപനത്തിന്റെ തനതു ഫണ്ട് ഉപയോഗിച്ച് ഇലക്ട്രിക്ക് കാറുകൾ പർച്ചേസ് ചെയ്യുകയും അവ ഇതര വകുപ്പ്/സ്ഥാപന മേധാവികൾക്ക് പാട്ടത്തിന് കൊടുക്കുകയും ചെയ്തിട്ടുണ്ടോ; എങ്കിൽ ഇപ്രകാരം വാങ്ങിയ കാറുകളുടെ എണ്ണം, മോഡൽ, റേറ്റ്, ആകെ എത്ര കോടി രൂപ ചെലവഴിച്ചു എന്നീ വിവരങ്ങൾ നൽകാമോ; ഈ പർച്ചേസ് നടത്തിയ അനെർട്ട് സി. ഇ. ഒ. ആരാണ് ;

(ബി) ഇവ പാട്ടത്തിന് കൊടുക്കാനായി അനെർട്ട് സി. ഇ. ഒ. ഏർപ്പെടുത്തിയ വ്യവസ്ഥകൾ എന്തെല്ലാമാണ്; വാങ്ങിയ കാറുകളിൽ എത്ര എണ്ണം, ഏതു നിരക്കിൽ, എത്ര വർഷത്തേക്ക്, ആർക്കെല്ലാം, ഇതിനകം പാട്ടത്തിന് നൽകിയിട്ടുണ്ട് എന്നും ഇപ്പോഴത്തെ പാട്ട കാലാവധിക്ക് ശേഷം തുടർന്നുള്ള വർഷങ്ങളിൽ ഈ കാറുകൾ എന്തു ചെയ്യാനാണ് അനെർട്ട് ഉദ്ദേശിക്കുന്നത് എന്നും അറിയിക്കാമോ;

(സി) ഇപ്രകാരം കാറുകൾ പാട്ട വ്യവസ്ഥയിൽ സ്വീകരിച്ച സർക്കാർ വകുപ്പുകൾക്ക് ഈ പദ്ധതി സമ്പത്തികമായി വൻ നഷ്ടം ഉണ്ടാക്കുന്നതായി പരിശോധന നടത്തിയിട്ടുണ്ടോ;

(ഡി) ഇപ്രകാരം അനെർട്ടിന്റെ തനതു ഫണ്ട് ഉപയോഗിച്ച് കാറുകൾ വാങ്ങാനും അവ മേൽപറഞ്ഞ പാട്ട വ്യവസ്ഥ പ്രകാരം സർക്കാർ വകുപ്പ്/സ്ഥാപന മേധാവികൾക്ക് പാട്ടത്തിനു നൽകാനും അനെർട്ട് സി. ഇ. ഒ. യ്ക്ക് സർക്കാരിന്റെ മുൻകൂർ അനുമതി വേണമായിരുന്നോ; എങ്കിൽ പ്രസ്തുത അനുമതി ഉണ്ടായിരുന്നോ;

(ഇ) ഇല്ലെങ്കിൽ അനെർട്ട് സി. ഇ. ഒ. സ്വന്തം നിലക്ക് നടത്തിയ ഈ സാമ്പത്തിക ക്രമക്കേടിനെയും അഴിമതിയെയും പറ്റി അന്വേഷിക്കാനും അനെർട്ടിനും ഇതര സർക്കാർ വകുപ്പുകൾക്കും സംഭവിച്ച സാമ്പത്തിക നഷ്ടങ്ങൾ തിരിച്ചു പിടിക്കാനും സർക്കാർ തയ്യാറാകുമോ?

## സോളാർ വൈദ്യുതി ഉല്പാദനം നിയന്ത്രിക്കാൻ നടപടി

2765 **ശ്രീ. എൻ. ഷംസുദ്ദീൻ**
**ശ്രീ. എൻ. എ. നെല്ലിക്കുന്ന്**
**ശ്രീ. പി. കെ. ബഷീർ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സോളാർ വൈദ്യുതി ഉല്പാദനം വർദ്ധിച്ചു വരുന്നത് നിയന്ത്രിക്കുവാൻ കെ. എസ്. ഇ. ബി. ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ കാരണം വിശദമാക്കുമോ;

(ബി) സോളാർ, മറ്റ് പുനരുപയോഗ സ്രോതസ്സുകൾ എന്നിവയിൽ നിന്നുള്ള വൈദ്യുതി ഉല്പാദനം വർദ്ധിക്കുന്നതനുസരിച്ച് പ്രസരണ വിതരണ ശൃംഖലകൾ ശക്തിപ്പെടുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) സോളാർ ഉല്പാദകർക്കുള്ള ആനുകൂല്യങ്ങൾ നിയന്ത്രിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; സോളാർ ഉല്പാദകരുടെ താൽപര്യം സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

## ആദിവാസി ഉന്നതികളുടെ വൈദ്യുതീകരണം

2766 **ശ്രീ. എ. പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മേലേതുടുക്കി, ഗലസി, ഊരടം എന്നീ ആദിവാസി ഉന്നതികളുടെ വൈദ്യുതീകരണത്തിനായി അനെർട്ട് 2023 ഫെബ്രുവരി 8 ന് ക്ഷണിച്ച ടെൻഡറിന്റെ ടെക്നിക്കൽ ബിഡ് തുറന്നതിന് ശേഷമാണോ സാങ്കേതിക വിലയിരുത്തൽ മാനദണ്ഡം നിശ്ചയിച്ചതെന്ന് വ്യക്തമാക്കുമോ; ടെൻഡറിൽ പങ്കെടുത്ത കമ്പനികൾക്ക് ഓരോ ഇനത്തിലും ലഭിച്ച മാർക്കും നിശ്ചയിച്ചിരുന്ന മാനദണ്ഡങ്ങളും വ്യക്തമാക്കാമോ; മാർക്ക് ലഭിക്കുന്നതിനുള്ള മാനദണ്ഡപ്രകാരം ഓരോ ഇനത്തിലും കമ്പനികൾ സമർപ്പിച്ച യോഗ്യത സംബന്ധിച്ച രേഖകളുടെയും സാങ്കേതിക വിലയിരുത്തൽ രേഖയുടെയും പകർപ്പ് ലഭ്യമാക്കാമോ;

(ബി) ടെക്നിക്കൽ ബിഡും ഫിനാൻസ് ബിഡും തുറന്നതിന് ശേഷം പ്രസ്തുത ടെൻഡർ റദ്ദാക്കാനുള്ള കാരണം വ്യക്തമാക്കാമോ; ടെൻഡർ റദ്ദാക്കിയ തീരുമാനം എടുത്ത ഫയലിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) 2023 ഏപ്രിൽ 20 ന് ക്ഷണിച്ച റീ ടെൻഡറിൽ മുൻ ടെൻഡറിലെ ടെക്നിക്കൽ ബിഡ് പരിശോധിക്കുന്നതിനായി നിശ്ചയിച്ചിരുന്ന സാങ്കേതിക വിലയിരുത്തൽ മാനദണ്ഡത്തിൽ ഓരോ ഇനത്തിനും ലഭിക്കുന്ന മാർക്കുകളിൽ മാറ്റം വരുത്തിയിരുന്നോയെന്നും ഏതെല്ലാം ഇനങ്ങളിലാണ് മാറ്റം വരുത്തിയതെന്നും വ്യക്തമാക്കുമോ?

## ഹൈബ്രിഡ് സോളാർ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട സാങ്കേതിക തടസം

2767 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സോളാർ കണക്ഷനുമായി ബന്ധപ്പെട്ട ഹൈബ്രിഡ് സംവിധാനം സംബന്ധിച്ച് റെഗുലേറ്ററി കമ്മീഷൻ അന്തിമമായി തീരുമാനം എടുത്തിട്ടില്ലെന്നിരിക്കെ ഹൈബ്രിഡ് സോളാർ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് കെ. എസ്. ഇ. ബി. യുടെ സോഫ്റ്റ്‌വെയറിൽ നാളിതുവരെ മാറ്റം വരാത്തത് ഹൈബ്രിഡ് സോളാർ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നവർക്ക് ബുദ്ധിമുട്ട് ഉണ്ടാക്കുന്നുവെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ വിഷയം പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് അറിയിക്കാമോ;

(ബി) ബയോ ഫ്ലോക്ക് കൃഷി നടത്തുന്നവർക്ക് 24 മണിക്കൂറും വൈദ്യുതി അത്യന്താപേക്ഷിതമാണ്. ഇവർക്ക് താരിഫ് നിരക്കിൽ സോളാർ വെക്കുന്നതിനായി എന്തെല്ലാം ആനുകൂല്യങ്ങളാണ് ലഭ്യമാക്കുന്നതെന്ന് വിശദമാക്കാമോ?

## പി.എം. കുസും പദ്ധതിയിലെ ക്രമക്കേട്

2768 **ശ്രീ രമേശ് ചെന്നിത്തല :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പി. എം. കുസും പദ്ധതിയ്ക്കായുള്ള അനെർട്ട് 2022 ഡിസംബർ 12 ന് ക്ഷണിച്ച ടെൻഡറിൽ പങ്കെടുത്ത സൺടാസ്റ്റിക് എഞ്ചിനീയറിംഗ് പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനി നിലത്ത് സ്ഥാപിക്കുന്ന പ്ലാന്റുകൾക്ക് ക്വോട്ട് ചെയ്ത നിരക്കുകൾ

എത്രയായിരുന്നുവെന്നും കമ്പനിക്ക് ഈ ഇനത്തിൽ നൽകിയ വർക്ക് ഓർഡറിലെ നിരക്കുകൾ എത്രയായിരുന്നുവെന്നും കമ്പനി ഇതുവരെ സ്ഥാപിച്ച പ്ലാന്റുകളുടെ ശേഷിയും എണ്ണവും അനുവദിച്ച തുകയും സംബന്ധിച്ച കാര്യങ്ങളും വിശദീകരിക്കാമോ;

(ബി) മേൽ ടെൻഡറിൽ കോണ്ടാസ് ഓട്ടോമേഷൻ പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനി എക്സൽ ഫയലിൽ ക്വോട്ട് ചെയ്ത നിലത്ത് സ്ഥാപിക്കുന്ന പ്ലാന്റുകളുടെ നിരക്കുകൾ എത്രയായിരുന്നുവെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത കരാറിന്റെ ഫിനാൻസ് ബിഡ് ആരംഭിച്ച തീയതി എന്നായിരുവെന്നും ഈ നിരക്കുകളിൽ മാറ്റം വരുത്തിയ തീയതിയും മാറ്റം വരുത്തിയതിനുള്ള കാരണവും വ്യക്തമാക്കാമോ; നിരക്കുകളിൽ മാറ്റം വരുത്തിയതിലൂടെ പദ്ധതിയിൽ വന്ന അധിക ചിലവ് എത്രയാണെന്ന് അറിയിക്കാമോ;

(ഡി) അക്കൗണ്ടന്റ് ജനറൽ ഓഫീസ് 2023-ൽ അനെർട്ടിൽ നടത്തിയ പരിശോധന റിപ്പോർട്ടിൽ പി. എം. കുസും പദ്ധതിയുമായി ബന്ധപ്പെട്ട ടെൻഡറുകളെ സംബന്ധിച്ചുള്ള പരാമർശങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; കേന്ദ്ര മാർഗനിർദേശം പൂർണ്ണമായും പാലിച്ചാണ് പദ്ധതി നടപ്പിലാക്കുന്നതെന്നും ടെൻഡറുകളിൽ അപാകതകൾ ഇല്ലായെന്നും സി. എ. ജി. ഓഡിറ്റ് റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ?

## <u>സോളാർ പവർ പ്ലാന്റ്, സോളാർ സ്ട്രീറ്റ് ലൈറ്റ് എന്നിവ സ്ഥാപിക്കുന്നതിന് നൽകിയ വർക്ക് ഓർഡറുകൾ</u>

2769 **ശ്രീ. എ. പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കോമേറ്റ് എനർജി സൊല്യൂഷൻസ് എന്ന കമ്പനിയ്ക്ക് കഴിഞ്ഞ നാല് വർഷത്തിനുള്ളിൽ സോളാർ പവർ പ്ലാന്റ്, സോളാർ സ്ട്രീറ്റ് ലൈറ്റ് എന്നിവ സ്ഥാപിക്കുന്നതിന് അനെർട്ടിന്റെ കേന്ദ്രകാര്യാലയം, ജില്ലാ ഓഫീസുകൾ എന്നിവ മുഖേന എത്ര രൂപയുടെ വർക്ക് ഓർഡറുകൾ നല്കിയെന്ന് അറിയിക്കാമോ; വർക്ക് ഓർഡറുകളുടെ പകർപ്പും ഇതിനായി ക്ഷണിച്ച ടെൻഡറുകളുമായി ബന്ധപ്പെട്ട ഫയലുകളുടെ പകർപ്പും ലഭ്യമാക്കാമോ;

(ബി) ഈ കമ്പനിയ്ക്ക് നൽകിയ വർക്ക് ഓർഡറിലെ പ്രവൃത്തികൾ പരിശോധിക്കുന്നതിന് ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥർ, സോളാർ ഇൻസ്പെക്ടർ, സ്ഥാപനങ്ങൾ എന്നിവരുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; പരിശോധനാ റിപ്പോർട്ടിന്റെയും പേയ്മെന്റ് ഉത്തരവുകളുടെയും പകർപ്പ് ലഭ്യമാക്കാമോ;

(സി) ഈ കമ്പനി കഴിഞ്ഞ നാല് വർഷത്തിനുള്ളിൽ സ്ഥാപിച്ച സോളാർ ഉപകരണങ്ങളുടെ ഇൻഷുറൻസ് പോളിസി, വാർഷിക പ്രീമിയം പേയ്മെന്റ് രസീത്, പ്രിവൻറ്റീവ് മെയിൻന്റനൻസ് റിപ്പോർട്ട്, ജനറേഷൻ ഡാറ്റ എന്നിവ സമർപ്പിച്ചിരുന്നോ; എങ്കിൽ അവയുടെ പകർപ്പുകൾ ലഭ്യമാക്കാമോ; ഇല്ലെങ്കിൽ ഈ കമ്പനിയ്ക്കെതിരെ സ്വീകരിച്ച നടപടി സംബന്ധിച്ച വിശദാംശം വ്യക്തമാക്കാമോ;

(ഡി) ഈ കമ്പനിയ്ക്ക് പി.എം. കുസും പദ്ധതിയുമായി ബന്ധപ്പെട്ട് വർക്കുകൾ നല്കിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കാമോ?

## <u>അനെർട്ട് വാങ്ങിയ ഇലക്ട്രിക് കാറുകൾ</u>

2770 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തനത് ഫണ്ടിൽ നിന്ന് സ്വന്തമായി ഇലക്ട്രിക് കാറുകൾ വാങ്ങുന്നതിന് അനെർട്ടിന് സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണോ; അനെർട്ട് തനത് ഫണ്ട് വിനിയോഗിച്ച് ഇലക്ട്രിക് കാറുകൾ വാങ്ങിയിട്ടുണ്ടോ ; ഇതിന് മുൻകൂർ അനുമതി നല്കിയിട്ടുണ്ടോ ;

(ബി) അനെർട്ട് തനത് ഫണ്ട് വിനിയോഗിച്ച് വാങ്ങിയ കാറുകളുടെ എണ്ണം, മോഡൽ, വില, കാറുകളുടെ വിനിയോഗം എന്നീ വിവരങ്ങൾ ലഭ്യമാക്കാമോ ; ഇതുമായി ബന്ധപ്പെട്ട ഫയലുകളുടെ പകർപ്പ് ലഭ്യമാക്കാമോ ;

(സി) അനെർട്ടിലെ വാഹന ഉപയോഗത്തെ സംബന്ധിച്ച് പരാതി ലഭിച്ചിട്ടുണ്ടോ; ഇത് സംബന്ധിച്ച് സ്വീകരിച്ച നടപടിയുടെ വിശദാംശം വ്യക്തമാക്കാമോ ;

(ഡി) അനെർട്ടിലെയും, അനെർട്ട് മുഖേന വിവിധ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുള്ള കാറുകളിലെയും ഡ്രൈവർമാരെ സ്വകാര്യ ഏജൻസി വഴി കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര പേരെയാണ് നിയമിച്ചിരിക്കുന്നത്; ഈ ഏജൻസിയും, അനെർട്ടും തമ്മിൽ നിലവിലുള്ള കരാറിന്റെയും, വേതന വ്യവസ്ഥയുടെയും പകർപ്പ് ലഭ്യമാക്കാമോ ?

## <u>സോളാർ വൈദ്യുതി ഉല്പാദകർക്കുള്ള ആനുകൂല്യങ്ങൾ</u>

2771 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സോളാർ ഉൾപ്പെടെയുള്ള പുനരുപയോഗ വൈദ്യുതി ഉല്പാദകർക്കുള്ള ആനുകൂല്യങ്ങൾ കുറയ്ക്കുന്നതിനായുള്ള പുതിയ ചട്ടം രൂപീകരിക്കുന്നതിന് സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ ശിപാർശ ചെയ്തിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ആനുകൂല്യങ്ങൾ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് ഓൺലൈനായി നടത്തിയ പൊതു തെളിവെടുപ്പ് സംബന്ധിച്ച് ഹൈക്കോടതി വിധി പുറപ്പെടുവിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) പ്രസ്തുത ഹൈക്കോടതി ഉത്തരവിനെതിരെ വൈദ്യുതി റഗുലേറ്ററി കമ്മീഷൻ അപ്പീൽ നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഡി) സോളാർ വൈദ്യുതി ഉല്പാദകരും ഫിക്സഡ് ചാർജ് നൽകണമെന്ന് കമ്മീഷൻ ശിപാർശ ചെയ്തിട്ടുണ്ടോ; വ്യക്തമാക്കാമോ?

## <u>സ്വകാര്യ കമ്പനി മുഖ്യ പങ്കാളിയായ സ്ഥാപനവുമായി അനെർട്ട് ധാരണാപത്രം</u>

2772 **ശ്രീ. ടി. സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) റിന്യൂവബിൾ എനർജി കെയർ എന്ന സ്ഥാപനം അനെർട്ടിന് നല്കിയ കൺസോർഷ്യം കരാറിലെ ലീഡ് പാർട്ട്നർ ഊർജമിത്ര വെഞ്ച്വേഴ്സ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്വകാര്യ കമ്പനിയായിരുന്നോ; ഒരു സ്വകാര്യ കമ്പനി മുഖ്യ

പങ്കാളിയായ ഈ സ്ഥാപനവുമായി അനെർട്ട് ധാരണപത്രം ഒപ്പിട്ടിട്ടുണ്ടോ ; എങ്കിൽ നിലവിലുള്ള ധാരണപത്ര കരാറിന്റെ പകർപ്പ് ലഭ്യമാക്കാമോ ;

(ബി) മൈക്രോ എന്റർപ്രൈസസ് എന്ന നിലയിൽ ഉദ്യം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ഉള്ള ഈ സ്ഥാപനം മുഖേന അനെർട്ട് പദ്ധതിയിൽ ജീവനക്കാരെ നിയമിച്ചിട്ടുണ്ടോ; ഇവർക്കുള്ള വേതനം ഈ സ്ഥാപനത്തിന്റെ ബാങ്ക് അക്കൗണ്ടിലേക്കാണോ നല്കുന്നത്; ഇതുവരെ എത്ര രൂപ നല്കിയിട്ടുണ്ട്; ജീവനക്കാരുടെ നിയമനവുമായി ബന്ധപ്പെട്ട ഫയലിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) റിന്യൂവബിൾ എനർജി കെയർ എന്ന സ്ഥാപനത്തിന് കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ എത്ര രൂപ അനെർട്ട് നല്കിയിട്ടുണ്ട്; പേയ്മെന്റ് ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ ;

(ഡി) റിന്യൂവബിൾ എനർജി കെയറിന് എത്ര കിലോവാട്ട് ശേഷി വരെയുള്ള സോളാർ പ്ലാന്റുകൾ പരിശോധിക്കാനാണ് ചുമതല നൽകിയിരുന്നത് ; ഈ സ്ഥാപനത്തിന്റെ ഭാരവാഹികൾ സോളാർ ബിസിനസ്സുമായി ബന്ധമുള്ളവരാണ് എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇല്ലെങ്കിൽ ഇത് സംബന്ധിച്ച് അന്വേഷണത്തിനുള്ള നടപടി സ്വീകരിക്കുമോ?

## പുരപ്പുറ സോളാർ നിലയങ്ങൾക്കുള്ള ചെലവ്

2773 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനരുപയോഗ ഊർജോത്പാദന ഉപകരണങ്ങളുടെ ജി. എസ്. ടി. എത്ര ശതമാനത്തിൽ നിന്ന് എത്ര ശതമാനമായി കുറച്ചു; വ്യക്തമാക്കാമോ;

(ബി) ജി. എസ്. ടി. കുറച്ചതിലൂടെ ഒരു കിലോവാട്ട് സോളാർ നിലയത്തിന്റെ ചെലവിൽ എത്രത്തോളം കുറവ് പ്രതീക്ഷിക്കപ്പെടുന്നു; വിശദമാക്കാമോ;

(സി) സോളാർ നിലയങ്ങൾ സ്ഥാപിക്കുന്നതിനുള്ള സേവന നികുതി എത്ര ശതമാനമായി തുടരുന്നു; വ്യക്തമാക്കാമോ;

(ഡി) കേരളത്തിൽ പുതുതായി സ്ഥാപിക്കുന്ന സോളാർ നിലയങ്ങളുടെ എണ്ണം കുറയാനുള്ള കാരണം സൂചിപ്പിച്ചുകൊണ്ടുള്ള കേരള റിന്യൂവബിൾ എനർജി എന്റർപ്രെനേഴ്സ് ആൻഡ് പ്രൊമോട്ടേഴ്സ് അസോസിയേഷൻസ് (ക്രീപ) യുടെ വിശദീകരണം സംബന്ധിച്ച നിലപാട് വ്യക്തമാക്കാമോ;

(ഇ) പുതിയ ചട്ടങ്ങൾ വന്നാലും പുരപ്പുറ സോളാർ നിലയങ്ങൾ ലാഭകരമാണെന്നു വ്യക്തമാക്കുന്നത് ഏത് സ്ഥാപനമാണ്; വ്യക്തമാക്കാമോ;

(എഫ്) പുതിയ ചട്ടങ്ങൾ പ്രാബല്യത്തിൽ വരുന്നത് സംബന്ധിച്ച അന്തിമ തീരുമാനം ഏത് കോടതിയുടെ നിലപാടിനെ ആശ്രയിച്ചിരിക്കുന്നു; വ്യക്തമാക്കാമോ;

(ജി) താപവൈദ്യുത നിലയങ്ങളിൽ ഉപയോഗിക്കുന്ന കൽക്കരി, ലിഗ്നൈറ്റ് എന്നിവയുടെ നികുതി എത്ര ശതമാനമായാണ് വർധിപ്പിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

## സോളാർ വിൻഡ് ഹൈബ്രിഡ് പ്ലാന്റ്

2774 **ശ്രീ. എം. വിൻസെന്റ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിൻഡ്സ്ട്രീം എനർജി ടെക്നോളജീസ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനി മുഖേന അനെർട്ട് സ്ഥാപിച്ച സോളാർ വിൻഡ് ഹൈബ്രിഡ് പ്ലാന്റുകളുമായി ബന്ധപ്പെട്ട് പരാതികൾ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര പരാതികൾ ലഭിച്ചുവെന്ന് അറിയിക്കാമോ;

(ബി) പരാതികൾ അന്വേഷിക്കുന്നതിന് കമ്മിറ്റിയെ നിയമിച്ചിട്ടുണ്ടോ; കമ്മിറ്റിയെ നിയമിച്ച ഉത്തരവിന്റെയും കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിന്റെയും പകർപ്പ് ലഭ്യമാക്കാമോ?

## മൂവാറ്റുപുഴ സർക്കിൾ സഹകരണ യൂണിയൻ ഭരണസമിതി തിരഞ്ഞെടുപ്പ്

2775 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സഹകരണ തിരഞ്ഞെടുപ്പ് കമ്മീഷന്റെ 28.03.2025 - ലെ ഇ 885/2025/ എസ്. സി. ഇ. സി. നമ്പർ ഉത്തരവ് പ്രകാരം നടത്തിയ മൂവാറ്റുപുഴ സർക്കിൾ സഹകരണ യൂണിയൻ ഭരണസമിതി തിരഞ്ഞെടുപ്പിൽ വിജയിച്ചവർക്ക് നാളിതുവരെ ഭരണസമിതി അംഗങ്ങളായി ചുമതല നൽകാത്തതും ചെയർമാനെ തിരഞ്ഞെടുക്കാത്തതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണം വിശദമാക്കാമോ;

(ബി) 1969 -ലെ കേരള സഹകരണസംഘം നിയമം /ചട്ടം എന്നിവയിൽ നിഷ്കർഷിച്ചിട്ടുള്ള വ്യവസ്ഥകൾ പ്രകാരം തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളും ക്വാറവും ഉണ്ടെന്നിരിക്കെ അതിന് വിരുദ്ധമായി ചെയർമാൻ തിരഞ്ഞെടുപ്പ് നടത്താത്തത് ആരുടെ വീഴ്ചയാണെന്ന് പരിശോധിച്ച് അറിയിക്കാമോ;

(സി) മൂവാറ്റുപുഴ സർക്കിൾ സഹകരണ യൂണിയൻ ഭരണസമിതിയിലേക്ക് തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾക്ക് ചുമതല നൽകുന്നതിനും ചെയർമാൻ തിരഞ്ഞെടുപ്പ് നടത്തുന്നതിനും അടിയന്തര നടപടികൾ സ്വീകരിക്കുമോ?

## സഹകരണ മേഖലയെ നവീകരിക്കാനുള്ള നടപടികൾ

2776 **ശ്രീ തോമസ് കെ തോമസ്**
**ശ്രീ കോവൂർ കുഞ്ഞുമോൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സഹകരണ മേഖലയെ നവീകരിക്കാൻ സ്വീകരിച്ച് വരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) സഹകരണ മേഖലയിൽ കൂടുതൽ വ്യവസായ സംരംഭങ്ങൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) സഹകരണ മേഖലയിൽ നിലനിൽക്കുന്ന ആക്ഷേപങ്ങൾ പരിഹരിക്കാൻ സംസ്ഥാന തലത്തിൽ ഒരു മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

## ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോ-ഓപ്പറേറ്റീവ് മാനേജ്മെന്റ്

2777 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സഹകരണ മേഖലയിലെ ഡയറക്ടർമാർക്കും ജീവനക്കാർക്കും തുടർ പരിശീലനം നൽകുന്ന ഐ. സി. എം. (ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോ-ഓപ്പറേറ്റീവ് മാനേജ്മെന്റ്) കേന്ദ്രങ്ങൾ നിലവിൽ എവിടെയൊക്കെയാണ് പ്രവർത്തിക്കുന്നതെന്നുള്ള വിശദാംശം ലഭ്യമാക്കാമോ;

(ബി) ഇത്തരത്തിലുള്ള ഒരു സ്ഥാപനം കാസർഗോഡ് ജില്ലയിൽ തുടങ്ങണമെന്ന ആവശ്യം ഉന്നയിച്ച് നിവേദനം ലഭിച്ചിട്ടുണ്ടോയെന്നും എങ്കിൽ ഇതിന്റെ തുടർനടപടി ഏത് ഘട്ടത്തിലാണെന്നും വ്യക്തമാക്കാമോ;

(സി) സർക്കാരിന് സാമ്പത്തിക ബാധ്യത ഉണ്ടാകാതെ ഈ മേഖലയിലെ ഡയറക്ടർമാർക്കും ജീവനക്കാർക്കും ഉന്നത തല പരിശീലനം നൽകുന്ന കേന്ദ്രം കാസർഗോഡ് ജില്ലയിൽ അനുവദിക്കുന്നത് പരിഗണിക്കുമോയെന്ന് വ്യക്തമാക്കുമോ?

## സഹകരണ മേഖലയിൽ അരുവിക്കര മണ്ഡലത്തിലെ വിവിധ പദ്ധതികൾ

2778 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അരുവിക്കര മണ്ഡലത്തിലെ വിവിധ സഹകരണ സ്ഥാപനങ്ങളിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം വിവിധ പദ്ധതികൾക്കായി അനുവദിച്ച തുകയും അവയുടെ വിശദാംശങ്ങളും സ്ഥാപനം തിരിച്ച് അറിയിക്കുമോ?

## സഹകരണ സംഘങ്ങളിലെ ക്രമക്കേടുകൾ

2779 **ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകളിൽ ഭരണസമിതി അറിയാതെ ജീവനക്കാർ നടത്തുന്ന ക്രമക്കേടുകൾക്ക് ഭരണസമിതിക്കെതിരെ നടപടി വരുന്നത് തടയുന്നതിനും ക്രമക്കേടുകൾ കണ്ടെത്തുന്നതിനും ഭരണ സമിതികൾക്കാവശ്യമായ പരിശീലനം നൽകുന്നതിനായി എന്ത് നടപടിയാണ് സ്വീകരിക്കുകയെന്ന് വ്യക്തമാക്കുമോ;

(ബി) ക്രമക്കേട് നടത്തി വിദേശത്തേക്ക് കടന്നുകളയുന്ന ജീവനക്കാരെ തിരികെ നാട്ടിലെത്തിച്ച് അവരുടെ പേരിൽ ശിക്ഷാനടപടി സ്വീകരിക്കാൻ എന്ത് സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) വർഷാവർഷം നടത്തുന്ന ഓഡിറ്റിംഗ് സംവിധാനം കാര്യക്ഷമമാക്കി ക്രമക്കേടുകൾ ഉണ്ടെങ്കിൽ വേഗത്തിൽ അവ കണ്ടെത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) വർഷങ്ങളായി നടക്കുന്ന ക്രമക്കേടുകൾ ഓഡിറ്റിംഗിൽ കണ്ടുപിടിക്കാൻ കഴിയാത്ത സാഹചര്യമുണ്ടെങ്കിൽ ഓഡിറ്റിംഗ് സംവിധാനം കൂടുതൽ മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

## വട്ടിപ്പലിശ സമ്പ്രദായത്തിന് തടയിടുവാൻ പദ്ധതി

2780 **ശ്രീ ആന്റണി രാജു :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗ്രാമീണ മേഖലയിലെ മാർക്കറ്റുകൾ കേന്ദ്രീകരിച്ച് നടക്കുന്ന വട്ടിപ്പലിശ സമ്പ്രദായത്തിന് തടയിടുവാൻ സഹകരണ വകുപ്പ് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിനായി റീ-കൂപ്പർമാരെ നിയോഗിക്കുന്നതിനുള്ള വ്യവസ്ഥകൾ എന്തെല്ലാമാണ്;

(സി) സുരക്ഷിതമായ തിരിച്ചടവ് ഉറപ്പാക്കുന്നതിന് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ വെളിപ്പെടുത്താമോ;

(ഡി) ഈ സംവിധാനത്തിന് പ്രത്യേക മൊബൈൽ ആപ്പ് തയ്യാറാക്കി തട്ടിപ്പുകളുടെ സാധ്യത കുറയ്ക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

## ദേശീയ സഹകരണ നയം

2781 **ശ്രീ ഡി കെ മുരളി**
**ശ്രീ. എൻ. കെ. അക്ബർ**
**ശ്രീ എം നൗഷാദ്**
**ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭരണഘടന വിഭാവനം ചെയ്യുന്ന സഹകരണ ഫെഡറലിസത്തിന് വിരുദ്ധമായി രൂപീകരിച്ചിട്ടുള്ള പുതിയ ദേശീയ സഹകരണ നയം സംസ്ഥാനത്തെ സംബന്ധിച്ച് അപ്രസക്തമാണെന്ന് വിലയിരുത്തപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) 2018-ൽ സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് വിജയകരമായി നടപ്പാക്കി വരുന്ന വിഷയങ്ങൾ ദേശീയ സഹകരണ നയത്തിന്റെ ഭാഗമായിട്ടുണ്ടോ; വിശദമാക്കുമോ;

(സി) രാജ്യത്തെ സഹകരണ മേഖലയിൽ ഏകീകൃത സോഫ്റ്റ്‌വെയർ സംവിധാനം നടപ്പാക്കുമെന്ന കേന്ദ്ര സർക്കാരിന്റെ പ്രഖ്യാപനം ഓരോ സംസ്ഥാനത്തും വ്യത്യസ്തമായ ഉൽപ്പന്നങ്ങളും സേവനങ്ങളും പ്രദാനം ചെയ്യുന്ന സംഘങ്ങളുടെ പ്രവർത്തനത്തെ ദോഷകരമായി ബാധിക്കുന്ന സാഹചര്യത്തിൽ ഇതിനെതിരെ കേന്ദ്ര സർക്കാരിൽ സമ്മർദം ചെലുത്തുവാൻ തയ്യാറാകുമോ; വിശദമാക്കുമോ?

## സഹകരണ മേഖലയുടെ ശാക്തീകരണം

2782 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയുടെ ശാക്തീകരണത്തിനായി ഈ സർക്കാർ നടപ്പിലാക്കിയിട്ടുള്ള പ്രവർത്തനങ്ങൾ വിശദീകരിക്കാമോ?

## സഹകരണ വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളുടെ പരസ്യങ്ങൾ

2783 **ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാരിന്റെ കാലയളവിൽ സഹകരണ വകുപ്പിന്റെ കീഴിലുള്ള വിവിധ സ്ഥാപനങ്ങളും ഏജൻസികളും നാളിതുവരെ നൽകിയിട്ടുള്ള പരസ്യങ്ങളുടെ വിശദ വിവരം, പരസ്യം നൽകിയ സ്ഥാപനം പരസ്യത്തിനായി ചെലവഴിച്ച തുക, ഏത് ഏജൻസി മുഖേനയാണ് പരസ്യം നൽകിയത്, പ്രസ്തുത ഏജൻസിയെ തെരഞ്ഞെടുത്ത നടപടിക്രമം, ഏത് പദ്ധതിയുടെ ഭാഗമായാണ് പരസ്യം നൽകിയത് എന്നിവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത കാലയളവിൽ പരസ്യ ഇനത്തിൽ ആകെ ചെലവഴിച്ച തുക എത്ര; വ്യക്തമാക്കാമോ?

## സഹകരണ വകുപ്പ് ജീവനക്കാരുടെ ആരോഗ്യ ഇൻഷുറൻസ് പദ്ധതി

2784 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ വകുപ്പ് ജീവനക്കാരുടെ ആരോഗ്യ ഇൻഷുറൻസ് പദ്ധതി സംബന്ധിച്ച് വകുപ്പ് തീരുമാനങ്ങൾ കൈക്കൊണ്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

## സഹകരണ ജീവനക്കാർക്കും പെൻഷൻകാർക്കും മെഡിക്കൽ ഇൻഷുറൻസ്

2785 **ശ്രീ. എം. എം. മണി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകളിലെയും മറ്റ് സഹകരണ സ്ഥാപനങ്ങളിലെയും ജീവനക്കാർക്കും പെൻഷൻകാർക്കും മെഡിസെപ് മാതൃകയിൽ മെഡിക്കൽ ഇൻഷുറൻസ് നടപ്പാക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സഹകരണ മേഖലയിലെ ജീവനക്കാർക്കും പെൻഷൻകാർക്കും മെഡിക്കൽ ഇൻഷുറൻസ് നടപ്പാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഈ ആവശ്യത്തിൻമേൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

## സഹകരണ സംഘങ്ങളുടെ കീഴിൽ പ്രവർത്തിക്കുന്ന ചെറുകിട സംരംഭങ്ങൾ

2786 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ സഹകരണ സംഘങ്ങളുടെ കീഴിൽ പ്രവർത്തിക്കുന്ന ചെറുകിട സംരംഭങ്ങൾക്ക് സഹകരണ വകുപ്പ് ഏതെങ്കിലും ധനസഹായം നൽകാറുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) സംഘങ്ങൾക്ക് കീഴിൽ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് വ്യവസായ വകുപ്പുമായി ചേർന്ന് പദ്ധതി വിഭാവനം ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

## നേമം സർവീസ് സഹകരണ ബാങ്ക്

2787 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നേമം സർവീസ് സഹകരണ ബാങ്കിലെ നിക്ഷേപങ്ങൾ മടക്കി നൽകുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സഹകരണ വകുപ്പിന്റെ പരിശോധനയിൽ നിക്ഷേപത്തിൽ എത്ര കോടി രൂപയുടെ കുറവുള്ളതായി കണ്ടെത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഡയറക്ടർ ബോർഡിലെ എത്രപേർക്കെതിരെ, ആർക്കെല്ലാമെതിരെ സഹകരണ വകുപ്പ് വകുപ്പുതല നടപടി എടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) ബാങ്കിന്റെ നിക്ഷേപ സർട്ടിഫിക്കറ്റ് കെ. എസ്. എഫ്. ഇ. - യിൽ വ്യാജമായി ഈട് നൽകി തിരിമറി നടത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കെ. എസ്. എഫ്. ഇ. - യ്ക്ക് എത്ര തുകയാണ് തിരിമറിയിൽ നഷ്ടപ്പെട്ടിരിക്കുന്നതെന്നും ചിട്ടി തുക കൈപ്പറ്റിയ വ്യക്തിയിൽ നിന്നും പ്രസ്തുത തുക ഈടാക്കാൻ എന്ത് നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കാമോ;

(ഇ) വർഷങ്ങളായി ഈ ബാങ്കിൽ നടന്നിട്ടുള്ള ക്രമക്കേടുകൾ യഥാസമയം കണ്ടെത്താത്തത് സഹകരണ വകുപ്പിന്റെ വീഴ്ചയാണെന്ന് വിലയിരുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(എഫ്) നിക്ഷേപകരെ സഹായിക്കുന്നതിന് സർക്കാരോ, സഹകരണ വകുപ്പോ എന്ത് നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

## <u>സഹകരണ ആരോഗ്യ മേഖലയിൽ വികസന പദ്ധതികൾ</u>

2788 **ശ്രീ ജി എസ് ജയലാൽ**
**ശ്രീ . മുഹമ്മദ് മുഹസിൻ**
**ശ്രീ. വി. ആർ. സുനിൽകുമാർ**
**ശ്രീ. സി.സി. മുകുന്ദൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം അടിസ്ഥാന വികസന മേഖലയിൽ കൈവരിച്ച നേട്ടങ്ങൾക്ക് പിന്നിൽ സഹകരണ പ്രസ്ഥാനങ്ങൾക്ക് നിർണ്ണായക പങ്കുണ്ട് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) രോഗികൾക്ക് കുറഞ്ഞ ചെലവിൽ മരുന്നുകൾ ലഭ്യമാക്കുന്നതിനായി നടത്തിവരുന്ന നീതി മെഡിക്കൽ സ്റ്റോറുകളുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; അർബുദബാധിതർക്കും ഡയാലിസിസ് ചെയ്യുന്നവർക്കുമുള്ള മരുന്നുകൾ കുറഞ്ഞ നിരക്കിൽ നൽകുന്നതിന് നീതി മെഡിക്കൽ സ്കീം എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ഇന്ത്യയിൽ ഏറ്റവുമധികം സഹകരണ ആശുപത്രികൾ പ്രവർത്തിക്കുന്ന കേരളത്തിൽ ആരോഗ്യ മേഖലയിൽ നൂതന ആശയങ്ങൾ കണ്ടെത്തുന്നതിനായി ഗവേഷണ കേന്ദ്രം സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) ആശുപത്രി സഹകരണ സംഘങ്ങളുടെ പ്രവർത്തനം വിപുലപ്പെടുത്തുന്നതിനും സഹകരണ ആശുപത്രികളുടെ ആഭിമുഖ്യത്തിൽ നേഴ്സിംഗ്, പാരാമെഡിക്കൽ കോഴ്സുകൾ തുടങ്ങിയവ ആരംഭിക്കുന്നതിനും പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

## <u>സഹകരണ പെൻഷൻ ബോർഡ് വഴി പെൻഷൻ</u>

2789 **ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ പെൻഷൻ ബോർഡ് മുഖേന സംസ്ഥാനത്ത് എത്ര പേർക്കാണ് നിലവിൽ പെൻഷൻ നൽകി വരുന്നത്; വിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) ഇതിൽ പ്രാഥമിക സഹകരണ ബാങ്കുകളിൽ നിന്നും വിരമിച്ച എത്രപേർക്കാണ് നിലവിൽ പെൻഷൻ വിതരണം ചെയ്യുന്നത്; വ്യക്തമാക്കാമോ;

(സി) പെൻഷൻ ഫണ്ട് പൂർണ്ണമായും അടയ്ക്കാതെ ആനുപാതിക പെൻഷൻ വാങ്ങുന്ന ആളുകളുടെ എണ്ണം എത്രയാണ്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ഡി) ഇത്തരക്കാരിൽ നിന്നും പെൻഷൻ ഫണ്ടിലേക്കുള്ള കുടിശിക വസൂലാക്കുന്നതിന് പെൻഷൻ ബോർഡ് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ഇ) കേരള ബാങ്ക് ജീവനക്കാരുടെ പെൻഷൻ സഹകരണ പെൻഷൻ ബോർഡിൽ നിന്ന് മാറ്റി കേരള ബാങ്ക് മുഖേന കൊടുക്കുന്നതിന് ആലോചിക്കുന്നുണ്ടോ; വിശദാംശം അറിയിക്കാമോ?

## റിസ്ക് ഫണ്ട് ആനുകൂല്യത്തിനായുള്ള അപേക്ഷകൾ

2790 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് വാമനപുരം മണ്ഡലത്തിലെ സഹകരണ സംഘങ്ങൾ മുഖേന റിസ്ക് ഫണ്ട് ആനുകൂല്യം ലഭിക്കുന്നതിനായി എത്ര അപേക്ഷകൾ ലഭിച്ചിരുന്നുവെന്നും അവയിൽ നിന്നും റിസ്ക് ഫണ്ട് ആനുകൂല്യം ലഭിച്ചവരുടെ വിവരങ്ങളും അനുവദിച്ച തുകയും സഹകരണ സംഘം തിരിച്ച് നൽകാമോ?

## കോതമംഗലം മണ്ഡലത്തിലെ സഹകരണ റിസ്ക് ഫണ്ട്

2791 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കോതമംഗലം മണ്ഡലത്തിൽ സഹകരണ റിസ്ക് ഫണ്ട് ആനുകൂല്യമായി എത്ര തുകയാണ് വിതരണം ചെയ്തിട്ടുള്ളതെന്ന് സഹകരണ സംഘം തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത ആനുകൂല്യം സമയബന്ധിതമായി നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## നെൽകർഷകരുടെ ഉന്നമനത്തിനായുള്ള പ്രവർത്തനങ്ങൾ

2792 **ശ്രീ. എ. സി. മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽകർഷകരുടെ ഉന്നമനത്തിനായി സഹകരണ വകുപ്പ് എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തി വരുന്നതെന്ന് വിശദമാക്കാമോ?

## റിസ്ക് ഫണ്ടിനുള്ള അപേക്ഷകൾ തീർപ്പാക്കാൻ നടപടി

2793 **ശ്രീ. യു. ആർ. പ്രദീപ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) റിസ്ക് ഫണ്ട് ലഭിക്കുന്നതിനായി ലഭിച്ച അപേക്ഷകളിന്മേൽ തീരുമാനമെടുക്കാൻ കാലതാമസം നേരിടുന്നുണ്ടെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഏതു വർഷം ഏതു മാസം വരെ ലഭിച്ച അപേക്ഷകളാണ് ഇതുവരെ തീർപ്പാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) നിലവിൽ എത്ര അപേക്ഷകളിൽ ഇനിയും തീർപ്പുകല്പിക്കാനുണ്ട്; അപേക്ഷകളിൽ സമയബന്ധിതമായി തീർപ്പുകല്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നൽകാമോ?

**<u>ആലപ്പുഴ മണ്ഡലത്തിലെ സഹകരണ റിസ്ക് ഫണ്ട് അപേക്ഷകൾ</u>**

2794 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ മണ്ഡലത്തിൽ സഹകരണ റിസ്ക് ഫണ്ട് എത്ര ആളുകൾക്കാണ് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൈമാറിയിട്ടുള്ളതെന്ന് സഹകരണ സംഘം തിരിച്ച് കണക്ക് നൽകാമോ;

(ബി) നിലവിൽ റിസ്ക് ഫണ്ട് ആനുകൂല്യത്തിന് അപേക്ഷിച്ചവരിൽ ആലപ്പുഴ മണ്ഡലത്തിലെ സഹകരണ സംഘങ്ങളിൽ പെൻഡിങ് ഉള്ള അപേക്ഷകരുടെ വിശദാംശം ലഭ്യമാക്കാമോ;

(സി) ആലപ്പുഴ നിയോജക മണ്ഡലത്തിൽ കോവിഡാനന്തരം എത്ര വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും സഹകരണ ബാങ്ക് ജപ്തി നടപടികൾ നിർത്തി വയ്ക്കുന്നതിനും തിരിച്ചടവിന് പരമാവധി സാവകാശം നൽകുന്നതിനും സഹായം നൽകിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ?

**<u>സഹകരണ മേഖലയിൽ നടപ്പിലാക്കിയ പദ്ധതികൾ</u>**

2795 **ശ്രീ. എ. സി. മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സഹകരണ മേഖലയിൽ നടപ്പിലാക്കിയ വിവിധ പദ്ധതികൾ ഏതൊക്കെയെന്ന് വിശദമാക്കാമോ?

**<u>മാവേലിക്കര മണ്ഡലത്തിലെ സഹകരണ റിസ്ക് ഫണ്ട് അപേക്ഷകൾ</u>**

2796 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 മുതൽ മാവേലിക്കര മണ്ഡലത്തിൽ സഹകരണ റിസ്ക് ഫണ്ട് എത്ര ആളുകൾക്കാണ് കൈമാറിയിട്ടുള്ളത്; സഹകരണ സംഘം തിരിച്ച് കണക്ക് ലഭ്യമാക്കുമോ;

(ബി) എത്ര അപേക്ഷകർക്ക് ഇനിയും റിസ്ക് ഫണ്ട് ആനുകൂല്യങ്ങൾ നല്കുവാനുണ്ടെന്ന് അറിയിക്കുമോ?

**<u>വൈപ്പിൻ മണ്ഡലത്തിൽ സഹകരണ വകുപ്പ് അനുവദിച്ചിട്ടുള്ള പദ്ധതികൾ</u>**

2797 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-2021 -ലെ സർക്കാരിന്റെ കാലയളവിലും ഈ സർക്കാരിന്റെ 2021-2025 കാലയളവിലും വൈപ്പിൻ മണ്ഡലത്തിൽ സഹകരണ വകുപ്പ് അനുവദിച്ചിട്ടുള്ള പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ വിശദമായ വിവരങ്ങൾ, ഓരോ പദ്ധതിക്കും അനുവദിച്ച തുക, നിർവ്വഹണ ചുമതല നൽകിയിട്ടുള്ള വകുപ്പ്/ഏജൻസി, അവയുടെ നിലവിലെ സ്ഥിതി എന്നിവ വ്യക്തമാക്കാമോ; ഫണ്ട് അനുവദിച്ചതിന്റെ ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ?

## കേരള ബാങ്ക് നൽകിയ പരസ്യം

2798 **ശ്രീ. എം. വിൻസെന്റ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024-25, 2025-26 എന്നീ സാമ്പത്തിക വർഷങ്ങളിൽ കേരള ബാങ്ക് ഏതൊക്കെ സ്ഥാപനങ്ങൾക്ക് പരസ്യം നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ; പരസ്യം നൽകിയ സ്ഥാപനങ്ങളുടെ പേരും തുകയും ലഭ്യമാക്കാമോ;

(ബി) നിർമ്മാണ പ്രവർത്തനങ്ങളും ഇലക്ട്രോണിക്ക് ഉപകരണങ്ങളുടെ പർച്ചേസ് & ഇൻസ്റ്റലേഷനും 2024-25, 2025-26 വർഷങ്ങളിൽ ഏതൊക്കെ ഏജൻസികൾക്ക് നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ; എസ്റ്റിമേറ്റ് തുക ഉൾപ്പെടെയുള്ള പ്രവൃത്തിയുടെ വിശദവിവരം നൽകാമോ?

## കേരള ബാങ്ക് മുഖേന അതിഥി തൊഴിലാളികളുടെ നിക്ഷേപം

2799 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബാങ്ക് മുഖേന അതിഥി തൊഴിലാളികളുടെ ചെറിയ രീതിയിലുള്ള നിക്ഷേപം സ്വീകരിക്കാനുള്ള പദ്ധതി ആവിഷ്കരിക്കാമോ?

## കാർഷിക ഗ്രാമവികസന ബാങ്കിനെ കേരള ബാങ്കിൽ ലയിപ്പിക്കുവാനുള്ള തീരുമാനം

2800 **ശ്രീ. പി. അബ്ദുൽ ഹമീദ്**
**ശ്രീ. മഞ്ഞളാംകുഴി അലി**
**ശ്രീ. നജീബ് കാന്തപുരം**
**ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന കാർഷിക ഗ്രാമവികസന ബാങ്കിനെ കേരള ബാങ്കിൽ ലയിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിരുന്നോ; പ്രസ്തുത പഠന സമിതിയുടെ നിർദേശങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) സംസ്ഥാന കാർഷിക ഗ്രാമവികസന ബാങ്കിനെ കേരള ബാങ്കിൽ ലയിപ്പിക്കുന്നതിന് റിസർവ് ബാങ്കിന്റെയും നബാർഡിന്റെയും അനുമതി

ആവശ്യമാണോ; എന്നുമുതൽ ലയനം നടത്താൻ കഴിയുമെന്നാണ് കരുതുന്നതെന്ന് വിശദമാക്കുമോ?

## കേരള ബാങ്കിന്റെ സേവനങ്ങൾ

2801 **ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുതലമുറ ബാങ്കുകൾ നൽകുന്ന ഏതൊക്കെ സേവനങ്ങളാണ് കേരള ബാങ്ക് ഉപഭോക്താക്കൾക്ക് നൽകുന്നതെന്ന് വിശദമാക്കാമോ?

## കേരള ബാങ്കിലെ കളക്ഷൻ ജീവനക്കാരുടെ പുനരധിവാസം

2802 **ശ്രീ. എൻ. ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ സഹകരണ ബാങ്കുകളെ സംസ്ഥാന സഹകരണ ബാങ്കിൽ ലയിപ്പിച്ചുകൊണ്ടുള്ള സംസ്ഥാന സഹകരണ സംഘം രജിസ്ട്രാറുടെ ഉത്തരവ് പ്രകാരം ഓരോ ജില്ലാ സഹകരണ ബാങ്കിന്റെയും അന്നുവരെയുള്ള ആസ്തി / ബാധ്യതകൾ ഏറ്റെടുത്ത് സംസ്ഥാന സഹകരണ ബാങ്കിൽ ലയിപ്പിച്ചിട്ടുണ്ടോ; എങ്കിൽ ഓരോ ജില്ലാ സഹകരണ ബാങ്കിലെയും കളക്ഷൻ ജീവനക്കാരുടെ അവസ്ഥ പരിഗണിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ;

(ബി) കേരള ബാങ്ക് മികച്ച വിവര സാങ്കേതിക മികവോടെ ഇടപാടുകാർക്ക് ഓൺലൈൻ ബാങ്കിങ്ങ് സൗകര്യം ലഭ്യമാക്കിയപ്പോൾ കേരള ബാങ്കിൽ നിലവിലുള്ള നിക്ഷേപ/ വായ്പ കളക്ഷൻ ജീവനക്കാർക്ക് തൊഴിൽ നഷ്ടവും വരുമാന നഷ്ടവും ഉണ്ടായിരിക്കുന്നത് ബാങ്കിന്റെയോ സർക്കാരിന്റെയോ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പത്ത് വർഷം മുതൽ നാല്പത് വർഷത്തിലധികം സേവന കാലാവധിയുള്ള പ്രസ്തുത ജീവനക്കാർക്ക് ഉദ്യോഗ കയറ്റം/ ഗ്രേഡ് എന്നിവ അനുവദിച്ച് നൽകുന്നതിൽ എന്തെങ്കിലും നിയമ തടസ്സമുണ്ടോ; വിശദമാക്കുമോ;

(ഡി) പ്രസ്തുത വിഭാഗം ജീവനക്കാർക്കുവേണ്ടി കേരള ബാങ്ക് ഏതെങ്കിലും പാക്കേജ് തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ അതിന്മേൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

## കർഷകരുടെ വായ്പകളിലുള്ള ജപ്തി നടപടികൾ

2803 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബാങ്ക് ഉൾപ്പെടെയുള്ള സഹകരണ സ്ഥാപനങ്ങൾ കർഷകരുടെ വായ്പകൾക്ക് ജപ്തി നോട്ടീസുകൾ പ്രസിദ്ധീകരിച്ച് സമ്മർദത്തിലാക്കുന്ന രീതി തുടരുന്നത് ഗൗരവത്തോടെ കാണുന്നുണ്ടോയെന്ന് അറിയിക്കാമോ;

(ബി) കർഷകരുടെ വായ്പകളിൻമേൽ കേരള ബാങ്ക് രൂപീകരണ ശേഷം നാളിതുവരെ സ്വീകരിച്ച ജപ്തി നടപടികളുടെ വിശദാംശം അറിയിക്കാമോ;

(സി) കർഷകരുടെ വായ്പകളിലുള്ള ജപ്തി നടപടികൾ പൂർണ്ണമായും അവസാനിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

## പാലക്കാട് ജില്ലയിലെ ജപ്തി നടപടികൾ

2804 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ കോവിഡാനന്തരം എത്രത്തോളം വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും സഹകരണ ബാങ്ക് ജപ്തി നടപടികൾ നിർത്തി വയ്ക്കുന്നതിനും തിരിച്ചടവിന് പരമാവധി സാവകാശം നൽകുന്നതിനും സഹായം നൽകിയിട്ടുണ്ടെന്നുള്ള വിശദാംശം നിയോജക മണ്ഡലാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

## കേരള സ്റ്റേറ്റ് കോപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡിൽ ഐ.ടി. ഓഫീസർ

2805 **ശ്രീ വി കെ പ്രശാന്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് കോപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡിൽ ഐ. ടി. ഓഫീസർ പാർട്ട്-1 തസ്തികയിൽ നിലവിൽ എത്ര ഒഴിവുകൾ ഉണ്ടെന്നുള്ള വിവരം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത തസ്തികയിലേയ്ക്ക് റാങ്ക് ലിസ്റ്റ് നിലവിലുണ്ടോയെന്നും ഉണ്ടെങ്കിൽ ആയതിൽ നിന്നും ഇതുവരെ എത്ര നിയമനങ്ങൾ നടത്തിയിട്ടുണ്ടെന്നും വിശദമാക്കുമോ;

(സി) ഒഴിവുകൾ കണ്ടെത്തി കൂടുതൽ പേരെ റാങ്ക് ലിസ്റ്റിൽ നിന്നും നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

## ജില്ലാ സഹകരണ ബാങ്കിലെ താത്കാലിക നിയമനങ്ങൾ

2806 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലാ സഹകരണ ബാങ്കിലെ ക്ലാർക്ക്/കാഷ്യർ തസ്തികയിൽ കാറ്റഗറി നമ്പർ 20/14 പ്രകാരം 2017 ജനുവരിയിൽ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിൽ നിന്നും എത്ര നിയമനങ്ങളാണ് നടത്തിയത്; പ്രസ്തുത റാങ്ക് ലിസ്റ്റ് നിലനിൽക്കുന്ന കാലയളവിൽ ബാങ്കിൽ ഈ തസ്തികയിൽ എത്ര താത്ക്കാലിക നിയമനങ്ങൾ നടത്തിയിട്ടുണ്ട്; വ്യക്തമാക്കുമോ;

(ബി) റാങ്ക് ലിസ്റ്റ് നിലനിൽക്കുമ്പോൾ ഇതിൽ നിന്ന് നിയമനം നടത്താതെ താത്ക്കാലിക നിയമനം നൽകിയ മേല്പറഞ്ഞവർക്ക് നിലവിൽ ജോലി സ്ഥിരപ്പെടുത്തുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(സി) പ്രസ്തുത റാങ്ക് ലിസ്റ്റ് നിലനിൽക്കുന്ന കാലയളവിൽ കേരള ബാങ്ക് രൂപീകരിച്ചപ്പോൾ ഉണ്ടായ ഒഴിവുകളിലേക്ക് ഈ റാങ്ക് ലിസ്റ്റിൽ നിന്ന് നിയമനം നടത്താതിരുന്നതിന്റെ കാരണം വ്യക്തമാക്കുമോ?

## നഷ്ടത്തിൽ പ്രവർത്തിക്കുന്ന സഹകരണ ബാങ്കുകൾ

2807 **ശ്രീ. കെ. പി. എ. മജീദ്**
**ശ്രീ. പി. ഉബൈദുള്ള**
**പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നഷ്ടത്തിൽ പ്രവർത്തിക്കുന്ന സഹകരണ ബാങ്കുകളെ സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(ബി) പ്രാഥമിക സഹകരണ ബാങ്കുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്കരിക്കുന്നതിന് കേരള ബാങ്കിന് നിർദേശം നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) സംസ്ഥാനത്തെ പ്രാഥമിക സഹകരണ ബാങ്കുകൾ പലതും നഷ്ടത്തിലാണ് പ്രവർത്തിക്കുന്നതെന്നത് വസ്തുതയാണോ; എങ്കിൽ ഇക്കാര്യം പരിശോധിച്ചിട്ടുണ്ടോ വിശദമാക്കാമോ?

## <u>കരുവന്നൂർ സഹകരണ ബാങ്കിലെ ക്രമക്കേട്</u>

2808 **ശ്രീ. ടി. സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുവന്നൂർ സഹകരണ ബാങ്കിലെ ക്രമക്കേടുകളുടെ ഭാഗമായി എത്ര നിക്ഷേപകർക്ക് നിക്ഷേപത്തുക നഷ്ടപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ എത്രപേർക്ക് നിക്ഷേപത്തുക പൂർണ്ണമായും തിരികെ നൽകിയിട്ടുണ്ട്;

(സി) ഇനി നിക്ഷേപത്തുക തിരികെ ലഭിക്കാനുള്ള എത്രപേരുണ്ടെന്നും ഈ ഇനത്തിൽ എത്ര തുകയാണ് നൽകുവാൻ ഉള്ളതെന്നും വ്യക്തമാക്കാമോ;

(ഡി) മേൽപ്പറഞ്ഞവർക്ക് നിക്ഷേപത്തുക പൂർണ്ണമായി തിരികെ നൽകാൻ എന്ന് സാധിക്കുമെന്ന് വ്യക്തമാക്കാമോ?

## <u>റിസ്ക് ഫണ്ടിനായി അപേക്ഷിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ</u>

2809 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകളിൽ നിന്നും വായ്പയെടുത്ത് വായ്പാ കാലാവധിക്കുള്ളിൽ മരണപ്പെടുന്നവരുടെ അവകാശികൾക്കും, ഗുരുതര രോഗം ബാധിക്കുന്നവർക്കും നൽകിവരുന്ന റിസ്ക് ഫണ്ടിനായി അപേക്ഷിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; വിശദമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം മണലൂർ മണ്ഡലത്തിൽ നിന്നും റിസ്ക് ഫണ്ടിനായി എത്ര അപേക്ഷകൾ ലഭിച്ചുവെന്നും അതിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്നും വിശദമാക്കാമോ;

(സി) എളവള്ളി പഞ്ചായത്തിലെ എളവള്ളി സർവീസ് സഹകരണ ബാങ്കിൽ നിന്നും വായ്പയെടുത്ത് തിരിച്ചടവ് അവസാനിക്കുന്നതിനുള്ളിൽ, 27.08.2024-ന് മരണപ്പെട്ട പയ്യപ്പാട്ട് ഉണ്ണിരി മകൻ വിനയന്റെ അവകാശി റിസ്ക് ഫണ്ടിനായി അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ എന്ന് അറിയിക്കാമോ;

(ഡി) ഉണ്ടെങ്കിൽ എന്നാണ് അപേക്ഷ ലഭിച്ചതെന്നും പ്രസ്തുത അപേക്ഷയിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ;

(ഇ) എളവള്ളി സർവീസ് സഹകരണ ബാങ്കിൽ നിന്നും ഈ സർക്കാർ അധികാരത്തിൽ വന്നശേഷം റിസ്ക് ഫണ്ടിനായി ഇതുവരെ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും

പ്രസ്തുത അപേക്ഷകളിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്നും വിശദമാക്കാമോ?

## മൾട്ടിസ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കുകളുടെ പ്രവർത്തനങ്ങൾ

2810 **ശ്രീ. ആര്യാടൻ ഷൗക്കത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മൾട്ടിസ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കുകൾ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രവർത്തിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അനിയന്ത്രിതമായി പ്രവർത്തിക്കുന്ന അത്തരം ബാങ്കുകളുടെ പ്രവർത്തനം നിയന്ത്രിക്കുന്നതിന് വ്യവസ്ഥയുണ്ടോ; വ്യക്തമാക്കാമോ?

## മാറംപിള്ളി സഹകരണ ബാങ്കുമായി ബന്ധപ്പെട്ട വ്യാജ ലോൺ പരാതികൾ

2811 **ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് മണ്ഡലത്തിലെ മാറംപിള്ളി സർവീസ് സഹകരണ ബാങ്കിലെ വ്യാജലോൺ വിഷയവുമായി ബന്ധപ്പെട്ട് പരാതികൾ ലഭിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ; പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ബാങ്കിൽ നടത്തിയ നിയമനങ്ങളുമായി ബന്ധപ്പെട്ട് എന്തെങ്കിലും പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; ഈ വിഷയത്തിലെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

## തിരുവനന്തപുരം ജില്ലയിലെ മൾട്ടി പർപ്പസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികളുടെ എണ്ണം

2812 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ എത്ര മൾട്ടി പർപ്പസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികളാണ് പ്രവർത്തിച്ചുവരുന്നത്; താലൂക്ക് തിരിച്ചുള്ള വിവരം ലഭ്യമാക്കാമോ?

## റെയ്ഡ്കോയുടെ നഷ്ടം പരിഹരിക്കാൻ നടപടി

2813 **ശ്രീ. സണ്ണി ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) റെയ്ഡ്കോയുടെ സർക്കാർ ഓഹരി എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) റെയ്ഡ്കോയ്ക്ക് നിലവിൽ എത്ര കോടി രൂപ നഷ്ടമുണ്ട്; നഷ്ടം ഒഴിവാക്കാനോ പരിഹരിക്കാനോ പ്രത്യേക ഇടപെടലുകൾ നടത്തിയിട്ടുണ്ടോ; എങ്കിൽ അതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദമാക്കാമോ;

(സി) റെയ്ഡ്കോയുടെ പ്രവർത്തന മൂലധനത്തിന്റെ അപര്യാപ്തതയും വൻതോതിലുള്ള പലിശ ബാധ്യതയും പരിഹരിക്കാൻ സാമ്പത്തിക സഹായം നൽകുമോ; വിശദമാക്കാമോ;

(ഡി) റെയ്ഡ്കോയെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും കൃഷി വകുപ്പിന്റെയും പദ്ധതികളിൽ മുൻഗണനാ സ്ഥാപനമായി ഉൾപ്പെടുത്തുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

**റിസ്ക് ഫണ്ട് ആനുകൂല്യം അനുവദിക്കുന്നതിന് നടപടി**

2814 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ കയ്പമംഗലം മണ്ഡലത്തിലെ വിവിധ സർവീസ് സഹകരണ സംഘങ്ങളിൽ നിന്നും റിസ്ക് ഫണ്ട് ആനുകൂല്യത്തിനായി എത്ര അപേക്ഷകൾ ലഭ്യമായിട്ടുണ്ടെന്നും ആയതിൽ എത്ര പേർക്ക് ആനുകൂല്യങ്ങൾ ലഭ്യമായിട്ടുണ്ടെന്നും സർവീസ് സഹകരണ സംഘങ്ങൾ തിരിച്ച് വ്യക്തമാക്കാമോ;

(ബി) ആയതിൽ എത്ര തുകയാണ് റിസ്ക് ഫണ്ടായി അനുവദിച്ചതെന്നും എത്ര പേർക്കാണ് അനുവദിച്ചതെന്നും സഹകരണ സംഘങ്ങൾ തിരിച്ച് വ്യക്തമാക്കാമോ;

(സി) ഇനിയും എത്ര അപേക്ഷകർക്ക് പ്രസ്തുത ആനുകൂല്യം ലഭ്യമാക്കുവാൻ ബാക്കിയുണ്ടെന്ന് സഹകരണ സംഘങ്ങൾ തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ഡി) മുഴുവൻ അപേക്ഷകർക്കും സമയബന്ധിതമായി റിസ്ക് ഫണ്ട് ലഭ്യമാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കാമോ; വിശദാംശം നൽകാമോ?

**സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം ചെയ്യുന്ന സഹകരണ സംഘങ്ങൾക്ക് ഇൻസെന്റീവ്**

2815 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം ചെയ്യുന്ന സഹകരണ സംഘങ്ങൾക്ക് ഇൻസെന്റീവായി എത്ര രൂപ വീതമാണ് നൽകി വരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ഈ തുകയിൽ നിന്ന് പെൻഷൻ എത്തിച്ചുകൊടുക്കുന്ന ഏജന്റിനും സംഘത്തിനും എത്ര രൂപ വീതമാണ് നൽകി വരുന്നത്; വ്യക്തമാക്കാമോ;

(സി) സംഘത്തിന് ലഭിക്കുന്ന തുകയിൽ നിന്ന് പെൻഷൻ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥർക്ക് വിഹിതം നൽകാൻ വ്യവസ്ഥയുണ്ടോ; എങ്കിൽ വിശദമാക്കാമോ?

**തിരുവനന്തപുരം ജില്ല ഫാം ടൂർ സഹകരണ സംഘത്തിലെ ക്രമക്കേടുകൾ**

2816 **ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ല ഫാം ടൂർ സഹകരണ സംഘത്തിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് സഹകരണ വകുപ്പ് നടത്തിയ പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകൾ എന്തൊക്കെയാണ്; വിശദാംശം വ്യക്തമാക്കാമോ; ഇത് സംബന്ധിച്ച റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) ക്രമക്കേടുകൾ കണ്ടെത്തിയതിനെത്തുടർന്ന് സഹകരണ വകുപ്പ് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

**നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിലെ ലാഭത്തിൽ പ്രവർത്തിക്കുന്ന സഹകരണസംഘങ്ങൾ**

2817 **ശ്രീ. കെ. ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിൽ ഉൾപ്പെടുന്നതും 2024-25 സാമ്പത്തിക വർഷത്തെ കണക്കനുസരിച്ച് ലാഭത്തിൽ പ്രവർത്തിക്കുന്നതുമായ സഹകരണ സംഘങ്ങൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ; പ്രസ്തുത സഹകരണ സംഘങ്ങളുടെ വിശദാംശം ലഭ്യമാക്കാമോ?

**സർക്കാർ ജീവനക്കാരുടെ സഹകരണ സ്ഥാപനങ്ങൾ**

2818 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ സർക്കാർ ജീവനക്കാരുടെ നിയന്ത്രണത്തിലുള്ള എത്ര സഹകരണ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്;

(ബി) പ്രസ്തുത സ്ഥാപനങ്ങളുടെ വിശദാംശം പേരു വിവരങ്ങൾ സഹിതം ലഭ്യമാക്കാമോ?

**വനിതാ സഹകരണ സംഘങ്ങളുടെ ശാക്തീകരണം**

2819 **ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം, വനിതാ സഹകരണ സംഘങ്ങളുടെ ശാക്തീകരണത്തിനായി എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

**സഹകരണ സംഘങ്ങളിൽ നടക്കുന്ന സാമ്പത്തിക ക്രമക്കേടുകൾ**

2820 **ശ്രീ. അഹമ്മദ് ദേവർകോവിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സഹകരണ സംഘങ്ങളിൽ ഉണ്ടായിക്കൊണ്ടിരിക്കുന്നു എന്ന് റിപ്പോർട്ട് ചെയ്യപ്പെടുന്ന സാമ്പത്തിക ക്രമക്കേടുകൾക്ക് ശാശ്വത പരിഹാരം കാണുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ വിശദമാക്കാമോ;

(ബി) സഹകരണ സംഘങ്ങളിൽ പണയം വയ്ക്കുന്ന സ്വർണ്ണ ഉരുപ്പടികളുടെ മാറ്റ് (പ്യൂരിറ്റി) പരിശോധിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചു വരുന്നുണ്ടോ; വിശദമാക്കാമോ?

**സഹകരണ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങൾ**

2821 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നോർത്ത് മണ്ഡലത്തിന് കീഴിൽ പ്രവർത്തിക്കുന്ന സഹകരണ സ്ഥാപനങ്ങളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രസ്തുത സഹകരണ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ?

## ഭാരതീയ പട്ടികജാതി കലാക്ഷേത്രം സർവ്വീസ് സഹകരണ സംഘം

2822 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിലെ കുരുവാപ്പടി-വരാക്കര പ്രദേശത്ത് പ്രവർത്തിച്ചു വരുന്ന ഭാരതീയ പട്ടികജാതി കലാക്ഷേത്രം സർവീസ് സഹകരണ സംഘം സർക്കാർ സഹായം ലഭിച്ചതിന്മേലുള്ള കുടിശിക ഒഴിവാക്കികിട്ടുന്നത് സംബന്ധിച്ച് സമർപ്പിച്ച അപേക്ഷയിൽ നടപടികൾ ഏത് ഘട്ടത്തിലാണ് എന്നറിയിക്കാമോ;

(ബി) വർഷങ്ങൾക്കു മുൻപ് പ്രവർത്തനം നിലച്ച പ്രസ്തുത സഹകരണ സംഘം പുനർജീവിപ്പിച്ച് പ്രവർത്തനസജ്ജമാക്കിയ സാഹചര്യത്തിൽ മുൻകാലത്ത് ലഭിച്ച സർക്കാർ സഹായം തിരിച്ചടക്കണമെന്ന നിർദ്ദേശം ലഭിച്ച സാഹചര്യത്തിൽ പലിശയും പിഴപ്പലിശയും ഒഴിവാക്കി പരമാവധി ഇളവുകളോടെ തിരിച്ചടവിന് സാവകാശം നൽകി പ്രസ്തുത സഹകരണ സംഘത്തിന്റെ പ്രവർത്തനം പുനഃരാരംഭിക്കുന്നതിന് സഹായകരമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

## സഹകരണമേഖല ഉൽപ്പാദിപ്പിക്കുന്ന മൂല്യവർധിത ഉൽപ്പന്നങ്ങൾ

2823 **ശ്രീ. എ. സി. മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണമേഖല ഉൽപ്പാദിപ്പിക്കുന്ന മൂല്യവർധിത ഉൽപ്പന്നങ്ങൾ വിപണനം നടത്തുന്നതിന് സഹകരണ വകുപ്പ് എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

## തിരൂരങ്ങാടി സഹകരണ നീതി മെഡിക്കൽ സ്റ്റോർ കെട്ടിടനിർമ്മാണം

2824 **ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി ഗവൺമെന്റ് താലൂക്ക് ആശുപത്രിയോട് ചേർന്നുള്ള സഹകരണ നീതി മെഡിക്കൽ സ്റ്റോർ പ്രവർത്തിക്കുന്ന കെട്ടിടം പൊളിച്ചു മാറ്റുന്നതിനുള്ള അനുമതിക്കായി സമർപ്പിച്ച അപേക്ഷയിൽ തീരുമാനമായിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പുതുതായി നിർമ്മിക്കുന്ന കെട്ടിട സമുച്ചയത്തിന്റെ നിർമ്മാണം ആരംഭിക്കുന്നതിന് പ്രസ്തുത മെഡിക്കൽ സ്റ്റോർ പ്രവർത്തിക്കുന്ന കെട്ടിടം പൊളിച്ചു മാറ്റേണ്ടത് അനിവാര്യമായിട്ടും ആയതിന് അനുമതി നൽകാത്തതിന്റെ കാരണം വിശദമാക്കാമോ?

## തുറമുഖങ്ങളിൽ നിന്നുള്ള മണൽ വില്പന

2825 **ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ സംസ്ഥാനത്തെ തുറമുഖങ്ങളിൽ നിന്നോ കപ്പൽ ചാലുകളിൽ നിന്നോ അനുബന്ധ പ്രദേശങ്ങളിൽ നിന്നോ നീക്കം ചെയ്യുന്ന മണലിന്റെ വില്പനയിലൂടെ മാരി ടൈം ബോർഡിന് ലഭിച്ച ആകെ വരുമാനം എത്രയാണ്; ഇനവും വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) സംസ്ഥാനത്തെ ഹാർബറുകളിൽ നിന്നോ അനുബന്ധപ്രദേശങ്ങളിൽ നിന്നോ ഇപ്രകാരം മണൽവാരൽ തൊഴിലാളികൾ മുഖേന മണൽ നീക്കം നടത്തുന്ന ഹാർബറുകൾ ഏതെല്ലാമാണെന്ന് അറിയിക്കുമോ;

(സി) വടകര തുറമുഖ പരിധിയിൽ കുറ്റ്യാടി പുഴയുടെ അഴിമുഖത്ത് ജലയാനങ്ങളുടെ സഞ്ചാരത്തിന് തടസ്സം സൃഷ്ടിക്കുന്ന മണൽ നീക്കം ചെയ്യുന്നതിന് മുനിസിപ്പാലിറ്റി സെക്രട്ടറിമാർക്ക് ഡ്രെഡ്ജിങ് പെർമിറ്റ് അനുവദിക്കുന്ന ഇനത്തിൽ ഫീസ് ഈടാക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഈടാക്കുന്ന ഫീസ് തുകയുടെ വിശദാംശം ലഭ്യമാക്കാമോ;

(ഡി) വടകര തുറമുഖ പരിധിയിൽ ഇപ്രകാരം ഡ്രെഡ്ജ് ചെയ്യപ്പെടുന്ന മണലിന്റെ നിലവിലുള്ള വില്പന വില എത്രയാണ്; ഇപ്രകാരം മണൽ വിൽപ്പന നടത്തുന്നതുമായി ബന്ധപ്പെട്ട മാരി ടൈം ബോർഡിന് ഉണ്ടാവുന്ന വിവിധ ചെലവുകളും അവയുടെ നിരക്കുകളും അറിയിക്കുമോ;

(ഇ) വടകര തുറമുഖവുമായി ബന്ധപ്പെട്ട വിവിധയിനം ഫീസുകളിലൂടെയും ലൈസൻസുകൾ അനുവദിക്കുന്നതിലൂടെയും മാരി ടൈം ബോർഡിന് ലഭിക്കുന്ന ആകെ വരുമാനം എത്രയാണ്; ഇനം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

## <u>പുതിയ ചെറുതുറമുഖങ്ങൾ ആരംഭിക്കാൻ നടപടി</u>

2826 **ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രധാന തുറമുഖങ്ങളിൽ നിലവിൽ നടക്കുന്ന വികസന പ്രവർത്തനങ്ങൾ ഏതൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) പുതിയ ചെറുതുറമുഖങ്ങൾ ആരംഭിക്കാൻ സർക്കാർ നടപടികൾ സ്വീകരിക്കുന്നുണ്ടോ; വിശദമാക്കുമോ?

## <u>തുറമുഖ മേഖലയിൽ നടപ്പാക്കിയ വികസന പ്രവർത്തനങ്ങൾ</u>

2827 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു**
**ശ്രീ. കെ.വി.സുമേഷ്**
**ശ്രീ എം മുകേഷ്**
**ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തുറമുഖ മേഖലയിൽ ഈ സർക്കാർ നടപ്പാക്കിയ വികസന പ്രവർത്തനങ്ങളുടെ ഫലമായി ഈ രംഗത്തുണ്ടായിട്ടുള്ള നേട്ടങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) പ്രധാന തുറമുഖങ്ങളുടെ വികസനവുമായി ബന്ധപ്പെട്ട് നടത്തുന്ന അടിസ്ഥാന സൗകര്യ വിപുലീകരണ പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതിയെന്താണെന്ന് വിശദീകരിക്കുമോ;

(സി) വിഴിഞ്ഞം തുരങ്ക റെയിൽപ്പാതാ നിർമ്മാണവുമായി ബന്ധപ്പെട്ട പ്രാഥമിക നടപടിക്രമങ്ങൾ പൂർത്തിയായിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) വിഴിഞ്ഞം തുറമുഖത്തിന്റെ മികവ് സംബന്ധിച്ച് കോമൺവെൽത്ത് യൂണിയൻ റിപ്പോർട്ട് പ്രസിദ്ധീകരിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

## <u>വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ വികസനം</u>

2828 **ശ്രീ. എം. എം. മണി**
**ശ്രീ ഡി കെ മുരളി**
**ശ്രീ. ഐ. ബി. സതീഷ്**
**ശ്രീ. കെ. ആൻസലൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെയും ബാഹ്യ അടിസ്ഥാന സൗകര്യ വികസനത്തിന്റെയും പ്രവർത്തനങ്ങൾക്ക് പുറമെ പദ്ധതി പ്രദേശത്ത് സാമൂഹ്യ ക്ഷേമത്തിലധിഷ്ഠിതമായി സർക്കാർ നടത്തുന്ന പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) പദ്ധതി പ്രദേശത്തെ ജനങ്ങളുടെ ജീവനോപാധി നഷ്ടപരിഹാരം സംബന്ധിച്ച് സർക്കാർ നടത്തിയിട്ടുള്ള ഇടപെടലുകൾ വിശദമാക്കാമോ;

(സി) ലൈവ്‌ലി ഹുഡ് ഇംപാക്ട് അപ്രൈസൽ കമ്മിറ്റിയുടെ റിപ്പോർട്ടിന്മേൽ ഈ മേഖലയിൽ വിതരണം ചെയ്തിട്ടുള്ള നഷ്ടപരിഹാരം സംബന്ധിച്ച വിവരം ലഭ്യമാക്കാമോ;

(ഡി) വിഴിഞ്ഞം മത്സ്യബന്ധന തുറമുഖ നവീകരണവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളിലെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ഇ) പദ്ധതി പ്രദേശത്തെ തീരദേശ മേഖലയുടെ സുരക്ഷയുമായി ബന്ധപ്പെട്ട് നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(എഫ്) പദ്ധതി പ്രദേശത്തെ കോസ്റ്റൽ പോലീസിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ നവീകരിക്കുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കാമോ?

## <u>വിഴിഞ്ഞം തുറമുഖ പദ്ധതിയിൽ സംസ്ഥാനത്തിന്റെ പങ്കാളിത്തം</u>

2829 **ശ്രീ തോമസ് കെ തോമസ്**
**ശ്രീ കോവൂർ കുഞ്ഞുമോൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖത്ത് നാളിതുവരെ നടന്ന നിർമ്മാണ പദ്ധതികളിൽ സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക പങ്കാളിത്തം എത്രമാത്രമുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) അദാനി കമ്പനിയുമായുള്ള കരാര്‍ പ്രകാരം വരുമാനം വീതിക്കുന്നതില്‍ നിഷ്കര്‍ഷിച്ചിട്ടുള്ള വ്യവസ്ഥകള്‍ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) വിഴിഞ്ഞം തുറമുഖത്ത് ഇനിയും എന്തെല്ലാം വികസന പദ്ധതികളാണ് ഏറ്റെടുക്കാന്‍ പോകുന്നതെന്ന് വ്യക്തമാക്കുമോ?

**<u>അഴീക്കല്‍ പോര്‍ട്ടില്‍ വെയര്‍ ഹൗസ് നിര്‍മ്മാണം</u>**

2830 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നല്‍കുമോ:

(എ) അഴീക്കല്‍ പോര്‍ട്ടിലെ വെയര്‍ ഹൗസ് നിര്‍മ്മാണപ്രവൃത്തിയുടെ പുരോഗതി അറിയിക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് ആവശ്യമായ ഫണ്ട് കേരള മാരിടൈം ബോര്‍ഡില്‍ നിന്നും ലഭിച്ചിട്ടുണ്ടോ; എങ്കില്‍ വിശദാംശം നല്‍കാമോ?

**<u>അഴീക്കല്‍ പോര്‍ട്ടിലെ നിര്‍മ്മാണ പ്രവൃത്തികള്‍</u>**

2831 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നല്‍കുമോ:

(എ) അഴീക്കല്‍ പോര്‍ട്ടിലെ ഗസ്റ്റ് ഹൗസ്, കണ്‍ട്രോള്‍ റൂം എന്നിവയുടെ നിര്‍മ്മാണ പുരോഗതി അറിയിക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് ആവശ്യമായ ഫണ്ട് മാരിടൈം ബോര്‍ഡില്‍ നിന്ന് ലഭ്യമായിട്ടുണ്ടോ; എങ്കില്‍ വിശദമാക്കുമോ?

**<u>തുറമുഖ വകുപ്പുമായി ബന്ധപ്പെട്ട പരസ്യങ്ങളുടെ വിശദാംശം</u>**

2832 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) :** താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നല്‍കുമോ:

(എ) നിലവിലെ സര്‍ക്കാരിന്റെ കാലയളവില്‍ തുറമുഖ വകുപ്പിന്റെ കീഴിലുള്ള വിവിധ സ്ഥാപനങ്ങളും ഏജന്‍സികളും നാളിതുവരെ നല്‍കിയിട്ടുള്ള പരസ്യങ്ങളുടെ വിശദാംശം, പരസ്യം നല്‍കിയ സ്ഥാപനം, പരസ്യത്തിനായി ചെലവഴിച്ച തുക, ഏത് ഏജന്‍സി മുഖേനയാണ് പരസ്യം നല്‍കിയത്, പ്രസ്തുത ഏജന്‍സിയെ തെരഞ്ഞെടുത്ത നടപടിക്രമം, ഏത് പദ്ധതിയുടെ ഭാഗമായാണ് പരസ്യം നല്‍കിയത് എന്നിവ സംബന്ധിച്ച വിശദാംശം എന്നിവ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത കാലയളവില്‍ പരസ്യ ഇനത്തില്‍ ആകെ ചെലവഴിച്ച തുക ഇനം തിരിച്ച് ലഭ്യമാക്കുമോ?

**<u>ദേവസ്വം വസ്തുവകകള്‍ സര്‍ക്കാര്‍ ഏറ്റെടുത്തതിന് തിരുവിതാംകൂര്‍ ദേവസ്വം ബോര്‍ഡിന് നഷ്ടപരിഹാരം</u>**

2833 **ശ്രീ. തിരുവഞ്ചൂര്‍ രാധാകൃഷ്ണന്‍ :** താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നല്‍കുമോ:

(എ) ദേവസ്വം വസ്തുവകകള്‍ സര്‍ക്കാര്‍ ഏറ്റെടുത്തതിന്റെ നഷ്ടപരിഹാരമായി പ്രതിവര്‍ഷം സര്‍ക്കാര്‍ തിരുവിതാംകൂര്‍ ദേവസ്വം ബോര്‍ഡിന് അനുവദിച്ചിരുന്ന തുക പത്ത്

കോടിയായി ഉയർത്തുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ടോയെന്നും എങ്കിൽ ഇപ്രകാരം പ്രഖ്യാപിച്ചത് എന്നാണെന്നും അറിയിക്കാമോ;

(ബി) പ്രസ്തുത പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ നാളിതുവരെ വിതരണം ചെയ്ത തുകയുടെ വിശദാംശം ലഭ്യമാക്കാമോ; തുക അനുവദിച്ച് നൽകിയിട്ടില്ലെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) ദേവസ്വം വസ്തുവകകൾ സർക്കാർ ഏറ്റെടുത്തതിന്റെ നഷ്ടപരിഹാരമായി നിലവിൽ അനുവദിച്ചുകൊണ്ടിരുന്ന എൺപത് ലക്ഷം രൂപ സർക്കാർ തിരുവിതാംകൂർ ദേവസ്വം ബോർഡിന് നൽകുന്നുണ്ടോ; നിലവിൽ എത്ര വർഷത്തെ കുടിശികയുണ്ടെന്ന് വ്യക്തമാക്കുമോ?

## <u>ശബരിമല സാനിറ്റേഷൻ സൊസൈറ്റി</u>

2834 **ശ്രീ. സി. ആർ. മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല ശുചീകരണത്തിനായി രൂപീകരിച്ച ശബരിമല സാനിറ്റേഷൻ സൊസൈറ്റിയുടെ പ്രവർത്തനത്തിന് തിരുവിതാംകൂർ ദേവസ്വം ബോർഡും സംസ്ഥാന സർക്കാരും തുല്യ വിഹിതം ചെലവിടണമെന്ന വ്യവസ്ഥ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഒഴിവാക്കിയിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ;

(ബി) നിലവിൽ പ്രസ്തുത സൊസൈറ്റിയുടെ പ്രവർത്തനത്തിന്റെ മുഴുവൻ ബാധ്യതയും തിരുവിതാംകൂർ ദേവസ്വം ബോർഡിൽ നിക്ഷിപ്തമാക്കിയിട്ടുണ്ടോ; എങ്കിൽ ഏത് സാഹചര്യത്തിലാണ് ഇപ്രകാരം തീരുമാനമെടുത്തതെന്ന് വ്യക്തമാക്കുമോ?

## <u>ശബരിമല വികസന അതോറിറ്റിയുടെ പ്രവർത്തനം</u>

2835 **ശ്രീ. സി. ആർ. മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല വികസന അതോറിറ്റിയുടെ പ്രവർത്തനം ഏത് രീതിയിലാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്; എന്തൊക്കെ ചുമതലകളാണ് പ്രസ്തുത അതോറിറ്റിയിൽ നിക്ഷിപ്തമാകുന്നത്; വ്യക്തമാക്കാമോ;

(ബി) തിരുവിതാംകൂർ ദേവസ്വം ബോർഡിന് ശബരിമല വികസന അതോറിറ്റിയുടെ പ്രവർത്തനത്തിലുള്ള പങ്കാളിത്തം ഏത് രീതിയിലായിരിക്കുമെന്ന് വിശദമാക്കാമോ?

## <u>വെർച്വൽ ക്യൂ സംവിധാനം</u>

2836 **ശ്രീ. ഐ. സി. ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വെർച്വൽ ക്യൂ സംവിധാനം നിലവിൽ വരുന്നതിന് മുമ്പ് ശബരിമലയിൽ ശരാശരി ഒരു ദിവസം ദർശനം നടത്തിയിരുന്ന ഭക്തരുടെ എണ്ണവും ശരാശരി ഒരു ദിവസത്തെ നടവരവും എത്രയാണെന്നും വെർച്വൽ ക്യൂ സംവിധാനം ഏർപ്പെടുത്തിയതിന് ശേഷം ശരാശരി ഒരു ദിവസം ദർശനം നടത്തിയിരുന്ന ഭക്തരുടെ എണ്ണവും ശരാശരി ഒരു ദിവസത്തെ നടവരവും എത്രയാണെന്നും വ്യക്തമാക്കുമോ?

## സ്വദേശ് ദർശൻ പദ്ധതി

2837 **ശ്രീ. എ. പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-ൽ ശബരിമലയിൽ സ്വദേശ് ദർശൻ പദ്ധതിയുടെ ഭാഗമായി കേന്ദ്ര സർക്കാർ അനുവദിച്ച നൂറ് കോടി രൂപ പദ്ധതി രേഖ സമർപ്പിക്കാത്തതിന്റെ പേരിൽ വെട്ടിക്കുറച്ചിട്ടുണ്ടോ; എങ്കിൽ എത്ര തുകയാണ് വെട്ടിക്കുറച്ചതെന്നും ഇതിൽ നിന്നും നാളിതുവരെ എത്ര തുക കിട്ടിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(ബി) യഥാസമയം പദ്ധതി രേഖ സമർപ്പിക്കാത്തതിനാൽ 53.46 കോടി രൂപ ശബരിമല വികസനത്തിന് നഷ്ടപ്പെട്ട വിഷയത്തിൽ ഉത്തരവാദികളായവർക്കെതിരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

## ശബരിമല സ്വർണ്ണപ്പാളി അറ്റകുറ്റ പ്രവൃത്തികൾ

2838 **ശ്രീ. എം. വിൻസെന്റ്**
**ശ്രീ. ടി. ജെ. വിനോദ്**
**ശ്രീ. ടി. സിദ്ദിഖ്**
**ശ്രീമതി ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമലയിലെ സ്വർണ്ണപ്പാളി ഹൈക്കോടതി അനുമതി ഇല്ലാതെ അറ്റകുറ്റ പ്രവൃത്തികൾക്കായി കൊണ്ടുപോയ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത സംഭവത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ; ഇല്ലെങ്കിൽ അതിന്റെ കാരണം വിശദമാക്കാമോ?

## ശബരിമല സ്ത്രീ പ്രവേശനം സംബന്ധിച്ച നിലപാട്

2839 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**
**ശ്രീ. ഐ. സി. ബാലകൃഷ്ണൻ**
**ശ്രീ. സി. ആർ. മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല സ്ത്രീ പ്രവേശനം സംബന്ധിച്ച് സുപ്രീം കോടതിയിൽ സർക്കാർ സ്വീകരിച്ച നിലപാട് എന്താണെന്ന് വിശദമാക്കാമോ;

(ബി) 2016-ൽ സ്ത്രീ പ്രവേശനത്തെ എതിർത്തുകൊണ്ട് ആ കാലയളവിലെ സർക്കാർ സ്വീകരിച്ച നിലപാടിന് പകരം 2007-ൽ നൽകിയ സത്യവാങ്മൂലത്തിൽ പറഞ്ഞതാണ് സർക്കാർ നിലപാടെന്ന് മുൻ സർക്കാരിന് വേണ്ടി ഹാജരായ വക്കീൽ സുപ്രീം കോടതിയിൽ അഭിപ്രായപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ഈ നിലപാട് തിരുത്താൻ തയ്യാറാകുമോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ?

## ആഗോള അയ്യപ്പ സംഗമം

2840 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആഗോള അയ്യപ്പ സംഗമത്തിന് വേണ്ടി എത്ര തുകയാണ് ചെലവഴിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ശബരിമലയിൽ നിന്നുള്ള വരുമാനത്തിൽ നിന്ന് എന്തെങ്കിലും തുക സർക്കാർ ഖജനാവിലേയ്ക്ക് നൽകുന്നുണ്ടോ; വ്യക്തമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽവന്നശേഷം ശബരിമലയിൽ തീർത്ഥാടകർക്ക് സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി എത്ര തുകയാണ് ചെലവഴിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കാമോ?

## ദേവസ്വം ബോർഡുകൾക്കും അനുബന്ധ സ്ഥാപനങ്ങൾക്കുമായി ചെലവാക്കിയ തുക

2841 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാറിന്റെ കാലം മുതൽ നാളിതുവരെ ദേവസ്വം ബോർഡുകൾക്കും അനുബന്ധ സ്ഥാപനങ്ങൾക്കുമായി സംസ്ഥാന സർക്കാർ ചെലവാക്കിയ തുകയുടെ വിശദാംശം നൽകാമോ?

## എരുമേലിയിലെ കിഫ്ബി പദ്ധതികൾ

2842 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എരുമേലിയിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ചുള്ള അടിസ്ഥാന സൗകര്യ വികസനങ്ങൾക്കായി നിലവിലുണ്ടായിരുന്ന എത്ര നിർമ്മിതികളാണ് പൊളിച്ച് മാറ്റിയതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത നിർമ്മിതികൾക്ക് പകരം കിഫ്ബി ഫണ്ട് മുഖേന നാളിതുവരെ എന്തൊക്കെ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്; പ്രസ്തുത നിർമ്മാണ പ്രവൃത്തികൾക്കായി ചെലവഴിച്ച തുക, പ്രവൃത്തികൾ ആരംഭിച്ച തീയതി, പൂർത്തീകരിച്ച തീയതി എന്നിവ സഹിതം വ്യക്തമാക്കുമോ?

## ഹരിപ്പാട് മണ്ഡലത്തിലെ പള്ളിപ്പാട് നീണ്ടൂർ കാട്ടുവള്ളി ശ്രീദുർഗ്ഗാദേവിക്ഷേത്രം

2843 **ശ്രീ രമേശ് ചെന്നിത്തല :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പള്ളിപ്പാട് നീണ്ടൂർ കാട്ടുവള്ളി ശ്രീദുർഗ്ഗാദേവിക്ഷേത്രത്തെ നിത്യപൂജയുള്ള ക്ഷേത്രമാക്കി മാറ്റുന്നതിനും രണ്ടുനേരം പൂജ ചെയ്യുന്നതിനുമുള്ള നടപടി സ്വീകരിക്കാമോ;

(ബി) ഇതിനാവശ്യമായ ശാന്തി, കഴകം എന്നീ തസ്തികകളിൽ സ്ഥിരം നിയമനങ്ങൾ നടത്തുന്നതിനുള്ള നിർദേശം നൽകാമോ;

(സി) ഇതുമായി ബന്ധപ്പെട്ട് തിരുവിതാംകൂർ ദേവസ്വം ബോർഡിന് എന്തെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്തുനടപടി സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

## നെയ്യാറ്റിൻകര മണ്ഡലത്തിലെ ക്ഷേത്രങ്ങളുടെ വികസന പ്രവർത്തനങ്ങൾ

2844 **ശ്രീ. കെ. ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര മണ്ഡലത്തിൽ 2021-22 മുതൽ 2024-25 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ ഓരോ സാമ്പത്തിക വർഷവും ദേവസ്വത്തിന്റെ നിയന്ത്രണത്തിലുള്ള എത്ര ക്ഷേത്രങ്ങൾക്ക് വികസന പ്രവർത്തനങ്ങൾക്കായി ഫണ്ട് അനുവദിച്ചിട്ടുണ്ട്; പ്രസ്തുത ക്ഷേത്രങ്ങളുടെ പേരും എത്ര തുക വീതം ഫണ്ട് അനുവദിച്ചെന്നും വ്യക്തമാക്കാമോ?

**<u>പാറശാല മണ്ഡലത്തിൽ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളുടെയും സ്ഥാപനങ്ങളുടെയും വിവരങ്ങൾ</u>**

2845 **ശ്രീ സി കെ ഹരീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശാല മണ്ഡലത്തിൽ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളുടെയും സ്ഥാപനങ്ങളുടെയും പഞ്ചായത്ത് തിരിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത സ്ഥാപനങ്ങളുടെയും ക്ഷേത്രങ്ങളുടെയും നവീകരണത്തിനായി 2016 മെയ് മുതൽ 2025 വരെ നടപ്പാക്കിയ പദ്ധതികളുടെ വിശദാംശം, അനുവദിച്ച തുക, പ്രവൃത്തിയുടെ നിലവിലെ സ്ഥിതി ഉൾപ്പെടെ ലഭ്യമാക്കാമോ;

(സി) പ്രസ്തുത ക്ഷേത്രങ്ങളുടെ കീഴിലുള്ള ഭൂമിയുടെ അളവ് സംബന്ധിച്ച് പഞ്ചായത്ത് തിരിച്ചുള്ള വിവരങ്ങൾ നൽകാമോ; ദേവസ്വം ബോർഡിന്റെ ഉടമസ്ഥതയിലുള്ള പ്രസ്തുത ഭൂമി സംരക്ഷിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

**<u>ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിലെ ക്ഷേത്രങ്ങൾക്കുള്ള ധനസഹായം</u>**

2846 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിലെ ഏതെല്ലാം ക്ഷേത്രങ്ങൾക്കാണ് ധനസഹായം നൽകിയിട്ടുള്ളത്; വിശദാംശം ലഭ്യമാക്കാമോ?

**<u>തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ നിയന്ത്രണത്തിലുള്ള ക്ഷേത്രങ്ങൾ</u>**

2847 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ നിയന്ത്രണത്തിലുള്ള ക്ഷേത്രങ്ങളെ എത്ര വിഭാഗങ്ങളായാണ് തരംതിരിച്ചിട്ടുള്ളത്; ഇവ ഓരോന്നിലും വ്യവസ്ഥ ചെയ്യുന്ന പൂജാവിധികൾ, സമയക്രമങ്ങൾ എന്നിവ വിശദമാക്കുമോ?

**<u>ദേവസ്വം ബോർഡിന് നൽകേണ്ട നഷ്ടപരിഹാരം</u>**

2848 **ശ്രീ. ഐ. സി. ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിലെ ജീവനക്കാർക്ക് ക്ഷാമബത്ത ഉൾപ്പെടെയുള്ള ആനുകൂല്യ ഇനത്തിൽ എത്ര തുക കുടിശിക നൽകാനുണ്ടെന്നും പ്രസ്തുത ആനുകൂല്യങ്ങൾ യഥാസമയം വിതരണം ചെയ്യുന്നതിന് സാധിക്കാത്ത തരത്തിൽ തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രതിസന്ധി നേരിടുന്നുണ്ടോയെന്നും വ്യക്തമാക്കുമോ;

(ബി) നിയമപ്രകാരം ദേവസ്വം ബോർഡിന് സർക്കാർ നൽകേണ്ട നഷ്ടപരിഹാരം ഉൾപ്പെടെയുള്ള തുകകളുടെ കുടിശിക അടിയന്തരമായി അനുവദിച്ചുകൊണ്ട് പ്രസ്തുത പ്രതിസന്ധി ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

## <u>തിരുവിതാംകൂർ ദേവസ്വം ബോർഡ്</u>

2849 **ശ്രീ. എ. പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ നിലവിലെ ഭരണ സമിതി നിലവിൽ വന്നതെന്നാണെന്നും പ്രസ്തുത ഭരണ സമിതിയുടെ കാലാവധി എന്നുവരെയാണെന്നും കാലാവധി ദീർഘിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്നും വ്യക്തമാക്കുമോ;

(ബി) ആഗോള അയ്യപ്പ സംഗമവുമായി ബന്ധപ്പെട്ട് തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ പ്രതിനിധികൾക്ക് ഉണ്ടായിരുന്ന ചുമതലകൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(സി) ആഗോള അയ്യപ്പ സംഗമവുമായി ബന്ധപ്പെട്ട് സ്പോൺസർഷിപ്പ് ലഭിച്ച തുകയുടെയും ആകെ ചെലവഴിച്ച തുകയുടെയും വിശദാംശം ഇനം തിരിച്ച് വ്യക്തമാക്കുമോ?

## <u>വടക്കാഞ്ചേരി മണ്ഡലത്തിൽ ക്ഷേത്രങ്ങൾക്ക് നൽകിയ സഹായങ്ങൾ</u>

2850 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-2025 കാലഘട്ടത്തിൽ വടക്കാഞ്ചേരി മണ്ഡലത്തിൽ ദേവസ്വം വകുപ്പും ദേവസ്വം ബോർഡും ക്ഷേത്ര ഉപദേശ സമിതികളും മുഖേന ക്ഷേത്രങ്ങളിൽ നടത്തിയ വികസന പ്രവർത്തനങ്ങളുടെയും ക്ഷേത്രങ്ങൾക്ക് നൽകിയ സാമ്പത്തിക സഹായങ്ങളുടെയും വിവരങ്ങൾ ലഭ്യമാക്കാമോ?

## <u>തൃക്കാരിയൂർ മഹാദേവ ക്ഷേത്രത്തിൽ നടപ്പിലാക്കിവരുന്ന വികസന പ്രവർത്തനങ്ങൾ</u>

2851 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ തൃക്കാരിയൂർ മഹാദേവ ക്ഷേത്രത്തിൽ ദേവസ്വം ബോർഡ് നടപ്പിലാക്കിവരുന്ന വികസന പ്രവർത്തനങ്ങൾ വിശദമാക്കാമോ; പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) വികസന പ്രവർത്തനങ്ങൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ;

(സി) ക്ഷേത്രവുമായി ബന്ധപ്പെട്ട് പുതിയതായി നടപ്പാക്കാൻ ഉദ്ദേശിക്കുന്ന വികസന പ്രവർത്തനങ്ങൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ?

**അരുവിക്കര മണ്ഡലത്തിലെ ക്ഷേത്രങ്ങളിൽ നടപ്പാക്കിയ വികസന പ്രവർത്തനങ്ങൾ**

2852 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അരുവിക്കര മണ്ഡലത്തിൽ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിൽ നടപ്പാക്കിയ വികസന പദ്ധതികളെ കുറിച്ച് വിശദമാക്കാമോ?

**കല്ല്യേശ്ശേരി മണ്ഡലത്തിൽ ക്ഷേത്രങ്ങൾക്ക് സാമ്പത്തിക സഹായം**

2853 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കല്ല്യേശ്ശേരി മണ്ഡലത്തിൽ ദേവസ്വം വകുപ്പ് മുഖേന ക്ഷേത്രങ്ങൾക്ക് സാമ്പത്തിക സഹായം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

**തിരുവല്ല ശ്രീവല്ലഭ ക്ഷേത്രത്തിന് ചുറ്റുമുള്ള റോഡിന്റെ പുനരുദ്ധാരണം**

2854 **ശ്രീ മാത്യു ടി. തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവല്ല ശ്രീവല്ലഭ ക്ഷേത്രത്തിന് ചുറ്റുമുള്ള റോഡിന്റെ അറ്റകുറ്റപ്പണികൾ തിരുവതാംകൂർ ദേവസ്വം ബോർഡ് ഏറ്റെടുത്ത് നടത്തുവാൻ നിർദേശിക്കണമെന്നാവശ്യപ്പെട്ട് എതെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) ഈ വിഷയത്തിന്മേൽ ആരുടെയൊക്കെ നിവേദനം കിട്ടിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത റോഡ് പുനരുദ്ധരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

**കാസർഗോഡ് ജില്ലയിലെ ക്ഷേത്രങ്ങളിലെ ജീവനക്കാരുടെ വേതനം**

2855 **ശ്രീ. എൻ. എ. നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ എത്ര ക്ഷേത്രങ്ങളുണ്ടെന്ന് മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഈ ക്ഷേത്രങ്ങളിൽ സേവനം ചെയ്യുന്ന സ്ഥാനികമാരടക്കമുള്ളവരുടെ എണ്ണം വ്യക്തമാക്കാമോ;

(സി) സ്ഥാനികമാരടക്കമുള്ളവരുടെ വേതനവും അവർക്ക് ലഭിക്കുന്ന ആനുകൂല്യങ്ങളും എത്രയാണെന്ന് വ്യക്തമാക്കാമോ;

(ഡി) തുച്ഛമായ വേതനവും ആനുകൂല്യങ്ങളും ലഭിക്കുന്നത് കാരണം ജീവിത പ്രാരാബ്ധങ്ങൾ സഹിക്കുന്നവരാണ് സ്ഥാനികമാരും ക്ഷേത്രജീവനക്കാരും എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ അവസ്ഥ പരിഹരിക്കുന്നതിന് സ്വീകരിക്കാനാവുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ഇ) കഴിഞ്ഞ ഒമ്പത് വർഷത്തിനിടയിൽ ക്ഷേത്രം സ്ഥാനികമാരുടെയും ജീവനക്കാരുടെയും വേതനത്തിലുണ്ടായ വർദ്ധനവ് എത്രയാണ്; വേതനയിനത്തിൽ കുടിശിക ഉണ്ടെങ്കിൽ വിശദാംശം നൽകാമോ?

**<u>ഹൈവേ വികസനത്തിന് ഏറ്റെടുത്ത ക്ഷേത്ര ഭൂമിക്ക് ലഭിച്ച നഷ്ടപരിഹാരം</u>**

2856 **ശ്രീ. ഐ. സി. ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷേത്ര ആവശ്യത്തിനായി ഉപയോഗിച്ചുവന്ന ഭൂമി ഹൈവേ വികസനത്തിന് ഏറ്റെടുത്തപ്പോൾ നഷ്ടപരിഹാരം അനുവദിച്ചത് സംബന്ധിച്ച് ദേവസ്വം, റവന്യൂ വകുപ്പുകൾ തമ്മിൽ എന്തെങ്കിലും തർക്കം നിലവിലുണ്ടോ;

(ബി) സംസ്ഥാനത്ത് എവിടെയൊക്കെയാണ് ഇത്തരം ഭൂമി ഹൈവേ വികസനത്തിനായി ഏറ്റെടുത്തിട്ടുള്ളതെന്നും എത്ര ഭൂമിയാണ് ഏറ്റെടുത്തതെന്നും എത്ര തുകയാണ് ഈ ഇനത്തിൽ നഷ്ടപരിഹാരമായി ലഭിച്ചിട്ടുള്ളതെന്നും പ്രസ്തുത തുക നിലവിൽ ഏത് രീതിയിലാണ് വിനിയോഗിച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ?

**<u>ദേവസ്വം വകുപ്പിന്റെ പരസ്യങ്ങളുടെ വിശദാംശം</u>**

2857 **ശ്രീ. സി. ആർ. മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ ദേവസ്വം വകുപ്പിന്റെ കീഴിലുള്ള വിവിധ സ്ഥാപനങ്ങളും ഏജൻസികളും നാളിതുവരെ നൽകിയിട്ടുള്ള പരസ്യങ്ങളുടെ വിശദാംശം, പരസ്യം നൽകിയ സ്ഥാപനം, പരസ്യത്തിനായി ചെലവഴിച്ച തുക, ഏത് ഏജൻസി മുഖേനയാണ് പരസ്യം നൽകിയത്, പ്രസ്തുത ഏജൻസിയെ തിരഞ്ഞെടുത്ത നടപടിക്രമം, ഏത് പദ്ധതിയുടെ ഭാഗമായാണ് പരസ്യം നൽകിയത്, ഈ കാലയളവിൽ പരസ്യയിനത്തിൽ ആകെ ചെലവഴിച്ച തുക എന്നിവ സഹിതം വ്യക്തമാക്കാമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം,
28-09-2025

ഡോ. എൻ. കൃഷ്ണ കുമാർ ,
സെക്രട്ടറി

---

<u>പ്രത്യേക ശ്രദ്ധയ്ക്ക്:</u>

നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].